

# നൂൽപ്പുഴ

## ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

138-6

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

## നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

# വികസനറിപ്പോർട്ട്

# 1996

## വികസന റിപ്പോർട്ടിന് പിന്നിൽ പ്രവർത്തിച്ചവർ

എം.പി. മത്തായി

കെ.എം. തോമസ്

കെ.വി. മാത്യൂസ്

കെ.ടി. കുര്യാക്കോസ്

കെ. ഭാസ്കരൻ മാസ്റ്റർ

കെ. മുഹമ്മദലി

ടി.എൻ.നളരാജൻ

ശോഭൻ കുമാർ

ടി.സി. ജോൺ

കെ.ജി. രവീന്ദ്രൻ

മാത്യൂ വി ജോൺ

പി.കെ. കേശവൻ

ടി. മുഹമ്മദ്

എം.എ. ദിനേശൻ

നാരായണൻ നായർ

സി.ജെ. ജോയ്

---


*മുഖചിത്രം : കടപ്പാട് ആർട്ടിസ്റ്റ് നമ്പൂതിരി*

*കവർ ലേ ഔട്ട് : കെ.എം. തോമസ്*

*ഡി.ടി.പി. & ലേഔട്ട് : PRINTMEDIA*
*Chelur Building*
*Cherootty Road*
*Calicut - 673 032*

# നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്
# ഭരണസമിതി



| | |
|---|---|
| *പ്രസിഡണ്ട്* | എ.ശ്രീധരൻ |
| *വൈസ് പ്രസിഡണ്ട്* | എ.കെ. കുമാരൻ |
| *സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ* | പി.കെ. നാരായണൻ |

*അംഗങ്ങൾ*

സരസ്വതി ചന്ദ്രൻ
കെ. രുഗ്മണി
കെ.ജി. പത്മനാഭൻ
സി.ടി. രാജമ്മ
ശിവൻ ഗോവിന്ദൻ
യശോദാ രാഘവൻ
ടി. മുഹമ്മദ്


WAYANAD DISTRICT
KODAGU
CANNANORE
MYSORE
KOZHIKODE
NILGIRI
MANANTHAVADY TALUK
MANANTHAVADY
VYTHIRI TALUK
VYTHIRI
SULTAN'S BATTERY TALUK
SULTANS BATTERY
KOTTAPADI
Sultans Battery
Kalpetta
PULPALLI
POOTHADI
KANIAMBETTA
MEENANGADI
MUTTIL
VENGAPPALLY
KALPETTA
THARIYODE
KOTTATHARA
PADINHARETHARA
VELLAMUNDA
POZHUTHANA
MEPPADI
NENMENI
NOOLPUZHA
LEGEND
STATE BOUNDARY
DISTRICT BOUNDARY.
TALUK BOUNDARY
C.D. BLOCK
PANCHAYAT
DISTRICT HEADQUARTERS
TALUK HEADQUARTERS

# ഉള്ളടക്കം

1. ആമുഖം

2. കൃഷിയും ജലസേചനവും

3. മൃഗസംരക്ഷണവും മത്സ്യകൃഷിയും

4. വ്യവസായം

5 വിദ്യാഭ്യാസം

6. പൊതുജനാരോഗ്യവും കുടിവെള്ളവും

7. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

8. പാർപ്പിടവും ക്ഷേമ പ്രവർത്തനങ്ങളും

9. പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

10. വനിതാക്ഷേമം

11. സംസ്കാരം

12. സഹകരണം

13. വിഭവസമാഹരണം

# നൂൽപ്പുഴ പഞ്ചായത്ത് ഭൂപടം



# ആമുഖം

**കേ**രളത്തിൻെറ അതിർത്തി ജില്ലകളിൽ വെച്ച് കർണ്ണാടക - തമിഴ്നാട് സംസ്ഥാനങ്ങൾക്ക് പൊതു അതിർത്തിയാവുന്ന വയനാട് ജില്ലയിലെ കിഴക്കുഭാഗത്തേക്ക് തള്ളിനിൽക്കുകയാണ് നൂല്പുഴ പഞ്ചായത്ത്. കേരളത്തിൽ വയനാടിന് മാത്രം അവകാശപ്പെട്ട രണ്ട് സംസ്ഥാനങ്ങളുടെ പൊതു അതിർത്തിയെന്ന ബഹുമതി വയനാടിന് നേടികൊടുക്കുന്നത് നൂല്പുഴ പഞ്ചായത്താണ്. സുൽത്താൻ ബത്തേരി താലൂക്കിൽ 243 ചതരുശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിൽ നൂല്പുഴ പഞ്ചായത്ത് വ്യാപിച്ചു കിടക്കുന്നു. ഭൂമിശാസ്ത്രപരമായി മറ്റു വയനാടൻ മേഖലകളെ പോലെ നൂൽപ്പുഴ പഞ്ചായത്തും നീലഗിരി പരിസ്ഥിതി മേഖലയുടെ തുടർച്ചയാണ്. വടക്കും കിഴക്കിൻെറ ഭൂരിഭാഗവും കർണ്ണാടക സംസ്ഥാനത്തിലെ മൈസൂർ ജില്ലാ അതിരിടുന്നു. തെക്കുഭാഗം മുഴുവനായും കിഴക്കെ അതിര് കുറെ ഭാഗവും തമിഴ്നാട്ടിലെ നീലഗിരി ജില്ലയാണ് അതിർത്തി. പടിഞ്ഞാറ് ഭാഗത്ത് സുൽത്താൻബത്തേരി, നെൻമേനി പഞ്ചായത്തുകളാണ് അതിർത്തി. സുൽത്താൻ ബത്തേരി വികസന ബ്ലോക്കിലാണ് നൂൽപ്പുഴ പഞ്ചായത്ത് വരുന്നത്. 100 ശതമാനവും കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ കാപ്പി, കുരുമുളക്, തെങ്ങ്, കവുങ്ങ്, നെല്ല്, കിഴങ്ങു വർഗങ്ങൾ എന്നിവയാണ് പ്രധാന കൃഷികൾ. മുത്തങ്ങ വന്യ ജീവി സങ്കേതം ഉൾക്കൊള്ളുന്ന വനം ആകെ ഭൂവിസ്തൃതിയുടെ 40%ആണ്. പിന്നോക്ക ജില്ലയായ വയനാട്ടിലെ പിന്നോക്ക പഞ്ചായത്താണ് നൂല്പുപ്പുഴ. 98% കർഷകരും നാമമാത്ര കർഷകരാണ്. വ്യവസായങ്ങളൊന്നും നിലവിലില്ല. കേവലം 649.8 ഏക്കർ സ്ഥലത്ത് മാത്രമെ ജലസേചന സൗകര്യങ്ങൾ എത്തിയിട്ടുള്ളത്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് പഞ്ചായത്ത് ആസ്ഥാനമായ നായ്ക്കട്ടിയിലേക്ക് ശരാശരി 15 കി.മീറ്റർ ദൂരമുണ്ട്. ഗ്രാമീണ റോഡുകളൊന്നും ഗതാഗത യോഗ്യവുമല്ല.

ഹിന്ദുക്കളും മുസ്ലീങ്ങളും ക്രൈസ്തവരും പട്ടികജാതി/പട്ടികവർഗക്കാരും അധിവസിക്കുന്ന പിന്നോക്ക പഞ്ചായത്തായ നൂല്പുഴ ഒട്ടു വളരെ പ്രത്യേകതകൾ ഉള്ള ഒരു പഞ്ചായത്താണ്. 1991 സെൻസസ് പ്രകാരം 23,151 ആണ് ജനസംഖ്യ. ഇതിൽ 8932 പേർ പട്ടികവർഗത്തിൽ പെടുന്നു. ജനസംഖ്യയുടെ 39% പട്ടിക വർഗ ജനതയാണ്. 929 പേർവരുന്ന പട്ടിക ജാതി വിഭാഗം മൊത്തം ജനസംഖ്യയുടെ 40% മാത്രമാണ് . 51% പുരുഷന് മാരും 49 % സ്ത്രീകളുമാണ്. സ്ത്രീകളുടെ സംഖ്യ 11345

പുരുഷന്മാരുടേത് 11806ഉം ആണ്. ജനസാന്ദ്രത 95.

## ചരിത്രം

ഐതിഹ്യങ്ങളിൽ നൂല്പുഴ പഞ്ചായത്തിന്റെ ചരിത്രം രാമായാണ കാലത്തോളം പഴക്കമുള്ളതാണ്. പരിത്യക്തയായ സീതാദേവി പൊൻകുഴിയിൽ പാർത്തതായും ദേവിയുടെ കണ്ണീർ നിറഞ്ഞ് ഉണ്ടായതാണ് പൊൻകുഴി കണ്ണീർ തടാകമെന്നും ഐതിഹ്യം പറയുന്നു. പൊൻകുഴിയിലെ ലവകുശക്ഷേത്രം ഈ ഐതിഹ്യത്തിന്റെ തുടർച്ചയാണ്. ക്ഷേത്രപുരാണങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള തിരുവണ്ണൂർ ക്ഷേത്രം ഈ പഞ്ചായത്തിലെ കല്ലൂരിൽ ആണുള്ളത്. നൂല്പുഴ പഞ്ചായത്തിന്റെ പ്രാചീന ചരിത്രം പട്ടിക വർഗ്ഗസംസ്കാരങ്ങളുടെ ചരിത്രമാണ്. ആ ചരിത്രം ആധുനിക മനുഷ്യന് ഉൾക്കൊള്ളാനാവാത്ത വിധം സ്വാശ്രയത്തത്തിലൂന്നിയ സംസ്കാരമായിരുന്നു. ഉപ്പ് മാത്രമാണ് ആദിമ നൂല്പുഴ നിവാസി പുറമേ നിന്ന് വാങ്ങിയിരുന്നത്. ആവണക്കിൽ നിന്നും മരോട്ടിയിൽ നിന്നും എണ്ണയെടുത്ത് വിളക്ക് കത്തിച്ചു. ഊരാളികുറുമന്റെ ഇരുമ്പൂത്ത് ശാലകളിൽ പെട്ടെന്ന് തുരുമ്പിക്കാത്ത ഇരമ്പായുധങ്ങളുണ്ടാക്കി. ഇന്നും ഊരാളി കുറുമനുണ്ടാക്കുന്ന ഇരുമ്പായുധങ്ങൾ തുരുമ്പാറില്ലത്രെ. ആ കാലത്ത് കുറുമർ, പണിയർ, കാട്ടുനായ്ക്കർ എന്നീ ആദിവാസികളാണ് ഉണ്ടായിരുന്നത്. ഇന്ന് ഇവരെ കൂടാതെ പതിയർ, കളനാടികൾ എന്നീ വിഭാഗവും പഞ്ചായത്തിലുണ്ട്. പതിയർ, ഒ.സി. വിഭാഗത്തിൽ പെടുന്നു.

വയനാടിന്റെ മറ്റു ഭാഗങ്ങളിൽ കാണുന്ന കുറിച്യർ, അടിയർ എന്നിവർ ഈ പഞ്ചായത്തിലില്ല. പട്ടിക വർഗ്ഗ വിഭാഗത്തിലെ പ്രധാന സമൂഹമായ കുറുമർ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാണ്. വയനാടിന്റെ മുഴുവൻ ഭരണ കർത്താക്കളായിരുന്ന വേടവംശത്തിന്റെ പിൻമുറക്കാരാണ് ഇവർ എന്ന് വിശ്വസിക്കപ്പെടുന്നു. അർജ്ജുനന്റെ ഭക്തി പരീക്ഷിക്കാനെത്തിയ പരമശിവൻ കാട്ടിലുപേക്ഷിച്ചു പോയ ഭൂതഗണങ്ങളിൽ നിന്നാണ് ഇവരുടെ ഉത്ഭവം എന്ന് വിശ്വസിക്കുന്നു. പുതാടിയിലെ 'വെളിക്കുമ്പം' കോട്ട ആസ്ഥാനമാക്കി വയനാട് ഭരിച്ച വേട വംശത്തെ കുമ്പള - കോട്ടയം - കുറുമ്പനാട് രാജാക്കന്മാർ ചേർന്ന് ചതിച്ച് വധിച്ചെന്നും, 'വെളിക്കുമ്പം' കോട്ട പിടിച്ച് വധിക്കപ്പെടാത്തവരെ അടിമകളായി പിടിച്ചെന്നും കരുതപ്പെടുന്നു. കുറച്ചു പേർ കാട്ടിൽ അഭയം തേടി. കാട്ടിൽ അഭയം തേടിയവർ കാട്ടുനായക്കരായി. (നരവംശശാസ്ത്രജ്ഞന്മാർ ഇത് അംഗീകരിക്കുന്നില്ല). പിടിക്കപ്പെട്ടവർ കുറുമരായി. വളരെ വൃത്തിയുള്ള കുടിലുകളുള്ള കോളനിയിലാണ് ഇവർ താമസിക്കുന്നത്. വേട്ടയും കൃഷിയും ഉപജീവനമാർഗങ്ങൾ. വികസനം ഏറ്റവും കൂടുതൽ എത്തിയിട്ടുള്ളത് ഇവർക്കിടയിലാണ്. ധാരാളം പേർ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുണ്ട്. ഇവരിൽ ഭൂരഹിതർ കുറവാണ്. മലയാളം പ്രത്യേക രീതിയിൽ സംസാരിക്കുന്നു.

ചേറ്റടിയാന്മാർ എന്നറിയപ്പെടുന്ന പണിയരാണ് മറ്റൊരു വിഭാഗം. സ്വന്തമായി ആയുധങ്ങൾ ഇല്ലാത്ത പണിയർ ഭൂഉടമകളുടെ അടിമകളായിരുന്നു. ഒരു വർഷത്തേക്ക് വല്ലികെട്ടിയാൽ പുരുഷൻ ദിവസം 2 ഇടങ്ങഴി നെല്ലിനും സ്ത്രീ ഒരിടങ്ങഴി നെല്ലിനും ആ വർഷം മുഴുവൻ ജന്മിക്ക് അടിമ പണി ചെയ്യണം. ഇന്ന് അടിമ പണി ഇല്ലെങ്കിലും ഈ വിഭാഗം മദ്യത്തിന് അടിമകൾ തന്നെ. 100%വും ഭൂരഹിതരായ ഈ വിഭാഗത്തിന്റെ അവസ്ഥ നൂല്പുഴ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥയായി ഇന്നും നിലനിൽക്കുന്നു.

സെൻസസിൽ ഒതുങ്ങാത്ത വിഭാഗമാണ് കാട്ടുനായ്ക്കർ. ഇവർ തേൻകുറുമർ എന്നും അറിയപ്പെടുന്നു. തികച്ചു പെറുക്കിതീനികളായി (food gatherers) ഇവർ ഒരിടത്തും സ്ഥിരമായി താമസിക്കില്ല. വേട രാജാവ് വധിക്കപ്പെട്ടപ്പോൾ പലായനം ചെയ്ത ഇവർ മൈസൂർ വനങ്ങളിൽ അഭയം തേടുകയും കർണ്ണാടക പ്രദേശങ്ങളിൽ അലഞ്ഞു നടക്കുകയും ആയിരിക്കണം ചെയ്തിരിക്കുക. കാരണം ഇവരുടെ ഭാഷ പ്രാകൃത കന്നടയാണ്. അടുത്ത കാലം വരെ വെട്ടു കത്തിയും മൊട്ടമ്പും അല്ലാതെ മറ്റായുധങ്ങളൊന്നും ഇവർക്കില്ലായിരുന്നു. ഇവരും പ്രാകൃത ജീവിതം തന്നെയാണ് നയിക്കുന്നത്. 100 ശതമാനവും ഭൂരഹിതർ. വനവിഭവങ്ങൾ ശേഖരിക്കുന്ന ഇവരുടെ 'പെറുക്കിതീനി' സ്വഭാവം കൃഷിപണിയിലും പ്രകടമാണ്. ആൺ പെൺ ഭേദമില്ലാതെ ഞാറു പറിക്കുന്നതിലും കൊയ്യുന്നതിലും വിദഗ്ദ്ധരാണെങ്കിലും ഞാറ് നടാൻ സ്ത്രീകളും പുരുഷന്മാരും ഒന്നുപോലെ വിമുഖരാണ്. ഈ സ്വഭാവവും സ്ഥിരമായി താമസിക്കുവാനുള്ള വൈമുഖ്യവും ഇവരെ പുനരധിവസിപ്പിക്കുന്നത് വലിയൊരു പ്രശ്നമാക്കി തീർക്കുന്നു.

കളനാടികൾ തേലം പറ്റ ആസ്ഥാനമാക്കി ജീവിക്കുന്നു. ഈ പഞ്ചായത്തിൽ ആ പ്രദേശത്ത് മാത്രമാണ് ഈ വിഭാഗക്കാർ ഉള്ളത്.

പതിയർ കർണ്ണാടകയിൽ നിന്നും വന്നവരാണ്. ഇവർ യോതൃ പാരമ്പര്യമുള്ള കാര്യക്കാരാണ്. കാര്യസ്ഥത ഇവരുടെ സവിശേഷതയാണ്.

ചാതുർവർണ്ണ്യത്തിന് സമാനമായ ഒരു സമൂഹ ക്രമം

ഇവിടെ നിലനിൽക്കുന്നു. ചെട്ടിമാർക്ക് ഊരായ്മ, പതിയർക്ക് കാരായ്മ, കുറുമർക്ക് മുളങ്കണ്ടം (വേട്ട, യുദ്ധം), പണിയർക്ക് ചേറ് (അദ്ധ്വാനം) ഇതായിരുന്നു ആ സാമൂഹ്യക്രമം.

13-ാം നൂറ്റാണ്ടു മുതൽ പഞ്ചായത്തിലെ അധിനിവേശത്തിൻെറ ചരിത്രം ആരംഭിക്കുന്നു. മൂന്നാം നൂറ്റാണ്ടു മുതൽ 13-ാം നൂറ്റാണ്ടു വരെ ദാര നഗരം ആസ്ഥാനമാക്കി തെക്കൻ കർണ്ണാടകം ഭരിച്ചിരുന്ന ഹൊയ്സാല രാജവംശത്തിൻെറ കീഴിൽ ഒരു കൂട്ടം കാർഷിക ജനത നൂല്പുഴ പഞ്ചായത്തിൽ അധിവാസമുറപ്പിച്ചു. ഇവരുടെ സംഭാവനയായ തലച്ചിറുകളും വീരക്കല്ലുകളും പഞ്ചായത്തിൽ ഇപ്പോഴും ധാരാളമായി കാണാം. ഒരു പാടശേഖരത്തിൻെറ ഏറവും മുകളിൽ കുന്നിൻ ചരിവുകളിൽ നിന്നും വരുന്ന വെള്ളം ചിറകെട്ടി നിർത്തിയാൽ മറ്റൊരു ജലസേചന സൗകര്യം ആവശ്യമില്ലെന്ന ലളിതമായ നീർമറി സംരഭണ പാഠം, കുടിയേറ്റത്തിൻെറ കുത്തൊഴുക്കിൽ ഒലിച്ചുപോയി. കൃഷി സംരക്ഷണത്തിനും മൃഗസംരക്ഷണത്തിനും വേണ്ടി വീര പ്രവൃത്തികൾ ചെയ്തവരെ ആദരിക്കുന്നവയാണ് വീരക്കല്ലുകൾ. ഇവർ ജൈനമതാനുയായികൾ ആയിരുന്നു. ഹൈദരുടെയും ടിപ്പുവിൻെറയും പടയോട്ടവും ഈ വിഭാഗത്തെ നൂല്പുഴ പഞ്ചായത്ത് ഉപേക്ഷിക്കാൻ പ്രേരിപ്പിച്ചിരിക്കണം. പഞ്ചായത്തിൽ പിടിച്ചു നിന്ന നാല് ഗൗഡ കുടുംബങ്ങളുടെ പേരുകൾ പഴമക്കാർ ഓർക്കുന്നുണ്ട് - ആലത്തൂർ ഗൗണ്ടർ, മാറോട്ട് ഗൗണ്ടർ, കോളൂർ ഗൗണ്ടർ, എടത്തറ ഗൗണ്ടർ. ഇന്ന്, ഈ സമുദായത്തിൽ പെട്ട ആരും പഞ്ചായത്തിലില്ല. ഹൈദരാലിയുടെയും ടിപ്പുവിൻെറയും പടയോട്ടം ഈ പഞ്ചായത്തിലൂടെയായിരുന്നെങ്കിലും അറിയപ്പെടുന്ന ചരിത്ര സ്മാരകങ്ങളോ സംഭവങ്ങളോ ഈ പഞ്ചായത്തിൽ അവശേഷിപ്പിച്ചിട്ടില്ല.

ചരിത്രത്തിൻെറ മറ്റൊരു വഴിത്തിരിവ് 300 ഓളം വർഷങ്ങൾക്ക് മുൻപ് ചെട്ടിമാരുടെ വരവോടെ, ആരംഭിക്കുന്നു. തമിഴ്നാട്ടിലെ വണിക്കുകളായ ചെട്ടിമാരിൽ നിന്ന് വ്യ ത്യസ്തരായി ഇവരും ജൈനന്മാരെ പിൻതുടർന്ന് കാർഷിക വൃത്തിയിലേർപ്പെട്ടു. എന്നാൽ തലച്ചിറകൾ സംരക്ഷിക്കുന്നതിന് ഇവർ ഒന്നും ചെയ്യുകയുണ്ടായില്ലെന്ന് മാത്രമല്ല, കാർഷിക വൃത്തികൾ നേരിട്ട് ചെയ്യുകയുമുണ്ടായില്ല. നരവംശശാസ്ത്രപരമായി ഇവർക്ക് കോങ്കണ തീരത്തെ ഷെട്ടിമാരോടാണ് സാദൃശ്യം കൂടുതൽ. നെൽകൃഷിയിലാണ് ഇവർ കൂടുതൽ ശ്രദ്ധിച്ചത്. ഇവരാണ് വയനാട്ടിൽ അടിമ സമ്പ്രദായം ആരംഭിച്ചത്. പണിയരെ 'വല്ലികെട്ട്' എന്ന സമ്പ്രദായത്തിലൂടെ അടിമകളാക്കുകയാണ് ചെയ്തത്. ഇവർ ഒരു യോതൃവർഗമായിരുന്നില്ല. കാരണം ബ്രിട്ടീഷ് ഗവൺമെൻറ് പിൽക്കാലത്ത് അനുവദിച്ച് നൽകിയ തോക്കുകളല്ലാതെ ആയുധങ്ങളൊന്നും ഇവരുടേതായിട്ടില്ല. മാത്രമല്ല, വെട്ടു കത്തി പോലും സ്വന്തമായില്ലായിരുന്ന പണിയരെ ഭൂമിയുടെ അവകാശത്തിൽ നിന്നും നിഷ്കാസിതരാക്കിയവർ, ആയുധങ്ങളുള്ള യോതൃവർഗ്ഗമായ കുറുമരുടെ ഭൂമി കൈവശപ്പെടുത്താൻ ശ്രമിക്കുകയുണ്ടായില്ല.

ഹൈദരുടെ പടയോട്ടത്തിന് ശേഷമായിരിക്കണം മൈസൂരിൽ നിന്നും പഠാണികളുടെ കുടിയേറ്റം ആരംഭിക്കുന്നത്. ഇന്ന്, നൂല്പുഴ പഞ്ചായത്തിൽ അവശേഷിക്കുന്ന ഏക പഠാണി കുടുംബത്തിനും അവരുടെ പൂർവ്വികർ എന്തിനായി വന്നുവെന്നതിനെക്കുറിച്ച് വ്യക്തമായ രൂപമില്ല. അംഗസംഖ്യ കുറവായതിനാലാകാം ചരിത്രപരമോ സാംസ്കാരികമോ ആയ സംഭാവനകളൊന്നും അവർ അവശേഷിപ്പിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിൽ നിന്നുള്ള കച്ചവടക്കാരായ മുസ്ലിങ്ങളുടെ കുടിയേറ്റം പത്തൊമ്പതാം നൂറ്റാണ്ടിൻെറ അവസാനഘട്ടം മുതലുണ്ടായി. അവരിൽ കുറച്ചു പേർ ഈ പഞ്ചായത്തിൽ സ്ഥിര താമസമാക്കിയിട്ടുണ്ട്.

ഭൂവുടമാ സമ്പ്രദായം കേരളത്തിലെ മറ്റ് പ്രദേശങ്ങളിലേതുപോലെ തന്നെയായിരുന്നു. മൂന്ന് ദേവസ്വങ്ങളും സർക്കാരും ഊരായ്മക്കാരും, കാരായ്മക്കാരും കുറവരുമായിരുന്നു ഭൂവുടമകൾ. തേക്കാട്ട് ദേവസ്വം, മലബാർ ദേവസ്വം, അറയിൽ ഭഗവതി ക്ഷേത്രം എന്നിവയായിരുന്നു ഭൂവുടമകളായിരുന്ന മൂന്ന് ദേവസ്വങ്ങൾ. നല്ലൊരു ശതമാനം ഭൂമി സർക്കാർ വകയായി റവന്യു ഭൂമിയായും ഫോറസ്റ്റ് ഭൂമിയായും ഉണ്ടായിരുന്നു. ഊരായ്മക്കാരായ ചെട്ടിമാരായിരുന്നു യഥാർത്ഥ ജന്മികൾ. കാരായ്മക്കാർ എണ്ണത്തിൽ കുറവായിരുന്നതിനാൽ അവരുടെ കൈവശം വളരെ കുറച്ച് ഭൂമിയെ ഉണ്ടായിരുന്നുള്ളു. കുറുമർ താമസിച്ചിരുന്ന കോളനികൾക്ക് ചുറ്റുമുള്ള ഭുമി കുറുമരുടേതായിരുന്നു. മുളകണ്ടം(വില്ല്) അവകാശമായുള്ള കുറുമനാണ് കൃഷിനാശം വരുത്തുന്ന വന്യജീവികളെ വേട്ടയാടി കൊന്നൊടുക്കി കൃഷി സംരക്ഷിച്ചിരുന്നത്. ആധുനിക കുടിയേറ്റത്തിൻെറ കാലഘട്ടത്തിലും അടുത്ത കാലത്ത് നഷ്ടപ്പെട്ടതല്ലാതെ കുറുമർക്ക് ഈ പഞ്ചായത്തിൽ ഭൂമി നഷ്ടപ്പെട്ടിരുന്നില്ല. ചേറ്റടിയാന്മാർ തീർത്തും ഭൂരഹിതരായിരുന്നു. കിടക്കുന്ന കുടിലുകൾ പോലും ജന്മിയുടെ നിർദ്ദേശമനുസരിച്ച് പൊളിച്ചു മാറ്റിക്കെട്ടിക്കൊണ്ടിരുന്നു. അവരുടെ സ്ഥിതി ഇന്നും വ്യത്യസ്തമല്ല.

കൃഷി പ്രധാനമായും നെൽകൃഷി ആയിരുന്നു. ജന്മിമാർ വയലിൽ നെൽകൃഷി ചെയ്തപ്പോൾ കുറുമർ

കരയിലും 'കർത്തൻ' എന്ന നെൽവിത്ത് വിതച്ച് വിള വെടുത്തിരുന്നു. 'മുത്താറി' എന്ന 'റാഗി'യും ചോളവും കടുകും, പുകയിലയുമടക്കം ഏതാണ്ട് മുഴുവൻ നിത്യോ പയോഗസാധനങ്ങളും ഇവിടെ വ്യാപകമായി കൃഷി ചെയ്തിരുന്നു. പറമ്പുകളിൽ മാവും പ്ലാവും പുളിയും അമ്പഴവും നട്ടുവളർത്തിയിരുന്നു. ഇവയാണ് കറിക്കുപ യോഗിച്ചിരുന്നത്. തോട്ടവിളകളും കിഴങ്ങുവർഗ്ഗങ്ങളും തെങ്ങും കവുങ്ങും രണ്ടാം ഘട്ട കുടിയേറ്റത്തിന് ശേഷ മാണ് വ്യാപകമായത്.

ബ്രിട്ടീഷുകാർക്കെതിരായ യുദ്ധത്തിൽ പഴശ്ശി രാജാ വിന്റെ അവസാന കാലം ഈ പഞ്ചായത്തിലെ കുറി ച്ചിയാഡ് എന്ന സ്ഥലത്താണ് ചെലവഴിച്ചത്. പഴശ്ശിപ്പട തമ്പടിച്ചപ്രദേശം 'കുറിച്യയാഡ്' (Kurichiayard) പിന്നീട് കുറിച്ചിയാഡ് ആയി. 'ഈച്ചക്കുന്ന്' ക്ഷേത്രം ഇന്ന് കാ ണുന്ന രീതിയിൽ പണി കഴിപ്പിച്ചത് പഴശ്ശിരാജാവാ ണെന്ന് കരുതപ്പെടുന്നു. മാവിലാം തോട്ടിലേക്ക് ഈ സ്ഥലത്ത് നിന്ന് കിലോമീറ്ററുകൾ മാത്രമെ ദൂരമുള്ളു.

കുടിയേറ്റത്തിന്റെ രണ്ടാം ഘട്ടം, രണ്ടാം ലോകമ ഹായുദ്ധത്തിലെ വിമുക്തഭടന്മാരെ പുനരധിവസിപ്പി ക്കുന്നതിനായി ആരംഭിച്ച 'എക്സ് സർവ്വീസ് മെൻ കോളനി സ്കീമോ'ടെ ആരംഭിക്കുന്നു. വിമുക്ത ഭടന്മാർക്ക് അ ഞ്ച് ഏക്കർ കരഭൂമിയും 2 ഏക്കർ വയലും പതിച്ചു നൽകി. ഘോരവനത്തിൽ ഒറ്റയ്ക്ക് താമസിക്കുക ദുഷ്ക രമായതിനാൽ അവർ ബന്ധുക്കളെയും സുഹൃത്തുക്ക ളെയും കുടിയേറ്റത്തിന് പ്രേരിപ്പിച്ചു. 1930കളിലും 40 കളിലുമായി കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും വ്യാപകമായി കുടിയേറ്റമുണ്ടായി. ഇവരിൽ എല്ലാ ജാതി മതസ്ഥരുമുണ്ടായിരുന്നു. 'ഗ്രോമോർ ഫുഡ്' പദ്ധതിയ നുസരിച്ച് വനഭൂമി ഭക്ഷ്യോൽപാദനത്തിന് പാട്ടത്തിന് കൊടുത്തത് കുടിയേറ്റം ത്വരിതഗതിയിലാക്കി. പഞ്ചായ ത്തിൽ എല്ലാ മതസ്ഥരുടെയും ആരാധനാലയങ്ങൾ നിലവിൽ വന്നു.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ചിലർ പിൽക്കാ ലത്ത് ഈ പഞ്ചായത്തിൽ വന്ന് താമസിക്കുകയുണ്ടാ യെങ്കിലും ഈ പഞ്ചായത്തിൽ താമസിച്ച് കൊണ്ട് ആരും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതായി അറി വില്ല. കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് വേണ്ടി കർഷകർ നിരവധി സമരങ്ങൾ നടത്തി. ഇപ്പോഴും ലീസ് കർഷകർക്ക് പട്ടയം ലഭിക്കുന്നതിന് വേണ്ടിയുള്ള പോ രാട്ടം തുടർന്നുകൊണ്ടിരിക്കുന്നു.

1968ൽ G0 MS B 421 / 68 DT: 2-9-1968 പ്രകാരമാണ് നൂല്പുഴ പഞ്ചായത്ത് നിലവിൽ വന്നത്. മുൻപ് നെന്മേ നി പഞ്ചായത്തിലും അതിന് മുമ്പ് സുൽത്താൻ ബ ത്തേരി പഞ്ചായത്തിലുമാണ് ഈ പ്രദേശം ഉൾപ്പെട്ടിരു ന്നത്. സുൽത്താൻ ബത്തേരി പഞ്ചായത്തായിരുന്നപ്പോ ൾ ശ്രീ.പി.സി. അഹമ്മദ് ആയിരുന്നു പ്രസിഡണ്ട്. നെ ന്മേനി പഞ്ചായത്തായിരുന്നപ്പോൾ ശ്രീ.കെ.എസ്. കറ പ്പനായിരുന്നു പ്രസിഡണ്ട്. 1971ൽ നൂല്പുഴ പഞ്ചായത്ത് നിലവിൽ വന്നപ്പോൾ നോമിനേറ്റ് ചെയ്യപ്പെട്ട ഭരണ സമിതിയുടെ പ്രസിഡണ്ട് ശ്രീ. മാത്യു വി. ജോൺ ആയിരുന്നു. 1980ൽ തിരഞ്ഞെടുപ്പ് നടന്നു. ശ്രീ. കെ. ജി. തങ്കപ്പൻ പ്രസിഡണ്ടായി.

തുടർന്ന് 1988ൽ നടന്ന തിരഞ്ഞെടുപ്പിലൂടെ ശ്രീ.കെ. ജി. തങ്കപ്പൻ തന്നെ പ്രസിഡണ്ടായി ഭരണ സമിതി വന്നു. 1992ൽ ശ്രീ. കെ.ജി. തങ്കപ്പൻ പ്രസിഡണ്ട് സ്ഥാനത്തു നിന്ന് മാറി ശ്രീമതി മേരിമാത്യു എന്നവർ പ്രസിഡ ന്റായി തിരഞ്ഞെടുക്കപ്പെട്ടു.

പ്രകൃതി ദത്ത വനങ്ങൾ മുഖ്യമായും ആർദ്ര ഇല പൊഴിയും വനങ്ങൾ, വരണ്ട ഇലപൊഴിയും വനങ്ങൾ എന്നീ വിഭാഗങ്ങൾ പെടുന്നു.

**വിവിധ ഇനം വനങ്ങളുടെ വിസ്തൃതി**

| | തേക്ക് | യൂക്കാലി പ്റ്റ്സ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| മുത്തങ്ങ | 368.801 | 1352.80 | 5707.679 | 7429.28 |
| ബത്തേരി | 1505.879 | ഇല്ല | 7096.943 | 8602.84 |
| കുറിച്യാട് | 1620.69 | 1089.39 (Softword) | 4731.46 | 7441.54 |
| | 3495.388 | | 17536.082 | 23473.66 |

| | | |
|---|---|---|
| മാവിനഹള്ള | പ്രകൃതി ദത്ത വനങ്ങൾ | 17536.082 |
| നൂൽപ്പുഴ | തോട്ടങ്ങൾ(തേക്ക്,യൂക്കാലി | |
| കല്ലൂർ | കാറ്റാടി മുതലായവ | 5937.578 |
| രാപൂർ | | |
| കുറിച്യാട് | ആകെ വനഭൂമി | 23473.66ഹെ |

## 2. സസ്യജന്തു ജാലങ്ങൾ

കേരളത്തിലെ പശ്ചിമ ഘട്ട വനനിരകളിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട സസ്യജന്തുജീവജാലങ്ങൾ ഇവിടെയും കാണപ്പെടുന്നു.

### പ്രധാന മരങ്ങൾ

തേക്ക്, ഈട്ടി, കരമരുത്, ചടച്ചി, കൽക്കാഞ്ഞിരം, വെന്തേക്ക്, വേങ്ങ പൂവം, താന്നി, കുന്നി, മഞ്ഞക്കമ്പ്, ഇലവ്, കണിക്കൊന്ന, നെല്ലി, കുമിഴ്, മാവ്, വെള്ളചടച്ചി, കുളിർമാവ്, ചുവന്നകിൽ, പാതിരി, കടുക്ക, വെടംകൊരണ, പേഴ്, പ്ലാശ്, ജാൽ.

### പ്രധാന മൃഗങ്ങൾ

ആന , കടുവ, പുള്ളിപ്പുലി, കാട്ടുപോത്ത്, പുള്ളിമാൻ, മലമാൻ (മ്ലാവ്), കേഴമാൻ, ഹനുമാൻ കുരങ്ങ്, നാടൻ കുരങ്ങ്, മലയണ്ണാൻ, കൂരമാൻ, കാട്ടുപന്നി, മുള്ളൻ പന്നി, കരടി, ചെന്നായ, വെരുക്, പെരുമ്പാമ്പ്, നാൽക്കൊമ്പുമാൻ.

## വനനശീകരണ പ്രശ്നങ്ങൾ

കാട്ടുതീ
കാലിമേച്ചിൽ
വിറക് / തടി ശേഖരണം
മൃഗവേട്ട

### വനത്തെ ആശ്രിയിച്ച് ജീവിക്കുന്നവർ

സുമാർ ഒരു കിമോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന ജനങ്ങൾ പ്രത്യക്ഷമായും 4 കിലോമീറ്ററിനുള്ളിലുള്ളവർ അത്യാവശ്യങ്ങൾക്കും വനത്തെ ആശ്രയിക്കുന്നു.

വനത്തിനകത്ത് താമസിക്കുന്ന എല്ലാ വിഭാഗം ആദിവാസികളും അല്ലാത്തവരുമായ ജനങ്ങൾ വനത്തെ ആശ്രയിച്ച് ജീവിക്കുന്നവരാണ്.

പ്രധാനമായും വിറക്, കന്നുകാലി മേച്ചിൽ, കൃഷിക്കാവശ്യമായ ജലം, വീടിനും കൃഷിക്കും ആവശ്യമായ മുളപോലുള്ള അവശ്യവസ്തുക്കൾ എന്നിവക്കാണ് പ്രധാനമായും ആശ്രയിക്കുന്നത്.

### വനവിഭവങ്ങൾ

സുൽത്താൻ ബത്തേരി പട്ടികവർഗ്ഗ സഹകരണ സംഘത്തിനാണ് ചെറുകിട വന വിഭവശേഖരണത്തിൻെറ കുത്തകാവകാശം. വനവിഭവങ്ങൾ മുഖ്യമായും തടി, തേക്ക്, കഴകൾ, മുള, യൂക്കാലിപ്റ്റസ് എന്നിവയും ചെറുവനവിഭവങ്ങൾ തേൻ, മെഴുക്, നെല്ലിക്ക, കുറുന്തോട്ടി, ചുണ്ട, മൂവില, ഓരില, കൽപ്പാശം തുടങ്ങിയവയാണ്.

വന്യജീവി സംരക്ഷണ മേഖലക്കകത്ത് ജനങ്ങൾ തിങ്ങിത്താമസിക്കുകയും കൃഷി ചെയ്തു വരികയും ചെയ്യുന്നതുമൂലം വന്യമൃഗശല്യം കൂടി വരുന്നു. ശല്യം കൂടുന്നതിനനുസരിച്ച് ജനങ്ങളുടെ സമീപനവും മാറി വരുന്നു.

സംരക്ഷണ ഉപാധികളായ കമ്പിവേലി, കിടങ്ങ് തുടങ്ങിയവ ഫലപ്രദമല്ല.

വനാന്തർഭാഗത്ത് താമസിക്കുന്നവരെ ക്രമേണ മാറ്റിപ്പാർപ്പിക്കുക മാത്രമാണ് ഒരു ശാശ്വത പരിഹാരം. ❐



# കൃഷി ജലസേചനം

പ്രാചീനകാലം മുതൽ കൃഷിയായിരുന്നു നൂൽപ്പുഴ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശത്തെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം. ഭക്ഷ്യാവശ്യത്തിനുവേണ്ടിയായിരുന്നു പ്രധാനമായും കൃഷി നടത്തിയിരുന്നതം. ഇതിൽ നെല്ല്, മുത്താറി, ചാമ എന്നിവ വ്യാപകമായും ഓറഞ്ച്, പുകയില, കാപ്പി, വാഴ,ഇഞ്ചി, മഞ്ഞൾ, ആവണക്ക് എന്നിവ പരിമിതമായും കൃഷി ചെയ്തിരുന്നു. കൃഷിയോടൊപ്പം തന്നെ കന്നുകാലി വളർത്തലിനും പ്രാധാന്യമുണ്ടായിരുന്നു. കാലക്കൂട്ടങ്ങൾ മൂന്നു പതിറ്റാണ്ടു മുമ്പുവരെ വയലുകളിൽ മേഞ്ഞു നടന്നിരുന്നത് ഒരു പതിവു കാഴ്ചയായിരുന്നു. പ്രകൃതിയെയും കന്നുകാലികളെയും മാത്രം ആശ്രയിച്ചുമാണ് അക്കാലത്ത് കൃഷിരീതികൾ നടത്തിയിരുന്നത്. നെൽകൃഷിക്കനുയോജ്യമായ കാലാവസ്ഥയായിരുന്നു അന്നുണ്ടായിരുന്നത്. ഫലഭൂയിഷ്ടമായ മണ്ണും ജൈവവളങ്ങളുടെ ലഭ്യതയും വറ്റാത്ത നീരുറവകളും നെൽകൃഷിക്ക് അനുയോജ്യമായ ഘടകങ്ങളായിരുന്നു.

കൃഷി സംരക്ഷണത്തിന് ഏറുമാടങ്ങൾ കെട്ടി കാവൽ കിടക്കുകയും വന്യമൃഗശല്യത്തിനെതിരെ അമ്പും വില്ലും തീയും ആയുധമാക്കി ഉപയോഗിക്കുകയും ചെയ്തിരുന്നു. പിന്നീട് ബ്രിട്ടീഷുകാരുടെ ഭരണകാലത്താണ് കൃഷിക്കാർക്ക് തോക്ക് ഉപയോഗിക്കാനു ള്ള അനുവാദം കിട്ടിയിരുന്നത്. വയനാടൻ ചെട്ടി സമുദായക്കാരും പതിയ സമുദായക്കാരും ആദിവാസി വിഭാഗത്തിൽ പെട്ട കുറുമ സമുദായക്കാരും അക്കാലത്തെ ഭൂവുടമകളായിരുന്നു. ജന്മിത്ത വ്യവസ്ഥ നിലനിന്നിരുന്ന ഈ പ്രദേശങ്ങളിൽ ആദിവാസികളായ പണിയൻ, നായ്ക്കർ എന്നിവരെ കൃഷിപ്പണിക്കുവേണ്ടി അടികളാക്കി ഉപയോഗിച്ചിരുന്നു. അതോടൊപ്പം ഭൂവുടമകളുടെ കന്നുകാലിക്കൂട്ടങ്ങളുടെ പരിചരണം അവരുടെ വീടിനും സ്വത്തിനും കാവൽ ജോലി തുടങ്ങിയ സ്ഥിരമായ ജോലികൾ ആദിവാസി വിഭാഗങ്ങൾക്കും ലഭിക്കുകയും ചെയ്തു. ഇത് ഭൂവുടമയും, തൊഴിലാളിയും എന്ന വിഭിന്ന സാമൂഹ്യ സ്ഥിതിക്കും അതുവഴി അടമത്തത്തിനും കാരണമായി. കർഷകതൊഴിലാളികളുടെ കൂലിയായി നെല്ലു (വല്ലി) കൊടുക്കുന്നതായിരുന്നു ആദ്യകാല രീതി. പുരുഷന് രണ്ടു സേർ നെല്ലും സ്ത്രീ തൊഴിലാളിക്ക് ഒരു സേർ നെല്ലുമായിരുന്നു കൂലിയായി നിജപ്പെടുത്തിയിരുന്നത്. അക്കാലത്ത് ജോലി സമയം രാവിലെ ഏഴ് മണി മുതൽ ഉച്ചക്ക് പന്ത്രണ്ട് മണിവരെ മാത്രമായിരുന്നു. തൊഴിലാളികൾ സ്വതന്ത്രമായി മറ്റു ജന്മിമാർക്കോ ഭൂവുടമകൾക്കോ ജോലിക്ക് പോകുന്നത് വിലക്കിയിരുന്നു. കൃഷിപ്പണികൾക്ക് കാലതാമസം നേരിടുന്ന അവസരങ്ങളിൽ പ്രദേശത്തെ കിട്ടാവുന്ന മുഴുവൻ തൊഴിലാളികളെയും സംഘടിപ്പിച്ച് ആഘോഷമായി കൃഷിപ്പണി തീർക്കുന്ന

'കമ്പളനാട്ടി' എന്ന ഒരു സമ്പ്രദായം ഇവിടെ നിലനിന്നിരുന്നു. തൊഴിലാളികൾക്ക്പ്രോത്സാഹനമെന്ന നിലയിൽ പുരുഷന് രണ്ടു കണ്ടത്തിലെ (ഏകദേശം 10 സെൻറ്) നെല്ലും സ്ത്രീ തൊഴിലാളികൾക്ക് ഒരു കണ്ടത്തിലെ നെല്ലും, വസ്ത്രങ്ങളും, എണ്ണയും പുകയിലയും സൗജന്യമായി കൊടുത്തിരുന്നു.

എല്ലാ വർഷത്തെയും വിഷു ദിവസത്തിൽ ആദിവാസികളായ കർഷകതൊഴിലാളികൾ ജന്മിമാരുടെ അടുക്കലെത്തി 'ആണ്ടുകെട്ടൽ' ഉറപ്പിക്കുകയും പ്രത്യേക ആനുകൂല്യങ്ങളായി നെല്ല്, മുണ്ട്, പണം, മദ്യം, പുകയില എന്നിവ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. ഈ കരാറിൻെറ കാലാവധി അടുത്തു വരുന്ന മകരമാസം മുപ്പതാം തീയ്യതിയിലെ 'ഉച്ചാൽ' ദിവസം വരെ തുടരുകയും ചെയ്യും. അതു കൂടാതെ ആ വർഷത്തെ ഓണത്തിനും തുലാമാസം പത്താം തീയ്യതിയിലെ പുത്തരി ദിനത്തിലും പ്രത്യേകഅവകാശങ്ങൾ അവർക്ക് കൊടുക്കുകയും ചെയ്തിരുന്നു. അക്കാലത്ത് കാർഷിക ഉൽപന്നങ്ങളുടെ വിപണനം ബുദ്ധിമുട്ടുള്ള ഒരു കാര്യമായിരുന്നു. കർണാടകയിൽ നിന്നും കോഴിക്കോട്, തലശ്ശേരി തുടങ്ങിയ ഭാഗങ്ങളിൽ നിന്നും വന്ന ഇടത്തട്ടുകാരുടെ പിടിയിലായിരുന്നു വിപണനം. അടിമത്ത സമ്പ്രദായം, 1980കളോടെയാണ് അവസാനിച്ചത്.

നൂറ്റാണ്ടുകളായി തുടർന്നു വരുന്ന പാരമ്പര്യ കൃഷി രിതികൾക്കും വിളകൾക്കും 1930 കളുടെ തുടക്കം മുതൽ മാറ്റങ്ങൾ ഉണ്ടായി. വയനാടൻ കൃഷി രീതികളുടെ തനിമയും, തനതു ശൈലിയും, ഇക്കാലത്ത് ആരംഭിച്ച കുടിയേറ്റത്തോടെയും വിമുക്ത ഭടന്മാരുടെ പുനരധിവാസത്തോടെയും നാമാവശേഷമാകാൻ തുടങ്ങി. കുടിയേറ്റ കർഷകരുടെയും വിമുക്ത ഭടന്മാരുടെയും ആവിർഭാവം പുത്തൻ നാണ്യവിളകൾക്കും മറ്റു കൃഷികൾക്കും വഴി തുറന്നു. വയനാടിൻെറ സംസ്കാരിക - കാർഷിക രംഗത്ത് ഇത് വമ്പിച്ച മാറ്റങ്ങളും മുന്നേറ്റങ്ങളും വരുത്തി. ഈ കാലത്ത് വനത്തിനുള്ളിലും വനഭൂമിയോടു ചേർന്നുള്ള കൃഷിക്ക് അനുയോജ്യമായ പ്രദേശത്തങ്ങളും ബ്രിട്ടീഷുകാർ ഈ നാട്ടിലെ കർഷകർക്ക് പാട്ടത്തിന് കൊടുത്തു. ഇത്തരം ഭൂമിക്ക് സ്ഥിരാവകാശം ഇല്ലാത്ത ഏതാണ്ട് 700ഓളം ഇടത്തരകർഷക കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

കുടിയേറ്റക്കാരുടെയും വിമുക്ത ഭടന്മാരുടെയും വരവ് കരഭൂമിയിലുള്ള വിളമാറ്റങ്ങൾക്ക് കാരണമായി. കപ്പ കൃഷിയിലും, കരയിലെ നെൽകൃഷി (കർത്തൻ കൃഷി)യും കടുക് കൃഷിയും ആരംഭിച്ചു. 1950കളുടെ ആരംഭത്തിൽ കാപ്പി, കുരുമുളക്, തെങ്ങ്, കവുങ്ങ് എന്നീ നാണ്യവിളകളുടെ കൃഷി വ്യാപകമായി ചെയ്യാൻ തുടങ്ങി. ഇതിനു മുൻപ് ഈ പഞ്ചായത്തിൽ, പുത്തൻ കുന്ന്, തീനൂർ, തേലമ്പറ്റ എന്നീ പ്രദേശങ്ങളിൽ ഒരു കുടുംബത്തിന് മാത്രം (വള്ളിയിൽ മമ്മുഹാജി) വാണിജ്യാടിസ്ഥാനത്തിൽ കാപ്പി കൃഷി ഉണ്ടായിരുന്നു.

ഇഞ്ചിപ്പുൽ കൃഷി (തെരുവ) കുടിയേറ്റക്കാരുടെ ഒരു പ്രധാന കാർഷിക വിളയായിരുന്നു. പിന്നീടുണ്ടായ കാലാവസ്ഥ മാറ്റവും പ്രിതികൂല സാഹചര്യങ്ങളും രോഗങ്ങളും മൂലം ഓറഞ്ച്, പുകയില, തെരുവ, ചാമ, മുത്താറി എന്നീ കൃഷികൾ മൂന്ന് പതിറ്റാണ്ടുകളിലേറേയായി ഈ പഞ്ചായത്തിൽ നാമാത്രമായി ചുരുങ്ങി. 1960കളുടെ ആരംഭത്തോടുകൂടി നാണ്യവിളകളായ ഇഞ്ചി, കാപ്പി, കുരുമുളക് എന്നിവ കൃഷിയുടെ പ്രധാന ഭാഗമായി മാറി. ഇക്കാലം വരെ കൃഷിയിൽ പാരമ്പര്യ രീതികളും നാടൻ വിത്തിനങ്ങളും മാത്രമാണുണ്ടായിരുന്നത്. തൊണ്ടി, വെളുമ്പാല, പാൽത്തൊണ്ടി, മണ്ണുവെളിയൻ, ചേറ്റുവെളിയൻ, ജീരകശാല, ഗന്ധകശാല, കനലി, കുട്ടിവെളിയൻ എന്നീ വിത്തിനങ്ങൾ രോഗകീടങ്ങളെ ചെറുക്കുന്നതും വയനാടൻ കാലാവസ്ഥയ്ക്ക് യോജിച്ചതുമായിരുന്നു. എന്നാൽ ഈയിനം നെൽവിത്തുകൾ മിക്കതും ഇന്ന് അപ്രത്യക്ഷമായിരിക്കുകയാണ്.

കുരുമുളക് കൃഷിയിൽ നാടൻ ഇനങ്ങളായ വയനാടൻ (കരിംകൊട്ട), ഉതിരൻ കൊട്ട, വാലൻ കൊട്ട, കല്ലുവള്ളി എന്നിവയും കരിമുണ്ട, പന്നിയൂർ - 1 എന്നീ അത്യുല്പാദന ശേഷിയുള്ള വള്ളിയിനങ്ങളും വ്യാപകമായി കൃഷി ചെയ്യാൻ തുടങ്ങി. തോട്ടവിളയിൽ നിന്നും ആദായം കിട്ടുന്നതുവരെ ഇഞ്ചി, ചേന, ചേമ്പ്, കാച്ചില്, മധുരക്കിഴങ്ങ്, വാഴ കൃഷികളായിരുന്നു സാധാരണ കർഷകരുടെ വരുമാനമാർഗ്ഗം. ഇന്നും ഈ കൃഷികളുടെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. ഇഞ്ചി കൃഷിയിൽ വയനാടൻ, ഏറനാടൻ, ചൈന എന്നീ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. കുടിയേറ്റക്കാരുടെയും സാധാരണക്കാരുടെയും ഭക്ഷ്യാവശ്യത്തിനുള്ള പ്രധാന കൃഷി കപ്പയായിരുന്നു. എന്നാൽ 1970ന് ശേഷം വന്യമൃഗശല്യവും സ്ഥലദൗർലഭ്യവും ഈ കൃഷി പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ (വയലിൽ)മാത്രമായി ചുരുങ്ങി.

പ്രധാന നാണ്യവിളയായ കപ്പയുടെ വിലയിടിവും, ഉൽപാദനചെലവ് വർദ്ധിച്ചതും സർക്കാറിൻെറയും കോഫിബോർഡിൻെറയും തെറ്റായ നയസമീപനങ്ങളും ചൂഷണങ്ങളും കർഷകർക്ക് താങ്ങാനാവുന്നതിൽ അപ്പുറത്തായിരുന്നു. ഇതിൻെറ ഫലമായി കാപ്പിചെടികൾ ഈ പഞ്ചായത്തിൽ വ്യാപകമായി പറിച്ച് മാറ്റപ്പെടുകയും പകരം കുരുമുളക് തനിവിളയായി' കൃഷി ചെയ്യുവാനും

തുടങ്ങി. ഈ കാലയളവിൽ ഉണ്ടായ വരൾച്ചയും പ്രകൃതി ക്ഷോഭങ്ങളും കാരണം നെൽകൃഷിയിലും നാണ്യവിളയെയും സാരമായി ബാധിക്കുകയും അക്കാരണത്താൽ കാർഷിക മേഖലയിൽ മാന്ദ്യം അനുഭവപ്പെടുകയും കൃഷിക്കാർ കൂടുതൽ കട ബാദ്ധ്യതയിലെക്ക് തള്ളിവിടപ്പെടുകയും ചെയ്തു. സ്വഭാവിക വനം നശിപ്പിക്കലും, പകരം യൂക്കാലിപ്റ്റസ് പോലുള്ള മരങ്ങൾ വെച്ചുപിടിപ്പിക്കുകയും വഴി ഒരു കാലത്ത് കാലടികൾ അമർത്തിയാൽ ഉറവ കിനിയുന്ന വയാനാടൻ വയലുകളെ 'ഊഷര' ഭൂമിയാക്കി മാറ്റി. സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ നെൽകൃഷിയിൽ ആധുനിക കൃഷികൾ നടപ്പിൽ വരുത്തിയെങ്കിലും ജനസേചന കുറവു മൂലം കർഷകർക്ക് പ്രതീക്ഷയ്ക്ക് ഒത്ത് ഉയരുവാൻ കഴിഞ്ഞിട്ടില്ല. നെല്ലിൻെറ ഉൽപാദന ചെലവ് കൂടിയതും നെല്ലിൻെറ വിലയിടിവും നെൽ കൃഷി ആദായകരമല്ലാതാക്കി.

1960 മുതൽ 75 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കർഷകരിൽ നിന്നും നിർബന്ധിത 'ലെവി' (നെല്ല്) ഈടാക്കിയിരുന്നു.

വന്യമൃഗസംരക്ഷണ നിയമം വന്നതോടുകൂടി മൂന്ന് ഭാഗവും വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ പഞ്ചായത്തിൽ പല ഭാഗങ്ങളിലും നെൽകൃഷി ഉപേക്ഷിക്കാനും പകരം ഇഞ്ചി, വാഴ തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്യാനും തുടങ്ങി. എന്നാൽ ഈ കാലയളവിൽ കർഷകരെ ഒരു പരിധി വരെ രക്ഷിച്ചു കൊണ്ടിരുന്ന കുരുമുളക് കൃഷി കഴിഞ്ഞ 5 വർഷകാലമായി ഗുരുതരമായി രോഗകീട ബാധ മൂലം നശിച്ചുകൊണ്ടിരിക്കുകയാണ്. കുരുമുളകിൻെറ ദ്രുതവാട്ടത്തിന് കൃഷിവകുപ്പ് നിർദ്ദേശിക്കുന്ന കീടനാശിനികളോ കുമിൾനാശിനികളോ ഫലപ്രദമായ മാർഗ്ഗമല്ല. ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടി തരുന്ന ഈ കൃഷി നിലനിൽക്കണമെങ്കിൽ ഫലപ്രദമായ ഗവേഷണങ്ങളും നിവാരണ മാർഗ്ഗങ്ങളും സർക്കാർ തലത്തിൽ അടിയന്തിരമായി നടപ്പിലാക്കി കൃഷിയെയും കർഷകരെയും രക്ഷിക്കേണ്ടതാണ്. മറ്റൊരു പ്രധാന നാണ്യവിളയായ ഇഞ്ചി, വയനാട്ടിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിഭൂമി ഉള്ളവരുടെയും ഇല്ലാത്തവരുടെയും പ്രധാന കൃഷിയായ ഇഞ്ചി വയനാട്ടിലെ സാധാരണക്കാരൻെറയും കുത്തകക്കാരുടെയും 'ജനകീയ കൃഷി' ആണ്. ഈ കൃഷി രൂക്ഷമായ രോഗകീട ബാധയുടെ പിടിയിലാണ്. തമിഴ്നാട് കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലേക്ക് പറിച്ചു നടപ്പെട്ട ഈ കൃഷി വയനാടൻ മണ്ണിൽ നിലനിർത്താനും മെച്ചപ്പെട്ട വിപണന സൗകര്യത്തിനും സർക്കാർ അടിയന്തിരമായി ശ്രദ്ധിക്കണം, വാഴ, തെങ്ങ്, കവുങ്ങ് എന്നീ കൃഷികൾ രോഗത്താലും വന്യമൃഗശല്യത്താലും ഭീക്ഷണിയിലാണ്. ജലസേചനത്തിന് വൻപുഴകൾ ഇല്ലാത്ത ഈ പഞ്ചായത്തിൽ സ്വഭാവിക ജല സ്രോതസ്സും നീരൊഴുക്കും സമർത്ഥമായി ചൂഷണം ചെയ്ത് പഞ്ചായത്തിലെ കൃഷി മെച്ചപ്പെടുത്തണം.

കുടിയേറ്റക്കാരുടെ കൈവശഭൂമിയുടെ പട്ടയം ലഭിക്കുന്നതിനും കുടിയിറക്കത്തിനും എതിരെയുള്ള പോരാട്ടങ്ങളിലും പ്രക്ഷോഭണങ്ങളിലും നൂൽപ്പുഴയിലെ കർഷകർ മുന്നണി പോരാളികളായി പ്രവർത്തിച്ചിരുന്നു.

## 2. വളചേരുവ

ഒരു കാലത്ത് ജൈവവളങ്ങളുടെ കലവറയായിരുന്നു ഈ പ്രദേശം. കാലിവളർത്തൽ കുറഞ്ഞതോടുകൂടി ചാണകം ഇന്ന് അപൂർവ്വവും വിലയേറിയതുമായ വസ്തുവാണ്. പച്ചില വളത്തിൻെറ സ്ഥിതിയും ഇതുതന്നെ. രാസവളങ്ങൾക്ക് അഭൂതപൂർണ്ണമായ വിലകയറ്റവും സമയത്ത് കിട്ടാത്തതും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇന്ന് രാസ - ജൈവ വളങ്ങളുടെ സമ്മിശ്ര് രീതിയാണ് നിലവിൽ ഉള്ളത്.

കുരുമുളക് - പൊട്ടാസ്യം + കുമ്മായം - ജൈവവളം
നെല്ല് - ഫാക്ടംപോസ്, യൂറിയ, പൊട്ടാസ്യം
കാപ്പി - ജൈവവളം + രാസവളം
തെങ്ങ് - പൊട്ടാഷ് + കുമ്മായം - കോപ്ലകംസ്
ഇഞ്ചി - ഫാക്ടംഫോസ്, യൂറിയ - പൊട്ടാഷ്

## 3. ഉൽപാദന ക്ഷമത

ഈ പഞ്ചായത്തിലെ എല്ലാ തരം കൃഷികൾക്കും ഉൽപാദന ക്ഷമത കുറവാണ്. ജലസേചന സൗകര്യ കുറവും കാലാവസ്ഥയിലെ മാറ്റങ്ങളും, രാസ ജൈവ വളങ്ങളുടെ ലഭ്യത കുറവും, രോഗകീട ബാധകളുടെ ആധിക്യവും വന്യമൃഗശല്യവും ഇതിന് കാരണക്കാരാണ്. ഇതിനൊക്കെ മാറ്റം ഉണ്ടാവുകയാണെങ്കിൽ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. മേൽത്തരം വിത്തിനങ്ങൾ ഉപയോഗിക്കാൻ കൃഷിക്കാർക്ക് അവസരങ്ങൾ കുറവാണ്. ഇതിനും മാറ്റം ആവശ്യമാണ്.

## 4. കൃഷി പണികളുടെ കലണ്ടർ

കാലവർഷാരംഭത്തോടെ കൃഷിപണികൾ തുടങ്ങുന്നു. കാലാവസ്ഥയെയും പ്രകൃതിയെയും മാത്രം ആശ്രയിച്ച് നടത്തുന്ന കൃഷിപണികൾ പല കാലങ്ങളിലും കൃത്യ സമയത്ത് നടത്താറില്ല. കാലവർഷവും തുലാവർഷവും കൃഷിയുടെ ഗതിവിഗതികൾ നിയന്ത്രിക്കുന്നു. ഏപ്രിൽ മുതൽ ജൂലൈ വരെ വിളയിറക്കലും നവംബർ - ഡിസംബർ - മാർച്ച് വരെ വിളയെടുപ്പും നടത്തുന്നു.

## 5. ജലസേചനം

വൻകിട ജലസേചന പദ്ധതികൾ ഈ പഞ്ചായത്തിൽ ഇല്ല. വലിയ പുഴകളോ തോടുകളോ കുറവാണ്. പഞ്ചായത്തിലെ വനത്തിൽ കൂടി ഒഴുകുന്ന നൂല്പുഴയാണ് ഇതിൽ പ്രധാനം. വേനൽകാലത്തും നീരൊഴുക്കുള്ള ഈ പുഴ കബനീ നദിയോട് ചേർന്ന് കർണ്ണാടകത്തിലേക്കാണ് ഒഴുകുന്നത്. ഈ പുഴയിലെ ജലം കൃഷിക്ക് ഉപയോഗിക്കാൻ കഴിഞ്ഞാൽ ഈ പഞ്ചായത്തിലെ കൃഷിക്ക് വൻമാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. കല്ലൂർ പുഴക്കാണ് പ്രാധാന്യമുള്ളത്. ഈ പുഴയിൽ നമ്പിക്കൊല്ലി മണ്ണൂർക്കുന്ന്, മാതമംഗലം എന്നീ സ്ഥലങ്ങളിൽ വി.സി.ബി.കൾ ഉണ്ട്. മണ്ണൂർ കുന്നിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഉണ്ട്. ഇതിൻെറ ഇരുവശങ്ങളിലുമുള്ള കനാൽ പമ്പ് ഹൗസ് നിർമ്മിക്കാൻ 1000 മീ. വീതം നീട്ടണം. കാക്കത്തോട് പദ്ധതി പുനരുദ്ധരിക്കണം.

തകരപ്പാടി കുറുമ കോളനിയിൽ പമ്പ് സെറ്റ് ഉപയോഗിച്ച് 40 ഏക്കറിൽ വെള്ളം കിട്ടുന്നുണ്ട്. ഇതിൻെറ കനാൽ നീട്ടണം.

**മാതമംഗലം**

വി.സി.ബി. കനാൽ മാത്രം 200 മീറ്റർ, മോട്ടോർ ഇല്ല, ഷട്ടർ ഇല്ല, ഉപയോഗശൂന്യം.

**നമ്പികൊല്ലി വി.സി.ബി.**

30 ഹെക്ടർ സ്ഥലത്ത് വെള്ളം കിട്ടുന്നുണ്ട്. മറു കനാൽ 800 മീറ്റർ നീട്ടണം.

**കല്ലൂർ പുഴ**

പാർശ്വ സംരക്ഷണം നിലവിലുള്ളത് 300 മീറ്റർ നീട്ടണം

**ചെട്ടി ആലത്തൂർ വി.സി.ബി.**

ഷട്ടർ ഇല്ല, ഉപയോഗശൂന്യമായത്

വെള്ളക്കെട്ട് വി.സി.ബി.യുടെ കനാൽ, ഇരുവശങ്ങളിലുമായി 500 മീറ്റർ വീതം നീട്ടണം.

## 6. ഈ പഞ്ചായത്തിൽ വെള്ളകെട്ട് പ്രദേശം ഇല്ല

## 7 രോഗങ്ങൾ

ഈ പഞ്ചായത്തിലെ എല്ലാ കൃഷികളും ഭാഗികമായി രോഗങ്ങളുടെ പിടിയിലമർന്നിരിക്കുകയാണ്. പ്രധാന കൃഷിയായ നെൽകൃഷിക്ക് തണ്ടുതുരപ്പൻ, ബ്ലാസ്റ്റ്, അഴുകൽ - ഓലചുരുട്ടി - "കമ്പിത്തിരി" മൂഞ്ഞ എന്നീ രോഗങ്ങൾക്ക് അടിമപ്പെട്ടു.

കുരുമുളക്: ദ്രുതവാട്ട രോഗം മൂലം കുരുമുളക് കൃഷി ചിലയിടങ്ങളിൽ പൂർണ്ണമായും മറ്റിടങ്ങളിൽ ഭാഗികമായും നശിച്ചുകോണ്ടിരിക്കുകയാണ്. സാധാനവാട്ടം - ലിറ്റിൽ ലീഫ് - മൂടുചീയൽ - പൊള്ളുവണ്ട് എന്നീ രോഗങ്ങളും കുരുമുളകിനെ ആക്രമിക്കുന്നുണ്ട്.

ഇഞ്ചി: മൂടുചീയൽ - മഹാളി - തണ്ടുതുരപ്പൻ എന്നീ രോഗങ്ങൾ ഇഞ്ചികൃഷിയിൽ കണ്ടുവരുന്നു.

കാപ്പി: കാപ്പി കൃഷിയെ പ്രധാനമായും ബാധിക്കുന്നത് ബെറിബോറർ എന്ന കീടബാധയാണ്. തണ്ടുതുരപ്പൻ - കമ്പുണങ്ങൽ എന്നിവയും കാര്യമായി ഉണ്ട്.

വാഴ : വാഴകൃഷിയിലെ പ്രധാന രോഗകീടബാധ കൂമ്പടപ്പ് - ഇലകരിച്ചിൽ തുടങ്ങിയവയാണ്.

തെങ്ങ് : തെങ്ങിനെ പ്രധാനമായും ആക്രമിക്കുന്നത് കൊമ്പൻചെല്ലിയും കൂമ്പ് ചീയൽ രോഗവുമാണ്.

കവുങ്ങ് : കവുങ്ങ് കൃഷിക്ക് മഹാളി രോഗത്തിൻെറ ഭീഷണി നിലവിലുണ്ട്.

## 8. വിപണന സൗകര്യങ്ങൾ

കാർഷിക മേഖലയിലെ എല്ലാ വിളകളുടെയും വിപണനം സ്വകാര്യ കച്ചവടക്കാരെ (ഇടത്തട്ടുകാരെ) ആശ്രിയിച്ചാണ് ഈ പഞ്ചായത്തിൽ നടക്കുന്നത്.

## 9. വായ്പാ സൗകര്യങ്ങൾ

ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ഗ്രാമീണ ബാങ്ക് എന്നീ സ്ഥാപനത്തിൽ കൂടിയും നാടൻ പലിശയ്ക്ക് കൊടുക്കുന്നവരിൽ കൂടിയും വായ്പാ സൗകര്യങ്ങൾ കൃഷിക്കാർ പ്രയോജനപ്പെടുത്തുന്നു.

## 10. വിത്ത്

എല്ലാ കൃഷികൾക്കുമുള്ള വിത്ത് സംഭരണം കൃഷിക്കാർ സ്വന്തം സംഘടിപ്പിക്കണം. സർക്കാർ ഏജൻസികളുടെ പങ്ക് ചില മേഖലകളിൽ മാത്രം നാമമാത്രമായി നടക്കുന്നുണ്ട്.

## 11. സബ്സിഡികൾ

സർക്കാർ ഏജൻസികളിൽ നിന്നുമുള്ള സബ്സിഡികൾ കുരുമുളക്, ഇഞ്ചി, നെല്ല്, വാഴ എന്നീ കൃഷികൾക്ക് മാത്രമാണ് കിട്ടികൊണ്ടിരിക്കുന്നത്. കുരുമുളകിന് തുരിശ്, കോപ്പർ ഓക്സി ക്ലോറൈഡ്, കുമ്മായം തുടങ്ങിയവയും തെങ്ങിനും കവുങ്ങിനും തുരിശും കുമ്മായവും നെല്ലിന് ഉൽപാദന ബോണസ്സും (ഏക്കറിന് 100 രൂപ) മാത്രമാണ് കർഷകർക്ക് ലഭിക്കുന്നത്.

## 12. തെങ്ങ്

കുരുമുളക് കൃഷിയുടെയും കാപ്പിയുടെഉയം തകർച്ചയും നെൽപാടങ്ങളിൽ ജലസേചനക്കുറവുമൂലവും തെങ്ങ് കൃഷി ഈ പഞ്ചായത്തിൽ വ്യാപകമായി തുടങ്ങിയിട്ടുണ്ട്. എന്നാൽ വന്യമൃഗശല്യവും രോഗകീടബാധകളും ഈ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നില്ല. കൃഷിഭവനുകൾ വഴി കിട്ടുന്ന തെങ്ങിൻ തൈകളും കർഷകർ സ്വന്തം ചിലവിൽ സംഘടിപ്പിക്കാവുന്ന തൈകളും നടാൻ ഉപയോഗിക്കുന്നു.

## 13. റബ്ബർ

ഈ പഞ്ചായത്തിൽ നാമമാത്രമായി റബ്ബർ കൃഷി ഉണ്ടെങ്കിലും സമീപകാലത്തു റബ്ബർ കൃഷി വ്യാപകമാക്കാനുള്ള പ്രവണത കർഷകരിൽ കാണുന്നു.

## സംഘാടക ഘടകങ്ങൾ

നൂൽപ്പുഴയിലെ കൃഷിഭവൻ, പഞ്ചായത്ത് ആസ്ഥാനമായ നായ്ക്കട്ടിയിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ ഈ പഞ്ചായത്തിലെ 1,2,8 എന്നീ വാർഡിലെ കൃഷിക്കാർക്ക് കൃഷിഭവനിൽ എത്തിച്ചേരുവാൻ വളരെ പ്രയാസമാണ്. കൃഷിയിൽ സാങ്കേതിക പരിജ്ഞാനം നേടിയവരുടെ സേവനം പൂർണ്ണമായും കൃഷിയിടത്തിൽ തന്നെ ലഭ്യമാകാനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ജീവനക്കാരുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്ന നടീൽ വിത്തിനങ്ങൾ ഏതാണ്ട് ഭാഗികമായി ഗുണനിലവാരം കുറഞ്ഞതാണ്. അതുകൊണ്ടു തന്നെ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളോട് കർഷകർക്ക് താൽപര്യമില്ല. കാർഷിക വൃത്തിക്ക് കർഷക തൊഴിലാളികളെയും ഭാഗികമായി ടാക്ടർ, ട്രില്ലർ തുടങ്ങിയ യന്ത്രങ്ങളെയും ആശ്രയിക്കുന്നു. പഞ്ചായത്തിലെ കുരുമുളക് സമിതികൾ മുഖേന റോക്കർ പമ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. അതുപയോഗിച്ച് അത്യാവശ്യം കീടനാശിനിപ്രയോഗം നടത്തുന്നു. കർഷകതൊഴിലാളികൾക്ക് പുരുഷന് 60 രൂപയും സ്ത്രീതൊഴിലാളിക്ക് 50 രൂപയും കൂലി നൽകുന്നു. ജോലി സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെയാണ്. പാടശേഖര സമിതികളും കുരുമുളക് സമിതികളും കേരസംരക്ഷണ സമിതിയും കൃഷിഭവൻെറ കീഴിൽ പ്രവർത്തിക്കുന്നു. അമ്പല വയലിലെ കാർഷിക ഗവേഷണ കേന്ദ്രം ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് ഭാഗികമായി പോലും പ്രയോജനപ്പെടുന്നില്ല. കൃഷിയിൽ കൂടുതൽ വൈവിദ്ധ്യവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്. നിലവി ൽ ഉള്ള വിളക്രമം, കാലാവസ്ഥ, മണ്ണ്, ജലസേചനം, സംസ്കരണം, വിപണി, സാങ്കേതിക പരിജ്ഞാനം, ഉപകരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പുനക്രമീകരണം നടത്തേണ്ടതായിട്ടുണ്ട്.

### 1. ഭൂപ്രകൃതിതിയും വിഭവങ്ങളും

ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന മൊത്തം ഭൂവിഭാഗത്തിൽ 40% റിസർവ്വ് വനമാണ്. ബാക്കിയുള്ളതിൽ 2 ഭാഗം വയലും 1 ഭാഗം കരഭൂമിയുമാണ്. കരഭൂമിയിൽ കുന്ന് - ചരിവ് - ഭാഗികമായി നിരന്ന സ്ഥലം എന്നിവ ഉണ്ട്.

### 2. മൺതരങ്ങൾ

കരഭൂമിയിൽ വനമണ്ണും (കരിമണ്ണ്) ചെമ്മണ്ണും പശിമരാശിയുള്ള മണ്ണും കാണപ്പെടുന്നു. വയലിൽ മണൽ മണ്ണ് , ഏക്കൽ മണ്ണ്, ചളിമണ്ണ്, മണ്ണും മണലും സമ്മിശ്രമായതുമായ മൺതരങ്ങൾ കാണപ്പെടുന്നു.

### 3. ജലലഭ്യത

ഭൂരിഭാഗും മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നു. ചെറിയ നീരുറവകൾ, ചാലുകൾ, തോടുകൾ, പുഴകൾ, കിണറുകൾ എന്നിവയിൽ നിന്നും ജലം ലഭിക്കുന്നു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പഞ്ചായത്തിൽ ചില സ്ഥലങ്ങളിൽ മാത്രമാണുള്ളത്. വനങ്ങളിൽ നിന്നുൽഭവിക്കുന്ന ജലസ്രോതസ്സുകൾ പഞ്ചായത്തിൻെറ മിക്ക വാർഡുകളിലും ഉണ്ട്. വടക്കനാട് തോട് 1,2 വാർഡുകളിൽ കൂടിയും കല്ലൂർ പുഴ 5,6,7,9 എന്നീ വാർഡുകളിൽ

കൂടിയും ഒഴുകുന്നുണ്ട്.

**4. കാലാവസ്ഥ ചക്രം**

കേരളത്തിൽ ശരാശരി ലഭിക്കുന്ന മഴ പോലും ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല. കർണാടക സംസ്ഥനവുമായി തൊട്ടുകിടക്കുന്ന പ്രദേശമായ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ഓരോ വർഷവും മഴയുടെ തോത് കുറഞ്ഞുകൊണ്ടിരിക്കുന്നു. ഭൂപ്രകൃതിയിലും കാലാവസ്ഥയിലും പ്രകടമായി കൊണ്ടിരിക്കുന്ന ഈ മാറ്റം നിരീക്ഷണ വിധേയമാക്കേണ്ടതാണ്.

**5. ധാതുക്കൾ**

ധാതുക്കളെക്കുറിച്ച് കാര്യമായ വിവരങ്ങളോ സ്ഥിതി വിവരണ കണക്കുകളോ ലഭ്യമല്ല.

**6. ജൈവസമ്പത്ത്**

മൊത്തത്തിൽ ഈ പഞ്ചായത്ത് ജൈവസമ്പത്തിനാലും ജൈവ വൈവിധ്യത്തിലും അനുഗൃഹീതരാണ്. ഹരിതാഭമായ ഭൂവിഭാഗമാണ് പഞ്ചായത്ത്.

**7. പൊതു ഭൂവിനിയോഗം**

പാർപ്പിടാവശ്യത്തിന് ഒഴികെയുള്ള ഭൂമി മുഴുവൻ കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നു. തരിശു നിലങ്ങൾ ഒന്നും തന്നെ ഇല്ല.

**8. മനുഷ്യ സമ്പത്ത്**

ഈ പഞ്ചായത്തിലെ ജനസംഖ്യ 23151 ആണ്. പുരുഷന്മാർ 11806, സ്ത്രീകൾ 11345.

**9. വിദ്യാഭ്യാസ യോഗ്യത**

ഈ പഞ്ചായത്തിൽ ആദിവാസി മേഖലകൾ ഒഴിച്ച് ബാക്കിയെല്ലാവരും സാമാന്യ വിദ്യാഭ്യാസം നേടിയവരാണ്.

**10. തൊഴിൽ - തൊഴിലില്ലായ്മ**

ഈ പഞ്ചായത്തിലെ പ്രധാന തൊഴിൽ ശൃംഖല കൃഷിയാണ്. കൃഷി കൊണ്ടാണ് ഉപജീവനം കഴിക്കുന്നത്. പഞ്ചായത്തിൻെറ മൊത്തത്തിലുള്ള പുരോഗതി കൃഷിയിലൂടെ മാത്രമാണ് നടക്കുന്നത്.

തൊഴിൽ ഇല്ലായ്മ : കൃഷി വിളവിറക്കുമ്പോഴും വിളവെടുക്കുമ്പോഴും മാത്രമെ കാര്യമായ തൊഴിലവസരങ്ങൾ ഈ മേഖലയിൽ ഉണ്ടാകുന്നുള്ളു. ഏപ്രിൽ - ആഗസ്ത് മാസങ്ങളിൽ വിളവിറക്കുന്നു. ഡിസംബർ - മാർച്ച് മാസങ്ങളിൽ വിളവെടുക്കുന്നു.

## കാർഷിക രംഗത്തെ പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ പ്രശ്നം ജലസേചന സൗകര്യകുറവാണ്. മഴയെ മാത്രം ആശ്രയിച്ചാണ് എല്ലാ കൃഷികളും നടത്തുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പോലും കൃഷിയേയും അതു വഴി കർഷകരേയും ബുദ്ധിമുട്ടിലാക്കുന്നു. വൻകിട ജലസേചന പദ്ധതികൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. വലിയ പുഴകളും തോടുകളും കുറവാണ്. ഈ പഞ്ചായത്തിൻെറ 4,5,6,7,8,9 എന്നീ വാർഡുകളിലെ കൃഷിക്കാർക്ക് പ്രയോജനപെടേണ്ട കല്ലൂർ പുഴയിലെ അണക്കെട്ട് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി ഇന്നും പണിപൂർത്തിയാകാതെ അനന്തമായി നീളുന്നു. മറ്റു ചെറുകിട ജലസേചന പദ്ധതികളും കർഷകർക്ക് പൂർണ്ണമായി പ്രയോജനപ്പെടുന്നില്ല.

2. പഞ്ചായത്തിലെ കർഷകർക്കും കൃഷിക്കാർക്കും ഗുരുതരമായ ഭീഷണിയാണ് വന്യമൃഗശല്യം മൂലം ഉണ്ടാകുന്നത്. പ്രധാന കാർഷിക വിളകളായ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ എന്നീ കൃഷികൾക്ക് പഞ്ചായത്തിലെ 9 വാർഡുകളിലും വന്യമൃഗശല്യം പ്രധാനമായും ആന, പന്നി മുതലായവയിൽ നിന്ന് കനത്ത വെല്ലുവിളി നേരിടുകയാണ്. വനത്തിനോട് ചേർന്ന ഭാഗങ്ങളിൽ കർഷകർ നെൽകൃഷി ഉപേക്ഷിക്കാൻ തന്നെ തുടങ്ങിയിട്ടുണ്ട്. 70കളിൽ ആരംഭിച്ച വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി മൂലം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കാട്ടാനുകളുടെ ആക്രമണം മൂലം നിരവധി പേർ കൊല്ലപ്പെട്ടിട്ടുണ്ട്. അധികൃതരുടെ ഭാഗത്തുനിന്നും കാര്യമായ സഹകരണമോ നിവാരണ മാർഗ്ഗങ്ങളോ നഷ്ടപരിഹാരമോ നാളിതുവരെ കർഷകർക്ക് കിട്ടിയിട്ടില്ല. ഉൽപന്നങ്ങളുടെ വിലിയിടിവും ഉൽപാദ ക്ഷമത കുറഞ്ഞതും ഉൽപാദന ചിലവ് വർദ്ധിച്ചതും മൂലം കഷ്ടപ്പെടുന്ന കർഷകർക്ക് കാട്ടാനകളുടെയും കാട്ടുപന്നികളുടെയും ഉപദ്രവം സഹിക്കാവുന്നതിനും അപ്പുറത്തായിരിക്കുന്നു. നെൽകൃഷിക്ക് ഞാറാടി തയ്യാറാക്കുന്നതു മുതൽ വിളവെടുപ്പ് നടത്തുന്നതുവരെ വന്യമൃഗശല്യം നിത്യസംഭവമായി തുടരുന്നു. വനം വകുപ്പിൻെറയോ സർക്കാരിൻെറയോ ഭാഗത്തുനിന്നും കർഷകരുടെ രക്ഷയ്ക്ക് യാതൊരു നടപടികളും ഇതു വരെ കാര്യമായി ഉണ്ടായിട്ടില്ല. കൃഷിക്കാരുടെ ജീവനും സ്വത്തിനും രക്ഷകിട്ടിയില്ലെങ്കിൽ നെൽകൃഷി ഉൾപ്പെ ടെ

ഒട്ടുമിക്ക കൃഷികളും പഞ്ചായത്തിൽ കുറയാനും ഒരു പരിധി വരെ ഉപേക്ഷിക്കാനും അതുവഴി ഉൽപാദന നഷ്ടവും കർഷകർക്ക് സാമ്പത്തിക നഷ്ടവും ഉണ്ടാക്കാനും ഇടയുണ്ട്. വന്യമൃഗ ശല്യം പഞ്ചായത്തിൽ 2 വാർഡുകളിൽ ഒഴികെ മറ്റെല്ലാ വാർഡുകളിലും രൂക്ഷമായി കൊണ്ടിരിക്കുകയാണ്. കൃഷിക്കാരുടെ വളർത്തു മൃഗങ്ങൾക്കും ഇത് ഒരു ഭീഷണിയാണ്. നിരവധി കന്നുകാലികളുടെ ജീവൻ ഇതുവരെ വന്യമൃഗങ്ങൾ മൂലം നഷ്ടപ്പെട്ടിട്ടുണ്ട്.

3. ഈ പഞ്ചായത്തിലെ കർഷകർ നേരിടുന്ന ഗൗരവമായ ഒരു പ്രശ്നമാണ് വിപണനം. സ്വാകര്യ കച്ചവടക്കാരെ മാത്രം ആശ്രയിച്ചാണ് എല്ലാ ഉൽപന്നങ്ങളും വിൽക്കപെടുന്നത്. വിളവെടുപ്പ് സമയത്ത് മിക്ക ഉൽപന്നങ്ങൾക്കും വിലയിടിവാണ് അനുഭവപ്പെടുന്നത്. നെല്ല്, കാപ്പി, കുരുമുളക്, ഇഞ്ചി തുടങ്ങിയ എല്ലാ ഉൽപന്നങ്ങൾക്കും കുത്തക കച്ചവടക്കാരുടെ താൽപര്യത്തിന് അനുസരിച്ചാണ് കാലാകാലങ്ങളിൽ കർഷകർക്ക് വില കിട്ടുന്നത്. വിളവെടുപ്പ് സമയത്ത് ബോധപൂർവ്വം വില കുറക്കുകയും സീസൺ അല്ലാത്തപ്പോൾ വില കൂട്ടുകയും ചെയ്യുക ഇന്നൊരു പതിവ് സംഭവം മാത്രമാണ്. കർഷകർക്ക് ഉൽപന്നങ്ങൾ വില കുറച്ച് വിൽക്കേണ്ട ഗതികേടാണ് ഇപ്പോൾ നടക്കുന്നത്.

ജലസേചന സൗകര്യ കുറവും മേൽത്തരം വിത്തിനങ്ങളുടെ അഭാവവും രാസജൈവ വളങ്ങളുടെ സമയത്തുള്ള ലഭ്യതകുറവും രോഗകീടബാധകളും മൂലം എല്ലാത്തരം കൃഷിയുടെയും ഉൽപാതന ക്ഷമത കുറയുകയാണിന്ന്. ശാസ്ത്രീയവും സമയാസമയങ്ങളിലുള്ള കൃഷിയിറക്കൽ വഴിയും ഉൽപാദന ക്ഷമത വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

4. പഞ്ചായത്തിലെ ഒട്ടുമിക്ക കൃഷികളും ഗുരുതരമായ രോഗകീട ബാധയുടെ പിടിയിലാണിന്ന്. പ്രധാന കൃഷിയായ നെൽ കൃഷിയെ ബാധിക്കുന്ന മിക്ക രോഗങ്ങളും മാറ്റാൻ കഴിയാവുന്നതാണ്. എന്നാൽ പ്രധാന നാണ്യവിളയായ കുരുമുളക് ഗുരുതരമായ രോഗഭീക്ഷണി മൂലം മിക്ക സ്ഥലത്തും നശിച്ചുകൊണ്ടിരിക്കുകയാണ്. ദ്രുതവാട്ടം മൂലം നശിച്ചുകൊണ്ടിരിക്കുന്ന കുരുമുളക് കൃഷിയെ സംരക്ഷിപ്പിക്കാൻ സർക്കാറിൻെറ ഭാഗത്തുനിന്നും അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കണം. ഈ പഞ്ചായത്തിലെ കർഷകരുടെ പ്രധാന വരുമാനമാർഗ്ഗവും, നാടിന് ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിതരുന്നതുമായ കുരുമുളക് കൃഷിയും കൃഷിക്കാരും ഇന്ന് പൂർണ്ണമായ തകർച്ചയുടെ വക്കത്താണ്. കുരുമുളക് കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ രോഗബാധയുള്ള കൃഷി ഇഞ്ചി കൃഷിയാണ്. ഇഞ്ചിയെ ബാധിക്കുന്ന 'മഹാളി'ക്ക് ഫലപ്രദമായ ഒരു നിവാരാമാർഗ്ഗവും ഇന്നുവരെ ഗവേഷകർ കണ്ടെത്തിയിട്ടില്ല. ഇതിനും ശാശ്വതമായ പരിഹാരം ആവശ്യമാണ്. കവുങ്ങ്, തെങ്ങ്, വാഴ എന്നീ കൃഷികൾ മഹാളി - കൂമ്പു ചീയൽ - കൂമ്പടപ്പ് തുടങ്ങിയ മാരകമായ രോഗങ്ങളുടെ പിടിയിലാണ്. കൃഷിക്ക് പ്രകൃതി ക്ഷോഭം കൊണ്ടോ രോഗ കീടബാധമൂലമോ ഉണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും വന്യമൃഗശല്യം മൂലമുള്ളനഷ്ടങ്ങൾക്കും കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാവുന്നില്ല. ഉൽപാദന ചിലവിൻെറ ഒരംശം പോലും ഇന്നത്തെ നഷ്ടപരിഹാര രീതിയിൽ കൃഷിക്കാർക്ക് ലഭിക്കുന്നില്ല. വിള ഇൻഷുറൻസ് പദ്ധതി ഇന്ന് തീരെ അപര്യാപ്തമാണ്.

6. കൃഷിയുടെ പുരോഗതിക്കും കൃഷി ആവശ്യത്തിനും കർഷകർ ബാങ്കുകളിൽ നിന്നും വായ്പ എടുക്കാറുണ്ട്. എന്നാൽ വായ്പയുടെ കാലാവധി മാർച്ചു മാസം അവസാനം തീരുന്നതാണ്. ഈ സമയത്താണ് വിളവെടുപ്പ് നടക്കുന്നതും. ബാങ്ക് ലോൺ അടയ്ക്കുന്നതിനുവേണ്ടി കൃഷിക്കാർ കുറഞ്ഞ വിലയ്ക്ക് ഉൽപന്നങ്ങൾ വിൽക്കുന്നതുമൂലം വമ്പിച്ച സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. സാങ്കേതിക തടസ്സങ്ങൾ കാരണം അനാവശ്യമായ കാലതാമസം വായ്പ എടുക്കുന്ന സമയത്ത് ഉണ്ടാവുന്നതുകൊണ്ട് യഥാസമയത്ത് കൃഷിയിറക്കാൻ കർഷകർ ബുദ്ധിമുട്ടുന്നു. വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത ഉൽപാദനത്തെയും ഉൽപാദന ക്ഷമതയെ ബാധിക്കുന്നു.

7. ഉൽപാദന ചിലവ് വർദ്ധിക്കുകയും അത് അനുസരിച്ച് ആദായം കിട്ടാതിരിക്കുമ്പോഴും മാത്രമെ കർഷകർ വിള മാറ്റത്തിന് ശ്രമിക്കുന്നുള്ളു. വയൽ കൃഷി നഷ്ടമാവുകയും വന്യമൃഗശല്യം രൂക്ഷമാകുകയും ചെയ്യുമ്പോഴൊക്കെ വയലുകളിൽ നാണ്യവിളകളായ ഇഞ്ചി, വാഴ, കുരുമുളക്, കവുങ്ങ് എന്നീ വിള മാറ്റങ്ങൾക്ക് നിർബന്ധിതരാകുന്നു. ജലസേചന സൗകര്യകുറവും പാർപ്പിട പ്രശ്നവും ഇതിന് മറ്റൊരു കാരണമാണ്.

8. അശാസ്ത്രീയമായ മണൽകോരൽ മൂലം പുഴയുടെയും തോടിൻെറയും ആഴം കൂട്ടുകയും കരയിടിച്ചിൽ സംഭവിക്കുകയും ചെയ്യുന്നു. ഇത് കൃഷി നഷ്ടത്തിന് കാരണമാവും. തോടുകൾ, നീർച്ചാലുകൾ എന്നിവ യാതൊരു വിവേചനവും കൂടാതെ നശിപ്പിക്കുകയോ കയ്യേറുകയോ ചെയ്യുന്നതു കൊണ്ട് കാർഷിക രംഗത്ത് പ്രശ്നങ്ങൾ ഉണ്ടാകുന്നു. വർഷത്തിൽ 6 മാസകാലം എല്ലാ തോടുകളും പുഴയും വറ്റി വരളുന്നത് മൂലം

കൃഷിക്ക് അനുബന്ധമായ കാലിവളർത്തലിനും പ്രശ്നങ്ങൾ ഉണ്ടാകുന്നു.

9. കൃഷിയുടെ അവിഭാജ്യഘടകമായ കാലിവളർത്തൽ മേച്ചിൽ പുറങ്ങൾ ഇല്ലാത്തതിനാൽ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. പഴയ കാലത്തെപോലെ വനത്തിൽ കാലിമേയ്ക്കാനുള്ള സൗകര്യം ഇന്നില്ല.

10. കൃഷി എല്ലാ അർത്ഥത്തിലും വിജയിപ്പിക്കേണ്ട കർഷക തൊഴിലാളികളുടെ അഭാവം ഈ പഞ്ചായത്തിൽ രൂക്ഷമാണ്. തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും വരുന്ന തൊഴിലാളികളാണ് ഈ പ്രശ്നത്തെ ഏറെക്കുറെ ലഘൂകരിക്കുന്നത്.

11. ഈ പഞ്ചായത്തിലെ ചില വാർഡുകളിൽ കർഷകരുടെ ഭൂമിയിൽ നിൽക്കുന്ന വീട്ടി, തേക്ക് മരങ്ങൾ കരാർ വ്യവസ്ഥയിൽ മുറിച്ചു മാറ്റാൻ കച്ചവടക്കാരെ അനുവദിക്കുന്നതിന് പകരം അതാത് കൈവശക്കാർക്ക് നേരിട്ട് സർക്കാർ വില കെട്ടി മുറിച്ച് മാറ്റാൻ അനുവാദം തരികയാണെങ്കിൽ സർക്കാരിനും കൃഷിക്കാർക്കും വമ്പിച്ച സാമ്പത്തിക നേട്ടം ഉണ്ടാകുന്നതുമാണ്.

12. പഞ്ചായത്തിലെ ധാരാളം കുടുംബങ്ങൾ അരനൂറ്റാണ്ടിലേറെ കാലമായി കൈവശം വെച്ച് കൃഷി ചെയ്തു വരുന്ന ലീസ് ഭൂമിക്ക് സ്ഥിരാവകാശരേഖ കിട്ടാത്തത് ഒരു ഗുരുതരമായ പ്രശ്നമായിരിക്കുന്നു.

13. 1985 മുതൽ 95 വരെയുള്ള 10 വർഷം കൊണ്ട് ഈ പഞ്ചായത്തിലെ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ച വകയിൽ നാമമാത്ര നഷ്ടപരിഹാരമായി 20 ലക്ഷം രൂപ വനംവകുപ്പ് നൽകി. ഇതൊരു പരിഹാരമേ അല്ല.

## സാധ്യതകളും - പരിഹാരനിർദ്ദേശങ്ങളും

### വാർഡ് 1 : ജലസേചനം

ഇവിടുത്തെ നെൽവയലുകൾ മഴയെ മാത്രം ആശ്രയിച്ച് കൃഷി ഇറക്കുന്നതാണ്. ജലസേചന സൗകര്യം ഉണ്ടായാൽ ഉൽപാദനം മൂന്നിരട്ടിയായി ഉയർത്താം. ഇതിനായി വെള്ളക്കെട്ട് ഇന്ന് നിലവിലുള്ള ഡാമിന് കനാൽ നിർമ്മിക്കണം. പച്ചാടിയിൽ നിലവിൽ ഉള്ള കുളം വീതിയും ആഴവും കൂട്ടുക. പച്ചാടി, വിളക്കംമൂല, പണയമ്പം, ചെമ്പരത്തിമൂല, ചിറമൂല, മണലിമൂല, കോടാർകുന്ന് മൂല എന്നിവിടങ്ങളിൽ ചെക്ക് ഡാമുകളും നിർമ്മിക്കുക.

### വാർഡ് 2 :

മാടക്കുണ്ട്, കരിപ്പൂര്, കരാറ്റ്കുനി, കുളത്തൂർകുന്ന് എന്നിവിടങ്ങളിലും കല്ലൂര്കൊല്ലി, ചെറവയൽകൊല്ലി, ഓളപ്പള്ളം, സ്ക്കൂൾ കുന്ന് എന്നിവിടങ്ങളിലും ചെക്ക് ഡാം നിർമ്മിക്കുക.

### വാർഡ് 3 :

നാരകകൊല്ലി, നരിക്കൊല്ലി, മാങ്ങാവാരികൊല്ലി, കുമ്പ്രംകൊല്ലി, താമരചിറ, പിലാക്കാവ് എന്നീ സ്ഥലങ്ങളിൽ തലച്ചിറകൾ നിർമ്മിക്കുക. മണിമുണ്ട, ചടയംകൊല്ലി, കഞ്ഞാടികൊല്ലി, കുരങ്ങ്കൊല്ലി, തമ്പുരാട്ടികൊ ല്ലി എന്നിവിടങ്ങളിൽ ബണ്ടുകൾ നിർമ്മിക്കുകയും മൂലങ്കാവ്, നായ്ക്കട്ടി എന്നിവിടങ്ങളിൽഉള്ള കുളങ്ങൾ പുനരുദ്ധീകരിക്കുകയും കാരശ്ശേരി, പൂളക്കര എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്യുക.

### വാർഡ് 4:

കൊളോട് ഡൈവേഴ്സ് സ്കീം മണ്ണൂർ ഡാമിലേക്ക് എത്തിക്കുകയാണെങ്കിൽ 4,5,6,7,8,9 എന്നീ വാർഡുകളിലെ നെൽകൃഷിക്ക് ജലസേചനം ലഭിക്കും. മണ്ണൂർ ഡാമിൽ നിന്നും 500മീറ്റർ ഇടവിട്ട് ചരകുനി വരെ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്യുക. കല്ലൂർ പാലത്തിന് താഴെ നിലവിലുള്ള പാർശ്വസംരക്ഷണം ദീർഘിപ്പിക്കുക.

### വാർഡ് 5:

കൊളക്കച്ചിറ, കോളൂർ, കല്ലുമുക്ക്, കൊട്ടംകര എന്നിവിടങ്ങളിൽ പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും മാറോട് നിലവിലുള്ള ചെക്ക് ഡാം പുനരുദ്ധീകരിക്കുകയും ചെയ്യുക. കല്ലൂർപുഴയിൽ കരടി മാട് ഭാഗത്ത് ഒരു ഡാം നിർമ്മിക്കുക, കോളൂർ മേലേ ഭാഗം, കുരശാനി മേലേ ഭാഗം, മാറോട്, കല്ലുമുക്ക്, ചുണ്ടപ്പാടി എന്നിവിടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക.

കുളക്കച്ചിറ, ചുണ്ടപ്പാടി, ചരകുനിത്തോട്, കല്ലുമുക്ക്, കരടി മാട്, കോളൂർ മേലേ മുതൽ കല്ലൂർ പുഴ വരെ, മാറോട്, കാക്കത്തോട് വരെ എന്നീ പ്രദേശങ്ങൾ നീർമറി കെട്ട് നിർമ്മിക്കുക.

### വാർഡ് 6:

രാമ്പള്ളി, തകരപ്പാടി, മുത്തങ്ങ, കാളങ്കണ്ടി, കുമിഴി, തവക്കര, പങ്കളം, കള്ളാടികൊല്ലി, തോട്ടാമൂല, എന്നിവിടങ്ങളിൽ കുളം കുഴിച്ച് മോട്ടോർ വെച്ച് 475 ഏക്കറോളം കൃഷി ചെയ്യാം.

**വാർഡ് 7:**

1. നൂൽപ്പുഴയിൽ കോളോട് എന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിച്ച് കുളുകുന്ന് വഴി മണ്ണൂർ ഡാമിൽ എത്തിച്ചാൽ ഈ പഞ്ചായത്തിലെ 5,6,7,8,9 എന്നീ വാർഡുകളിലെ 2000 ഏക്കർ സ്ഥലത്ത് (വയലിൽ) ജലസേചനം നടത്താം.

2. കല്ലൂർ പുഴയിലെ നിലവിലുള്ള മണ്ണൂർ അണക്കെട്ടിലെ ഇരുവശങ്ങളിലുമുള്ള കനാലുകളുടെ നീളം യഥാക്രമം 1500 മീറ്റർ - കല്ലൂർ - 2000മീറ്റർ - തേക്കമ്പറ്റ വരെ നീട്ടുക

3. ചോയിമൂല പടിഞ്ഞാറു ഭാഗത്ത് ചെമ്പകകുണ്ട് മുതൽ മണ്ണൂർ കുന്നം ഡാം വരെ കനാലും 10 എച്ച്.പി. മോട്ടോറും സ്ഥാപിക്കുക.

4. മാതമംഗലം അണക്കെട്ടിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വഴി ചെമ്പകകുണ്ട് വരെ വെള്ളം എത്തിക്കുക.

5. നമ്പിക്കൊല്ലി വി.സി.ബി.യിൽ നിന്നുമുള്ള ചോരങ്കൊല്ലി കനാൽ കണ്ണങ്കോട് വരെ നീട്ടുക.

6. കണ്ണൻ കോട് നിലവിലുള്ള ചെക്ക് ഡാമിൽ നിന്ന് 1000 മീറ്റർ കനാൽ നിർമ്മിക്കുക.

7. അടക്കമാങ്ങയിൽ (ഓടകൊല്ലി) ഒരു ബണ്ട് നിർമ്മിച്ച് ആനാംചിറവരെ കനാൽ നിർമ്മിക്കുക.

8. ആനാംചിറയിൽ ബണ്ട് നിർമ്മിക്കുക.

9. കൊന്നാമൂല, മാലങ്കാപ്പ്, തേക്കമ്പറ്റ എന്നിവിടങ്ങളിൽ ബണ്ടുകൾ നിർമ്മിക്കുക.

10. കാരക്കര, തോട്ടാമൂലകൊല്ലി, പട്ടയാട്ട്, ചെറുകുന്ന് പാലത്തിന് താഴെ എന്നിവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുക. 10 എച്ച്.പി.യുടെ മോട്ടോർ സ്ഥാപിക്കുക.

11. കോട്ടൂർ തോടിന് പാലത്തിന് താഴെ ചെക്ക് ഡാം നിർമ്മിക്കുക.

12. കാക്കമലയിൽ ജലസേചന കിണർ പുനരുദ്ധരിച്ച് 5 എച്ച്.പി.യുടെ മോട്ടോർ സ്ഥാപിക്കുക.

13. കണ്ണങ്കോട് കാപ്പുംമൂല എന്ന സ്ഥലത്ത് നിലവിൽ ഉള്ള കുളം പുനരുദ്ധരിച്ച് 5 എച്ച്.പി.യുടെ മോട്ടോർ സ്ഥാപിക്കുക.

14. കാരക്കര, പുലിതൂക്കി, എന്നിവിടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക.

15. കല്ലൂർ പുഴയോട് ചേർന്ന് ചുള്ളിപ്പുര വയലിൽ 10 എച്ച്.പി. മോട്ടോർ സ്ഥാപിക്കുക.

16. കല്ലൂർ പുഴയോട് ചേർന്ന് കമ്പകോടി വയലിൽ 10 എച്ച്.പി. മോട്ടോർ സ്ഥാപിക്കുക.

**വാർഡ് 8:**

1.നമ്പിക്കൊല്ലി ഡാമിന്റെ വടക്ക് ഭാഗത്തുള്ള കനാൽ 200മീറ്റർ നീട്ടുക.

2. കിണൂരിൽ നിലവിൽ ഉള്ള വി.സി.ബി.ക്ക് ഷട്ടർ നിർമ്മിക്കുക, ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ച് നിലവിലുള്ള കനാൽ 300 മീറ്റർ നീട്ടുക.

3. മാതമംഗലം അണക്കെട്ടിൽ നിന്നും പടിഞ്ഞാറു ഭാഗത്തേക്ക് 300മീറ്റർ നീളത്തിൽ കനാൽ നിർമ്മിക്കുക.

4. ചെട്ടിയാലത്തൂരിൽ നിലവിലുള്ള അണക്കെട്ടിന്റെ കനാൽ 800മീറ്റർ നീട്ടുക.

5. പുത്തൂർ വയലിൽ ജലസേചനം എത്തിക്കുക

6. വാളംവയൽ,പന്തംകൊല്ലി എന്നിവിടങ്ങളിൽ കുളം കുഴിച്ച് മോട്ടോർ സ്ഥാപിക്കുക.

7. മൂതിക്കുണ്ട് വയലിൽ നൂൽപ്പുഴയിൽ നിന്ന് 10 എച്ച്.പി. മോട്ടോർ സ്ഥാപിച്ച് ജലസേചന സൗകര്യം ഉറപ്പു വരുത്തുക.

8. നൂൽപ്പുഴ - കുണ്ടൂർ എന്ന സ്ഥലത്ത് അണക്കെട്ട് നിർമ്മിച്ച് നൂൽപ്പുഴയിലെ വെള്ളം നെന്മേനി പഞ്ചായത്തിലെ നമ്പ്യാർകുന്നിലെ തോട്ടിലെത്തിച്ചാൽ നെന്മേനി, നൂൽപ്പുഴ എന്നീ പഞ്ചുയത്തുകളിലെ 2000ഓളം വയലിൽ ഇരിപ്പൂ കൃഷി ചെയ്യാൻ കഴിയും.

9. കാപ്പാട്, കുണ്ടൂർ എന്നീ സ്ഥലങ്ങളിൽ 10 എച്ച്.പി. മോട്ടോർ സ്ഥാപിക്കുക.

10. വല്ലത്തൂർ പാലത്തിന് താഴെ കൈമരകൊല്ലി എന്ന സ്ഥലത്ത് ചെക്ക് ഡാം സ്ഥാപിക്കുക.

**വാർഡ് 9:**

1. നായ്ക്കട്ടിയിൽ നിലവിലുള്ള വലിയ കുളം ആഴം കൂട്ടിയും കനാൽ നിർമ്മിച്ചും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

2. ചിറക്കമ്പം വയലിൽ കുളം നിർമ്മിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക.

3. നാഗരം കുന്ന്, മാതമംഗലം തോട് ചേരുന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കുക.

4. മാതമംഗലം വാർഡിൽ മോട്ടോർ സ്ഥാപിച്ച് ഇരുഭാഗത്തും 800 മീറ്റർ കനാൽ നിർമ്മിക്കുക.

5. നാഗരം വയിൽ കൂടി ഒഴുകുന്ന തോട്ടിൽ ചെക്ക് ഡാം കെട്ടി 600 മീറ്ററോളം കനാൽ ഇരുഭാഗത്തും നിർമ്മിക്കുക.

6. വിചാര പുഴയിൽ കാക്കത്തോട് വന്ന് ചേരുന്നിടത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കുക.

വാർഡ് 10:

1. കരളികുന്ന്, കുമിളിപുരഭാഗം, തേലമ്പറ്റ, എറ ളോട്ട് കുന്ന്, മേലെനിരപ്പത്ത് മൂലംകാവ് എന്നീ സ്ഥല ങ്ങളിൽ കുളം നിർമ്മിക്കുകയും നിലവിലുള്ള കുളങ്ങൾ പുനരുദ്ധരിക്കുകയും ചെയ്യുക.

2. പുത്തൻകുന്ന് അണക്കെട്ട് നിർമ്മിക്കുകയും ഇടതു ഭാഗം ചേർന്ന് കനാൽ നിർമ്മിക്കുകയും ചെയ്യുക.

3. പുളിമരത്തോടിന് ചെക്ക് ഡാം നിർമ്മിക്കുക.

4. പുളിമരത്തോടിന് വീതികൂട്ടി രണ്ട് സൈഡും കെട്ടി ഉറപ്പു വരുത്തുക.

## നിർദ്ദേശങ്ങൾ

1. ജലസേചനസൗകര്യം പഞ്ചായത്തിൻെറ മുഴുവൻ സ്ഥലങ്ങളിലും എത്തിക്കുക.

2. വന്യമൃഗശല്യം തടയുന്നതിന് വേണ്ടി വൈദ്യുത കമ്പിവേലി, കിടങ്ങുകൾ സ്ഥാപിക്കുക.

3. നല്ലയിനം നടീൽ വസ്തുക്കളും വിത്തിനങ്ങളും വിതരണം ചെയ്യുക.

4. മണ്ണ് പരിശോധന, മണ്ണ് സംരക്ഷണം എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുക.

5. ജലസേചനത്തിനും ജല നിർഗമനത്തിനും വേ ണ്ടി തോടുകൾ സംരക്ഷിക്കുക.

6. വയൽ നികത്തുന്നത് കർശനമായും തടഞ്ഞ് നെൽകൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകണം. കൂ ടാതെ രണ്ടാം വിളക്ക് കൂടുതൽ പ്രാധാന്യം നൽകി പ്രോത്സാഹനം കൊടുക്കണം.

7. കൃഷിയാവശ്യങ്ങൾക്കുള്ള വൈദ്യുതി പഞ്ചായ ത്തിൽ ഉടനീളം ലഭ്യമാക്കുക. നമ്പികൊല്ലി, കല്ലൂർ പുഴയോരങ്ങൾ വൈദ്യുതീകരിക്കുക.

8. കൃഷിഭവനുകളെ നിലവിലുള്ള ആനുകൂല്യ വി തരണ കേന്ദ്രം എന്ന നിലയിൽ നിന്നും മാറ്റം വരുത്തി സാങ്കേതിക വിജ്ഞാനങ്ങൾ കൃഷിയിടങ്ങളിലോ കൃഷി ക്കാരിലോ എത്തിക്കുന്ന കേന്ദ്രമാക്കി മാറ്റുക.

9. കൃഷിസമിതികൾ വികേന്ദ്രീകരിച്ച് കൂടുതൽ പ്ര യോജനങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കുക.

10. ഓരോ സമിതിയിൽ നിന്നും പ്രതിവർഷം 2 പേരെ എങ്കിലും ആധുനിക കൃഷി പരിജ്ഞാനം ലഭ്യ മാക്കുന്നതിനായും കർഷക യന്ത്രോപയോഗങ്ങളുടെ അ റ്റകുറ്റ പണികൾ ചെയ്യുന്നതിനും ആവശ്യമായ പരിശീ ലനം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുക.

11. ട്രാക്ടർ, ട്രില്ലർ, മറ്റ് കാർഷിക ഉപകരണങ്ങൾ എന്നിവ എല്ലാ സമിതികൾക്കും സൗജന്യമായും മറ്റ് കർഷകർക്ക് സബ്സിഡി നിരക്കിലും വിതരണം ചെയ്യു ക. ഇവ യഥാവസരം ആവശ്യമുള്ള കർഷകർക്ക് വാട കയ്ക്ക് നൽകേണ്ടതാണ്.

12. ഈ പഞ്ചായത്തിൽ പച്ചക്കറി കൃഷിക്ക് വിപു ലമായ സാദ്ധ്യതകൾഉണ്ട്. അവ പൂർണ്ണമായും പ്രയോ ജനപ്പെടുത്താൻ സൗജന്യനിരക്കിൽ മേൽത്തരം വിത്തി നങ്ങളും വളങ്ങളും സാങ്കേതിക സഹായങ്ങളും ലഭ്യമാ ക്കണം.

13. വയനാട്ടിൽ നാണ്യവിളകളായ ഇഞ്ചി., കാപ്പി, കുരുമുളക് എന്നിവയ്ക്ക് സംസ്കരണ ശാലകൾ ഉണ്ടാ ക്കുകയും സഹകരണാടിസ്ഥാനത്തിൽ പച്ചക്കറികളു ടെയും മറ്റും വിപണന വിതരണ കേന്ദ്രങ്ങൾ സ്ഥാപി ക്കുകയും ചെയ്യുക.

14. കാർഷികാവശ്യങ്ങൾക്ക് സഹകരണ ബാങ്കുക ളിൽ ഉള്ള പലിശ ഇളവ് ആനുകൂല്യം എല്ലാ ബാങ്കു കൾക്കും ബാധകമാക്കുകയും വായ്പാ ചട്ടങ്ങൾ ലഘൂ കരിക്കയും ചെയ്യുക.

15. യതാർത്ഥ കർഷക തൊഴിലാളികളെ മാത്രം പഞ്ചായത്ത് അടിസ്ഥാനത്തിൽ രജിസ്ട്രർ ചെയ്യുകയും അവർക്ക് ഗ്രൂപ്പ് ഇൻഷുറൻസ്, ക്ഷേമ നിധി എന്നീ ആനുകൂല്യങ്ങൾ നടപ്പിൽ വരുത്തുകയും വേണം.

16. ദേശീയ നീർമറി പ്രദേശ വികസന പദ്ധതിയിൽ ജനകീയ പങ്കാളിത്തംഉറപ്പു വരുത്തുക.

17. പുഴയിൽ നിന്നും തോടുകളിൽ നിന്നും അശാ സ്ത്രീയമായ രീതിയിൽ മണൽ വാരുന്നത് കർശനമായി നിരോധിക്കുക. മണൽ കോരാനുള്ള അവകാശം പഞ്ചാ യത്ത് ലേലം ചെയ്യാതിരിക്കുക.

18. പഞ്ചായത്തിലെ മൊത്തം ജലലഭ്യതയെക്കുറി ച്ചുള്ള വിശദമായ പഠനം അത്യാവശ്യമാണ്.

19 കൃഷി ഒരു പ്രധാന തൊഴിലായി സ്വീകരിക്കു വാൻ പര്യാപ്തമായ രീതിയിൽ അഭ്യസ്ത വിദ്യരായ ആളുകളെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ പറ്റുന്ന തരത്തിലുള്ള പ്രോത്സാഹനം നൽകേണ്ടതാണ്.

20. ഉദ്യാന കൃഷി, നഴ്സറി, കൂൺകൃഷി, സെറികൾ ച്ചർ, ഔഷധ - സസ്യകൃഷി, തീറ്റപുല്ല് എന്നിവ പരിഗ ണനാർഹമാണ്.

21. റബ്ബർ കൃഷിയെ പ്രോത്സാഹിപ്പിക്കുക.

22. ജൈവ - രാസവളങ്ങളുടെ ലഭ്യത യഥാസമയ ങ്ങളിൽ ഉറപ്പു വരുത്തുക.

23. ഫോറസ്റ്റലീസ് ഭൂമിക്ക് കൈവശക്കാരായ കർഷ കർക്ക് സ്ഥിരാവകാശ രേഖ കൊടുക്കുക.

24. തകരപാടി ഊരാളി കോളനിയിൽ 20 ഏക്കർ സ്ഥലത്തിന് അവകാശവും കാർഷികാവശ്യങ്ങൾക്ക് ധ

നസഹായവും ലഭ്യമാക്കുക.

25. രാമ്പിള്ളിയിലും തകരപാടിയിലുമുള്ള കനാൽ ജലസേചനത്തിന് ഉപയോഗപ്പെടുത്തുവാൻ മോട്ടോർ സ്ഥാപിക്കുക. വൈദ്യുതിയോ സൗരോർജ്ജമോ എത്തിക്കാൻ നടപടി എടുക്കുക.

26. മുത്തങ്ങ കനാൽ ഉപയോഗിച്ച് കൃഷി ചെയ്യുവാൻ 25 എച്ച്.പി. മോട്ടോർ സ്ഥാപിക്കണം.

27. മൻമഥൻ മൂലയിലെ ചെക്ക് ഡാം ജലസേചനത്തിന് ഉപയോഗിക്കണം.

28. കാളങ്കണ്ടിയിലെ ഓടമൂലയിലെ ഉറവയിൽ ബണ്ട് കെട്ടുകയോ കുളം നിർമ്മിക്കുകയോ വേണം. സ്ഥലം ജനങ്ങൾ നൽകും.

29. കുനിഴി, തവക്കര അരുവികളിൽ ബണ്ട് കെട്ടി മോട്ടോർ സൗകര്യം ഉണ്ടാക്കണം.

30 കോളോട് പദ്ധതി നടപ്പാക്കണം. നൂൽപ്പുഴയിലെ ഏകദേശം 6 വാർഡുകളി(4,5,6,7,8,9)ലെ ജലക്ഷാമം ഭാഗികമായി പരിഹരിക്കുന്നതിന് വേണ്ടി കോളോട്ട് ഡൈവേഴ്സ് സ്കീം, കുണ്ടൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പ്രയോജനപ്പെടുത്താവുന്നതാണ്.

31. 700 കുടുംബങ്ങൾ കൃഷി ചെയ്യുന്ന 1000 ഏക്കർ ലീസ് ഭൂമിക്ക് പട്ടയം നൽകുകയോ വനത്തിന് വെളിയിലേക്ക് പുരധിവസിപ്പിക്കുകയോ വേണം. പരിസ്ഥിതി സംരക്ഷണത്തിനും വനപരിപാലനത്തിനും പുരനധിവാസമാണ് അഭികാമ്യം. ❒





# മൃഗസംരക്ഷണവും മത്സ്യകൃഷിയും

**അ**റുപത് ശതമാനം കൃഷിയും നാൽപത് ശതമാനം വനവുമുള്ള നൂൽപ്പുഴ പഞ്ചായത്ത് മൃഗസംരക്ഷണത്തിനും മത്സ്യകൃഷിക്കും തികച്ചും അനുയോജ്യമായ പ്രദേശമാണ്. വനത്തിന്റെ സമീപം മേച്ചിൽ സൗകര്യത്തോടൊപ്പം വന്യമൃഗങ്ങളിൽ നിന്നുള്ള ഭീഷണിയും സൃഷ്ടിക്കുന്നു. നാണ്യവിളകൾക്കുണ്ടായ രോഗബാധ യും പ്രതികൂല കാലാവസ്ഥയും കർഷകർ അറിയാതിരുന്നത് കറവമാടുകളിൽ നിന്നുള്ള നിത്യവരുമാനം കൊണ്ടാണ്. എന്നാൽ മുച്ചൂടം കൃഷി നശിച്ച് പാൽ വിൽപന കൊണ്ടു മാത്രം ജീവിക്കുന്നവർ പോലും തന്റെ തൊഴിൽ പശുവളർത്തലാണെന്ന് പറയില്ല. തൊഴിൽപരമായ ഈ മുൻവിധമുണ്ടായിട്ടും ഈ രംഗത്തുണ്ടായിട്ടുള്ള വിജയം, ഇനിയുള്ള സാദ്ധ്യതകളിലേക്കുള്ള ചൂണ്ടു പലകയാണ്.

1987ലെ കന്നുകാലി സെൻസസ് പ്രകാരം 2946 നാടൻ കാളകളും 168 സങ്കരയിനും കാളകളും 3014 നാടൻ പശുക്കളും 823 സങ്കരയിനം പശുക്കളും 372 എരുമകളും 838 പോത്തുകളും 1830 ആടുകളും 3403 വളർത്തുനായ്ക്കളുമാണ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഇപ്പോൾ സങ്കരയിനം പശുക്കളുടെ എണ്ണം പലമടങ്ങായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ നാടൻ കാളകളുടെയും പോത്തുകളുടെയും എണ്ണം കൂടാനല്ലാതെ കുറയാൻ സാദ്ധ്യതയില്ല. കാരണം ഈ പഞ്ചായത്തിന്റെ കൃഷിരീതിയുടെ പ്രത്യേകതയാണ്. ഭൂരിപക്ഷം കർഷകരും നാമമാത്ര കർഷകരാണ്. യന്ത്രവല്കൃത ഉഴവോ മെതിയോ ഭൂരിപക്ഷം പേർക്കും അപ്രാപ്യമാണ്. അതുകൊണ്ടു തന്നെ കാളകളെയും പോത്തുകളെയുമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. സങ്കരയിനം കാളകൾ കൃഷിപ്പണിക്ക് ഉപയുക്തമാല്ലെന്ന ഭൂരിപക്ഷ നിഗമനം അവയുടെ എണ്ണത്തെ പരിമിതപ്പെടുത്തുന്നു. നിലവിലുള്ള നാണ്യവിളകൾ തണൽ ആവശ്യമുള്ളവയല്ല. എന്നാൽ പ്രധാന നാണ്യവിളയായ കുരുമുളക് വള്ളി പടർത്തുന്നത് മുരുക്ക്, പ്ലാവ് തുടങ്ങിയ മരങ്ങളിലാണ്. ഇവയുടെ തണൽ നീക്കം ചെയ്യുന്നത് സമയബന്ധിതമാക്കിയാൽ എല്ലാ വീടുകളിലും ആടുവളർത്തലിന് സാദ്ധ്യതയുണ്ട്. വന്യമൃഗങ്ങളായ ചെന്നായ, പട്ടിക്കടുവ തുടങ്ങിയവയിൽ നിന്നുമുള്ള ഭീഷണി ഏറ്റവും കൂടുതൽ നേരിടുന്നത് ആട്, കന്നുകാലികൾ എന്നിവയാണ്.

മലമുഴക്കിവേഴാമ്പലടക്കം വൈവിധ്യമാർന്ന പക്ഷിസമ്പത്ത് നൂൽപ്പുഴ പഞ്ചായത്തിന് അവകാശപ്പെടാനുണ്ടെങ്കിലും വളർത്തു പക്ഷികളുടെ കാര്യത്തിൽ സ്ഥിതി അത്ര തന്നെ ആശാവഹമല്ല. 1987ലെ സെൻസസ് അനുസരിച്ച് 19833 നാടൻ കോഴികളും 391 അത്യുൽപാദന ശേഷിയുള്ള കോഴികളുമാണ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഒരു താറാവും കണക്കിലുണ്ട്. കാട , പ്രാവ് തുടങ്ങിയവയൊന്നും ഇല്ല. വന്യമൃഗസം

രക്ഷണ മേഖലയായതിനാൽ കാട്ടിൽ കണ്ടു വരുന്ന പക്ഷികളെ കൗതുകത്തിന് വേണ്ടി വളർത്തുന്നത് അനുവദനീയമല്ല. നെൽകൃഷി ധാരാളമുള്ള പഞ്ചായത്തിൽ എല്ലാ വീടുകളിലും കോഴികളുണ്ട്. പക്ഷെ അവയെ ഒരു സ്ഥിരമായ വരുമാനമാർഗ്ഗമെന്ന നിലയിൽ പരിഗണിക്കുകയോ പരിചരിക്കുകയോ ചെയ്യാറില്ല. അത്യുൽപാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ അപൂർവ്വമായേ ലഭിക്കൂ. ലഭിച്ചാലും അവ വളർച്ചയെത്തും മുമ്പ് രോഗ ബാധിതരായി ചത്തുപോവുകയോ പരുന്ത്, കീരി, കാട്ടുപൂച്ച തുടങ്ങിയവയുടെ ആക്രമണത്തിന് ഇരയാവുകയോ ചെയ്യുന്നു. കോഴിക്കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നതിനും രോഗം ബാധിച്ച കോഴികളെ ചികിത്സിപ്പിക്കുന്നതിനും കർഷകർ പൊതുവെ വിമുഖരാണ്.

ചികിത്സാ സൗകര്യങ്ങൾ പര്യാപ്തമല്ല. വയനാട്ടിലെ ഏറ്റവും വലിയ പഞ്ചായത്തിൽ ( 242 sq.km.) ഒരു മൃഗാശുപത്രിയും രണ്ട് ഐ.സി.ഡി.പി. സബ്സെൻററുകളുമാണുള്ളത്. ഏക മൃഗാശുപത്രി കല്ലൂരിൽ നമ്പിക്കൊല്ലി റോഡിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കെട്ടിടം പണിപൂർത്തിയാകാതെ നീണ്ടുനീണ്ടു പോവുകയാണ്. 4,5,6,7 വാർഡുകൾക്ക് മാത്രമെ ഈ ആശുപത്രി ഉപയോഗപ്പെടൂ. ബാക്കി ആറ് വാർഡുകളിലുള്ളവർക്ക് ശരാശരി 10 കിലോമീറ്ററിലധികം ദൂരം സഞ്ചരിക്കണം. രണ്ട് സബ്ബ്സെൻററുകളിൽ ഒന്ന് നാലാം വാർഡിലും രണ്ടാമത്തേത് മൂന്നാം വാർഡിൽ ഓടപ്പള്ളത്തും പ്രവർത്തിക്കുന്നു. ഇവിടെ സ്ഥിരമായി ജീവനക്കാരില്ലാത്തത് കൃത്രിമ ബീജസങ്കലനത്തിന് തടസ്സമാകുന്നു. ചികിത്സാസൗകര്യം ലഭിക്കുന്നതിലെ അപര്യാപ്തതയും രോഗബാധയുടെ സ്വഭാവവും താഴെ കൊടുക്കുന്ന പട്ടികയിൽ നിന്ന് വ്യക്തമാകും. പട്ടിക.1

1996ലെ നൂല്പുഴ പഞ്ചായത്തിലെ ലൈവ് സ്റ്റോക്ക് ബജറ്റ് പ്രകാരം ഉണ്ടാകേണ്ട 19530 വളർത്തുമൃഗങ്ങളിൽ നിന്ന് 351 എണ്ണത്തിന് മാത്രമാണ് ആറുമാസം കൊണ്ട് ചികിത്സ ലഭിച്ചത്. 4150 വളർത്തു നായ്ക്കളിൽ ഒന്നിന് പോലും ചികിത്സ ലഭിച്ചിട്ടില്ല. 52 പട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തിയിട്ടുണ്ട്. പേപ്പട്ടി നിർമ്മാർജ്ജനത്തിനായി അലഞ്ഞു തിരിയുന്ന നായ്ക്കളെ വകവരുത്താൻ പഞ്ചായത്ത് ശ്രമിക്കുന്നുണ്ടെങ്കിലും പട്ടികളുടെ കടിയേറ്റ ശേഷം വാക്സിൻ വാങ്ങാൻ കൂനൂരിലേക്ക് പോകുന്ന നൂൽപ്പുഴക്കാരുടെ എണ്ണം കൂടുതലായി വരുന്നു. 8400 പശുക്കളിൽ ചികിത്സ ലഭിച്ചവ 277 മാത്രം. 2720 ആടുകളിൽ 56 എണ്ണത്തിനാണ് ചികിത്സ ലഭിച്ചിട്ടുള്ളത്. ബജറ്റ് പ്രകാരം 20000 നാടൻ കോഴികളും 12000 മേൽത്തരം കോഴികളും 100 താറാവുകളും 100പ്രാവുകളും 150 ലവ്ബേർഡ്സും ആണ് ഉണ്ടാകേണ്ടത്. ആറ് മാസം കൊണ്ട് 32,000 ത്തിൽ 190 കോഴികൾക്ക് ചികിത്സ ലഭിച്ചിട്ടുണ്ട്. മറ്റു പക്ഷികളൊന്നും ചികിത്സിക്കപ്പെട്ടിട്ടില്ല. കുളമ്പുരോഗവും കോഴിവസന്തയും എല്ലാ വർഷങ്ങളിലും ഈ പഞ്ചായത്തിൽ വ്യാപകമായ നാശനഷ്ടങ്ങൾ വരുത്താറുണ്ടെന്നിരിക്കെ അവ പടർന്നു പടിക്കുന്ന മെയ്, ജൂൺ, ജൂലായ് മാസങ്ങൾ കൂടി ഉൾപ്പെട്ട കണക്ക് വളരെയേറെ ഗൗരവാവഹമായ പരിചിന്തനമർഹിക്കുന്നു.

**പട്ടിക 1**

**1996 ജനുവരി മുതൽ ആഗസ്റ്റ് വരെ നൂല്പുഴ വെറ്റിനറി ഡിസ്പെൻസറിയിലെ കണക്ക്**

| നമ്പർ രോഗവിവരം | ചികിത്സലഭിച്ചവ | കോഴി |
|---|---|---|
| 1. ദഹനസംബന്ധമായവ | 105 | 78 |
| 2. ശ്വാസകോശസംബന്ധം | 21 | 27 |
| 3. ഉപാചയ സംബന്ധം | 11 | – |
| 4. ത്വക് രോഗങ്ങൾ | 6 | 1 |
| 5. ധാതുലവണങ്ങളുടെ അഭാവം | 35 | 4 |
| 6. പരാദരോഗങ്ങൾ | 156 | 60 |
| 7. പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 26 | |
| 8. അകിടുവീക്കം | 9 | |
| 9. മുടന്തൻ പനി | 12 | |
| ആകെ | 351 | 190 |

ഉൽപന്നങ്ങളുടെ വിപണനം ഒരു പ്രശ്നമേയല്ല. പാൽ വിപണനത്തിന് സുൽത്താൻ ബത്തേരി പാൽ വിതരണ സഹകരണ സംഘത്തിൻെറ ശക്തമായ ശൃംഖല പത്ത് വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. പാലിൽ നിന്നും മറ്റുൽപന്നങ്ങൾ നിർമ്മിപ്പിക്കുന്ന യൂണിറ്റുകൾ ഒന്നും നിലവിൽ ഇല്ല. മാംസ ഭക്ഷണം ജനങ്ങളുടെ ഭക്ഷണക്രമത്തിൻെറ ഭാഗമാണ്. വയനാടിൻെറ മാത്രമല്ല സമീപജില്ലകളുടെയും മാംസാവശ്യത്തിനുള്ള മാടുകളും കോഴികളും കർണ്ണാടകയിൽ നിന്നും ഈ പഞ്ചായത്ത് വഴിയാണ് കടന്നു പോകുന്നത്. കോഴിമുട്ടയുമായെത്തുന്ന ലോറികളെ കാത്ത് കച്ചവടക്കാർ ഇരിക്കുന്നത് സാധാരണ ദൃശ്യമാണ്.

മത്സ്യബന്ധനത്തിന് സാദ്ധ്യതയുള്ള തടാകങ്ങളോ പുഴകളോ ഈ പഞ്ചായത്തിലില്ല. ചെറിയ കാട്ടുതോടുകളിൽ വളരുന്ന പരൽ, തോടൻ തുടങ്ങിയ മത്സ്യങ്ങൾ പെട്ടെന്ന് വളരുന്നവയല്ല. മൺസൂൺ കാലത്ത് കബനിയിൽ നിന്നും കയറി വരുന്ന വലിയ മത്സ്യങ്ങൾ വെള്ളം ഇറങ്ങുന്ന കൂട്ടത്തിൽ തിരിച്ചു പോകും. മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ആരും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. പട്ടിക വർഗവിഭാഗത്തിൽ പെട്ടവർ കാട്ടരുവികളിൽ നിന്നും ചെറുതോടുകളിൽ നിന്നും കുട്ടകൊണ്ട് കോരിയും കുഴികൾ വറ്റിച്ചും മുളന്തണ്ട് ഇടിച്ച് കലക്കിയും ചെറുമീനുകളെ പിടിക്കാറുണ്ട്. ധാരാളം വയലുകളും ധാരാളം മത്സ്യം വിറ്റഴിയുന്ന ചരിത്രവുമുള്ള പഞ്ചായത്തിൽ മത്സ്യകൃഷിക്ക് വേണ്ട മത്സ്യകുഞ്ഞുങ്ങളെ കൃത്യസമയത്ത് ലഭ്യമാക്കുകയും വേണ്ട പരിശീലനം നൽകുകയും വേണം. നിലവിൽ ഉപജീവനമാർഗ്ഗമെന്ന നിലയിൽ നടത്തുന്ന ഒരു മത്സ്യക്കുളം പോലും ഈ പഞ്ചായത്തിൽ ഇല്ല. അലങ്കാര മത്സ്യങ്ങളെ വളർത്തൽ വ്യാപകമായി വരുന്നുണ്ട്. അവയുടെ കൂടുകൾക്കും കുഞ്ഞുങ്ങൾക്കും സമീപ ജില്ലയായ കോഴിക്കോടിനെയും കർണ്ണാടകത്തെയുമാണ് ആശ്രയിക്കുന്നത്.

1992 - 93 സ്വാശ്രയ ഗ്രാമ പദ്ധതി പ്രകാരം മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യ വികസനം എന്നീ ഇനങ്ങളിലായി 331887 രൂപ വകയിരുത്തുകയുണ്ടായി. 60 സ്ക്കൂൾ കുട്ടികൾക്ക് കോഴികുഞ്ഞു വിതരണം, മണലിമൂല ഐ.എച്ച്.ഡി.പി. കോളനിയിൽ ആടു വിതരണം, 4 പശുക്കൾ ഉൾക്കൊള്ളുന്ന 20 യൂണിറ്റുകൾ സ്ഥാപിക്കൽ, 56 കന്നുകുട്ടി സംരക്ഷണം, പുൽ കൃഷി വികസനം, മിനറൽ മിക്സ്ചർ, പട്ടിക വർഗകോളനിയിൽ 5 കറവപ്പശുക്കളെ വിതരണം ചെയ്യൽ ഒരു ഹെക്ടർ കുളത്തിൽ മത്സ്യകുഞ്ഞുങ്ങളെ വളർത്തി വിതരണം ചെയ്യുന്നതിനുള്ള സബ്സിഡി എന്നിവയ്ക്കായാണ് ഈ തുക നീക്കിവെച്ചത്. കോഴികളുടെയും ആടുകളുടേയും പശുക്കളുടേയും വിതരണം നടന്നെങ്കിലും മറ്റു ലക്ഷ്യങ്ങളൊന്നും നിറവേറ്റപ്പെട്ടിട്ടില്ല. IRDP സ്കീമനുസരിച്ച് പഞ്ചായത്തിൽ നൽകിയിട്ടുള്ള വായ്പകൾകറവമാടുകളെ വാങ്ങാനാണ് കൂടുതലായും നൽകിയത്. ബാങ്ക് മാനേജർമാരും ഈ രംഗത്ത് വായ്പ നൽകാനാണ് കൂടുതൽ താൽപര്യം കാണിക്കുന്നത്. ഈ രംഗത്ത് കൃത്യമായ തിരിച്ചടവ് വരുന്നത് തന്നെയാണ് കാരണം.

മൃഗപരിപാലനത്തിനുള്ള വിവിധ പദ്ധതികൾ നിലവിലുള്ളവ, വിവിധ ഡിപ്പാർട്ടുമെൻറുകളാണ് നടപ്പാക്കുന്നത്. ഇവയെ ഏകോപിപ്പിക്കുവാൻ കഴിയുന്നില്ല. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന നിലവിലുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

### 1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ജനിതക ഗുണമുള്ള പശുകുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുക, ആദ്യപ്രസവം മുപ്പതാം മാസത്തിനുള്ളിൽ സാദ്ധ്യമാക്കുക, ഇൻഷുറൻസ് പരിരക്ഷ നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ. കന്നുകുട്ടികളുടെ ലഭ്യതക്കുറവും ആശുപത്രിയുടെ സ്ഥലത്തിൻെറ അസൗകര്യവും മൂലം ഈ സ്കീം ഫലപ്രദമായ നടപ്പിലാക്കുവാൻ നൂല്പുഴ പഞ്ചായത്തിൽ കഴിഞ്ഞിട്ടില്ല. പശുക്കളെ വാങ്ങാൻ ബാങ്കുകൾ നൽകുന്ന തുകയുടെ അപര്യാപ്തതയും ഒരു കാരണമാണ്. കുറഞ്ഞ തുകക്ക് ഉൽപാദന ശേഷി കുറഞ്ഞ പശുക്കളെ വാങ്ങാൻ കൃഷിക്കാർ നിർബന്ധിതരാകുന്നു.

### 2. പേവിഷ നിർമ്മാർജ്ജന പദ്ധതി

ഘട്ടം ഘട്ടമായി പേവിഷ നിർമ്മാർജ്ജനം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. പേവിഷത്തിനുള്ള വാക്സിൻ പകുതി വിലക്ക് കർഷകന് ലഭ്യമാക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നിർബന്ധിതമാക്കുകുയം വേണം. വാക്സിൻ വാങ്ങാനുള്ള ഫണ്ട് ലഭിക്കാത്തതിനാലും പഞ്ചായത്ത് പ്രതിരോധ കുത്തി വെയ്പിലും വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുന്നതിലും കാണിക്കുന്ന താൽപര്യ കുറവ് മൂലവും ഈ പദ്ധതി നൂൽപ്പുഴ പഞ്ചായത്തിൽ വിജയിച്ചിട്ടില്ല.

### 3. കാലിരോഗ നിർമ്മാർജ്ജ പദ്ധതി

ഇതനുസരിച്ച് കല്ലൂരിൽ പ്രവർത്തിക്കുന്ന കേന്ദ്രം കർണ്ണാടകയിൽ നിന്നും വിൽപനക്ക് കൊണ്ടു വരുന്ന കന്നുകാലികൾക്ക് മാത്രമെ പ്രയോജനപ്പെടുന്നുള്ളു. എല്ലാ വർഷവും വ്യാപകമായി പടർന്നു പിടിക്കുന്ന കുളമ്പുരോഗം തുടങ്ങിയവക്കെതിരെ പ്രതിരോധ കുത്തിവെപ്പുകൾ നൽകുകയാണ് ലക്ഷ്യം. എന്നാൽ ആവശ്യത്തിന് വാക്സിൻ ലഭ്യമാക്കാത്തതും കൃഷിക്കാരുടെ താൽപ്യക്കുറവും മൂലം ഈ പദ്ധതിയും വിജയിച്ചിട്ടില്ല.

### 4. ആട് കൃഷി വികസനം

മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പ്രജനനത്തിനാവശ്യമായ ആട് വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നൂൽപുഴ പഞ്ചായത്തിൽ ട്രൈബൽ പ്ലാനനുസരിച്ച് പട്ടിക വർഗ്ഗക്കാർക്ക് 100% സബ്സിഡി നിരക്കിൽ ആടുകളെ വികരണം ചെയ്യുക മാത്രമാണ് ചെയ്ചതിട്ടുള്ളത്. ഇത് അനുസരിച്ച് വിതരണം ചെയ്ത ആടുകൾ ഗുണഭോക്താവിൻെറ നിത്യവൃത്തിക്ക് പ്രയോജനപ്പെട്ടോ, എന്ന് തിരക്കുന്ന 'ഫോളോ അപ്പ്' പോലും നടക്കാത്തതിനാൽ കണക്കിലല്ലാതെ പദ്ധതി വിജയിച്ചിട്ടില്ല.

### 5. കാലിത്തീറ്റ വികസനം

വീടുവളപ്പിൽ തന്നെ കാലിത്തീറ്റ നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിത്ത് നൽകേണ്ട കൃഷിഭവനും ഡയറി ഡിപ്പാർട്ടുമെൻറും ഇക്കാര്യത്തിൽ താൽപര്യം കാണിക്കാത്തതുമൂലം കാർഷകരിലും താൽപര്യമുണ്ടായില്ല. ടൺ കണക്കിന് പുൽ/പയർ/മക്കച്ചോള വിത്ത് മീനങ്ങാടിയിലെ ഓഫീസിൽ കെട്ടികിടന്നപ്പോഴും താൽപര്യം ജനിച്ച അപൂർവ്വം കർഷകർക്ക് വിത്ത് ലഭിക്കുകയുണ്ടായില്ല.പാൽ സൊസൈറ്റികൾ വിതരണം ചെയ്തവ കാലപ്പഴക്കം മൂലം പ്രജനനശേഷി കുറഞ്ഞവയായതും പരാജയത്തിന് കാരണമായി.

### 6. അടുക്കളമുറ്റത്ത് കോഴിവളർത്തൽ

വീടുകളിലെ പരിമിതമായ സൗകര്യങ്ങളും പാഴായിപ്പോകുന്ന വിഭവങ്ങളും ഉപയോഗിച്ച് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. എന്നാൽ നല്ല ഇനം കോഴികുഞ്ഞുങ്ങളുടെ ദൗർലഭ്യവും ചികിത്സാ സൗകര്യങ്ങളുടെ കുറവും മൂലം ഈ പദ്ധതിയും വിജയിച്ചിട്ടില്ല. വളരെയേറെ സാധ്യതകൾ നിലനിൽക്കുന്നു. ട്രൈബൽ പ്ലാൻ അനുസരിച്ച് ഈ കോഴികളെ സൗജന്യമായി വിതരണം ചെയ്യുക മാത്രമാണ് ഈ പഞ്ചായത്തിൽ ചെയ്തിട്ടുള്ളത്.

### 7. സ്ക്കൂൾ പൗൾട്രി ക്ലബ്ബ്

സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്ത് അവരുടെ സ്വാശ്രയശീലം വർദ്ധിപ്പിക്കുന്നതോടൊപ്പം കോഴിവികസനവുമാണ് ലക്ഷ്യം. കോഴികുഞ്ഞുങ്ങളെ ലഭിക്കാതിരുന്നതും കുട്ടികളുടെ താൽപര്യകുറവും മൂലം ഈ പദ്ധതിയും വിജയകരമായില്ല.

വിവിധ വകുപ്പുകൾ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഡയറി യൂനിറ്റുകൾ, മിനി ഡയറി യൂണിറ്റ്, വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ, കിടാരി വളർത്തൽ യൂനിറ്റ്, എഗ്ഗർ നഴ്സറി, ഇറച്ചിക്കോഴി വളർത്തൽ തുടങ്ങിയവയൊന്നും ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

ഫിഷറീസ് ഡിപ്പാർട്ടുമെൻറ് പരമാവധി 20000 രൂപ വെച്ച് 20% സബ്സിഡി നൽകികൊണ്ട് മത്സ്യം വളർത്താനുള്ള കുളം നിർമ്മിക്കുന്നതിന് ബാങ്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. കുളം അറ്റകുറ്റ പണികൾ നടത്തുന്നതിനും സഹായധനം ലഭ്യമാക്കുന്നുണ്ട്. മത്സ്യകുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. നൂല്പുഴ പഞ്ചായത്തിൽ ട്രൈബൽ പ്ലാൻ അനുസരിച്ച് കുഴിച്ച ചില കുളങ്ങളുണ്ടെങ്കിലും മീൻ വളർത്തപ്പെടുന്നില്ല.

## മൃഗപരിപാലനവും മത്സ്യകൃഷിയും പ്രശ്നങ്ങൾ

1. വളർത്തുമൃഗങ്ങളുടെ 'മദി' കാലം അവസാനിക്കും മുമ്പ് കൃത്രിമ ബീജ സങ്കരണം നടത്താൻ കഴിയുന്നത്ര അകലത്തിൽ ICDP സെൻററുകൾ 3,4,7 വാർഡുകളിൽ മാത്രമെയുള്ളു. ദീർഘദൂരം കൊണ്ടുപോയി ബീജസങ്കരണം നടത്തിക്കൊണ്ടുവരുമ്പോൾ പലപ്പോഴും ഗർഭധാരണം നടക്കാതെ വരുന്നു. തന്മൂലം കർഷകർ ഉൽപാദനശേഷി കുറഞ്ഞ നാടൻ ജനുസ്സുകളെ ആശ്രയിക്കുന്നു.
2. കാലിത്തീറ്റയുടെ അമിതമായ വില
3. പുൽവിത്തുകൾ സമയത്ത് ലഭിക്കുന്നില്ല.
4. വന്യമൃഗങ്ങളിൽ നിന്നുള്ള ശല്യം.
5. പേ വിഷബാധ
6. പാലിന് ഉൽപാദന ചിലവിന് ആനുപാതികമായ വില ലഭിക്കുന്നില്ല.
7. പകർച്ചവ്യാധികൾ പ്രത്യേകിച്ചു കുളമ്പ് രോഗം
8. അത്യുൽപാദനശേഷിയുള്ള ജനുസ്സുകളെ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
9. മേച്ചിൽ സ്ഥലത്തിൻെറ അഭാവം.
10. കുറഞ്ഞ നിരക്കിലുള്ള ലോണും സബ്സിഡിയും മൂലം ഉൽപാദനശേഷി കുറഞ്ഞ പശുക്കളെ വാങ്ങേണ്ടി വരുന്നു.
11. പ്രതിരോധ കുത്തിവെപ്പുകൾ യഥാകാലം ലഭിക്കുന്നില്ല.
12. പാൽ വിതരണ സംഘം ഗ്രാമങ്ങളിൽ പോയി

പാൽ ശേഖരിക്കുന്നില്ല. കിലോമീറ്ററുകളോളം പാലുമായി കളക്ഷൻ സെൻറിലേക്ക് നടക്കേണ്ടി വരുന്നു.

13. മൃഗസംരക്ഷണ പരിപാലനമെന്നാൽ പശുവളർത്തൽ മാത്രമാണെന്ന കാഴ്ചപ്പാട്, ആട്, പന്നി., മുയൽ തുടങ്ങിയവയുടെ വളർത്തലിന് തടസ്സമായി നിൽക്കുന്നു.

14. മൃഗങ്ങളെ വാങ്ങാനുള്ള വായ്പാ സൗകര്യം സാർവ്വത്രികമല്ല. താൽപര്യമുള്ള മുഴുവൻ പേർക്കും സഹായം ലഭ്യമാകുന്നില്ല.

15. മൃഗപരിപാലനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കപ്പെടുന്നില്ല.

16. പേ വിഷത്തിനെതിരായ വാക്സിൻ യഥാകാലം ലഭ്യമല്ല.

17. അലഞ്ഞു തിരിയുന്ന നായ്ക്കളെ കൊല്ലുന്നതിലും വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുന്നതിലും പഞ്ചായത്ത് വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല.

18. മത്സ്യകൃഷിയുടെ സാദ്ധ്യതയേക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല .

19. പ്രകൃതി ക്ഷോഭവും മത്സ്യരോഗവും മൂലം കുളങ്ങളിലെ മീൻ നശിച്ചുപോകും എന്ന ഭീതി.

## മൃഗപരിപാലനും മത്സ്യകൃഷിയും സാദ്ധ്യതകൾ

1. നെൽ കൃഷി ഇപ്പോഴും വ്യാപകമായി നടത്തപ്പെടുന്ന ഈ പഞ്ചായത്തിൽ, കാലിത്തീറ്റയായി ധാരാളം വൈക്കോൽ ഉണ്ട്. നെല്ല് വിൽക്കുന്നവർ കുറവായതിനാൽ തവിടും ധാരാളമുണ്ട്. കന്നുകാലി വളർത്തലിന് തികച്ചും അനുയോജ്യമായ സാഹചര്യമാണിത്. ഇതോടൊപ്പം കുരുമുളകു വള്ളികൾക്ക് താങ്ങായി നട്ടിട്ടുള്ള പ്ലാവ്, മുരിക്ക് തുടങ്ങിയവകളുടെ ഇലകൾ കൂടിയാക്കുമ്പോൾ സ്വാഭാവികകാലിത്തീറ്റ ഒരു പ്രശ്നമാകുന്നില്ല. ഈ വിഭവങ്ങൾ ഉപയോഗപ്പെടുത്തി, ഒരു ചെറുകിട കർഷകന് ചുരുങ്ങിയത് രണ്ടു പശുക്കളെയും മൂന്നോ നാലോ ആടുകളും രണ്ട് ഡസൻ കോഴികളെയും വളർത്താവുന്നതാണ്. അതിരുകളിലും വരമ്പുകളിൽ ഒഴിഞ്ഞ സ്ഥലങ്ങളിലും കാലിത്തീറ്റ കൃഷി ചെയ്യാം. എല്ലാ വാർഡുകളിലും ഭൂരിഭാഗം മണൽ വയലുകളുള്ളത് വേനൽക്കാലത്ത് പച്ചക്കറി നടന്നുതോടൊപ്പം കാലീത്തീറ്റ കൃഷിക്കും ഉപയോഗിക്കാം. ഇവ നനക്കാൻ നിർമ്മിക്കുന്ന കുളത്തിൽ മത്സ്യകൃഷി ചെയ്യാം.

2. എല്ലാ വാർഡുകളിലും ഒന്നു വീതം എഗ്ഗർ ഹാച്ചറി സ്ഥാപിച്ചാൽ കുറച്ചു പേർക്ക് തൊഴിൽ ലഭിക്കുന്നതോടൊപ്പം ആ വാർഡിനാവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുകയും ചെയ്യും. DWCRA ഗുണഭോക്താക്കളിൽ ഒരു യൂണിറ്റിനെ ഇതേൽപിച്ചാൽ നന്നായിരിക്കും. മത്സ്യകുഞ്ഞുങ്ങൾക്കും മേൽത്തരം ആട്ടിൻ കുട്ടികളെയും പന്നിക്കുഞ്ഞുങ്ങളെയും മുയൽക്കുഞ്ഞുങ്ങളെയും ലഭ്യമാക്കുന്നതിനുംഈ സംവിധാനം ഉപയോഗപ്പെടുത്താം. ഇവ അടുത്തടുത്ത് സ്ഥാപിച്ചാൽ വിസർജ്ജ്യങ്ങൾ തീറ്റപ്പുല്ലിനും മത്സ്യത്തിനും ഉപയോഗിക്കാം. അനുബന്ധ സൗകര്യങ്ങൾ ഒരുമിച്ച് ലഭിക്കും. ആവശ്യക്കാർക്കും ഒരിടത്ത് നിന്ന് ഇവയുടെയെല്ലാം കുഞ്ഞുങ്ങളെയും ലഭിക്കും. കൂടാതെ കൃത്യമായ ഇടവേളകളിൽ ഡോക്ടറെ കൊണ്ടു വന്ന് ആരോഗ്യപരിരക്ഷ ഒരുമിച്ച് ഉറപ്പ് വരുത്താം.

3. കർണ്ണാടകയിൽ നിന്നു വരുന്ന രോഗം ബാധിച്ചവയും പ്രായം ചെന്നവയുമായ കന്നുകാലികളും കോഴിയുമാണ് ഈ പഞ്ചായത്തിലും ഭക്ഷണത്തിന് ഉപയോഗിക്കപ്പെടുന്നത്. ഒരു വാർഡിൽ ഒരു കേന്ദ്രീകൃത ഫാം വീതവും വീടുകളിൽ വളർത്താനുള്ള സൗകര്യമനുസരിച്ചും അറവ് മാടുകളെയും ഇറച്ചി കോഴികളെയും വളർത്തി ശാസ്ത്രീയമായി കശാപ്പ് ചെയ്ത് നൽകിയാൽ വമ്പിച്ച പ്രതികരണമുണ്ടാക്കും.

4. ലോറിയിൽ വരുന്ന മുട്ടയാണ് ഈ പഞ്ചായത്തിൻെറയും ആശ്രയം. ഓരോ വീട്ടിലും ചുരുങ്ങിയത് രണ്ട് ഡസൻ മുട്ടക്കോഴികളെയെങ്കിലും വളർത്താൻ സാധിക്കും. ഇങ്ങനെ ഉൽപാദിപ്പിക്കപ്പെടുന്ന മുട്ടക്ക് പ്രാദേശികമായി തന്നെ നല്ല ഡിമാൻറുണ്ട്.

5. ഫാമുകൾക്ക് വേണ്ട ധനസമാഹരണം പ്രാദേശിക ഷെയറുകളിലൂടെ സമാഹരിക്കും. ഷെയർ ഹോൾഡോഷ്സിൻെറ പ്രതിനിധികളുടെ മേൽ നോട്ടത്തിൽ നടത്തിപ്പുകാർ നടത്തിക്കൊണ്ടു പോകണം. തൊഴിൽ രംഗത്ത് ആളെകിട്ടാൻ ബുദ്ധിമുട്ടുള്ള പഞ്ചായത്ത് ആയതിനാലാണ് ഈ നിർദ്ദേശം. ഈ സഹകരണ സംഘങ്ങൾ വാർഡ് കേന്ദ്രീകരിച്ചോ, പഞ്ചായത്ത് കേന്ദ്രീകരിച്ചോ പ്രവർത്തിക്കാം.

6. സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾക്ക് നല്ല പ്രതികരണം ലഭിക്കുന്ന മേഖലയാണിത്. 99%വും കർഷകരുടെ മക്കളായതിനാൽ സ്വാഭാവികമായും കോഴിവളർത്തലിൽ താൽപ്യമുണ്ടാകും. ഈ രീതിയിൽ തന്നെ ആടുവളർത്തലും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

7. മത്സ്യകുഞ്ഞുങ്ങളെയും സാങ്കേതിക ഉപദേശങ്ങളും ലഭിച്ചാൽ മത്സ്യകൃഷി ചെയ്യാൻ തൽപര

രാണ് ഭൂരിപക്ഷം കർഷകരും. ഏതാണ്ട് എല്ലാ വയലുകളുടെയും നടുവിലൂടെ തോടുകൾ ഒഴുകുന്നുണ്ട്. വേനൽകാലങ്ങളിൽ ഇവകളിൽ ബണ്ട് കെട്ടി മത്സ്യകൃഷി നടത്താം. വർഷകാലമാകുമ്പോഴേക്കും മത്സ്യത്തെ പിടിച്ചെടുക്കാം. വളർച്ചയെത്താത്തവയെ കുളങ്ങളിലേക്ക് മാറ്റാം. ഇത് കൃഷിക്കും മത്സ്യകൃഷിക്കും ഒരു പോലെ ഉപയോഗപ്പെടും. പ്രദേശത്തെ മുഴുവൻ ജനങ്ങളെയും ഗുണഭോക്താക്കളാക്കിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ, ജനങ്ങളിൽ നിന്ന് വിഭവങ്ങൾ ശേഖരിച്ച് ഈ പദ്ധതി നടപ്പാക്കാം.

8. നൂറു ശതമാനവും കാർഷിക മേഖലയായതിനാൽ സമ്മിശ്ര കൃഷിക്ക് നല്ല സാദ്ധ്യതയാണുള്ളത്. കന്നുകാലികളുടെ ചാണകം വളമാകും. കാലിത്തീറ്റയായി കാർഷിക ഉപോൽപന്നങ്ങൾ ലഭിക്കും. കാർഷിക അവശിഷ് ടങ്ങൾ കോഴിക്കും പന്നിക്കും മത് സ്യത്തിനും ഭക്ഷണമാകും.

## മൃഗപരിപാലനവും മത്സ്യകൃഷിയും പരിഹാരമാർഗ്ഗങ്ങൾ

1. എല്ലാ വാർഡുകളിലും ഓരോ ICDP സബ് സെൻററുകൾ അനുവദിക്കുകയും അവയുടെ സേവനം ഉപയോഗപ്പെടുത്താൻ മാത്രം മൃഗങ്ങൾ വാർഡിലുണ്ടായിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക. ഇതിന് വേണ്ട സാമ്പത്തിക സമാഹരണം ഗുണഭോക്താക്കളിൽ നിന്നും നടത്തുക. സ്വാഭാവികമായുണ്ടാകിനിടയുള്ള അഴിമതിക്കെതിരെ ജനകീയ കമ്മറ്റി ജാഗ്രത പുലർത്തുക.

2. നിലവിലുള്ള ആശുപത്രിയിൽ രണ്ട് മൊബൈൽ യൂണിറ്റുകൾ കൂടി ഏർപ്പെടുത്തി പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

3. കാലിത്തീറ്റ പ്രാദേശികമായി ഉൽപാദിക്കുവാൻ വേണ്ട സാങ്കേതിക സഹായവും പരിശീലനവും സാർവ്വത്രികമാക്കുക. നിരന്തരമായ തുടർ പ്രക്രിയയിലൂടെ ഈ പരിശീലനവും സഹായവും ഉപയോഗിക്കപ്പെടുന്നുണ്ടെ ന്ന് ഉറപ്പ് വരുത്തുക.

4. പുൽവിത്തുകൾ കൃത്യമായി എത്തിച്ച് നൽകുക.

5. വന്യമൃഗങ്ങളിൽ നിന്നും വളർത്തുമൃഗങ്ങൾക്ക് ശല്യമുണ്ടാകാതിരിക്കാൻ ആവാസമേഖലയിലെല്ലാം, ഇലക്ട്രിക് ലൈൻ, കിടങ്ങ്, മതിൽ എന്നിവ സ്ഥാപിച്ച് അവയുടെ പ്രവർത്തന ക്ഷമത ഉറപ്പു വരുത്തണം.

6. പേവിഷ ബാധക്കെതിരെയുശള്ള വാക്സിനുകൾ ലഭ്യമാക്കി പ്രതിരോധ കുത്തിവെയ്പ് നിർബന്ധിതമാക്കുക. ലൈസൻസില്ലാത്ത നായ്ക്കളെ നശിപ്പിക്കുവാൻ പഞ്ചായത്ത് ഊർജ്ജിതമായി ശ്രമിക്കണം.

7. പാലിൽ നിന്നും ഉപോൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കണം. ഓരോ വാർഡിലും ഉൽപാദിപ്പിക്കപ്പെടുന്ന പാലിൻെറ അളവനുസരിച്ച് അനുവദിക്കാവുന്ന യൂണിറ്റുകളുടെ എണ്ണം പരിമിതപ്പെടുത്തണം.

8. കുളമ്പ് രോഗത്തിനെതിരായ പ്രതിരോധ കുത്തിവെയ്പ് മുഴുവൻ കന്നുകാലികൾക്കും നൽകാതെ ഈ പഞ്ചായത്തിൽ മൃഗപരിപാലനത്തിൽ വികസനം അസാദ്ധ്യമാണ്. കർണ്ണാടകയിൽ നിന്നും രോഗഗ്രസ്ഥരായ കന്നുകാലികളെ കടത്തിക്കൊണ്ടു പോകുന്ന വഴിയായതിനാൽ ഈ രോഗം എല്ലാ വർഷവും ഈ പഞ്ചായത്തിലെ കന്നുകാലിസമ്പത്തിന് വ്യാപകമായ നാശനഷ്ടം വരുത്താറുണ്ട്. ഇതിനെതിരായ പ്രതിരോധ കുത്തിവെയ്പ് സാർവ്വത്രികമാക്കണം.

9. നാണ്യവിളത്തോട്ടങ്ങളിൽ കാലിമേയ്ക്കൽ സാദ്ധ്യമല്ല. വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണം ഉറപ്പു വരുത്തുമ്പോൾ വനത്തിൽ കാലിമേച്ചിൽ സാദ്ധ്യമല്ല. കൃഷിയിടങ്ങളിൽ കുറച്ചു ഭാഗം മേച്ചിൽ സ്ഥലമായി ഒരോ വർഷവും മാറിമാറി ഒഴിച്ചിടുകയോ ആവശ്യത്തിന് തീറ്റകൃഷി ചെയ്തുണ്ടാക്കുകയോ ചെയ്യണം. ഇതിന് വേറെ ബോധ വൽക്കരണവും സഹായവും ലഭ്യമാക്കണം. വനത്തിൽ കൃത്യമായ പ്രദേശം മേച്ചിൽ ബൽറ്റായി ഒഴിച്ചിടുക.

10. ലോണുകൾ ആവശ്യത്തിന് ഉൽപാദന ശേഷിയുള്ള മൃഗങ്ങളെ വാങ്ങാൻ പര്യാപ്തമായ രീതിയിൽ നൽകണം.

11. പാൽ വിതരണത്തിനും വിപണനത്തിനും പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

12. ആട്, പന്നി, കോഴി എന്നിവയെ വളർത്തുന്നതിൽ താൽപര്യം ഉണർത്തുന്ന ബോധവൽക്കരണം നടത്തണം. ഇവയുടെ കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ ഓരോ വാർഡിലും ഓരോ കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇവ ജനകീയ പദ്ധതിയാക്കുന്നതാണ് ഉചിതം.

13. സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കയും പ്രചരിപ്പിക്കുകയും ചെയ്യണം.

14. മൃഗങ്ങളെ വാങ്ങുവാനുള്ള ധനസഹായം സാർവ്വത്രികമായി ലഭ്യമാകണം. ധനകാര്യ സ്ഥാപനങ്ങൾ ഈ രംഗത്ത് കൂടുതൽ ശ്രദ്ധ ചെലുത്തണം.

15. മൃഗപരിപാലവും ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനവും ഏകോപിപ്പിക്കാനും വികസന

പ്രവർത്തനങ്ങളുടെ നീതി പൂർവ്വകമായ പുരോഗതി ഉറപ്പുവരുത്താനും വാർഡ് തല സമിതികളുണ്ടാക്കണം. ഡിപ്പാർട്ട്മെൻറ് പ്രതിനിധികളും ഗുണഭോക്താക്കളും ധനസഹായം നൽകുന്ന ബാങ്കുകളും പ്രതിനിധികളും അടങ്ങുന്ന സമിതി ഹ്രസ്വവും കൃത്യവുമായ ഇടവേളക ളിൽ പ്രവർത്തനവും പുരോഗതിയും വിലയിരുത്തി പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കുന്നതി ന് മുൻകയ്യെടുക്കണം.

16. മത്സ്യകൃഷി വ്യാപകമായി പ്രചരിപ്പിക്കുക യും കുഞ്ഞുങ്ങളെ വാർഡുകളിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുകയും വേണം.

17. മൃഗപക്ഷി മത്സ്യങ്ങളുടെ ഇൻഷുറൻസ് നിർബ ന്ധമാക്കണം.

18. ഒമ്പതാം പദ്ധതിയിലെ വിഹിതം, ആരോഗ്യസൗ കര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുഞ്ഞുങ്ങളെ ലഭ്യ മാക്കാനും ഉപയോഗപ്പെടുത്തികൊണ്ട് ജനങ്ങളിൽ നി ന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉള്ള വിഭവ സമാഹരണത്തിലൂടെ പദ്ധതി നടപ്പിലാക്കണം.

19. മൃഗസംരക്ഷണവും മത്സ്യ കൃഷിയും മുഴുവൻ സമയ തൊഴിലായി പരിഗണിച്ച്, അതിലേർപ്പെടുന്നവ രുടെ ക്ലബ്ബുകൾ സംഘടിപ്പിച്ച്, പ്രശ്നങ്ങളും പുതിയ അവസരങ്ങളും പ്രവണതകളും അനുഭവങ്ങളും ചർച്ച ചെയ്യാനും പങ്കുവെക്കാനും അവസരമുണ്ടാക്കിക്കൊടു ക്കണം.

20. പാൽ ശേഖരിക്കുന്ന കേന്ദ്രങ്ങളിൽ കാലിത്തീറ്റ വിതരണവും ഏർപ്പെടുത്തണം.

21. വനം വകുപ്പ് വനത്തിൽ പുല്ല് വളർത്തി ആദി വാസികളെ കൊണ്ട് ശേഖരണം നടത്തി കർഷകർക്ക് വിൽക്കാൻ നടപടി സ്വീകരിക്കണം.

22. ആറാം വാർഡിൽ കുമിഴി, കാളങ്കണ്ടി, ആല ത്തൂർ, തകരപ്പാടി എന്നിവിടങ്ങളിലെ കുളങ്ങളിൽ സാ മൂഹ്യ മത്സ്യകൃഷി ചെയ്യാൻ വേണ്ടത് ചെയ്യണം. ❏



# വ്യവസായം

വ്യവസായ രഹിത ജില്ലയായ വയനാട്ടിലെ തീർത്തും വ്യവസായമില്ലാത്ത പഞ്ചായത്താണ് നൂല്പുഴ പഞ്ചായത്ത്. വ്യവസായത്തെക്കുറിച്ചുള്ള സാമാന്യ സങ്കൽപങ്ങൾക്കനുസരിച്ച് വമ്പൻ ഫാക്ടറികൾക്ക് സാധ്യതയും തീരെയില്ല. വ്യാവസായിക അസംസ്കൃത വസ്തുക്കൾ വനതോതിൽ ലഭ്യവുമല്ല. കാർഷിക വിഭവങ്ങൾ ധാരാളം ലഭ്യമായതിനാൽ അവയുടെ സംസ്കരണവും കാർഷിക ഉപകരണങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് ഈ പഞ്ചായത്ത് അനുയോജ്യമായ സ്ഥലമാണ് വ്യവസായമെന്ന് പറയാവുന്നതായി രണ്ടു ചന്ദന ഫാക്ടറികളാണ് ഉണ്ടായിരുന്നത്. ഈ പഞ്ചായത്തിലെന്നല്ല, ജില്ലയിൽ പോലും ആവശ്യത്തിന് അസംസ്കൃത വസ്തു ലഭ്യമല്ലെന്നറിഞ്ഞുകൊണ്ട് സ്ഥാപിക്കപ്പെട്ട ഈ ഫാക്ടറികളിൽ ഒന്ന് പൂട്ടികഴിഞ്ഞു. രണ്ടാമത്തേത് ഭാഗികമായി പ്രവർത്തിക്കുന്നു.

ഉപഭോഗവസ്തുക്കൾ കച്ചവടം ചെയ്യുന്ന 225 കടകളാണ് ഈ പഞ്ചായത്തിലുള്ളത്. 5 ഹോട്ടലുകളുണ്ട്. കടകളിൽ പലവ്യഞ്ജനം, സൗന്ദര്യസംവർദ്ധകം, പച്ചക്കറി, ശീതളപാനീയം, വസ്ത്രം, ചെരുപ്പ് എന്നിവ വിൽക്കുന്ന കടകളോടൊപ്പം 101 പെട്ടിക്കടകളുമുണ്ട്. കേരളീയരുടെ പൊതു മാനസീകാവസ്ഥയായ വ്യവസായം വേണ്ട വാണിജ്യം മതി എന്ന ധാരണ ഈ പഞ്ചായത്തിലും പ്രകടമാണ്. നിർമ്മാണപരമായ വ്യവസായങ്ങളേക്കാൽ വിതരണം മാത്രമായ വാണിജ്യത്തിലാണ് ജനങ്ങൾക്ക് താൽപര്യം. അതുകൊണ്ടാണ് 243 ച.കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ വ്യവസായങ്ങൾ ഒരു സ്റ്റീൽ വെൽഡിംഗ് യൂണിറ്റിലും ഒരു ഹോളോബ്രിക്സ് യൂണിറ്റിലും ഒതുങ്ങി നില്ക്കുന്നത്. യഥാക്രമം മൂലങ്കാവിലും പുത്തൻ കുന്നിലും പ്രവർത്തിക്കുന്ന ഇവ വളരെ നല്ല നിലയിലാണ് പ്രവർത്തിക്കുന്നത്. വ്യവസായ വകുപ്പിന്റെ സഹായം പന്നിവളർത്തൽ, ഓട്ടോറിക്ഷ തുടങ്ങിയവയ്ക്കാണ് ലഭ്യമാക്കിയിട്ടുള്ളത്.

## സാധ്യതകൾ

വിപണിയിലെ ആവശ്യമാണ് വ്യവസായങ്ങൾക്ക് പ്രേരകമാകേണ്ടത്. ഈയർത്ഥത്തിൽ ഒട്ടു വളരെ സാധ്യതകൾ ഈ പഞ്ചായത്തിലുണ്ട്. കാർഷിക വിളവെടുപ്പിന് കുട്ട, മുറം, പനമ്പ് എന്നിവ അത്യന്താപേക്ഷിതമാണ്. പരമ്പരാഗതമായി ഇവ നിർമ്മിക്കുന്നതിൽ ആദിവാസിവിഭാഗങ്ങൾ വിദഗ്ദ്ധരാണ്. അസംസ്കൃത വസ്തുവായ മുളവെട്ടുന്നത് സ്റ്റേ ചെയ്യപ്പെട്ടിരിക്കുകയാണ്. ഈ പദ്ധതിക്കാലത്ത് ഓരോ വീട്ടു വളപ്പിലും ഓരോ കൂട്ടം വലിയ ഇനം ഈറ്റ വീതം നട്ടുവളർത്തിയാൽ ഈ പ്രശ്നം പരിഹരിക്കാം. പഞ്ചായത്തിലെ ആവശ്യങ്ങൾ കഴിഞ്ഞുള്ളതിന് പഞ്ചായത്തിന് പുറത്തും നല്ല വിപണി

യാണുള്ളത്.

ഇടവിളയായി ധാരാളം വാഴ കൃഷി ചെയ്യുന്ന പഞ്ചായത്താണിത്. വാഴയുടെ തട ഉപയോഗ്യശൂന്യമായി കളയുകയാണ് ചെയ്യുന്നത്. വാഴ നാരിൽ നിന്നും കൗതുക വസ്തുക്കളും മറ്റും ഉണ്ടാക്കുന്ന യൂണിറ്റുകൾ ആരംഭിച്ചാൽ, വീട്ടമമ്മമാർക്ക് വാഴ നാര് ശേഖരിക്കുന്നത് ഒരു ഉപതൊഴിലാകും. ഈടും ഭംഗിയുമുള്ള കൗതുകവസ്തുക്കൾക്ക് വൻ ഡിമാൻഡാണുള്ളത്. ഈ യൂണിറ്റുനോട നുബന്ധിച്ച് തന്നെ തുകൽ വസ്തുക്കൾ - സൂട്ട് കേസ്, ബാഗ്, ചെരുപ്പ് എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾക്കും സാദ്ധ്യതയുണ്ട്. ധാരാളം കശാപ്പ് നടക്കുന്ന പഞ്ചായത്തിൽ തുകൽ ഊറക്കിടുന്ന ഒരു യൂണിറ്റ് ആരംഭിച്ചാൽ ഇതിനുള്ള അസംസ്കൃത വസ്തുക്കൾ ഇവിടെ തന്നെ ലഭ്യമാക്കാം. ആറു മാസം മഴ പെയ്യുന്ന വയനാട്ടിൽ കുട നിർമ്മാണത്തിന് വൻ സാദ്ധ്യതയാണുള്ളത്.

കാർഷിക വിഭവങ്ങളുടെ സംസ്കരമാണ് മറ്റൊരു പ്രധാന മേഖല. കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് സാദ്ധ്യതയുണ്ട്. കാപ്പി, കുരുമുളക്, മഞ്ഞൾ, ചുക്ക്, മല്ലി, മുളക് തുടങ്ങിയവ വൃത്തിയായി പൊടിച്ച് പാക്കറ്റുകളിലാക്കി വിൽക്കാൻ നല്ല സാധ്യതയാണുള്ളത്. ഒരു സീസണിൽ മാത്രം ധാരാളമുണ്ടാകുന്ന മാങ്ങ, നെല്ലിക്ക തുടങ്ങിയവ അച്ചാറാക്കി വിപണനം നടത്താം. അടക്ക സംസ്കരണത്തിന് സാദ്ധ്യതയുണ്ട്.

മൃപരിപാലനം ഒരു സമാന്തര മേഖലയായി വികസിക്കുന്ന ഈ പഞ്ചായത്തിൽ കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്. ഇതിന് വേണ്ട അസംസ്കൃത വസ്തുക്കൾ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്.

ഏറ്റവും കൂടുതൽ പരിശീലനം ലഭിച്ചിട്ടുള്ള തൊഴിൽ തുന്നലാണ്. റെഡിമെയ്ഡ് വസ്ത്രങ്ങളോട് ആധുനിക തലമുറയുടെ ഭ്രമം ഉപയോഗപ്പെടുത്താവുന്നതാണ്. ഗുണമേന്മ ഉറപ്പ് വരുത്തിക്കൊണ്ട് കുറഞ്ഞ ചെലവിൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉൽപാദിപ്പിച്ച് വിൽക്കുന ഒന്നിധികം യൂണിറ്റുകൾക്ക് ഓരോ വാർഡിലും സാദ്ധ്യതയുണ്ട്.

പാലുൽപന്നങ്ങൾ എന്നവകാശപ്പെടുന്ന ബേബി ഫുഡുകൾക്കും ബിസ്ക്കറ്റുകൾക്കും വൻ ഡിമാൻറാണുള്ളത്. വർഷകാലത്ത് അധികം വരുന്ന പാൽ ഉപയോഗപ്പെടുത്താനും ഇത് സഹായകരമാകും.

നിർമ്മാണ പ്രവർത്തനങ്ങൾ ധാരാളമായി നടക്കുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് വേണ്ട ഇഷ്ടിക, കട്ടിള, ജനൽ തുടങ്ങിയവയുടെ നിർമ്മാണം നിർമ്മിതി കേന്ദ്രത്തിൻെറ സാങ്കേതിക സഹകരണത്തോടെ ആരംഭിക്കാം. സ്വകാര്യ ഉടമസ്ഥതയിൽ ഇഷ്ടിക നിർമ്മാണത്തിനും ഹോളോ ബ്രിക്സ് നിർമ്മാണത്തിനും സാധ്യതയുണ്ട്.

വൃക്ഷങ്ങൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ മരം കൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനും ഫർണിച്ചർ വ്യവസായത്തിനും സാദ്ധ്യതകളുണ്ട്. ഈ രംഗത്ത് വൈദഗ്ദ്ധ്യവും ലഭ്യമാണ്.

കപ്പ, ഏത്തക്കായ, ചക്ക എന്നിവയിൽ നിന്ന് ചിപ്സ് ഉണ്ടാക്കുന്നതിനും ചെറി പഴം സംസ്കരിക്കുന്നതിനും നല്ല സാദ്ധ്യതയുണ്ട്. ഇവയ്ക്ക് മാർക്കറ്റിൽ നല്ല ഡിമാൻറാണുള്ളത്.

നെല്ല് കയറ്റിക്കൊണ്ടു പോകുകുയം അരി പുറത്ത് നിന്ന് വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു ഇടത്തരം റൈസ് മില്ലിന് സാദ്ധ്യതയുണ്ട്.

പ്ലാസ്റ്റിക് കൊണ്ടുള്ള ബാഗുകൾ നിർമമിക്കുന്നതിന് വീട്ടമ്മമാർക്ക് പരിശീലനം നൽകിയാൽ അവർക്ക് വീട്ടിൽ വെച്ച് ചെയ്യാവുന്നതേയുള്ളു. ഇതിന് ഒഴിവ് സമയം ഉപയോഗപ്പെടുത്താം. കാർഷിക വൃത്തിയിൽ സ്ത്രീകളുടെ നേരിട്ടുള്ള പങ്കാളിത്തം കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ ഇതൊരു കരുതൽ നടപടിയായിരിക്കും.

വൻ യന്ത്രസാമഗ്രികളുടെ ആവശ്യമില്ലാത്ത ചെറിയ ഈർച്ചമില്ലുകൾ വാർഡിൽ ഒന്ന് വീതം സ്ഥാപിച്ചാൽ ഫർണിച്ചർ വ്യവസായം പതിന്മടങ്ങ് വികസിക്കും. മരങ്ങൾ പുറത്ത് കൊണ്ടു പോയി ഈർന്നെടുക്കുന്നതിനുള്ള നിയമതടസ്സം മൂലം കർഷകർ ധാരാളം മരം പാഴാക്കിക്കളയുകയോ വിറകിന് ഉപയോഗിക്കുകയോ ചെയ്യുകയാണിപ്പോൾ.

പപ്പടം ഭക്ഷണ ക്രമത്തിൻെറ ഭാഗമാണെന്നിരിക്കെ ഒരു വാർഡിൽ ഒരു പപ്പട നിർമ്മാണ യൂണിറ്റിന് വീതം സാദ്ധ്യതയുണ്ട്.

സമയക്കുറവിൻെറയും പാക്കറ്റ് ഉപഭോഗത്തിൻെറയും കാലമാണിത്. വീടുകളിൽ പലഹാരങ്ങളുണ്ടാക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. കുടിൽ വ്യവസായമായി പലഹാരനിർമ്മാണം നടത്താവുന്നതാണ്.

സോപ്പും സോപ്പുപൊടിയും ജീവിതത്തിൻെറ അനിവാര്യതയായിക്കഴിഞ്ഞിരിക്കുന്നു. ഇവയുടെ നിർമ്മാണം വളരെയേറെ പ്രതീക്ഷയുള്ള മേഖലയാണ്.

വനവിഭവങ്ങളായ ഔഷധച്ചെടികളും തേൻ, നെല്ലിക്ക, കടുക്ക എന്നിവയും ഈ പഞ്ചായത്തിൽ നിന്നും ധാരാളം കയറ്റിപ്പോകുന്നുണ്ട്. മറ്റൗഷധച്ചെടികൾ വനത്തിലും കൃഷി സ്ഥലങ്ങളിലും നട്ടു വളർത്തിക്കൊണ്ട് പഞ്ചായത്തിൽ ഒരു ആയുർവ്വേദ ഔഷധ നിർമ്മാണശാലയ്ക്ക് വളരെ സാദ്ധ്യതയുണ്ട്. ഇത് 'ഔഷധി'യുടെ

മേൽനോട്ടത്തിലോ സംസ്ഥാന ആയുർവ്വേദ ചികിത്സാ വകുപ്പിൻെറ കീഴിലോ ആകാം. തേൻ ശുദ്ധീകരിച്ച് കുപ്പിയിലാക്കി വിപണനം ചെയ്യാം. പുല്ലായ, ചന്ദനത്തിരി, മെഴുക് ചതിരി, കൊമ്മക്കുട, തൊപ്പിക്കുട എന്നിവയുടെ നിർമ്മാണം പ്രോത്സാഹിക്കപ്പെടേണ്ടവയാണ്.

## വ്യവസായം പ്രശ്നങ്ങൾ

1. വൈദ്യുതി പഞ്ചായത്തിൻെറ 75% പ്രദേശങ്ങളിലും എത്തിയിട്ടില്ല.
2. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
3. സാങ്കേതിക സഹായത്തിൻെറ അഭാവം
4. സാമ്പത്തിക സഹായങ്ങളുടെ അപര്യാപ്തത
5. പരിശീലന സൗകര്യങ്ങളുടെ കുറവ്
6. മറ്റടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
7. വിപണന പ്രശ്നങ്ങൾ

## വ്യവസായം പരിഹാരങ്ങൾ

1. വൈദ്യുതി ലഭ്യതയും ലഭിച്ചാൽ തന്നെ വോൾട്ടേജ് കുറവും പവർകട്ടും മൂലം ഉൽപാദനം മുടങ്ങുമെന്നിരിക്കെ നൂൽപ്പുഴ പഞ്ചായത്ത് പോലെയുള്ള സ്ഥലങ്ങളിൽ കഴിയുന്നത്ര വൈദ്യുതി ആവശ്യമില്ലാത്ത കുടിൽ വ്യവസായങ്ങൾക്കാണ് മുൻഗണനാ നൽകേണ്ടത്. വൈദ്യുതി അനിവാര്യമായ ഘട്ടങ്ങൾ ചെയ്യാനുള്ള യന്ത്രങ്ങൾ വൈദ്യുതിയുള്ളിടത്ത് സ്ഥാപിച്ച് അത് മാത്രം വൈദ്യുതി ഉപയോഗിച്ച് ചെയ്യുക. ബാക്കി വീടുകളിൽ വെച്ച് ചെയ്യുന്നതിന് മുൻഗണന കൊടുക്കുക. SSI യൂണിറ്റുകളെ 100% പവർക്കട്ടിൽ നിന്നും ഒഴിവാക്കണം.

2. ഈ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളെനനുസരിച്ചുള്ള വ്യവസായങ്ങൾക്ക് മുൻഗണന കൊടുക്കണം. വ്യവസായ വൽക്കരണത്തിൻെറ ഒന്നാം ഘട്ടം അസംസ്കൃത വസ്തുക്കളുടെ നിർമ്മാണമാകട്ടെ. കാർഷികോൽപന്നങ്ങളെ അസംസ്കൃത വസ്തുക്കളാക്കുന്ന വ്യവസായങ്ങൾക്ക് മുൻതൂക്കം കൊടുത്താൽ ഈ പ്രശ്നം പരിഹരിക്കാം. അസംസ്കൃത വസ്തുവിൻെറ ലഭ്യത ഉറപ്പ് വരുത്താൻ വ്യക്തമായ പദ്ധതികൽ വിജയകരമായി നടപ്പിലാക്കിയിട്ടേ വ്യവസായം ആരംഭിക്കാൻ പാടുള്ളൂ.

3. വിവിധ മേഖലകളിൽ താല്പര്യവും സന്നദ്ധതയുമുള്ളവരെ വിവിധ തുറകളിൽ പരിശീലനത്തിന് അയക്കാൻ സർക്കാർ തലത്തിൽ പദ്ധതി തയ്യാറാക്കണം.

4. സാമ്പത്തിക സമാഹരണത്തിന് വാർഡ് വികസന സമിതികൾ സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് ഗവൺമെൻറ് ഗ്രാൻറ് സംഘടിപ്പിക്കുന്നതോടൊപ്പം മുഴുവൻ ജനങ്ങളിൽ നിന്നും ഷെയർ പിരിച്ച് സംരംഭങ്ങൾ തുടങ്ങണം. അത് വഴി ഉൽപന്നങ്ങളുടെ വിപണനം ഉറപ്പാക്കാം. തങ്ങൾക്കു കൂടി മുതൽ മുടക്കുള്ള സംരംഭങ്ങളുടെ ഉൽപന്നങ്ങൾ വാങ്ങാതിരിക്കാൻ ജനങ്ങൾക്ക് കഴിയില്ലല്ലോ. ചെറുകിട വ്യവസായങ്ങൾക്ക് കൂടുതൽ ഫണ്ടുകൾ ലഭ്യമാക്കാൻ ബാങ്കുകൾ മുന്നോട്ടു വരണം.

5. ശ്രദ്ധ കുടിൽ വ്യവസായങ്ങളിലേക്ക് തിരിച്ചാൽ മറ്റടിസ്ഥാന സൗകര്യങ്ങൾ അത്ര തന്നെ പ്രശ്നമല്ലാതാകും. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നത് ജനകീയ പങ്കാളിത്തത്തോടെയാകുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ കൂട്ടായ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും വിഭവ സമാഹരമത്തിലൂടെയും സാദ്ധ്യമാക്കാം.

6. ചെറുകിട വ്യവസായം വികസനത്തിൻെറ ചവിട്ടുപടിയാണെന്ന ബോധം ജനങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് വാർഡിലെ ചെറുകിട വ്യവസായങ്ങളിൽ ഒന്നിലെങ്കിലും ഓരോ കുടുംബത്തിൻെറയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടു വേണം വ്യവസായ പദ്ധതികൾ നടപ്പിലാക്കാൻ. സ്വന്തം വാർഡിലെ വ്യവസായത്തിൻെറ വളർച്ച തൻെറ കൂടി അഭിമാനമാണെന്ന ബോധം ഓരോരുത്തർക്കും ഉണ്ടാകണം. ഇതിന് ഉൽപന്നങ്ങൾ ആവശ്യമുള്ളപ്പോൾ അല്ലെങ്കിൽ കൃത്യമായ ഇടവേളകളിൽ ലഭ്യമാക്കാൻ മുഴുവൻ ഉൽപന്നങ്ങൾക്കും കൂടി വാർഡിൽ ഒരു ഏജൻസിയും വാർഡിലെ പ്രദേശങ്ങളിൽ ഉത്തരവാദിത്ത ബോധം ഉള്ള വിതരണക്കാരും വേണം. ഇതും വാർഡ് വികസന സമിതിയുടെ മേൽനോട്ടത്തിലായാൽ നന്ന്. പഞ്ചായത്ത് തലത്തിൽ വിപണനത്തിന് ഒരു ഏജൻസി ഉണ്ടായിരിക്കണം. ഒരു വാർഡിൽ ഉൽപാദിപ്പിക്കാത്ത വസ്തുക്കൾ മറ്റു വാർഡുകളിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ ഈ ഏജൻസി നടപ്പിലാക്കണം. പഞ്ചായത്തിന് പുറത്തുള്ള വിപണന സാദ്ധ്യതകളും ഈ ഏജൻസികൾ കണ്ടെത്തി ഉപയോഗപ്പെടുത്തണം.

7. എട്ടാം വാർഡിലെ മുക്കുത്തി കുന്നിൽ പരമ്പരാഗത കൊട്ടനെയ്ത്തു തൊഴിലാളികൾക്ക് അസംസ്കൃ വസ്തുക്കൾ വനത്തിൽ നിന്നും ശേഖരിക്കുവാൻ പർമിറ്റ് നൽകണം. ❐



# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വളരെയധികം പിന്നോക്കമായ പ്രദേശമാണ് നൂൽപ്പുഴ പഞ്ചായത്ത്. കാര്യമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. 5 എൽ.പി. സ്ക്കൂളുകളും 2 യു.പി. സ്ക്കൂളുകളും 2 ഹൈസ്ക്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ രണ്ടെണ്ണം എയിഡഡും ഒരെണ്ണം പഞ്ചായത്തിൻെറ കീഴിലുമാണ് പ്രവർത്തിക്കുന്നത്. ഈ സ്ക്കൂളുകളിലായി എൽ.പി. തലത്തിൽ 1050 ആൺകുട്ടികളും 920 പെൺകുട്ടികളുംപഠിക്കുന്നു . യു. പി. വിഭാഗത്തിൽ 7145 ആൺകുട്ടികളും 559 പെൺകുട്ടികളും പഠിക്കുന്നു. ഹൈസ്ക്കൂൾ തലത്തിൽ 515 ആൺകുട്ടികളും 513 പെൺകുട്ടികളും പഠിക്കുന്നു.

## അദ്ധ്യയന നിലവാരം

അധ്യയന നിലവാര രംഗത്ത് വളരെയധികം പിന്നോക്കമായ ഒരു പഞ്ചായത്താണ് നൂല്പുഴ. മിക്കവാറും മുഴുവൻ വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികളുടെ നിലവാരം വളരെ മോശമാണ്. 2 ഹൈസ്ക്കൂളുകളിൽ മൂലങ്കാവ് ഹൈസ്ക്കൂളിലെ നേട്ടം എടുത്തു പറയേണ്ടതാണ്. (പട്ടിക നോക്കുക) അദ്ധ്യയന നിലവാരത്തിൻെറ പിന്നോക്കാവസ്ഥയ്ക്ക് നിരവധി കാരണങ്ങളുണ്ട്.

1. അധ്യയന ആരംഭത്തിൽ തന്നെ അദ്ധ്യാപക നിയമനം നടക്കുന്നില്ല.
2. പഠനോപകരണങ്ങൾ സമയാസമയങ്ങളിൽ ലഭിക്കുന്നില്ല.
3. പി.ടി.എ. കമ്മറ്റികളുടെ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമല്ല.
4. കുട്ടികളുടെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥ.
5. കുട്ടികൾക്ക് സ്ക്കൂളുകളിൽ എത്തിച്ചേരുവാനുള്ള അസൗകര്യം

## PTA കമ്മറ്റി

പി.ടി.എ. എല്ലാ സ്ക്കൂളുകളിലും നിലവിലുണ്ടെങ്കിലും എല്ലായിടത്തും പ്രവർത്തനങ്ങൾ തൃപ്തികരമല്ല. പി.ടി.എ. കമ്മറ്റികൾ ഊർജ്ജസ്വലമായ സ്ക്കൂളുകളിൽ അതിൻെറ മാററം കാണപ്പെടുന്നുണ്ട്. വിദ്യാർത്ഥി സമര രംഗത്തും, അധ്യയന നിലവാരരംഗത്തും മറ്റും പി.ടി.എ.ക്ക് പലതും ചെയ്യാൻ കഴിയും.

| അനൗപചാരിക വിദ്യാഭ്യാസ രംഗം | |
|---|---|
| അംഗൻവാടികൾ | 18 |
| ജനവിദ്യാകേന്ദ്രം | 3 |
| ജനശിക്ഷണനിലയം | 3 |

പഞ്ചായത്തിൽ 18 അംഗൻവാടികളും 3 ജനവിദ്യാകേന്ദ്രങ്ങളും 3 ജനശിക്ഷണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. തുടർ സാക്ഷരതാ പരിപാടി നടക്കുന്നുണ്ടെങ്കിലും ലക്ഷ്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മൂലങ്കാവ് കേന്ദ്രീകരിച്ച് മന്ദബുദ്ധികളായ കുട്ടികൾക്ക് ഒരു വിദ്യാഭ്യാസ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

SSLC വിജയ ശതമാനം

| | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 1. GHS മൂലങ്കാവ് | 67% | 86% | 44.4% | 52.5% |
| 2. GHS കല്ലൂർ | 28.5% | 21% | 19% | 22.7% |

**പ്രശ്നങ്ങൾ**

1. പല സ്ക്കുളുകളുടെയും ഭൗതകി സാഹചര്യം തൃപ്തികരമല്ല
2. കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതിനാൽ മിക്ക വിദ്യാലയങ്ങളിലും ഡിവിഷൻ കുറഞ്ഞു വരുന്നു
3. ആദിവാസി മേഖലകളിൽ കൂടുതൽ കൊഴിഞ്ഞു പോക്ക് കാണപ്പെടുന്നു.
4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല
5. അംഗൻവാടികളിൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല.
6. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല
7. യു.പി., ഹൈസ്ക്കുളുകളുടെ എണ്ണം കുറവാണ്.
8. കലാകായി രംഗത്തിന് കാര്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല.
9. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന പ്രവണത കൂടി വരുന്നു
10. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കുറവാണ്
11. ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചാൽ പഠന നിലവാരം മെച്ചപ്പെടുത്താം
12. പി.ടി.എ., മാതൃസംഘടന ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

## സാധ്യതകൾ - പരിഹാരങ്ങൾ

1. വടക്കനാട് എൽ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് വികസിപ്പിച്ചാൽ, ധാരാളം പേർക്ക് അത് ഗുണം ചെയ്യും. ഈ പ്രദേശത്തെ ആളുകൾ യു.പി., ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് 20 മുതൽ 30ഓളം കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരുന്നു. ആദിവാസി ജനസംഖ്യ ധാരാളമുള്ള ഈ പ്രദേശത്ത് പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.
2. ഏക അദ്ധ്യാപക സ്ക്കൂളുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക. ആദിവാസികൾ കൂടുതൽ ഉള്ള പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഇത്തരം സ്ക്കൂളുകൾ സ്ഥാപിച്ചാൽ പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിലെ കൊഴിഞ്ഞുപോക്ക് ഫലപ്രദമായി തടയാൻ കഴിയും.
3. ബാലവാടികൾ, ജനവിദ്യാകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക. കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഈ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുക.
4. സാക്ഷരതാ കേന്ദ്രങ്ങൾ കൊട്ടനോട്, പിലാക്കാവ്, മണിമുണ്ട, മാടക്കര, കാരപ്പൂതാടി, കണ്ണങ്കോട്, ആറാം വാർഡിലെ മുഴുവൻ കോളനികൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുക.
5. മണിമുണ്ട പ്രദേശത്ത് ഒരു അംഗൻ വാടി സ്ഥാപിക്കുക.
6. കല്ലൂർ ഹൈസ്ക്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കാൻ അടിയന്തിര നടപടി എടുക്കണം.
7. പഠന നിലവാരം മെച്ചപ്പെടുത്താൻ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടികൾ ഏർപ്പെടുത്തുക.
8. തേലമ്പറ്റ ഭാഗത്ത് ഒരു എൽ.പി. സ്ക്കൂൾ ആരംഭിച്ചാൽ ധാരാളം പിഞ്ചു കുട്ടികൾക്ക് അത് ഗുണം ചെയ്യും.
9. കല്ലൂർ, മൂലങ്കാവ് ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ പഠനസൗകര്യങ്ങളും മറ്റ് ഉപരി പഠന സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ ശ്രമിക്കുക.
10. രാജീവ് ഗാന്ധി മെമ്മോറിയൽ റെസിഡൻഷ്യൽ സ്ക്കൂളിൻെറ കെട്ടിടം പണി പൂർത്തിയാക്കാൻ ബന്ധപ്പെട്ടവരിൽ സമ്മർദ്ദം ചെലുത്തണം.
11. ഡി.പി.ഇ.പി. പദ്ധതിയിൽ പെടുത്തി ധാരാളം ആദിവാസികൾ ഉള്ള ഈ പഞ്ചായത്തിൽ പുതിയ സ്ക്കൂ

ളുകൾ ആരംഭിക്കാനും ഉള്ളവയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും സമ്മർദ്ദം ചെലുത്തുക.

12. പ്രാദേശിക പഠനം നിർബന്ധിത വിഷയമാക്കണം. ജില്ലയിലെ മുഴുവൻ പ്രദേശങ്ങളെ കുറിച്ച് പഠിച്ച് പാഠ്യപദ്ധതികളും ചോദ്യ കടലാസ്സുകളും തയ്യാറാക്കാൻ ജില്ലാതലത്തിൽ ഒരു 'കോർ ഗ്രൂപ്പ്' എല്ലാ സമയത്തും പ്രവർത്തിക്കണം. അവരോട് സഹകരിക്കാനുള്ള ബാദ്ധ്യത അദ്ധ്യാപകരിൽ നിയമാനുസൃതം തന്നെ ഉണ്ടാക്കണം. ഇത് സ്വന്തം മണ്ണിനെ കുറിച്ച് കുട്ടികളിൽ പുതിയൊരു കാഴ്ചപ്പാട് സൃഷ്ടിക്കും.

13. 5 വർഷത്തിൽ ഒരിക്കൽ അദ്ധ്യാപകരെ ഇൻസർവ്വീസ് കോഴ്സിന് അയക്കുകയും കോഴ്സിന് ശേഷം അദ്ധ്യയന നിലവാരം മോശമായ സ്ക്കൂളുകളിൽ മാറ്റി നിയമിക്കുകയും വേണം. ആരോഗ്യപരമായ കാരണങ്ങളിൽ പോലും ഇതിൽ നിന്ന് ആരെയും ഒഴിവാക്കാൻ പാടില്ല.

14. മുത്തങ്ങ, ചെട്ട്യാലത്തൂർ എന്നിവിടങ്ങളിൽ അദ്ധ്യാപകർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുകയും പ്രത്യേക 'റിമോട്ട്' അലവൻസ് നൽകുകയും വേണം.

15. മുത്തങ്ങ സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയണം.

16. കാളംകണ്ടി, തേക്കമ്പറ്റ എന്നിവിടങ്ങളിൽ ബാലവാടികൾ ആരംഭിക്കണം.

17. ആദിവാസി വിദ്യാർത്ഥികൾ കൂടുതൽ ഉള്ള സ്ക്കൂളുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിലും കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിലും പഠന നിലവാരം ഉയർത്തുന്നതിലും പ്രത്യേക ശ്രദ്ധ ചെലുത്തുക. ❑

| വിദ്യാലയസൗകര്യങ്ങൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
| 1. | GLPS ചെട്ടിയാലത്തൂർ | 1.75 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 2. | ALPS വടക്കനാട് | 1.50 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 6 ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 3. | ALPS നായ്ക്കട്ടി | 1.75 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 4. | GLPS മുത്തങ്ങ | 1.50 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5. | SJALPS നെന്മേനികുന്ന് | 3.00 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 6. | GUPS മാതമംഗലം | 2.62 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7. | RGMRUPS മുത്തങ്ങ | 0.90 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 8. | GHS മൂലങ്കാവ് | 3.00 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9. | GHS കല്ലൂർ | 3.40 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |

## വിദ്യാലയവിവരങ്ങൾ കുട്ടികൾ

| നമ്പർ | സ്ക്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെഎണ്ണം |
|---|---|---|---|---|---|---|
| 1. | ഗവ. എൽ.പി. സ്ക്കൂൾ മുത്തങ്ങ | സർക്കാർ | 71 | 78 | 149 | 4 |
| 2. | ശ്രീജയ എൽ.പി.എസ് . നെന്‌ മേനികുന്ന് | എയിഡഡ് | 109 | 114 | 223 | 7 |
| 3. | എ.എൽ.പി.എസ് . നായ് ക്കട്ടി | ,, | 198 | 131 | 329 | 11 |
| 4. | NPALPS വടക്കനാട് | പഞ്ചായത്ത് | 111 | 106 | 217 | 5 |
| 5. | GLPS ചെട്ടിയാലത്തൂർ | സർക്കാർ | 19 | 13 | 32 | 1 |
| 6. | RGMRUPG മുത്തങ്ങ | ,, | 112 | 68 | 180 | 9 |
| 7. | GUPS മാതമംഗലം | ,, | 195 | 167 | 362 | 13 |
| 8. | GHS മൂലങ്കാവ് | ,, | 646 | 589 | 1235 | 34 |
| 9. | GHS കല്ലൂർ | ,, | 825 | 745 | 1570 | 57 |
| | ആകെ | | 2286 | 2011 | 4297 | 141 |

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്ക്കൂളിന്റേ പേര് | തോറ്റ് പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | SC/ST കുട്ടികൾ | | | മറ്റുള്ളവവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. ALPS വടക്കനാട് | 5 | 5 | 10 | 1 | – | 1 | 11 | 6 | 17 | 1 | 1 | 2 |
| 2. GLPS ചെട്ടിയാലത്തൂർ | – | – | – | – | – | – | – | – | – | – | – | – |
| 3. GLPS മുത്തങ്ങ | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | – | — | – |
| 4. SJLPSനെന്മേനികുന്ന് | 2 | 3 | 5 | 7 | 1 | 8 | 3 | 3 | 6 | 1 | – | 1 |
| 5. ALPS നായ്ക്കട്ടി | 17 | 1 | 18 | – | – | - | 11 | 1 | 12 | – | 2 | 2 |
| 6. GUPS മാതമംഗലം | 7 | 6 | 13 | 4 | 4 | 8 | 2 | 2 | 4 | – | – | – |
| 7. RGMRUPS മുത്തങ്ങ | – | – | – | – | – | – | – | – | – | – | – | – |
| 8. GHS കല്ലൂർ | 55 | 29 | 84 | 37 | 24 | 61 | 2 | 5 | 7 | 3 | 5 | 8 |
| 9. GHS മൂലങ്കാവ് | 20 | 18 | 38 | 21 | 18 | 39 | 1 | 4 | 5 | 4 | 3 | 7 |
| ആകെ | | | 171 | | | 120 | | | 54 | | | 20 |



# പൊതുജനാരോഗ്യവും കുടിവെള്ളവും

## നിലവിലുള്ളതിൻെറ പൊതു അവലോകനം

നൂൽപ്പുഴ പഞ്ചായത്ത് വിസ്തൃതിയുടെ കാര്യത്തിൽ വളരെ വലുതാണെങ്കിലും ജനസാന്ദ്രത കുറഞ്ഞ പഞ്ചായത്തായി കണക്കാക്കാം. ആരോഗ്യ പ്രശ്നവും കുടിവെള്ളവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിലെ പ്രത്യേക അവസ്ഥ കണക്കിലെടുത്ത് രണ്ടിനെയും രണ്ടായി കാണേണ്ടിയിരിക്കുന്നു.

## പൊതു ജനാരോഗ്യം

ആദിവാസി മേഖലയായ ഈ പഞ്ചായത്ത്, ഈ വിഭാഗങ്ങൾക്കിടയിലെ ആരോഗ്യ പ്രശ്നങ്ങൾ പരഹരിച്ചാൽ തന്നെ പഞ്ചായത്തിൻെറ മൊത്തത്തിലുള്ള ആരോഗ്യ രംഗം മെച്ചപ്പെടുന്നതാണ്. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന കോളനികളും അനുബന്ധ പ്രദേശങ്ങളുമാണ് സാംക്രമിക രോഗങ്ങളുടെയും മറ്റും കേന്ദ്രങ്ങൾ. രോഗങ്ങൾ പെട്ടെന്ന് പൊട്ടിപ്പുറപ്പെടത്തക്ക രീതിയിൽ വൃത്തിഹീനമായ പരിസരങ്ങളും ജീവിത രീതിയും ഈ വിഭാഗങ്ങളുടെ ആരോഗ്യ രംഗത്തെ എന്നും ഭീഷണിയുടെ നിഴലിൽ തന്നെ നിർത്തുന്നു.

കോളനിയിൽ പാർക്കുന്ന ആദിവാസികളിലാണ് രോഗങ്ങൾ പെട്ടെന്ന് പകരുന്നത്. രോഗങ്ങൾ ഉണ്ടാകുന്നതിൻെറ കാരണം വൃത്തിഹീനമായ ചുറ്റുപാടുകളാണെന്ന് കാണുമ്പോൾ തന്നെ പോഷണകുറവും ബോധവൽക്കരണത്തിൻെറ അപര്യാപ്തതയും രോഗങ്ങളെ വിളിച്ചു വരുത്തുന്ന മറ്റ് കാരണങ്ങളായി ഇപ്പോഴും നിലനിൽക്കുന്നു. കോളനി പരിസരങ്ങളിലെ വെളിമ്പ്രദേശങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നത് സർവ്വസാധാരണയായി കണ്ടു വരുന്ന ഒരു ആരോഗ്യ പ്രശ്നമാണ്. പരിഷ്കൃത കോളനികളോട് ചേർന്ന് ഉണ്ടാക്കിക്കൊടുക്കാറുള്ള കക്കൂസുകൾ ഒരിക്കലും ആദിവാസികൾ ഉപയോഗിക്കാറില്ല. അഭ്യസ്ത വിദ്യർ ധാരാളമുള്ള കുറുമർക്കിടയിൽ പോലും ശാസ്ത്രീയമായി പണികഴിപ്പിച്ചിട്ടുള്ള കക്കൂസുകൾ ഉപയോഗിക്കാൻ വിമുഖത കണ്ടു വരുന്നു. പല കോളനികളിലും ഇതുപോലെ നിർമ്മിച്ചിട്ടുള്ള കക്കൂസുകൾ വളർത്തു മൃഗങ്ങളെ കെട്ടിയിടാനും മറ്റുമായി ഉപയോഗിക്കുന്നതും കണ്ടു വരുന്നുണ്ട്.

കോളനിയിലെ മാലിന്യങ്ങൾ കോളനി പരിസരത്ത് കൂട്ടിയിടുന്നത് ഈ പ്രദേശത്തുയരുന്ന മറ്റൊരു ആരോഗ്യ പ്രശ്നമാണ്. മാലിന്യങ്ങൾ കുന്നുകൂടുകയും മഴക്കാലത്തും മറ്റും ഈ മാലിന്യങ്ങൾ ചീഞ്ഞ് കൂടുതൽ വൃത്തിഹീനമാകുകയും ചെയ്യുന്നത് കൂടാതെ മാലിന്യങ്ങൾ വെള്ളത്തിൽ കലർന്നും രോഗങ്ങൾ പടരാറുണ്ട്. ആദിവാസികൾക്കിടയിൽ കാണുന്ന രോഗങ്ങളിൽ ചൊറി, ചിരങ്ങ്, വിളർച്ച, ക്ഷയം, കോളറ, അഞ്ചാം പനി എന്നിവയാണ് പ്രധാനം. അടുത്തകാലത്തായി സിക്കിൾ

സെൻ അനീമിയയും ആദിവാസികളിലും അല്ലാത്ത മറ്റു വിഭാഗങ്ങളിലും കണ്ടു വരുന്നുണ്ട്.

രോഗങ്ങൾ മുഴുവൻ പകർച്ച വ്യാധികളോ വൃത്തിഹീനമായ സാഹചര്യങ്ങളിൽ നിന്നുണ്ടാകുന്നതോ വൃത്തിയില്ലാത്ത ജീവിതരീതിയിൽ നിന്ന് ഉണ്ടാകുന്നതോ മാത്രമല്ലെന്ന് 1992-93 കാലഘട്ടങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. കേരളത്തിൽ പട്ടിണി മരണം കൊണ്ട് കുപ്രസിദ്ധമായ 'ഞണ്ടൻകൊല്ലി' കോളനിയും ഈ പഞ്ചായത്തിലാണുള്ളത്. പോഷണകുറവും ഭക്ഷണത്തിന്റെ ദൗർലഭ്യവും ഈ കോളനിയിലെ മാത്രമല്ല മുഴുവൻ ആദിവാസികൾക്കിടയിലെയും ആരോഗ്യത്തിനുയർത്തുന്ന വെല്ലുവിളികളാണ്. പട്ടിണിമരണത്തിനെ തുടർന്നുണ്ടായ ആരോഗ്യ രംഗത്തെ ഊർജ്ജസ്വലത ഇപ്പോൾ അധികൃതരുടെ ഭാഗത്തു നിന്നും കാണുന്നില്ല.

ആദിവാസി വിഭാഗത്തെ മാറ്റിനിർത്തിയാൽ ആരോഗ്യ രംഗം മുഴുവൻ മുൻപന്തിയിലാണെന്ന് മേൽ പറഞ്ഞതുകൊണ്ട് വിചാരിക്കേണ്ടതില്ല. ആദിവാസികളല്ലത്തവർക്കിടയിലും ആരോഗ്യ പ്രശ്നങ്ങൾ ധാരാളമുണ്ട്. പഞ്ചായത്തിലെ പ്രധാന ടൗണായ കല്ലൂർ , മൂലക്കാവ്, നായ്ക്കട്ടി എന്നീ ടൗണുകളിൽ മാലിന്യങ്ങൾ കൂട്ടിയിടുന്നത് ഒരു പ്രധാന പ്രശ്നമായി ഉയർന്നു വരുന്നു. ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് ഇതിനകം മനസ്സിലായിട്ടുണ്ടല്ലോ. ഫോറസ്റ്റ് പോക്കറ്റുകളും റോഡുകൾ ഗതാഗതയോഗ്യമല്ലാത്തതും, വിവിധ പ്രദേശങ്ങളിൽ നിന്നും ടൗണിലേക്കും തിരിച്ചും ഉള്ള ദൂരവും ഈ പഞ്ചായത്തിലെ ആരോഗ്യ സംരക്ഷത്തിനുയർത്തുന്ന വെല്ലുവിളികൾ തന്നെയാണ്. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും വാഹനങ്ങൾക്ക് എത്തിപ്പെടാൻ ഇപ്പോഴും പ്രയാസമാണ്. അത്യാസന്ന ഘട്ടങ്ങളിൽ രോഗികളെ ഹോസ്പിറ്റലിലെത്തിക്കാൻ കഴിയാതെ വരുന്നതും അവശ്യം വേണ്ട മരുന്നുകൾക്ക് കിലോമീറ്ററുകൾ താണ്ടി സുൽത്താൻ ബത്തേരിയിലെത്തേണ്ടതും പരിഹാരം തേടുന്ന പ്രശ്നങ്ങൾ തന്നെയാണ്.

ഈ പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻററും ഒരു ആയൂർവ്വേദ ആശുപത്രിയും പ്രവർത്തിക്കുന്നു. ഇവ രണ്ടും ഏതാണ്ട് അടുത്തടുത്ത പ്രദേശത്തായി നായ്ക്കട്ടിയിലെ നിരപ്പം എന്ന സ്ഥലത്തും കല്ലൂരിലും സ്ഥിതി ചെയ്യുന്നു. പി.എച്ച്.സി.യോടനുബന്ധിച്ച് 6 സബ്സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ വടക്കനാട് ഐ.പി.പി. ആരോഗ്യ കേന്ദ്രവും, കൊട്ടനോട് ഹെൽത്ത് സെൻറർ, അഞ്ചാം വാർഡിലെ കരടിമാട് ഹെൽത്ത് സെൻറർ, ചോയിമൂലകുണ്ടാണം കുന്ന് എന്നിവിടങ്ങളിലാണ് ആരോഗ്യ കേന്ദ്രങ്ങൾ. ഹെൽത്ത് സെൻററുകളിൽ എല്ലാം തന്നെ പ്രവർത്തന ക്ഷമമല്ലെങ്കിലും ഒരു പരിധി വരെ ആ പ്രദേശത്തെത്തുന്നവർക്ക് ചെറിയൊരാശ്വാസം പകരുന്നവയാ ണ് ഇവ. നൂൽപ്പുഴ പി.എച്ച്.സി.യിൽ ദിവസേന ഏതാണ്ട് 200ഓളം രോഗികൾ ചികിത്സയ്ക്ക് എത്തുന്നുണ്ട്. ഇവിരിൽ ഭൂരിഭാഗവും ആദിവാസികളാണ്. എന്നാൽ ഈ ആശുപത്രിക്ക് ഇപ്പോഴും ആവശ്യത്തിനുള്ള കെട്ടിടങ്ങളോ കിടക്കകളോ അവശ്യം വേണ്ട ഡോക്ടർമാരോ മറ്റ് സ്റ്റാഫുകളോ ഇല്ല. നിലവിൽ അത്യാവശ്യം വേണ്ട മരുന്നുകൾ പോലും കൊടുക്കാൻ ഈ ആശുപത്രിക്ക് കഴിയുന്നില്ല.

നിലവിൽ വാർഡിൽ 18 അംഗൻവാടികൾ ഉണ്ടെങ്കിലും ഒന്നിൻെറയും പ്രവർത്തനം തൃപ്തികരമല്ല.

## പ്രശ്നങ്ങൾ

നിലനിൽക്കുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടത് ആരോഗ്യപരിസരശുചീകരണ രംഗത്തെ ശരിയായ ബോധവൽക്കരണത്തിന്റെ കുറവ് തന്നെയാണ്. എന്നാൽ ആരോഗ്യ രംഗത്ത് ആവശ്യം വേണ്ട പ്രൈമറി ഹെൽത്ത് സെൻററിന്റെ പ്രവർത്തനവും ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥയും പ്രശ്നങ്ങളുടെ ആക്കം കൂട്ടുന്നവയാണ്. രോഗികൾക്ക് രോഗമുണ്ടായാലോ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാലോ എളുപ്പം എത്തിപ്പെടാൻ കഴിയാത്തത്ര ദൂരത്തിലാണ് പഞ്ചായത്തിലെ ഏക പി.എച്ച്.സി. സ്ഥിതി ചെയ്യുന്നത്. ഏതാണ്ട് പഞ്ചായത്തിന്റെ നടുക്കാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നതെങ്കിലും പഞ്ചായത്തിന്റെ വടക്കേ അറ്റമായ കോളൂർ കുറിച്യാട് എന്നിവിടങ്ങളിലോ ചെട്ട്യാലത്തൂർ മൂക്കുന്നുകുന്ന് തുടങ്ങിയ തെക്കെ അതിർത്തിയിലോ താമസിക്കുന്നവർക്കുണ്ടാകുന്ന രോഗത്തിന് നായ്ക്കട്ടിക്കടത്ത് നിരപ്പം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പി.എച്ച്.സി.യിൽ എത്തി ചികിത്സ തേടൽ അപ്രായോഗികമാണ്. 25നുമേൽ കിലോമീറ്റർ സഞ്ചരിച്ചാലേ ഈ. ആരോഗ്യ കേന്ദ്രത്തിൽ മേൽപറഞ്ഞ സ്ഥലങ്ങളിൽ നിന്ന് എത്താൻ കഴിയൂ. ആരോഗ്യ കേന്ദ്രത്തിന്റെ നിലവിലുള്ള അവസ്ഥയും വളരെ ശോചനീയമാണ്. മൊത്തം 30000ത്തോളം ആളുകൾ താമസിക്കുന്ന ഈ പഞ്ചായത്തിലെ ഈ ആരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർ - 1, ഫാർമസിസ്റ്റ് - 1, സ്റ്റാഫ് നെഴ്സ് - 1, നെഴ്സിങ്ങ് അസിസ്റ്റൻറ് - 1, ഹോസ്പിറ്റൽ അറ്റൻേറഴ്സ് - 2, ക്ലാർക്ക് - 1, ലേഡീ ഹെൽത്ത് ഇൻസ്പെക്ടർ 1, ഹെൽത്ത് ഇൻസ്പെക്ടർ - 1, ജൂനിയർ

പബ്ലിക്ക് ഹെൽത്ത്നേഴ്സ് ഗ്രേഡ് II 7, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 3, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II1, ഡ്രൈവർ 1, ലാബ് ടെക്നീഷ്യൻ - 1, PTS, ONAIലെ പ്രസിസൂപ്രവൈസർ - 1 എന്നിങ്ങനെയാണ് staff pattern. എന്നാൽ ഇവയിൽ പല തസ്തികകളും നിയമിക്കപ്പെടാതെയോ ട്രാൻസ്ഫർ പ്രകാരം ആളില്ലാതെയോ കിടക്കുന്ന അവസ്ഥയാണുള്ളത്.

ആദി മേഖലയായ ഈ പഞ്ചായത്ത് മാതൃശിശു സംരക്ഷണത്തിൻെറ കാര്യത്തിൽ വളരെ പിന്നോക്കം തന്നെയാണ്. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം, അതായത് ഗൈനക്കോളജിസ്റ്റ് സ്കിൻ സ്പെഷ്യലിസ്റ്റ് എന്നിവർ, ഈ അശുപത്രിയിൽ ഇല്ലാത്തത് മാതൃശിശു പരിപാലന രംഗത്ത് ശ്രദ്ധിക്കാൻ കഴിയുന്നില്ല എന്നുള്ളതിന് ഉദാഹരണങ്ങളാണ്. ഏറ്റവും കൂടുതൽ രോഗബാധയേൽക്കുന്നതും മരണം സംഭവിക്കുന്നതിനും സാദ്ധ്യതയുളളത് നവജാത ശിശുക്കളിലും കുട്ടികളിലുമാണ്. എന്നാൽ ഒരു ശിശു രോഗ വിദഗ്ദ്ധൻെറ സേവനവും ഈ ആശുപത്രിയിൽ ലഭ്യമല്ല.

മുൻകാലങ്ങളിൽ ഈ ആശുപത്രിയിൽ കിടത്തി ചികിത്സിച്ചിരുന്നതാണ്. എന്നാൽ ഇപ്പോൾ ആവശ്യത്തിനു ബെഡുകൾ ഇല്ലാത്തത് മൂലവും ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭിക്കാത്തതു മൂലവും കിടത്തി ചികിത്സ നടക്കുന്നില്ല. ആദിവാസികൾക്കിടയിലാണ് കൂടുതലും സാംക്രമിക രോഗങ്ങൾ എന്ന് മുൻപ് പറഞ്ഞുവല്ലോ. എന്നാൽ രോഗബാധിതരായ ആദിവാസികളെ കുടിലുകളിൽ ചെന്ന് കണ്ടെത്തി ആശുപത്രികളിലെത്തിക്കുന്നതിനോ ആവശ്യമായ ചികിത്സ നൽകുന്നതിനോ കഴിയുന്നില്ല. ആബുലൻസ് ഇല്ലാത്തതും വഴി സൗകര്യങ്ങൾ കുറവായതുമാണ് ഇതിനുള്ള പ്രധാന കാരണങ്ങൾ. കൂടാതെ ഫീൽഡ് വർക്ക് നടത്തുന്ന ആരോഗ്യ കേന്ദ്ര ജീവനക്കാർക്ക് രോഗികളെ കണ്ടെത്താൻ സാധിക്കുന്നില്ല. കാരണം അവർ പലപ്പോഴും കൂരകൾക്കുള്ളിൽ പുറത്തറിയിക്കാതെ ചെറു രോഗങ്ങളെ മാരകരോഗങ്ങളാക്കി മാറ്റി മരണവും കാത്തു കിടക്കുകയായിരിക്കും. കൂടാതെ അന്ധ വിശ്വാസങ്ങൾ നിലനിൽക്കുന്ന ഈ വിഭാഗം മന്ത്രവാദങ്ങൾക്കും മറ്റുമായി ദിവസങ്ങൾ ചിലവിടുകയും പണം ചിലവാക്കുകുയം ചെയ്യുമെങ്കി ലും 'സൂചിപ്പേടി' (injection ചെയ്യുന്നതിനെ പേടിക്കുക) ആദിവാസികളിൽ ചുരുങ്ങിയൊരു വിഭാഗത്തെ ആധുനിക ചികിത്സയിൽ നിന്നകറ്റി നിർത്തുന്നു.

നൂൽപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 50 ബെഡ്ഡുകൾ മുമ്പ് അനുവദിച്ചിരുന്നതാണ്. കെട്ടിട സൗകര്യത്തിൻെറ കുറവുമൂലം ഇത് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കിടത്തി ചികിത്സയ്ക്ക് ബത്തേരിയെ മാത്രം ആശ്രയിക്കേണ്ടി വരുന്ന നൂൽപ്പുഴക്കാർക്ക് സൗജന്യമായ ചികിത്സാ നിർദ്ദേശം കിട്ടിയാലും മരുന്നു വാങ്ങുന്നതിനുളള സാമ്പത്തിക കുറവും ഒരു പ്രശ്നം തന്നെയാണ്. സർക്കാർ ആശുപത്രികളിലെ കാര്യക്ഷമതക്കുറവ് മരുന്നിൻെറ ദൗർലഭ്യം ഡോക്ടർമാരുടെ ആത്മാർത്ഥ ഇല്ലായ്മ ആരോഗ്യ സേവന രംഗത്തെ മറ്റു പ്രവർത്തകരുടെ വിമുഖത എന്നീ ആരോഗ്യ രംഗത്തെ പ്രശ്നങ്ങളെ അങ്ങനെ വിട്ടാൽ സമീപ ഭാവിയിൽ ഒന്നും കേരളത്തിൻെറ പൊതു ആരോഗ്യാവസ്ഥയുടെ അയൽപക്കത്തെത്താൻ പോലും നൂൽപ്പുഴ പഞ്ചായത്തിന് കഴിയില്ല.

മുഴുവൻ വാർഡുകളിലും നിലനിൽക്കുന്ന മറ്റൊരു ആരോഗ്യ പ്രശ്നമാണ് മലിനീകരണം. കോളനികളിലെ മലിനീകരണം തടയാനും പഞ്ചായത്തിലെ പ്രധാന ടൗണുകളായ മൂലങ്കാവ്, നായ്ക്കട്ടി, കല്ലൂർ എന്നിവിടങ്ങളിലെ മാലിന്യ കൂമ്പാരങ്ങൾ നിർമ്മാർജ്ജനം ചെയ്യാനും ഇപ്പോൾ കേന്ദ്രീകൃതമായി കഴിയുന്നില്ല. കോളനികളിലെ പൊതു വിസർജ്ജനം തടയേണ്ടത് അത്യാവശ്യമാണ്. വെള്ളംകെട്ടി കിടക്കുന്ന അവസ്ഥയിൽ വൃത്തിഹീനമായ ചുറ്റുപാടുകളും കുടിവെള്ളത്തിൽ മാലിന്യങ്ങൾ കലരുന്നതും സർവ്വസാധാരണമാണ്. വ്യക്തമായ ബോധവൽക്കരണമില്ലാത്തതാണ് ഇതിനെല്ലാം കാരണം എന്നു പറയാം.

ആരോഗ്യപ്രവർത്തകരായ ഫീൽഡ് വിസിറ്റർമാർ, ഹെൽത്ത് വിസിറ്റർമാർ എന്നിവർ നിരന്തരമായി ഗ്രാമപ്രദേശങ്ങളിലും കോളനികളിലും ബന്ധപ്പെടുന്നില്ല. ഇങ്ങനെ ബന്ധപ്പെടാത്തതിനാൽ ഏതെങ്കിലും ഒരു കോളനിയിൽ പൊട്ടിപ്പുറപ്പെടുന്ന രോഗങ്ങൾ പകർന്ന് വ്യാപിച്ച് അതിൻെറ സംഹാരരൂപത്തിൽ എത്തുന്നതോടെ മാത്രമെ അധികൃതർ അറിയുന്നുള്ളു. സിക്കിൾസെൽ അനീമിയയും പട്ടിണിമരണവും വാർത്തകൾ സൃഷ്ടിച്ചതിന് പിന്നിൽ അന്വേഷിച്ചാൽ മറ്റ് കാരങ്ങളൊന്നും പറഞ്ഞൊഴിയാൻ നമുക്കാവില്ല.

മത്സ്യ മാംസങ്ങൾ വ്യാപാരം നടത്തുന്നതിന് പ്രത്യേകം കേന്ദ്രങ്ങൾ ഇല്ലാത്തത് ഒരു ആരോഗ്യ പ്രശ്നമായി അവശേഷിക്കുന്നു. വൃത്തിഹീനമായ ചുറ്റുപാടുകളിൽ കശാപ്പു നടത്തുകയും വിൽപന നടത്തുകയും ചെയ്യുന്ന മാംസത്തിൻെറ വൃത്തിയെ കുറിച്ച് ചിന്തിക്കാമല്ലോ. മത്സ്യ വ്യാപാര രംഗവും വ്യത്യസ്തമല്ല. വ്യാപാരികൾ ഇഷ്ടമുള്ളിടത്ത് വെച്ച് മാംസ്യം വിൽക്കുന്നത് പ്രധാന ടൗണുകളിലെല്ലാം തന്നെ വൃത്തിരഹിത ചുറ്റു

പാടുകൾ സൃഷ്ടിക്കുന്നു.

സർവ്വോപരി പോഷണമില്ലായ്മയും പട്ടിണിയുമാണ് ആദിവാസികൾക്കിടയിലെ മാരകരോഗം.

സാധാരണ ജനങ്ങൾ സർക്കാർ ആശുപത്രികളെ വളരെ വിരളമായി മാത്രം സമീപിക്കുന്നത് ആധുനിക ചികിത്സാരീതികൾ ഇല്ല എന്ന വിശ്വാസവും സർക്കാർ ആശുപത്രിയെ കുറിച്ചുള്ള മോശമായ ധാരണയുമാണ്. ആദിവാസികൾ അല്ലാത്തവർമാത്രമല്ല ആദിവാസികളിൽ ഒരു വിഭാഗവും സുൽത്താൻ ബത്തേരിയിലെ സ്വകാര്യ ആശുപത്രിയെ മാത്രം ആശ്രയിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ഭീമമായ സംഖ്യ ചികിത്സാ ഫീസിനത്തിൽ ചിലവാക്കാൻ മാത്രമായി വിനിയോഗിക്കപ്പെടുന്നു. സ്വകാര്യ ആശുപത്രികളാവട്ടെ യാതൊരു നീതികരണവുമില്ലാത്ത രീതിയിൽ ഫീസ് ഈടാക്കുകയും ചെയ്യുന്നു.

ഫാമിലി വെൽഫയർ പ്രോഗ്രാം അനുസരിച്ചുള്ള ടാർജറ്റ് പൂർത്തിയാക്കാൻ പോലും നൂൽപ്പുഴ പി.എച്ച്.സി.ക്ക് കഴിയുന്നില്ല. ടാർജറ്റ് 50 ആണ് മറ്റ് ടാർജറ്റുകൾ. IUD insertion 90 immuniation ഗർഭിണികൾക്കം 245, കുട്ടികൾക്ക് 150, School health programme 300 എന്നിങ്ങനെയാണ്. എന്നാൽ വാഹനമില്ലായ്മയും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും ഈ ലക്ഷ്യത്തിനുള്ള തടസ്സങ്ങളാണ്.

## സാധ്യതകൾ

ആരോഗ്യരംഗത്ത് ഈ പഞ്ചായത്തിൻെറ സാധ്യത തുലോം തുഛമാണ്. നിലവിലുള്ള അവസ്ഥ പ്രശ്നങ്ങൾ നിറഞ്ഞതാകുമ്പോൾ സാധ്യതകളെക്കുറിച്ച് ചിന്തിക്കേണ്ടതും അത്യാവശ്യമാണ്. വാർഡിലെ അഭ്യസ്ഥവിദ്യരെ മുഴുവൻ ഉപയോഗപ്പെടുത്തുന്നതിലൂടെ സാധ്യതക്കുള്ള ഒരു വാതിൽ തുറക്കപ്പെടുന്നു. സാക്ഷരതാപ്രവർത്തനം തീവ്രമായി നടന്നിരുന്ന കാലഘട്ടങ്ങളിൽ ആദിവാസി കോളനികളും മറ്റും ഗ്രാമീണ മേഖലകളും അന്തി ക്ലാസ്സുകൾ കൊണ്ട് ജീവൻ തുടിച്ചിരുന്ന പ്രദേശങ്ങളായിരുന്നു. എന്നാൽ സാക്ഷരതാ അരങ്ങൊഴിച്ചതോടെ അതുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നവർ എവിടെ എന്നാർക്കും അറിയാതെയായി. ഇവിടെ ഈ സാക്ഷരതയുമായി ബന്ധപ്പെട്ടിരുന്നവരും പുതുതായി രംഗത്ത് വന്നിട്ടുള്ളവരും ചേർന്ന് വേണം ആരോഗ്യ മേഖലയിലെ പുത്തൻ ബോധവൽക്കരണം നടത്തേണ്ടത്. നൂൽപ്പുഴ പി.എച്ച്.സി.യുടെ കണക്കനുസരിച്ച് ഈ പഞ്ചായത്തിന് കീഴിൽ 141 ആദിവാസി കോളനികളാണുള്ളത്. പഞ്ചായത്തിലെ സന്നദ്ധരും അഭ്യസ്ഥവിദ്യരുമായിട്ടുള്ളവർക്ക് വിവിധ കോളനികൾ വീതിച്ചു നൽകുകുയം കോളനികളിലും മറ്റും വിദ്യാഭ്യാസം നേടിയിട്ടുള്ള ചെറുപ്പക്കാരെ നേതൃ സ്ഥാനത്തുനിർത്തി നിരന്തരമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതിനും പരിസരശുചിത്വം, ഭക്ഷണക്രമം, രോഗങ്ങൾ വരാനിരിക്കാനുള്ള വഴികൾ, സാംക്രമിക രോഗങ്ങൾ തടയാനുള്ള എളുപ്പവഴികൾ, ശാസ്ത്രീമായ ചികിത്സാ രീതികൾക്കുള്ള ഏകദേശ പ്രാഥമിക ചികിത്സ എന്നീ കാര്യങ്ങളെക്കുറിച്ച് ആദിവാസി പിന്നോക്ക വിഭാഗത്തെ ബോധവൽക്കരിക്കാൻ സാധിക്കും. ഗ്രാമീണ ജനങ്ങൾക്കിടയിൽ ആരോഗ്യ ബോധം വളർത്തുന്നതിനും പല തരം അസുഖങ്ങളെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ തിരുത്തുന്നതിനും പുത്തൻ അറിവുകൾ നൽകുന്നതിനും ഈ ഗ്രൂപ്പിന് കഴിയണം. ഈ ഗ്രൂപ്പുകൾക്ക് വേണ്ട ട്രെയിനിങ്ങുകൾ നൽകാൻ ഇപ്പോഴത്തെ ആരോഗ്യ പ്രവർത്തകർക്ക് കഴിയും. ജനകീയ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ കാലങ്ങളിൽ ആ കാലത്ത് വരുന്ന രോഗങ്ങളെ കുറിച്ച് ക്ലാസ്സുകൾ നടത്താനും തടയാനുള്ള മാർഗ്ഗങ്ങൾ മുൻകൂട്ടി നിർദ്ദേശിക്കുകയും ചെയ്യാവുന്നതാണ്.

ഓരോ പ്രദേശങ്ങളിലും ഇതു പോലുള്ള ചെറിയ ഗ്രൂപ്പുകൾക്കും അസുഖക്കാരെ കണ്ടെത്തുന്നതിനും ഉടൻ ചികിത്സ ലഭിക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്യാൻ കഴിയും. ആദിവാസികൾക്കിടയിലെ അഭ്യസ്ഥവിദ്യരെ ഈ രംഗത്ത് ഉപയോഗപ്പെടുത്തുമ്പോൾ അറിയാതെ കിടക്കുന്ന മാറാരോഗങ്ങളെ കുറിച്ച് മറ്റുള്ളവർക്ക് ലഭിക്കുന്നതിനേക്കാൽ എളുപ്പത്തിൽ അവർക്ക് വിവരം ലഭിക്കുകയും ചെയ്യും.

ആരോഗ്യ രംഗത്തെ സാദ്ധ്യത പാരമ്പര്യ ആദിവാസി ചികിത്സാ രീതകൾ ഏകോപിപ്പിക്കുകയും അതിന് പ്രചാരണം നൽകുക കൂടിയുമാണ്. വളരെ ഫലപ്രദമായ രീതിയിൽ ചികിത്സിക്കുന്ന ആദിവാസി വൈദ്യൻമാർ പല കോണുകളിലും അറിയപ്പെടാതെ കിടക്കുന്നു. ഇവരുടെ പച്ചമരുന്ന് ചികിത്സാരീതികൾ സാധാരാണ ജനങ്ങൾക്ക് കൂടി ഉപയോഗപ്പെടുത്തുന്നതിന് കഴിയും. എന്നാൽ മരുന്നുകളുടെ രഹസ്യം ചോർത്താൻ മടിക്കുന്ന ആദിവാസികളെ രഹസ്യം പുറത്തു വിടുന്നതിനായി നിർബന്ധിക്കാതിരിക്കുകയും തലമുറകൾക്ക് അവ കൈമാറുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം. പരിസര ശുചീകരണ രംഗവും മറ്റും ബോധവൽക്കരണ ക്ലാസുകളിലൂടെ മാത്രം മനസിലാവുന്നതല്ല അവ നിരന്തരമായ ബന്ധപ്പെടലിലൂടെയും ഇടപ്പഴകിയും നിർബന്ധിച്ചും നടപ്പാക്കുന്നതിലൂടെയും മാത്രമെ വിജയിപ്പിക്കാനാവൂ.

## പൊതു ജനാരോഗ്യം
## പൊതു വിവര പട്ടിക ★

| | | | | |
|---|---|---|---|---|
| 1. | a. | പഞ്ചായത്തിലെ ആകെ ജനസംഖ്യ | : | 23529 |
| | b. | പുരുഷന്മാർ | : | 11832 |
| | c. | സ്ത്രീകൾ | : | 11697 |
| 2. | a. | പട്ടിക ജാതി ജനസംഖ്യ | : | 1316 |
| | b. | പട്ടികവർഗ ജനസംഖ്യ | : | 9303 |
| 3. | | അംഗൻവാടികളുടെ എണ്ണം | : | 18 |
| 4. | a. | ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | : | 456 |
| | b. | 1-2 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ | : | 402 |
| | c. | 2-3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ | : | 413 |
| | d. | 3-5 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ | : | 805 |
| 5. | a. | വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | : | 149 |
| | b. | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : | 88 |
| 6. | | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം ( 6 മാസം വരെ പ്രായമുള്ള കുട്ടികളുടെ എണ്ണം) | : | 184 |
| 7. | a. | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | : | 307 |
| | b. | ചാപിള്ള ജനനങ്ങൾ | : | 7 |
| 8. | a. | ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെഎണ്ണം (95-96) | : | 3 |
| | b. | 1-3 വയസ്സു വരെ മരിച്ച കുട്ടികളുടെ എണ്ണം | : | 3 |
| | c | 3-6 വയസ്സ് വരെ മരിച്ച കുട്ടികളുടെ എണ്ണം | : | 1 |
| 9. | a. | ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം. | : | — |
| | b. | മറ്റു മരണങ്ങളുടെ എണ്ണം | : | — |
| 10. | a. | അനുപൂരക പോഷാകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : | 1720 |
| | b. | അനുപൂരക പോഷാകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : | 63 |
| | c. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 120 |

★ അംഗൻവാടികളിൽ നിന്ന് ലഭിച്ച കണക്കുകൾ

## പരിഹാരങ്ങൾ

ആരോഗ്യ സേവന രംഗത്ത് പ്രവർത്തിക്കുന്നവരുടെ ആത്മാർത്ഥതയാണ് ആദ്യത്തേതും അവസാനത്തേതുമായ പരിഹാരം. മറ്റ് പരിഹാരങ്ങൾ താഴെ പറയുന്നു.

1. നൂൽപ്പുഴ പി.എച്ച്.സി.യുടെ ഇന്നത്തെ അവസ്ഥ മാറ്റി അവിടെ ശിശുരോഗ വിദഗ്ദ്ധർ, ഗൈനക്കോളജിസ്റ്റ് എന്നിവരെ നിയമിക്കുക.

2. നൂൽപ്പുഴ പി.എച്ച്.സി.യുടെ ലബോറട്ടറി സൗകര്യം വർദ്ധിപ്പിക്കുക. മരുന്നുകൾ ആവശ്യാനുസരണം വിതരണം ചെയ്യുക, ആവശ്യമായ ഉപകരണങ്ങൾ നൽകുക, ഉപയോഗിക്കാവുന്ന തരത്തിലുള്ള ഒരു വാഹനം അതായത് ജീപ്പ് അനുവദിക്കുക.

3. ആരോഗ്യ കേന്ദ്രങ്ങളെ മുഴുവൻ വൈദ്യുതീകരിക്കുക.

4. ആരോഗ്യ കേന്ദ്രങ്ങളിൽ സ്ഥിരമായോ Part time ആയോ ഡോക്ടർമാരെ നിയമിക്കുക.

5. ഏറ്റവും ചുരുങ്ങിയത് ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഒരു വാർഡിൽ ഒരു ഡോക്ടർ പരിശോധനക്കായി എത്തുക.

6. നിലവിലുള്ള ഹെൽത്ത് സെൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

7. നിലവിലുള്ള കല്ലൂർ ആയുർവ്വേദ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിച്ച് പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സേവനം ലഭിക്കുന്ന രീതിയിലാക്കുക.

8. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ മഹിളാസമാജങ്ങളും, അംഗൻവാടികൾ, ക്ലബ്ബുകൾ എന്നിവിടങ്ങളിൽ വെച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുക.

9. പുത്തൂര്, മണിമുണ്ട, വെള്ളക്കെട്ട്, പ്ലാക്കാവ് പാമ്പും കൊല്ലി എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒന്നും ഒന്നാം വാർഡിൻെറയും പത്താം വാർഡിൻെറയും പ്രധാനപ്പെട്ട ഒരു സ്ഥലത്ത് ഒന്നു വീതവും ഹെൽത്ത് സെൻററുകൾ സ്ഥാപിക്കുക.

10. നൂൽപ്പുഴ പി.എച്ച്.സി.യിൽ കിടത്തി ചികിത്സിപ്പിക്കാവുന്ന സൗകര്യം ഉണ്ടാക്കുന്നതിനായി കൂടുതൽ കിടക്കകൾ കൊള്ളിക്കുന്ന തരത്തിൽ കെട്ടിടം പണിയുക.

11. മുഴുവൻ കോളനികളും കേന്ദ്രീകരിച്ച് ഹെൽത്ത് സെൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

12. മൂലങ്കാവ്, കല്ലൂർ , നായ്ക്കട്ടി എന്നീ ടൗണുകളിലെ മാലിന്യങ്ങൾ നീക്കുക.

13. എല്ലാ ആദിവാസി കോളനികളിലും കക്കൂസുകൾ, നിർമ്മിക്കുകയും അത് ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

14. പരിസര ശുചീകരണം നിലനിർത്തുന്നതിനായി മുഴുവൻ ജനങ്ങളെയും പ്രത്യേകിച്ച് ആദിവാസികളെയുംബോധവൽക്കരിക്കുക.

15. ജനകീയ സമിതികൾ കോളനികൾ വീതിച്ചെടുത്ത് അവിടുത്തെ ആരോഗ്യപ്രശ്നങ്ങൾ നിരന്തരം നിരീക്ഷിക്കുക. ആവശ്യമെന്ന് കണ്ടാൽ വേണ്ട മുഴുവൻ സഹായവും നൽകുകയും വേണം.

16. സാക്രമിക രോഗങ്ങൾ പടരാതിരിക്കാൻ ഹെൽത്ത് വിസിറ്റർമാരും, ഹെൽത്ത് ഇൻസ്പെക്ടർമാരും ആദിവാസി കോളനികളിലെ ആരോഗ്യവിവരങ്ങൾ ഓരോ മാസവും അന്വേഷിക്കുക.

17. നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുക.

18. വഴികൾ നിലവിലില്ലാത്ത ആദിവാസി കോളനികളിലൂടെ വാഹനസൗകര്യങ്ങൾ ഉണ്ടാക്കാവുന്ന തരത്തിൽ വഴികൾ നിർമ്മിക്കുക.

19. സാംക്രമിക രോഗങ്ങളെയോ മാരകരോഗങ്ങളെയോ കുറിച്ച് വിവരം ലഭിച്ചാൽ ഡോക്ടർമാർ ഉടൻ സ്ഥലങ്ങളിൽ എത്തിച്ചേരുക.

20.. എല്ലാ വാർഡുകളിലും ശവം മറവ് ചെയ്യത്തക്കരീതിയിലുള്ള ശ്മശാനം ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

21. ആദിവാസി കോളനികളിലെ മലിനജലം ഒഴുക്കുന്നതിന് ഡ്രെയിനേജ് നിർമ്മിക്കുക.

22. വെളിപ്രദേശത്തുള്ള മലവിസർജ്ജനം നിരുത്സാഹപ്പെടുത്തണം.

23. ഗർഭിണികളിലും കുട്ടികളിലും വേണ്ട കുത്തിവെപ്പകളും ചികിത്സകളും നടത്തുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർമാരും സന്നദ്ധ പ്രവർത്തകരും തയ്യാറാവുക.

24. പഞ്ചായത്തിലെ ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിൻെറ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഫുഡ്ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുക.

25. ബോധവൽക്കരണ ക്ലാസുകൾ മുഴുവൻ കോളനികളിലും സംഘടിപ്പിക്കുക.

26. ശുദ്ധജല വിതരണം എല്ലാ വാർഡുകളിലും ഉറപ്പു വരുത്തുക.

27. അംഗൻവാടികളെ കുടുംബക്ഷേമ പ്രവർത്തനത്തിൻെറ കേന്ദ്രങ്ങളാക്കുക.

28. ആറാം വാർഡിലെ ഹെൽത്ത് സെൻററിൽ

ആഴ്ചയിൽ ഒരിക്കലെങ്കിലും ഡോക്ടർ നിർബന്ധമായും ഉണ്ടാകണം. ആദിവാസി മേഖലയാണിത്. സാംക്രമിക രോഗങ്ങൾ തടയാനുള്ള മുൻകരുതലുകൾ യഥാകാലം എടുക്കണം. ആരോഗ്യ പ്രവർത്തനകർ നിരന്തരം കോളണികൾ സന്ദർശിക്കണം.

29. മൊബൈൽ ആരോഗ്യ കേന്ദ്രം സ്ഥാപിച്ച് ആദിവാസി കോളനികളിൽ ആരോഗ്യ സംരക്ഷണം ശ്രദ്ധിക്കണം. നിരന്തരമായ ഇടപെടലുകളിലൂടെ ഈ വിഭാഗത്തിൻെറ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തണം.

30. പഞ്ചായത്ത് തലത്തിൽ ഒരു ആംബുലൻസ് വേണം.

31. മൂക്കുത്തികുന്ന് ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക.

# കുടിവെള്ളം

## നിലവിലുള്ള അവസ്ഥ

വയനാട്ടിലെ പൊതു കാലാവസ്ഥയിൽ നിന്നും വളരെ വ്യത്യാസമൊന്നും ഈ പഞ്ചായത്തിലെ കാലാവസ്ഥയിലും ഇല്ല. മഴയുടെ കാര്യത്തിൽ ശരാശരി മഴ ലഭിക്കുന്നുണ്ടെങ്കിലും വേനൽകാലത്ത് അനുഭവപ്പെടുന്ന ശുദ്ധ ജല ക്ഷാമം തുടങ്ങിയിട്ട് കാലം ഏറെയായിട്ടില്ല. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സൗമ്യ സമീപനത്തിന് മാറ്റം വന്നതോടു കൂടി തന്നെ പ്രകൃതി മനുഷ്യനെ ഓരോ പാഠങ്ങൾ പഠിപ്പിച്ചു കൊണ്ടിരിക്കാറുണ്ടല്ലോ. ആ പാഠം നൂൽപ്പുഴയേയും പഠിപ്പിച്ചു വരുന്നു. പഞ്ചായത്തിൻെറ മൊത്ത സ്ഥിതിയെക്കുറിച്ച് ഇതിനു മുമ്പ് തന്നെ വിലയിരുത്തിക്കഴിഞ്ഞിട്ടുണ്ടല്ലോ. അതിൽ നിന്നും പഞ്ചായത്തിൻെറ ഏറിയ പങ്കും വന പ്രദേശമാണെന്നും കണ്ടു കഴിഞ്ഞല്ലൊ. എന്നാൽ ഏതാണ്ട് 50 വർഷം മുമ്പ് മുതൽ നടന്ന കൂട്ടത്തോടെയുള്ള കുടിയേറ്റങ്ങൾ ഭരണാധികാരികളുടെ വികലമായ കാഴ്ചപ്പാടും പ്രകൃതിയുടെ തനത് സ്വഭാവത്തിന് മാറ്റം വരുത്തി കുടിയേറ്റ കർഷകർ കാർഷിക വിളകൾ വെച്ചു പിടിപ്പിക്കുന്നതിനായ് അന്ന് നിലനിന്നിരുന്ന സ്വാഭാവിക വനം വെട്ടിത്തെളിക്കുകയും കൃഷിയിറക്കുകയും ചെയ്യുകയാണുണ്ടായത്. എന്നാൽ ഗവൺമെൻറുകളാകട്ടെ സ്വാഭാവിക വനം മുഴുവനായും മുറിച്ചു മാറ്റി പ്ലാൻേറഷൻ എന്ന രീതിയിലേക്ക് ഈ വനപ്രദേശങ്ങളെ മാറ്റുകയും ചെയ്തു. സ്വാഭാവിക വനങ്ങൾ നിലനിന്നിരുന്ന കാലഘട്ടത്തിൽ പഞ്ചായത്തിൽ കുടിവെള്ളം ഒരു പ്രശ്നമേ ആയിരുന്നില്ല. എന്നാൽ സ്വാഭാവിക വനത്തിൻെറ സ്ഥാനത്ത് തേക്കും യൂക്കാലിപ്റ്റ്സും സിൽവർ ഓക്കും സ്ഥാനം പിടിച്ചതോടെ മുമ്പ് മുഴുവൻ സമയങ്ങളിലും ശുദ്ധതെളിനീരുകൾ നൽകിയിരുന്ന അരുവികൾ ക്രമേണ വറ്റുകയും പരിസരങ്ങളിലെ മുഴുവൻ കിണറുകളിലെ വെള്ളം ഉൾവലിയുകയും ചെയ്തു. ഇങ്ങനെ പഞ്ചായത്തിൻെറ മുഴുവൻ പ്രദേശത്തും ശുദ്ധ ജലം ലഭിക്കാത്ത സ്ഥിതി വരികയും ജനങ്ങളുടെ ശുദ്ധ ജലാവശ്യപ്രശ്നം പരിഹരിക്കാൻ അധികാരികൾക്ക് പൂർണ്ണതോതിൽ കഴിയാതാകുകയും ചെയ്തു. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തു വകയായി 3 കുളങ്ങളും 105 കിണറുകളുമാണുള്ളത്. വാർഡ് തിരിച്ചുള്ള പട്ടിക.1ൽ കൊടുക്കുന്നു.

ഇവ കൂടാതെ 2-ാം വാർഡിൽ കരിപ്പൂര് ശുദ്ധ ജല വിതരണ പദ്ധതിയും രണ്ടാം വാർഡിലെ തന്നെ 20ഓളം പേർ ചേർന്ന് നിർമ്മിച്ച കുളത്തൂർകുന്ന് ജല വിതരണ സംഘവും മറ്റും ഇപ്പോഴും പ്രവർത്തിച്ചു വരുന്നവയാണ്. എന്നാൽ നൂൽപ്പുഴ ശുദ്ധജല വിതരണ പദ്ധതിയുടെ അപൂർ ണ്ണാവസ്ഥ ഇപ്പോഴു നിലനിൽക്കുന്നു.

### പ്രശ്നങ്ങൾ

പ്രകൃതിയുടെ ജലസ്രോതസ്സുകൾ വറ്റുകയും കിണറുകളുടെ ആഴം കൂട്ടി വരികയും ചെയ്യുന്നത് പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സജീവമായി നിൽക്കുന്ന പ്രശ്നവും കുടിവെള്ള പ്രശ്നമാണ്. കുടിവെള്ളത്തിൻെറ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി പഞ്ചായത്ത്ഇതുവരെ നടത്തിയ പദ്ധതികൾ അപര്യാപ്തമാണ്. ഭൂപ്രകൃതി അനുസരിച്ച് വലിയ കുന്നിൻ പ്രദേശങ്ങൾ ഇല്ലാത്ത പ്രദേശമാണ് നൂൽപ്പുഴ എങ്കിലും സാധാരണ കിണറുകൾ 30 മുതൽ 40 വരെ അടി താഴ്ത്തേണ്ടതായി വരുന്നു. ജല ലഭ്യത എല്ലാ സമയവും ഉറപ്പു വരുത്തണമെങ്കിൽ കിണറുകൾക്ക് ആഴം കൂട്ടുക തന്നെയേ നിർവൃത്തിയുള്ളു. എന്നാൽ ഈ ഭാരിച്ച ചിലവ് ഒരു ഭാഗത്തു നിൽക്കുമ്പോൾ ഇത്രയും ആഴത്തിൽ നിന്ന് വെള്ളം കോരിയെടുക്കുന്നതിന് ഉപയോക്താക്കൾക്ക് വളരെ വിഷമം അനുഭവപ്പെടുന്നു. എന്നാൽ കുഴൽകിണറുകളുടെ കാര്യത്തിൽ അവ പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നു എന്ന ധാരാണ പൊതു ജനങ്ങൾക്ക് കുഴൽകിണറിനോടുള്ള താൽപര്യം കുറച്ചിട്ടുണ്ട്. ഒരു കുഴൽ കിണർ കുഴിച്ചാൽ

## നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് കുളങ്ങളെയും കിണറുകളെയും സംബന്ധിച്ച വിവരങ്ങൾ (പഞ്ചായത്തു വക) (Ref. AH)

### പട്ടിക. 1

കുളങ്ങളുടെ എണ്ണം വിസ്തീർണ്ണത്തിനനുസരിച്ച് സെൻറിൽ

| വാർഡ് | 10 സെൻറിൽ താഴെ | 10-20 | 20-30 | 30-40 | 40-50 | 50ന് മുകളിൽ | കിണറുകൾ |
|---|---|---|---|---|---|---|---|
| 1 | – | 1 | – | – | – | – | 6Nos |
| 2 | – | – | – | – | – | – | 10 ,, |
| 3 | – | – | – | – | – | – | 5 ,, |
| 4 | – | – | – | – | – | – | 9 ,, |
| 5 | – | – | – | – | – | – | 18 ,, |
| 6 | – | – | – | – | – | – | 11 ,, |
| 7 | – | – | – | – | – | – | 15 ,, |
| 8 | – | – | – | – | – | – | 13 ,, |
| 9 | – | 1 | – | – | – | – | 10 ,, |
| 10 | – | 1 | – | – | – | – | 8, , |

അതിന് അടുത്തുള്ള മുഴുവൻ സാധാരണ കിണറുകളിലെയും വെള്ളം വറ്റിപ്പോകുകയും അങ്ങനെ ഒരു കുഴൽ കിണർ കുഴിക്കുന്നതിലൂടെ മറ്റൊരു വലിയ ജലക്ഷാമം സൃഷ്ടിക്കപ്പെടുന്നു എന്നുള്ള വാദം ശക്തിപ്പെടുന്നതുകൊണ്ടാണിത്. ഇതിൻെറ ശാസ്ത്രീയ വശം ചർച്ച ചെയ്യപ്പെടേണ്ടതാണെങ്കിലും പൊതുവെ ജലക്ഷാമം അനുഭവിക്കുന്നിടത്ത് സാധാരണ കിണറുകൾ നിർമ്മിക്കുക. എന്നതാണ് എല്ലാ രീതിയിലും ഗുണം ചെയ്യുക. നൂൽപ്പുഴ ശുദ്ധജല വിതരണ പദ്ധതിയുടെ ജോലികൾ തുടങ്ങിയിട്ട് നിരവധി വർഷങ്ങൾ ആയി എങ്കിലും ഇപ്പോഴും പൂർത്തികരിക്കാത്തത് മറ്റൊരു വലിയ പ്രശ്നം തന്നെയാണ്.

ആഴം കൂടിയ കിണറുകൾ വേനൽകാലത്ത് വറ്റിപോകുന്നതും, കുഴൽകിണറുകളിലെ വെള്ളത്തിൽ തുരുമ്പിൻെറ അംശം കലരുന്നതും ശുദ്ധ ജല ക്ഷാമത്തിൻെറ മറ്റൊരു വശമാണ്. ചെറിയ കുന്നുകളിൽ പോലും വെള്ളം എല്ലാകാലത്തും ലഭ്യമാകുന്ന തരത്തിൽ കിണറുകൾ കുഴിക്കുന്നത് സ്വകാര്യ വ്യക്തികൾക്കും പഞ്ചായത്തിനും വൻചിലവിന് കാരണമാകുന്നു. കൂടാതെ പൊതു വിതരണത്തിനായി വെള്ളം സുലഭമായി ലഭിക്കാവുന്ന പ്രദേശങ്ങളിൽ ആഴം കുറഞ്ഞ കിണറുകൾ നിർമ്മിച്ച് കുന്നിൻ മുകളിൽ ടാങ്ക് കെട്ടി ജല വിതരണം നടത്താൻ വേണ്ട പ്രവർത്തനങ്ങൾക്ക് വൈദ്യുതി ഇല്ലായ്മയും തുടർ ചിലവുകളെ സംബന്ധിച്ച അവ്യക്തതയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പഞ്ചായത്തിൽ ശരാശരി വരുമാനമുള്ളവർ മുഴുവൻ ശുദ്ധ ജലത്തിനായി സ്വന്തമായി കിണർ നിർമ്മിക്കുന്ന ഒരു പ്രവണത ഈ പഞ്ചായത്തിലുണ്ട്. കർഷകൻെറ ദീർഘകാലത്തെ സമ്പാദ്യം മുഴുവൻ ഒരു കിണർ നിർമ്മിക്കാൻ മാത്രമായി ഉപയോഗിക്കുന്ന അവസ്ഥ ഈ പഞ്ചായത്തിൽ സർവ്വസാധാരണമാണ്. സ്വകാര്യ കിണറുകൾ പല കാരണങ്ങളാലും അടുത്ത പ്രദേശത്തുകാർക്ക് ഉപയോഗിക്കാൻ കഴിയാറില്ല. ഇത്രയും ഭാരിച്ച പണം മുടക്കി നിർമ്മിക്കുന്ന കിണറുകളിൽ പലതും വേനൽകാലം ആകുമ്പോഴേക്കും വറ്റിപോകാറുണ്ട്. ഈ പ്രശ്നങ്ങൾ എല്ലാം കൂടി ചേർത്ത് വായിക്കുമ്പോൾ മാത്രമാണ് നൂൽപ്പുഴ ജല സേചന പദ്ധതി കമ്മീഷൻ ചെയ്യേണ്ട അത്യാവശ്യം ബോദ്ധ്യപ്പെടുന്നത്.

ഇവയെല്ലാം ചർച്ച ചെയ്യുമ്പോഴും വൃത്തിഹീനമായി കിടക്കുന്ന ആദിവാസി കോളനികളിലെ കിണറുകൾ

വൃത്തിയാക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും നടപടിയെടുക്കണം. ശുദ്ധ ജലം ലഭിക്കാത്ത ആദിവാസികൾ ദീർഘദൂരം യാത്രചെയ്യേണ്ട സ്ഥിതി നിലനിൽക്കുന്നുണ്ട്.

## സാധ്യതകൾ

നൂൽപ്പുഴ ശുദ്ധ ജല വിതരണ പദ്ധതിയും ജലവിതരണവും പൂർത്തിയാൽ നൂൽപ്പുഴ പഞ്ചായത്തിലെ ശുദ്ധ ജല ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരമാകും. കിണറുകളും കുളങ്ങളും കുഴൽകിണറുകളും നിർമ്മിക്കുമ്പോൾ സ്ഥിര ജലസ്രോതസ്സുകൾ കണ്ടുപിടിക്കുകയും കുന്നിൻമുകളിൽ നിന്ന്മാറി വയൽ അരികുകളിലും നിർമ്മിക്കുകയും ചെയ്യുക. ജനകീയ കുടിവെള്ള സമിതികൾ ഉണ്ടാക്കിയാൽ ഇപ്പോൾ വള്ളുവാടിയിലെ കുളത്തൂരി ലും കരിപ്പൂര്, നെന്മേനിക്കുന്ന്, മാളപ്പുര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന രീതി മാതൃകയാക്കാവുന്നതാണ്. ഭാരിച്ച സംഖ്യ മുടക്കി കിണർ കുഴിക്കാനോ മറ്റും കഴിയാത്തവരുടെ അയൽസംഘങ്ങളെ ഒന്നിപ്പിക്കുക വഴി കുളങ്ങളോ വലിയ കിണറുകളോ വയലരികിൽ നിർമ്മിക്കുകയും അതിന് ഡീസൽ/വൈദ്യുതി മോട്ടോർ ഘടിപ്പിച്ച് കുന്നിൻ മുകളിൽ ടാങ്കുകൾ നിർമ്മിച്ച് ജലം സംഭരിച്ച് ആ പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങൾക്കും ജലവിതരണം നടത്താൻ കഴിയുന്ന ഒരു ശൃംഖല ഉണ്ടാക്കിയെടുക്കാൻ പ്രാദേശിക ജനകീയ സമിതികൾ രംഗത്തു വരണം. വെള്ളത്തിനായി പഞ്ചായത്തുകളെ മാത്രം ആശ്രയിക്കുന്ന രീതി മാറ്റി എടുക്കേണ്ടതായിട്ടുണ്ട്. കിലോമീറ്ററുകൾ നടന്ന് കുടിവെള്ളം കൊണ്ടു വരുന്ന പ്രദേശങ്ങൾ പലതും ഈ പഞ്ചായത്തിൽ ഉണ്ട്. എല്ലാ വാർഡുകളിലും അങ്ങനെയുള്ള പ്രദേശങ്ങളിലേക്ക് കൂടുതൽ കിണറുകൾ കുഴിക്കുന്നതിന് പകരം വലിയ കിണറുകൾ കുഴിക്കുന്ന ചെലവിൽ ജലം ലഭ്യമായ പ്രദേശങ്ങളിൽ കിണർ കുഴിച്ച് മോട്ടോർ വെച്ച് വെള്ളം വിതരണം ചെയ്യുന്നതിന് മുൻഗണന നൽകുക. മുഴുവൻ വാർഡുകളെയും കോർത്തിണക്കി ഒരു ജലവിതരണ പദ്ധതിക്ക് നൂൽപ്പുഴ പഞ്ചായത്തിൽ സാധ്യത കുറവാണ്. അതുകൊണ്ടു തന്നെ പഞ്ചായത്തിന്റെ ശുദ്ധ ജല പദ്ധതികൾ ഇതു വരെ ഉണ്ടായിരുന്നതിൽ നിന്നും മാറ്റി ഇതിനോട് ചേർത്ത് നിർദ്ദേശിക്കുന്ന പരിഹാരങ്ങളുടെ പട്ടികയനുസരിച്ച് പ്രദേശങ്ങളിലെ ജനങ്ങളുമായി സഹകരിച്ച് പ്രാദേശിക ജല വിതരണ ശൃംഖലകൾ നിർമ്മിക്കാവുന്നതാണ്.

## പരിഹാരങ്ങൾ

ഗ്രാമ സഭയിലെ ചർച്ചയിൽ നിന്നും പരിഹാരങ്ങൾ സംക്ഷിപ്തീകരിക്കുമ്പോഴും താഴെ പറയുന്ന മുഴുവൻ പ്രദേശങ്ങളുടെ ആവശ്യങ്ങളും പരിഹാരമർഹിക്കുന്നതാണ്. അവയുടെ മുൻഗണനാക്രമത്തിന്റെ കാര്യത്തിൽ ചെറിയ ഏറ്റകുറച്ചിലെ ഉണ്ടാകൂ.

1. നൂൽപ്പുഴ ശുദ്ധ ജല വിതരണ പദ്ധതി ഉടൻ കമ്മീഷൻ ചെയ്യുക.

2. നൂൽപ്പുഴ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളെയും ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുക.

3. ആദിവാസികോളനികളിൽ മുഴുവൻ ശുദ്ധജലം എല്ലാ കാലത്തും ലഭ്യമാക്കുന്ന രീതിയിൽ കിണറുകൾ നിർമ്മിക്കുക.

4. കൂട്ടായ്മയിലൂടെയുള്ള ജല വിതരണ പദ്ധതികൾക്ക് പ്രോത്സാഹനം നൽകുക.

5. ചെലവ് കൂടിയ ആഴമുള്ള കിണറുകൾ നിർമ്മിക്കുന്നിടത്ത്, വയലരികിൽ ജലം ലഭിക്കിന്നിടത്ത് കിണർ കുഴിച്ച് മോട്ടോറും ടാങ്കും സ്ഥാപിച്ച് ജല വിതരണം എളുപ്പമാക്കുക.

6. ഒന്നാം വാർഡിൽ പള്ളിവയൽ കുന്നിൽ രണ്ട് കിണറും വള്ളിപ്പാടി കോളനി, മംഗലം കുന്ന് കോളനി, കതങ്ങത്ത് കോളനി, തത്തകിരി കോളനി, പുളിപ്പുര കോളനി, പണയമ്പം കുന്ന്, അത്തിപ്പുര കോളനി, ചെമ്പരത്തി മൂല, പച്ചാടി കോടാർ കുന്ന്, പണയമ്പം കുന്ന്, പന്തനാൽ കുന്ന് എന്നിവിടങ്ങളിൽ ഓരോ കിണറുകൾ വീതം സ്ഥാപിക്കുക. (ഇതിൽ പള്ളിവയൽ, പണയമ്പം എന്നിവിടങ്ങളിൽ വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് ജല വിതരണം നടത്തേണ്ടതാണ്.)

7.എളുപ്പം ജലം ലഭിക്കാവുന്ന സ്ഥലങ്ങളായ പണയമ്പം, ചടച്ചിപ്പുര, ചെമ്പരത്തി മൂല, പുളിയാടി, പച്ചാടി, പള്ളിവയൽ, മാങ്ങാപ്പുര, വെള്ളകെട്ട് പണിയർ കോളനി, ഒണ്ടൻപാടി, കോളൂർ, കുറിച്യാട്, കൊടന്നക്കര, മേലെ മംഗലം, മംഗലം വയൽ എന്നിവിടങ്ങളിൽ കേണികൾ നിർമ്മിക്കുക.

8. മണലിമൂല രണ്ട് കോളനികളിലെ കിണറുകളും, മംഗലം കുന്ന് , ചിറമൂല, പണയമ്പത്ത്, ഒണ്ടംകുനി, മണലാടി കൊടന്നകര എന്നിവിടങ്ങളിൽ നിലവിൽ ഉള്ള കിണറുകൾ നന്നാക്കുകയോ ആഴം കൂട്ടുകയോ ചെയ്യുക.

9. രണ്ടാം വാർഡിൽ രണ്ട് സ്ഥലത്ത് നിലനിൽക്കുന്നു. (കുളത്തൂർ കുന്ന്, കരിപ്പൂര്) വാട്ടർ സപ്ലൈ സമി

തികൾ വികസിപ്പിക്കുയും കൂടുതൽ പേർക്ക് ഉപകരിക്കുന്ന രീതിയിൽ ജല വിതരണം മെച്ചപ്പെടുത്തുകയും ചെയ്യുക. താവകൊല്ലി, വള്ളുവാടി കോളനി, അണ്ണിമൂല, കല്ലൂർകുന്ന്, നിരപ്പത്ത് കുന്ന്, സ്ക്കൂൾ കുന്ന്, കരിപ്പൂര്, ആനപ്പന്തി എന്നിവിടങ്ങളിൽ കിണറുകൾ സ്ഥാപിക്കുകയോ മറ്റ് രീതിയിൽ ജലവിതരണം നടത്തുകയോ ചെയ്യുക.

10. മൂന്നാം വാർഡിലെ ഏഴേക്കർകുന്ന് ജല വിതരണ പദ്ധതി നടപ്പാക്കുക. പിലാക്കാവ് നായ്ക്കകോളനി, കുറമ കോളനി, പുത്തൂര്, മണിമുണ്ട, ഏഴേക്കർ, പാമ്പുംകൊല്ലി, കുമ്പ്രംകൊല്ലി, കരിവള്ളികുന്ന് ജംഗ്ഷൻ, പൂളക്കര കുന്ന് (2 എണ്ണം), കാരശ്ശേരി, നരികൊല്ലി, കായപ്പുര, വെള്ളക്കോട്, മൂലങ്കാവ് ടൗൺ, സ്ക്കൂൾ എന്നിവിടങ്ങളിൽ കിണറുകൾ സ്ഥാപിക്കണം.

11. കല്ലൂർ ഹൈസ്ക്കൂളിലെ കുടിവെള്ള ക്ഷാമം തീർക്കേണ്ടതാണ്. നിലവിൽ ജലവിതരണ തടസ്സം മാത്രമെ ഉള്ളു. ഇതിന് പരിഹാരം ഉണ്ടാക്കണം. കല്ലൂർ ടൗണിലെ പൊതു കിണർ നന്നാക്കണം. പുറംപോക്കിലെ പഞ്ചായത്ത് കിണറും നന്നാക്കണം. കൂടാതെ നിരപ്പത്ത് മറുകര, ചുണ്ടക്കര, കുമ്പാരക്കര, സ്ക്കൂൾ കുന്ന്, ചുണ്ടക്കര താഴെ ഭാഗം എന്നിവിടങ്ങളിൽ കിണർ കുഴിക്കുകയോ ടാങ്ക് കെട്ടി പൊതുവായി ജലവിതരണം നടത്തുകയോ ചെയ്യണം. ഇങ്ങനെ ചെയ്താൽ 100ൽ അധികം കുടുംബങ്ങൾക്ക് ഉപകാരം ആകും.

12. അഞ്ചാം വാർഡിലെ ചുണ്ടപ്പാടി (2), മാറോട്, ചുണ്ടപ്പാടി നായ്ക്കകോളനി, പണപ്പാടി, കല്ലുമുക്ക് പള്ളിപരിസരം, കല്ലുമുക്ക് വടക്ക്, ചരക്കുനി, കോളൂര്, കല്ലുമുക്ക് ജോയിയുടെ കടക്ക് അടുത്ത്, കല്ലൂർ മാവേലി സ്റ്റോറിന് അടുത്ത്, മുറിയൻ കുന്ന് എന്നിവിടങ്ങളിൽ കിണറോ കേണിയോ കുഴിക്കേണ്ടതാണ്.

13. ഏഴാം വാർഡിൽ കുണ്ടാണം കുന്നിൽ കിണറും ടാങ്കും നിർമ്മിച്ച് മോട്ടോർ വെച്ച് ജല വിതരണം നടത്തുക. കിണർ കുഴിക്കുക. മണ്ണൂർ കുന്നിലെ ജല വിതരണത്തിനായി നിർമ്മിച്ച കിണർ, ടാങ്ക്, പൈപ്പ് ലൈൻ ഇവയ്ക്ക് ധനസഹായം നൽകുക, കോളിപ്പാളി കിണറിൻെറ ആഴം കൂട്ടുക, തേക്കുമ്പേറ്റ നാല് സെൻറ് കോളനി, മാതമംഗലം ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ കിണർ നിർമ്മിക്കുക. കുഴൽ കിണറുകളിലെ ഇരുമ്പ് പൈപ്പ് മാറ്റി പി.വി.സി. ഇടുക, ചോരംകൊല്ലിയിൽ ജലവിതരണ ശൃംഖല നിർമ്മിക്കുക. ഏഴാം വാർഡിലെ ശ്രീജയ എൽ.പി. സ്ക്കൂളിൽ ശുദ്ധ ജലം എത്തിക്കുക.

14. എട്ടാം വാർഡിൽ വാളംവയൽ, പന്തം കൊല്ലി, കോളോട്, ചെട്ടിയാലത്തൂൽ, ഒഴലമൂല, തീണൂർ ഇവിടങ്ങളിൽ കിണർ നിർമ്മിക്കുകയോ ശുദ്ധജലവിതരണ ശൃംഖല സ്ഥാപിക്കുകയോ ചെയ്യുക. പരിവാരം കുന്നിൽ കിണർ, ടാങ്ക് എന്നിവ സ്ഥാപിച്ച് ജലവിതരണം നടത്തുക.

15. 9-ാം വാർഡിലെ ഏഴ് കുഴൽ കിണറുകളിൽ ചുണ്ടക്കര ഒറ്റത്തേക്ക്, നാഗരംകുന്ന്, മാതമംഗലം, സ്ക്കൂൾ ഗ്രൗണ്ട് എന്നിവിടങ്ങളിലെ ഉപയോഗ ശൂന്യമായ കുഴൽ കിണറുകൾ നന്നാക്കുക. നാഗരംകുന്ന്, ചുണ്ടക്കര കുന്ന്, ക്ലബ്ബ് പരിസരം, സ്ക്കൂൾ പരിസരം, ബിച്ചാരം എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിച്ച് വെള്ളം നിറച്ച് വിതരണം ചെയ്യേണ്ടതാണ്. തേർവയൽ കിണർ റിംഗ് ഉയർത്തുക. ചെട്ടിയാലത്തൂർ ആദിവാസി കോളനിയിൽ കിണർ കുഴിക്കുക, ഒമ്പതാം വാർഡിൻെറ വിവിധ സ്ഥലങ്ങളിൽനൂൽപ്പുഴ പദ്ധതിയുടെ പത്തോളം ടാപ്പുകൾ കൂടി അനുവദിക്കുക.

16. ചിറക്കമ്പം - പൊട്ടൻചിറ, തേലമ്പറ്റ, അടിച്ചിലാടികുന്ന്, നായ്ക്കട്ടി, എരളോട്ട് കുന്ന് - 64, മൂലങ്കാവ് (മൂന്നാം വാർഡിലും നിർദേശമുണ്ട്) ഇവിടങ്ങളിൽ ശുദ്ധജലം എത്തണം. ചിത്രാലക്കര കുന്ന്, പുത്തൻ കുന്ന് ഇവിടങ്ങളിൽ കിണർ കുഴിക്കുക.

17. രണ്ടാം വാർഡിൽ തോരമംഗലം കുന്നിലെ 13 വീട്ടുകാർ ഇപ്പോൾ 800 മീറ്റർ നടന്ന് വയലിൽ ഇറങ്ങിയാണ് വെള്ളം ശേഖരിക്കുന്നത്. വർഷകാലത്ത് തൊണ്ടുകളും വരമ്പുകളും ഒരു പോലെ ചെളിയാകുന്നതിൽ കുടിവെള്ളം ശേഖരിക്കുന്നത് കൂടുതൽ രൂക്ഷമാകുന്നു. കുന്നിന് മുകളിൽ നീലപ്പടവിൽ ജോസിൻെറയോ ജോയിയുടെയോ പറമ്പിൽ ടാങ്ക് നിർമ്മിച്ച് വയലിൽ കിണർ കുഴിച്ച് മോട്ടോർ വെച്ചാൽ 13 വീട്ടുകാരുടെ ശുദ്ധ ജല ലഭ്യത ഉറപ്പു വരുത്താം.

19. ആറാം വാർഡിൽ മൈക്കര, തകരപ്പാടി, രാംപള്ളി, പൊൻകുഴി, മുത്തങ്ങ, കുമിഴി പ്രദേശങ്ങളിലെ ആളുകൾ പുഴവെള്ളം ആണ് ഉപയോഗിക്കുന്നത്. അടിയന്തിരമായി ചെറുകിട ശുദ്ധജല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. തകരപ്പാടി, രാംപള്ളി, ചെറുമൂല, മേലേ മൂല പണിയകോളനി, കുഴിമൂല കോളനി, കള്ളാടി കൊല്ലി - ഈ കിണറുകൾ റിപ്പെയർ ചെയ്താൽ ഉപയോഗയോഗ്യമാകും. അത് ഉടനെ നടത്തണം.

20. തോട്ടാമൂല കവലയിൽ (തോമസ് കീച്ചേരിയുടെ സ്ഥലത്ത്) കണൽ, മാപ്പിള പണിയകോളനി, ചുക്കാലികുനി കോളനി, കുമളി, മാടകുണ്ട്, കമ്പകോടി മേലെ, നടുവിലെക്കുന്ന്, പീറ്ററിൻെറ സ്ഥലത്ത്, പുതിയേടത്ത് ജോയിയുടെ സ്ഥലത്ത്, മേലേ മുത്തങ്ങ, കല്ലുമുക്ക് കോളനി, മറ്റത്തിൽ ജോയിയുടെ സ്ഥലത്ത് എന്നിവിടങ്ങളിൽ കിണർ കുഴിക്കുക. ❒



# പാർപ്പിടവും ക്ഷേമപ്രവർത്തനങ്ങളും

നൂൽപ്പുഴ പഞ്ചായത്തിൽ 5384 വീടുകൾ ഉണ്ട്. ഇതിൽ 1545 വീടുകളുടെ നില മെച്ചപ്പെട്ടതാണ്. 3528 വീടുകൾ ഓല മേഞ്ഞതുമാണ്. ഈ വീടുകളുടെ നില വളരെ പരിതാപകരമാണ്. 2252 വീടുകൾ കൂടി ഈ പഞ്ചായത്തിൽ അടിയന്തിരമായി നിർമ്മിക്കപ്പെടേണ്ടതു ണ്ട്. ഭവന നിർമ്മാണത്തിൽ ഉള്ള കാർഷിക പുരോഗതി വെറും 15% മാത്രമാണ് എന്നത് വളരെ ഖേദകരമാണ്. ഈ പഞ്ചായത്തിൽ ഹൗസിങ്ങ് സൊസൈറ്റികളോ ഹൗസിങ്ങ് കോളനികളോ നിലവിലില്ല. പല പദ്ധതികൾ പ്രകാരവും ആദിവാസികൾക്കായി നിർമ്മിക്കപ്പെട്ട വീടുകളിൽ പകുതിയിൽ ഏറെയും വാസയോഗ്യമല്ല. പല ഇടത്തും വീടുകൾ പൂർത്തീകരിക്കപ്പെടാതെ വർഷങ്ങളായി പണി നിർത്തിയിരിക്കുന്നു എന്നത് ഒരു വസ്തുത ആണ്.

കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളിൽ ഏറിയ പങ്കും ഇവിടെ ലഭ്യമല്ല. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ അഭാവം ഇവിടെ അനുഭവപ്പെടുന്നില്ല.

ഈ പഞ്ചായത്തിൽ 70%ത്തോളം പേർ ദാരിദ്രരേഖയ്ക്ക് താഴെയാണ്. ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളിൽ പലതും അർഹത പെട്ടവർക്ക് ലഭിക്കുന്നില്ല എന്നത് ഒരു വസ്തുത ആണ്. ഇത്തരം പദ്ധതികളെക്കുറിച്ച് താഴേക്കിടയിലുള്ളവർ ബോധവാന്മാർ അല്ല എന്നാൽ കാരണത്തിലാൽ തന്നെ ഇത്തരം സഹായങ്ങൾ ഇക്കൂട്ടർക്ക് ലഭിക്കുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ വളരെ കുറഞ്ഞ പേർക്കേ ലഭിക്കുന്നുള്ളു.

ഈ പഞ്ചായത്തിൽ അനുവദിക്കപ്പെട്ട 207 സാനിട്ടറി കക്കൂസുകളിൽ 114ഓളം മാത്രമേ ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളു. ഇത്തരം കക്കൂസുകളുടെ നിർമ്മാണത്തിൽ വിദഗ്ദരായ തൊഴിലാളികളുടെ അഭാവവും അനുവദിക്കപ്പെടുന്ന തുക പര്യാപ്തമല്ലാത്തതിനാലും ഏറെയും പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നു. അതുകൊണ്ട് ഈ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥാ പരിഗണിച്ചും ആദിവാസികൾ ഏറെയുള്ള പഞ്ചായത്തെന്ന നിലയ്ക്കും കക്കൂസ് നിർമ്മാണത്തിന് ഇന്ന് അനുവദിക്കുന്ന തുകയിൽ ഗണ്യമായ വർദ്ധനവ് അത്യാന്താപേക്ഷിതമാണ്. അതോടൊപ്പം തന്നെ ബോധവൽക്കരണവും അത്യാവശ്യമാണ്. നാലായിരത്തോളം സാനിറ്ററി കക്കൂസുകൾ

അടിയന്തിരമായും നിർമ്മിക്കപ്പെടേണ്ടിയിരിക്കുന്നു. നല്ല ഒരു ശതമാനം കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെ വസിക്കുന്ന ഈ പഞ്ചായത്തിൽ 2321 കുടുംബങ്ങൾ മാത്രമാണ് IRDP സർവ്വെയിൽ ഉൾപ്പെട്ടതെന്നത് കാണുമ്പോൾ ഈ സർവ്വെ യുക്തി സഹമായ രീതിയിൽ നടത്തപ്പെട്ടിട്ടില്ല് കാര്യം നിസ്സാർക്കമാണ്.

18 അംഗൻവാടികൾ നിലവിലുള്ള ഈ പഞ്ചായത്തിൽ 40ഓളം അംഗൻവാടികൾ തുടങ്ങേണ്ടിയിരിക്കുന്നു.

IRDP,TRYSEM,MILLIONWELL,JRY,DWCRA തുടങ്ങി ഒട്ടേറെ പദ്ധതികൾ നിലവിൽ ഉണ്ടെങ്കിലും ഈ പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥയിൽ ഗണ്യമായ മാറ്റം വരുത്താൻ ഇവയ്ക്കൊന്നും കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. ഈ സ്ഥിതിക്ക് മാറ്റം വരുക്കാൻ തീവ്രമായ ശ്രമം തന്നെ വേണ്ടിയിരിക്കുന്നു.

നിർമ്മാണത്തിലിരിക്കുന്ന നൂൽപ്പുഴ ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കപ്പെട്ടാൽ ഒട്ടേറെ കുടുംബങ്ങൾക്ക് ഗുണം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഇതിൻെറ പൂർത്തീകരണം എന്നുണ്ടാകുമെന്ന കാര്യം ഒരു ഉറപ്പുമില്ലാത്ത അവസ്ഥയിലാണ്. ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കാത്ത പ്രദേശങ്ങളിൽ അമ്പതോ നൂറോ കുടുംബങ്ങൾക്ക് ഒരു ടാങ്ക് എന്ന രീതിയിൽ നിർമ്മിക്കുകയാണെങ്കിൽ വളരെയേറെ ഗുണകരമായിരിക്കും. തന്നെയുമല്ല ഇതിൽ നല്ലരീതിയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും കഴിയും.

95 - 96 വർഷത്തിൽ ഈ പഞ്ചായത്തിൽ JRY പദ്ധതി പ്രകാരം 53 വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിൽ പണി തീരാതെ കിടക്കുന്നവയും ഉണ്ട്. ഈ പണി കരാറുകാർക്ക് നൽകുന്നതിനായി പണം തികയാത്തതിനാൽ ഇടക്ക് വെച്ച് പണി നിർത്തി പോകുക എന്നത് ഒരു പതിവാണെങ്കിലും ഇത്തരക്കാർക്കെതിരെ നടപടികൾ എടുക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകുന്നില്ലെന്നത് ഖേദകരം ആണ്. ഇങ്ങനെ പണിതീരാതെ കിടക്കുന്നതിലേറെയും ആദവാസികളുടെ വീടുകളാണെന്നതും പ്രത്യേകമായി എടുത്തു പറയേണ്ടിയിരിക്കുന്നു. തന്നെയുമല്ല വീട് നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങളുടെ എല്ലാം തന്നെ വില ഗണ്യമായ തോതിൽ വർദ്ധിച്ചതിനാൽ ഇത്തരം വീടുകൾക്ക് നൽകുന്ന തുകയിലും സാരമായ വർദ്ധനവ് അനിവാര്യമാണ്.

## കോളനികളുടെ പഞ്ചാത്തല സൗകര്യങ്ങൾ

സാനിറ്ററി കക്കൂസുകൾ എല്ലാ കോളനികളിലും ലഭ്യമല്ല. ഉള്ള കോളനികളിൽ തന്നെ ബോധവൽക്കരണത്തിൻെറ കുറവ് മൂലം ഉപയോഗ്യശൂന്യമായി കിടക്കുകയോ, കരാറുകളുടെ അനാസ്ഥമൂലം നിർമ്മാണം പൂർത്തിയാകാതെ കിടക്കുകയോ ചെയ്യുന്നുണ്ട്. 1300ഓളം ആദിവാസി കുടുംബങ്ങളിൽ 160 കുടുംബങ്ങൾക്ക് മാത്രമാണ് സർക്കാർ സഹായം ലഭ്യമായിട്ടുള്ളത്. ആദിവാസി കുടുംബങ്ങളിൽ ഏറെയും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. എന്നിട്ടും ഈ വിഭാഗങ്ങൾ അധികൃതരാൽ അവഗണിക്കപ്പെടുകയാണ്.

IRDP സർവ്വെ പ്രകാരം തന്നെ ഈ പഞ്ചായത്തിൽ 1500 വീടുകൾ നിർമ്മിച്ചു നൽകപ്പെടേണ്ടതുണ്ടെങ്കിലും ഇതുവരെയായി 217 എണ്ണം മാത്രമാണ് അനുവദിക്കപ്പെട്ടിരിക്കുന്നത്. അനുവദിക്കപ്പെട്ടവയിൽ ഏറെയും പണി പൂർത്തിയാകാതെ കിടക്കുന്നു. എന്തുകൊണ്ട് പണി പൂർത്തിയാകാതെ വന്നു എന്നന്വേഷിക്കാനോ ഇത് പരിഹരിക്കപ്പെടാനാവശ്യമായ നടപടികൾ സ്വീകരിക്കാനോ അധികൃതർ മുന്നോട്ടു വരുന്നില്ല എന്നത് എടുത്തു പറയേണ്ട ഒരു പോരായ്മയാണ്. 2000ത്തോളം കെട്ടിട നിർമ്മാണ തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും അവർക്ക് ക്ഷേമനിധികളോ മറ്റ് ക്ഷേമ നടപടികളോ ഇനിയും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

ക്ഷേമ പ്രവർത്തനങ്ങളിൽ പങ്കെടുത്ത തൽപരരായ യുവാതിയുവാക്കളും സാമൂഹികസാംസ്കാരിക സംഘടനകളും ഒട്ടേറെയുള്ള ഒരു പഞ്ചായത്താണിത്. എന്നാൽ ഇത്തരം ഒരു പരിപാടികളിലും തൽപരർ അല്ല ഇവിടത്തെ അധികൃതർ എന്ന വസ്തു എടുത്തു പറയേണ്ടതുണ്ട്. ഈ നിലയ്ക്ക് മാറ്റം വരുത്തപ്പെടേണ്ടതുണ്ട്. ക്ഷേമ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്ത് ഉറപ്പുവരുത്തി അവ നടപ്പാക്കാൻ ബന്ധപ്പെട്ട അധികാരികൾ തുറന്ന മനസ്സോടെ മുന്നോട്ടു വന്നാൽ അത് ഈ പഞ്ചായത്തിൽ ഒട്ടേറെ മാറ്റങ്ങൾക്ക് വഴിയൊരുക്കും എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

## JRY പണി സംബന്ധിച്ച വിവരങ്ങൾ Ref. JRY ആക്ഷൻ പ്ലാൻ 95-96

| | പണിയുടെ പേര് (സ്പിൽ ഓവർ) | ജനറൽ സെക് ടർ തുക രൂ. | SC/ST വിഭാഗം | ആകെ |
|---|---|---|---|---|
| 1. | കരിപ്പൂർ - കാരാറ്റു കുനി വാട്ടർ സപ്ലൈ സ്കീം | – | 1,80,000 | 1,80,000 |
| 2. | 23 വീടുകൾ | – | 1,05,200 | 1,05,200 |
| 3. | വള്ളുവാടി - കുളത്തൂർ കുന്ന് കരിപ്പൂര് റോഡ് | 59478 | – | 59478 |
| 4. | പച്ചാടി - കരിപ്പൂർ റോഡ് | 95000 | – | 95,000 |

### പുതിയ പ്രവർത്തികൾ

| | | | | |
|---|---|---|---|---|
| 1. | SC/ST വിഭാഗങ്ങൾ 13 വീടുകൾ | – | 170300 | 170300 |
| 2. | കല്ലൂർ - കല്ലുമുക്ക് റോഡ് അവസാന ഭാഗം സോളിംഗ് | 50000 | – | 50000 |
| 3. | കല്ലൂർ - കല്ലുമുക്ക് റോഡ് ടാറിംഗ് പ്രവർത്തി | 160000 | – | 160000 |
| 4. | കല്ലൂർ - നമ്പികൊല്ലി റോഡ് - റീടാറിംഗ് | 400000 | – | 400000 |
| 5. | കല്ലൂർ - നമ്പികൊന്ന് റോഡ് സെക്കൻറ് റീച്ച് | 150000 | – | 150000 |
| 6. | നായ്ക്കട്ടി - മാതമംഗലം റോഡ് - റീടാറിംഗ് | 200000 | – | 200000 |
| 7. | പച്ചാടി - പള്ളിവയൽ റോഡ് (വനലക്ഷി തോട്ടം മുതൽ) | 150000 | – | 150000 |
| 8. | ST/SC 17 വീടുകൾ | – | 222700 | 222700 |
| 9. | വള്ളുവാടി - വടക്കനാട് റോഡ് റിപ്പയർ | 58,000 | – | 58,000 |
| 10. | പുളിമരം - തേലമ്പറ്റ റോഡ് റിപ്പയർ | 20000 | – | 20000 |
| 11. | പച്ചാടി - കരിപ്പൂർ റിപ്പേർ | 50000 | – | 50000 |
| 12. | വള്ളുവാടി - കുളത്തൂർ കുന്ന് റിപ്പ യർ | 20002 | – | 20002 |

## നൂൽപുഴ ഗ്രാമ പഞ്ചായത്ത്

### IRDP സർവ്വെ പ്രകാരം - ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ. |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | 2321 | 1252 | 292 | 168 | 245 | 2076.00 |
| ആകെ | 2321 | 1252 | 292 | 168 | 245 | 2076.00 |

| ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ Ref. JRY Work Reg. | | | | |
|---|---|---|---|---|
| പണിയുടെ വിവരം | ജനറൽ | | SC/ST | |
| | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| 1 | 2 | 3 | 4 | 5 |
| SC/ST വിഭാഗം 23 വീടുകൾ വള്ളുവാടി കുളത്തൂർ കുന്ന് കരിപ്പൂര് റോഡ് | (95-96ൽ ചിലവ്) 380000 | 64881 | 105200 | |
| കരിപ്പൂർ-കാരാട്ട്കുനി വാട്ടർ സപ്ലൈസ്കീം | 360000 | 172521 | | |
| പച്ചാടി - കരിപ്പൂര് റോഡ് | 175000 | 83808 | | |
| **പുതിയ പ്രവർത്തികൾ** | | | | |
| കല്ലൂർ - കല്ലുമുക്ക് റോഡ് അവസാന ഭാഗം സോളിംഗ് | 50000 | 48999 | | |
| കല്ലൂർ - കല്ലുമുക്ക് റോഡ് | 160000 | 54325 | | |
| കല്ലൂർ - നമ്പികൊല്ലി റോഡ് ഫസ്റ്റ് റീച്ച് | 400000 | 379000 | | |
| ,, ,, സെക്കൻറ് റീച്ച് | 150000 | 141321 | | |
| നായ്ക്കട്ടി - മാതമംഗലം റോഡ് റീ ടാറിംഗ് | 200000 | 50000 | | |
| പച്ചാടി - പള്ളിവയൽ റോഡ് വനലക്ഷ്മി തോട്ടം മുതൽ | 150000 | 147000 | | |
| (SC/ST) 17 വീടുകൾ | – | – | 222700 | 33000 |
| വള്ളുവാടി - വടക്കനാട് റോഡ് റിപ്പെയർ | 45000 | 44100 | | |
| പച്ചാടി - കരിപ്പൂർ റോഡ് റിപ്പെയർ | 45000 | 44200 | | |
| പുളിമരം - തേലമ്പറ്റ റോഡ് റിപ്പെയർ | 20000 | 19552 | | |
| വള്ളുവാടി - കുളത്തൂർകുന്ന് റോഡ് മെയിൻറനൻസ് | 38000 | 37240 | | |
| SC/ST വിഭാഗം 13 വീടുകൾ | | | 170300 | 46000 |

| കക്കൂസുകൾ സംബന്ധിക്കുന്ന വിവരം | | | | |
|---|---|---|---|---|
| വാർഡ്സാനിട്ടറി നമ്പർ | കക്കൂസുകൾ ടുകളുടെ എണ്ണം തഭടഫ സർവ്വെ പ്രകാരം | വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992ന് ശേഷം) | പൂർത്തീകരിച്ച വയുടെ എണ്ണം | ഇനികക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
| 1 | 2 | 3 | 4 | 5 |
| | 1680 | 207 | 114 | 1473 |
| | 1680 | 207 | 114 | 1473 |

## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിൻേറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | Beedi Making | 10 | 10 | -- | -- |
| | Carpendary | 7 | 7 | -- | -- |
| | Garment Making | 8 | 8 | -- | -- |
| | Automobile Engineering | 3 | 3 | -- | -- |
| | Radio Mechnism | 3 | 3 | -- | -- |
| | Auto Rikha driving | 3 | 3 | -- | -- |
| | Wire man | 4 | 4 | -- | -- |
| | Typewriting | 5 | 5 | -- | -- |
| | Total | 43 | 43 | | |

## DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിൻേറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | കല്ലൂർ ഡയറി യൂനിറ്റ് | 1985-86 | 15 Nos | ഭാഗിമായി നടക്കുന്നു |
| | മുത്തങ്ങ ബീഡി തെറുപ്പ് യൂനിറ്റ് | 1986-87 | 15 ,, | പ്രവർത്തനം നിലച്ചു |
| | കല്ലൂർകുന്ന് ആട് യൂനിറ്റ് | 1987-88 | 15 ,, | നന്നായി പ്രവർത്തിക്കുന്നു |
| | പണയമ്പം ഡയറി യൂനി[illegible] | 1992-93 | 11 ,, | ,, |
| | മുക്കുത്തിക്കുന്ന് കുടനിർമ്മാണം | 1993-94 | 10 ,, | ,, |
| | കരിപ്പൂർ ഡയറി യൂനിറ്റ് | 1994-95 | 11 ,, | ,, |
| | വടക്കനാട് ഡയറി യൂനിറ്റ് | 1994-95 | 10 ,, | ,, |

| ഭവന നിർമ്മാണം നിർമ്മിക്കുന്ന വിവരം | | | | | |
|---|---|---|---|---|---|
| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP സർവ്വെ പ്രകാരം | വിവിധ പരിപാടി കളിലായി അനു വദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർ ത്തീകരിക്കാത്ത വീട് | ഇനിയും അനു വദിക്കേണ്ട വീടുകളുടെ എണ്ണം |
| 1 | 2 | 3 | 4 | 5 | 6 |
| | 1252 | 217 | 131 | 86 | 1045 |
| ആകെ | 1252 | 217 | 131 | 86 | 1045 |

ഗ

**ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)**

| വാർഡ് | IRDP സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴിലു രുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | 527 | 35 | 492 | 1995 - 96 ൽമാത്രമാണ് ഇവിടെ നടപ്പിൽ വരുത്തിയത്. |

## ഭവന നിർമ്മാണം, ക്ഷേമ പ്രവർത്തനം പ്രശ്നങ്ങൾ

1. ജനസംഖ്യയിൽ 40% വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽ 75% പേർക്കും വീടില്ല.

2. ഭവനനിർമ്മാണത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾ വർദ്ധിച്ചു വരുന്നു. പാർപ്പിടം ഒരു ആവശ്യം എന്നതിനേക്കാൾ സ്വന്തം വലിപ്പം കാണിക്കാനുള്ള ഉപാധിയായി മാറിയിരിക്കുന്നു.

3. ആദിവാസി ഭവനനിർമ്മാണം കാര്യക്ഷമമല്ല. ഉദ്യോഗസ്ഥരും ഇടത്തട്ടുകാരും കൂടി അടങ്കൽ തുകയുടെ നാലിലൊന്ന് പോലും ഭവനനിർമ്മാണത്തിന് ഉപയോഗിക്കാതെ മുഴുവൻ തുകയും തട്ടിയെടുക്കുന്നു.

4. ഭവനനിർമ്മാണ ആനുകൂല്യങ്ങൾ ആവശ്യത്തിനു തകുന്നില്ല. അറ്റകുറ്റ പണികൾക്ക് ഗുണഭോക്താവിനെ പ്രേരിപ്പിക്കുന്ന ഫോളോ അപ്പ് നടക്കുന്നില്ല.

5. അർഹതയുള്ളവർക്ക് മുഴുവൻ പെൻഷൻ ലഭിക്കുന്നില്ല. നിലവിൽ നൽകുന്ന തുക അപര്യാപ്തമാണ്.

6. പ്രാദേശിക വിഭവങ്ങൾ ഭവന നിർമ്മാണത്തിനും സാമൂഹ്യ ക്ഷേമത്തിനും ഉപയോഗപ്പെടുത്തുന്നില്ല.

7. ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾക്ക് സമ്പാദ്യ പദ്ധതികൾ നിലവിലില്ല.

8. സാമൂഹ്യ സേവന രംഗത്ത് സന്നദ്ധ സംഘടനകൾ കാര്യമായി പ്രവർത്തിക്കുന്നില്ല. (അപവാദം ശ്രേയസ്സ്, ബത്തേരി കേന്ദ്രം).

9. പ്രാദേശികമായി ലഭ്യമാവുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തി ചെലവു കുറഞ്ഞ വീടുകൾ ഉണ്ടാക്കാൻ വിദഗ്ദ്ധ തൊഴിലാളികൾ പഞ്ചായത്തിലില്ല.

10. ബാങ്കുകൾ ഭവന നിർമ്മാണ വായ്പകൾ ആവശ്യത്തിന് ലളിതമായി നൽകുന്നില്ല.

11. സാമൂഹ്യ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അംഗൻവാടികൾ 18 എണ്ണമുണ്ടെങ്കിലും 243 ച.കിലോ മീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ ഇതപര്യാപ്തമാണ്.

12. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

13. സർക്കാർ ഏജൻസികളുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങളൊന്നും കൃത്യസമയത്ത് പൂർത്തിയാകുന്നില്ല.

14. സാമൂഹ്യ ക്ഷേമത്തിൻെറ കാതലായ തടസ്സം മദ്യപാനവും വ്യാജ മദ്യലഭ്യതയും ആണ്.

15. ഗതാഗത സൗകര്യങ്ങൾ കുറവായ വനമേഖലകളാണ് അധിവാസമേഖലകൾ. ഇവിടേക്ക് നിർമ്മാണ സാമഗ്രികൾ എത്തിക്കുക ദുഷ്കരമാണ്.

16. വയൽ നികത്തി വീട് വെക്കുന്നത് കൊണ്ട് വെള്ളക്കെട്ടും റോഡ് നശിക്കലും സംഭവിക്കുന്നു.

17. വൃദ്ധരുടെയും അവശരുടെയും എണ്ണം കൂടി വരുന്നു.

18. നിർമ്മാണ സാമഗ്രികളുടെ വില കയറ്റം.

19. കോളണികൾക്ക് നിർമ്മിച്ച് നൽകിയ സാനിട്ടറി കക്കൂസുകൾ ജലക്ഷാമം മൂലം ഉപയോഗിക്കപ്പെടുന്നില്ല.

## പാർപ്പിടം, സാമൂഹ്യ ക്ഷേമം

## പരിഹാരങ്ങൾ

1. അഞ്ച് വർഷം കൊണ്ട് ഭവനരഹിതരെ ഇല്ലായ്മ ചെയ്യാനുള്ള പദ്ധതികൾ വാർഡുകൾ കേന്ദ്രീകരിച്ച് നടപ്പാക്കണം. സാമൂഹ്യ ക്ഷേമ വകുപ്പിൻെറ പദ്ധതികളും വാർഡ് വികസന സമിതികളിലൂടെ നടപ്പാക്കണം. വാർഡ് വികസന സമിതികൾ സ്വന്തം ഫണ്ട് സ്വരൂപിച്ചായാലും ഈ ലക്ഷ്യം നിറവേറ്റണം.

2. വീട് വെയിലിൽ നിന്നും മഴയിൽ നിന്നും കാറ്റിൽ നിന്നും തണുപ്പിൽ നിന്നും സുരക്ഷിതത്വം ലഭിക്കാനുള്ള ഉപാധിയാണെന്നും അതിൽ മുടക്കുന്ന അധികമൂല്യം ഉൽപാദനക്ഷമമല്ലെന്നും ജനങ്ങളെ പഠിപ്പിക്കണം.

3. ആദിവാസി ഭവനനിർമ്മാണം വാർഡ് വികസന സമിതിയെ ഏൽപിക്കണം. ഇടത്തട്ടുകാരുടെയും ഉദ്യോഗസ്ഥരുടെയും ചൂഷണം അവസാനിപ്പിക്കണം.

4. ഗുണഭോക്താവിൻെറ ആവശ്യത്തിനുതകുന്ന വീടുകൾ ഉണ്ടാക്കാൻ പ്രാദേശിക വിഭവങ്ങളുടെ വില അനുസരിച്ചുള്ള തുക നൽകണം. നിർമ്മാണം തന്നെ ഗുണഭോക്താവിൻെറ അദ്ധ്വാന - വിഭവ സഹായത്തോടെ നടത്തിയാൽ അറ്റകുറ്റ പണികൾ സ്വയം നടത്തിക്കൊള്ളും. കൃത്യമായ ഫോളോ അപ്പ് നടപടികൾ വേണം.

5. പെൻഷന് അർഹതയുള്ളവരെ കണ്ടെത്താൻ കൃത്യമായി സർവ്വെ നടത്തി ലളിതമായി നടപടികളിലൂടെ ഉപജീവനത്തിന് മതിയായ തുക വിതരണം ചെയ്യണം.

6. പ്രാദേശിക വിഭവങ്ങളായ മൺകട്ട, പന, പാഴ്മരങ്ങൾ എന്നിവ ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്ന രീതി പ്രചരിക്കണം.

7. ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾക്കും മറ്റ് ദുർബ്ബല വിഭാഗങ്ങൾക്കും ആനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം അവരുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുവാനുള്ള നിബന്ധനകളും ഉൾക്കൊള്ളിക്കണം.

8. സാമൂഹ്യ സേവന മേഖലകൾ വിവിധ സന്നദ്ധ സംഘടനകൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും വീതിച്ചു നൽകണം. അവരത് മത്സരാധിഷ്ഠിതമായി ചെയ്യട്ടെ. മികച്ച പ്രകടനം കാഴ്ച വെക്കുന്നവർക്ക് അടുത്ത ഒരു വർഷത്തേക്ക് പഞ്ചായത്തിൽ നിന്നും ഒരു ആനുകൂല്യം നൽകണം.

9. നിർമ്മിതി കേന്ദ്രത്തിൻെറ ഒരു യൂണിറ്റ് പഞ്ചായത്തിൽ ആരംഭിച്ച് വാർഡിൽ നിന്ന് പത്ത് പേർക്ക് വീതമെങ്കിലും പരിശീലനം നൽകണം.

10. ബാങ്കുകൾ നിർമ്മിക്കുന്ന വീടിൻെറയും സ്ഥലത്തിൻെറയും ഉറപ്പിൻമേൽ പെട്ടെന്ന് വായ്പകൾ ലഭ്യമാക്കണം.

11. അംഗൻവാടികൾ കൂടുതൽ വേണം. അടുത്തടുത്ത കോളണികൾ കേന്ദ്രമാക്കി ട്രൈബൽ അംഗൻവാടികൾ വേണം.

12. ഭവനനിർമ്മാണ സഹകരണ സ്ഥാപനങ്ങൾ ഒരു വാർഡിന് ഒന്ന് വീതം വേണം.

13. സർക്കാർ ഏജൻസികളുടെ ഭവനനിർമ്മാണ പദ്ധതികൾ വാർഡ് വികസന സമിതികളെ ഏൽപിക്കണം.

14. മദ്യം സമ്പൂർണ്ണമായി നിരോധിക്കണം. വ്യാജ മദ്യത്തിനെതിരെ കർശന നിലപാട് സ്വീകരിക്കണം. മദ്യപാനത്തിനെതിരെ സാമൂഹ്യബോധവൽക്കരണം നടത്തണം.

15. കോളണികളിൽ ജല ലഭ്യത ഉറപ്പു വരുത്തണം.

16. പഞ്ചായത്തിൽ ഒരു വൃദ്ധ മന്ദിരം വേണം.

# കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | | വിവിധഭവന നിർമാ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 471 | – | 15 | 79 | 347 | – | 30 |
| 2 | 546 | – | 25 | 160 | 321 | – | 35 |
| 3 | 323 | – | 20 | 90 | 193 | – | 20 |
| 4 | 448 | – | 48 | 115 | 270 | – | 15 |
| 5 | 569 | 5 | 56 | 140 | 338 | – | 30 |
| 6 | 524 | 2 | 25 | 120 | 352 | – | 25 |
| 7 | 695 | 3 | 50 | 165 | 441 | – | 30 |
| 8 | 725 | 3 | 25 | 185 | 465 | – | 40 |
| 9 | 669 | 4 | 60 | 165 | 403 | – | 37 |
| 10 | 670 | 5 | 67 | 167 | 397 | – | 34 |
| ആകെ | 5635 | 22 | 391 | 1386 | 3528 | – | 308 |

| Type of Builiding | Taxes up to Rs.10 | Rs.11 to 25 | Rs.26to50 | Rs 51to100 | Rs 101 to 250 | Rs 251 to 500 | Above 500 | No. of Huts | Rligious | Educational |
|---|---|---|---|---|---|---|---|---|---|---|
| Residential | | | | | | | | | | |
| (a) Owner Occupied | Nil | 253 | 773 | 314 | 169 | 28 | 3 | | | |
| b.Rental | | 5 | 14 | 41 | 40 | 19 | 2 | | | |
| Non Residential | | | | | | | | | | |
| a. Commericial | | 38 | 267 | 156 | 70 | 10 | 1 | 3789 | 101 | 51 |
| b. other | | | 1 | | | 1 | 2 | | | |





# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗത സൗകര്യങ്ങൾ തുലോം കുറഞ്ഞതാണ് നൂൽപ്പുഴ പഞ്ചായത്ത്. പഞ്ചായത്തിന്റെ ഭൂവിസ്തൃതി കണക്കിലെടുക്കുമ്പോൾ, അറ്റകുറ്റപ്പണികൾ നടത്തേണ്ടതും, പുതിയതായി നിർമ്മിക്കേണ്ടതുമായ റോഡുകൾ നിരവധിയാണ്. പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകൾ I. 13 കി.മീറ്ററോളം ദൈർഘ്യമുള്ളതും രണ്ട് വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ വടക്കനാട് - വള്ളുവാടി ഓടപ്പള്ളം റോഡ് II. 6 കി.മീ ദൈർഘ്യമുള്ളതും രണ്ട് അന്തർ സംസ്ഥാന റോഡുകളുമായി ബന്ധിപ്പിക്കുന്നതുമായ കല്ലൂർ - നമ്പിക്കൊല്ലി റോഡുമാണ്. ഇവ കൂടാതെ, പച്ചാടി - പള്ളിവയൽ റോഡ്, 4-ാം മൈൽ മണലാടി റോഡ്, വടക്കനാട് കവല കുളത്തൂർ കുന്ന് റോഡ്, മൂലകാവ് - കൊട്ടനോട് - നാരകക്കൊല്ലി റോഡ്, മൂലകാവ് - തേലമ്പറ്റ റോഡ്, നായ്ക്കെട്ടി - മാതമംഗലം റോഡ്, 66 ചുണ്ടക്കര റോഡ്, കല്ലൂർ - കല്ലുമുക്ക് - കരടിമാട് - കോളൂർ, മുത്തങ്ങ റോഡ് കമ്പക്കോടി - തോട്ടാമൂല റോഡ്, പുളിമരം - തേലമ്പറ്റ റോഡ്, നായ്ക്കെട്ടി - പ്ലാക്കാവ് റോഡ്, പട്ടി - നിരപ്പം - ആശുപത്രി റോഡ്, നിരപ്പം - വെളുതുണ്ടി റോഡ് - മുക്കുത്തിക്കുന്ന് ചെട്ടിയിലത്തൂർ റോഡ് എന്നിവയും പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളാണ്.

കർണാടക - തമിഴ്നാട് സംസ്ഥാനങ്ങളെ കേരളവുമായി ബന്ധിപ്പിക്കുന്ന രണ്ട് റോഡുകൾ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഇവയുടെ ഏകദേശം 45 കി.മീറ്റർ ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്നു. (ബത്തേരി - മൈസൂർ, ബത്തേരി - ഗൂഡലൂർ ഊട്ടി) ഇതിന്റെ അറ്റകുറ്റപ്പണികൾ PWD (റോഡുവിഭാഗം) ആണ് നടത്തുന്നത്.

**ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ**

| കച്ച | പക്ക | മെറ്റൽ | ടാർ | | ആകെ |
|---|---|---|---|---|---|
| | | | പഞ്ചായത്ത് | P.W.D | |
| 135.835 | 31.625 | 43.600 | 31.625 | 17.500 | 210.610 |

പഞ്ചായത്തിൽ നിന്നും ലഭിച്ച സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ആകെ ടാർ ചെയ്ത റോഡിന്റെ ദൈർഘ്യം 31.625 (പഞ്ചായത്ത്) ഉം 17.500 (PWD)യും മറ്റ് മെറ്റൽ റോഡുകൾ 43.600, കച്ച 135.835, പക്ക 31.625 അങ്ങനെ ആകെ 210.610 കി.മീറ്ററാണ്.

ആദിവാസിമേഖലയായ നൂൽപ്പുഴ പഞ്ചായത്തിലെ നിരവധി കോളനികളിലേക്ക് ഗതാഗത സൗകര്യം നിലവിലില്ല. ഏറ്റവും അടിയന്തിര ശ്രദ്ധ പതിയേണ്ട റോഡുകൾ താഴെ കാണിക്കുന്നു.

1. പച്ചാടി - ഒണ്ടൻകുനി - കതങ്ങത്ത് റോഡ്
2. പണയമ്പം കോളനി റോഡ്
3. പണയമ്പം - കൊടാർകുന്ന് റോഡ്
4. കദങ്ങത്ത് - ചിറമൂല - പണിയക്കോളനി റോഡ്
5. കരിപ്പൂര് നായ്ക്കക്കോളനി റോഡ്
6. കല്ലൂർകുന്ന് - നായ്ക്കക്കോളനി റോഡ്
7. വള്ളുവാടി - താഴെ ഓടപ്പള്ളം റോഡ്
8. വള്ളുവാടി - തോരമംഗലം കോളനി റോഡ്
9. കാരശ്ശേരി - നാരകക്കൊല്ലി റോഡ്
10. ഓടപ്പള്ളം - കൊട്ടനോട് റോഡ്

11. പ്ലാക്കാവ് - മണിമുണ്ട - പുത്തൂർ റോഡ്
12. നായ്ക്കെട്ടി - മറുകര റോഡ്
13. കല്ലുമുക്ക് - മാറോഡ് റോഡ്
14. കല്ലുമുക്ക് - ചുണ്ടപ്പാടി റോഡ്
15. മുത്തങ്ങ - ആലത്തൂര് റോഡ്
16. മുത്തങ്ങ - കുമിളി റോഡ്
17. തോട്ടാമൂല - കള്ളാടിക്കൊല്ലി റോഡ്
18. നെൻമേനിക്കുന്ന് - കാരപ്പൂതാടി റോഡ്
19. നെൻമേനിക്കുന്ന് - കോട്ടൂർ റോഡ്
20. മുക്കുത്തിക്കുന്ന് - ഈസ്റ്റ് ചീരാൽ റോഡ്
21. മുക്കുത്തിക്കുന്ന് - കാപ്പാട് റോഡ്
22. മുക്കുത്തിക്കുന്ന് - വാളംവയൽ - മാടക്കര റോഡ്
23. പുത്തൻകുന്ന് - തീണ്ടൂര് - തേലമ്പറ്റ റോഡ്
24. മാതമംഗലം - ചോയിമൂല റോഡ്
25. മാതമംഗലം - നാഗരംകുന്ന് റോഡ്
26. കല്ലൂർ - തിരുവണ്ണൂർ കോളനി റോഡ്
27. ചിത്രാലക്കര - എർലോട്ട് വയൽ റോഡ്
28. തേലമ്പറ്റ - കോയാലിപ്പുര കോളനി റോഡ്
29. ഇല്ലിച്ചോട് - പുളിമരം റോഡ്
30. കാരശ്ശേരി കൂമ്പ്രക്കൊല്ലി റോഡ്
31. കാരശ്ശേരി - പൂളക്കുന്ന് റോഡ്
32. ഓടപ്പള്ളം - പൂളക്കരറോഡ്
33. ഓടപ്പള്ളം - നാരകക്കൊല്ലി റോഡ്
34. കൊട്ടനോട് - ഏഴേക്കർ റോഡ്
35. കരിവള്ളിക്കുന്ന് - കൊട്ടനോട് റോഡ്
36. കാരശ്ശേരി നരിക്കൊല്ലി റോഡ്
37. കാരശ്ശേരി - കൊട്ടനോട്
38. പുത്തൻകുന്ന് - തീണ്ടൂര് തേലംപറ്റ
39. മൂക്കുത്തികുന്ന് പുത്തൂർ - ചെട്ട്യാലത്തൂർ റോഡ്
40. കുമിൾപുര റോഡ്
41. തേലംപറ്റ - പുളിമരം റോഡ്
42. തേലമ്പറ്റ ഉള്ളിലം കോളനി റോഡ്
43. പുത്തൻകുന്ന് - കാര്യമ്പാടി റോഡ്
44. തേലമ്പറ്റ - മുളംചിറ റോഡ്
45. ഐസക്ക് മെമ്മോറിയൽ - ചിത്രാലക്കര റോഡ്
46. നായ്ക്കട്ടിക്കുന്ന് - അടിച്ചിലാടി വഴി
47. തേലമ്പറ്റ - ചെമ്പൻമൂല റോഡ്
48. നായ്ക്കട്ടി - കുന്ന് മേലെ റോഡ്
49. തേലമ്പറ്റ - കുമിൾ പുരക്ക് റോഡ്
50. മാടപ്പുരകോളനി റോഡ്
51. ഓശാളിമൂല - കോളനി റോഡ്
52. കളനാടി കോളനി റോഡ്
53. എർളോട്കുന്ന് റോഡ്
54. ചിറക്കമ്പം നമ്പൂതിരി റോഡ്
55. ചിറ്റേമാലി - ചിത്രാലക്കര റോഡ്
56. മൂലങ്കാവ് - തേലംപറ്റ റോഡ്
57. അടിച്ചിലാടി - പുളിമരം റോഡ്
58. അടിച്ചിലാടി - ചിത്രാലയക്കര
59. കല്ലൂർ - നമ്പിക്കൊല്ലി റോഡ്
60. കോളിപ്പാളി - നെൻമേനിക്കുന്ന്
61. കമ്പക്കോടി - തോട്ടമൂല റോഡ്
62. മാതമംഗലം - കല്ലൂർ റോഡ്
63. തോട്ടാമൂല - കുളുകുന്ന് റോഡ്
64. ചെറുകുന്ന് - മുണ്ടക്കൊല്ലി റോഡ്
65. ഞണ്ടൻകൊല്ലി കോളനി റോഡ്
66. തേക്കുംപറ്റ - മാടക്കുന്ന് റോഡ്
67. കാക്കമല എ.കെ.ജി സ്മാരകറോഡ്
68. ലക്ഷംവീട് - കർണാൽ റോഡ്
69. കണ്ണംകോട് - ഊരംകുന്ന് റോഡ്
70. നെൻമേനിക്കുന്ന് - ആലമൂല റോഡ്
71. നെൻമേനിക്കുന്ന് - ആനാഞ്ചിറ റോഡ്
72. മണ്ണൂർകുന്ന് - ചെമ്പകക്കുണ്ട് റോഡ്
73. മണ്ണൂർകുന്ന് - ചോയിമൂല റോഡ്
74. നെൻമേനിക്കുന്ന് സ്കൂൾ റോഡ്
75. മാതമംഗലം നാഗരംകുന്ന് റോഡ്
76. കണ്ണംകോട് ബാലവാടി റോഡ്
77. കോട്ടൂർ ആദിവാസികോളനി റോഡ്
78. പുലിതൂക്കി - കൊന്നമൂല റോഡ്
79. ചോയിമൂല - ഹെൽത്ത് സെൻറർ
80. പുലിതൂക്കി - മാലക്കാപ്പ് റോഡ്
81. കല്ലൂർ - മണ്ണൂർകുന്ന് റോഡ്
82. വെളുതൊണ്ടികുന്ന് - ക്ഷേത്രം റോഡ്
83. തിരുവണ്ണൂർ പണിയക്കോളനി - കുറുമക്കോളനി റോഡ്
84. കല്ലുമുക്ക് ദേവീക്ഷേത്രം - 66 കുമ്പാരക്കരറോഡ്
85. മറുകര വയൽ - കുമ്പാരക്കര 66 റോഡ്
86. നിരപ്പം മറുകര - കല്ലൂർ ഹൈസ്കൂൾ റോഡ്
87. ചുണ്ടക്കര - പണിയക്കോളനി - മണ്ണൂർ റോഡ്

88. നായ്ക്കെട്ടി, വെളുതൊണ്ടി - കല്ലുമുക്ക് റോഡ്
89. നിരപ്പം - ഗവ. ആശുപത്രി റോഡ്
90. ചുണ്ടക്കര മദ്രസ്സയുടെ അടുത്തുനിന്നും പോകുന്ന ഇട റോഡ്
91. സാംസ്കാരികനിലയം - ബാലവാടി റോഡ്
92. നായ്ക്കെട്ടി - മാതമംഗലം റോഡ്
93. നാഗരംകുന്ന് - മാതമംഗലം റോഡ്
94. ചിറക്കമ്പം - ബിച്ചാരം റോഡ്
95. ചിറക്കമ്പം - തേർവയൽ റോഡ്
96. മാതമംഗലം - മാനിക്കുനി റോഡ്
97. മാതമംഗലം - ലക്ഷംവീട് കർണ്ണാൽ റോഡ്
98. ചുണ്ടക്കര - നാഗരം ചാൽ വയൽ റോഡ്
99. ഒറ്റത്തേക്ക് - തേർവയൽ റോഡ്
100. മാതമംഗലം - ചെമ്പകക്കുണ്ട് - കണ്ണംകോട് റോഡ്
101. മാളപ്പുര - തേർവയൽ - ഒറ്റത്തേക്ക് റോഡ്
102. നാഗരംചാൽ - നാഗരംകുന്ന് - മാതമംഗലം റോഡ്
103. നിരപ്പം - തേർവയൽ റോഡ്
104. ബിച്ചാരം - ഉള്ളിലം - തേലമ്പറ്റ കോളനി റോഡ്
105. മാതമംഗലം - ആട്ടുംകൊല്ലി - ബിച്ചാരംറോഡ്
106. മാതമംഗലം - കൊട്ടക്കുനി - നമ്പിക്കൊല്ലി റോഡ്
107. കുമിഴി റോഡ്
108. കാളങ്കണ്ടി റോഡ്
109. മമ്മതം മൂലം റോഡ് - മൂന്ന് ഓവുപാലങ്ങൾ
110. തകരപ്പാടി വയൽ റോഡ്
111. ആലത്തൂർ - കുഴിമൂല റോഡ്
112. കുമിഴി - വാളാട്ടുമൂല റോഡ്
113. തോട്ടാമൂല - കള്ളാടിക്കൊല്ലി റോഡ്
114. തോട്ടാമൂല - പങ്കളം റോഡ്
115. തോട്ടാമൂല - കണാൽകുന്ന് റോഡ്
116. മൈക്കര - കുമിഴി റോഡ്
117. ആലത്തൂർ - ചിറങ്കണ്ടി റോഡ്
118. ആലത്തൂർ - മേലേമൂല റോഡ്
119. പച്ചാടി - പള്ളിവയൽ റോഡ്
120. പള്ളിവയൽ - പണിയമ്പം റോഡ് (4-ാം മൈൽ - മണലാടി)
121. പച്ചാടി - കരിപ്പൂർ റോഡ്
122. പുളിയാടി പള്ളിവയൽ റോഡ്
123. മണലാടി അമ്പതേക്കർ റോഡ്
124. കുറിച്ച്യാട് - കോളൂർ - അമ്മവയൽ റോഡ്
125. അണ്ണിമൂല - ചിറമൂല റോഡ്
126. അള്ളവയൽ - അമ്പതേക്കർ റോഡ്
127. പണയമ്പം - പള്ളിവയൽ റോഡ്
128. പച്ചാടി കോളനി - അണ്ണിമൂല റോഡ്
129. പണയമ്പം - 5-ാം മൈൽ ചെക്ക് ഡാം റോഡ്
130. പള്ളിവയൽ - അണ്ണിമൂല റോഡ്
131. പള്ളിവയൽ - അംഗനവാടി മണൽ വായൽ റോഡ്
132. മൂലങ്കാവ് - വള്ളുവാടി വടക്കനാട് റോഡ്
133. വടക്കനാട് കവല - കുളത്തൂർ കുന്ന് റോഡ്
134. നിരപ്പത്ത് - കുളത്തൂർകുന്ന്
135. കല്ലൂർക്കുന്ന് - ആനപ്പന്തി റോഡ്
136. കരിപ്പൂര് - കുറിച്ച്യാട് റോഡ്
137. കരിപ്പൂര് - ഫോറസ്റ്റ് കോട്ടേജ് റോഡ്
138. വടക്കനാട് സ്കൂൾ - ഫോറസ്റ്റ് റോഡ്
139. കൂട്ടറോഡ് - മാടക്കുണ്ട് റോഡ്
140. കുളത്തൂർകുന്ന് പാലം
141. അമ്പലം - കരിപ്പൂര് നായ്ക്കക്കോളനി റോഡ്
142. കാരശ്ശേരി - കൊട്ടനോട് റോഡ്

ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും, മാനവവിഭവശേഷി ഉപയോഗപ്പെടുത്താവുന്നതാണെങ്കിലും, നിലവിലുള്ള പ്രധാനപ്പെട്ട റോഡുകളുടെ സംരക്ഷണത്തിനും, പുതിയ റോഡുകളുടെ നിർമ്മാണത്തിനും, പഞ്ചായത്തിൻേറയോ, ഗവൺമെൻറിൻേറയോ, സഹായം കൂടിയേ തീരൂ.

ഡ്രൈനേജ്, കലുങ്കുകൾ ഇവയുടെ കാര്യത്തിലും അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. റോഡുകൾ ഗതാഗതയോഗ്യമല്ലാതായിത്തീരുന്നതിനുള്ള പ്രധാനകാരണം ഇവയുടെ അഭാവമാണ്. ഒന്നും രണ്ടും വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പൊളിഞ്ഞ് കിടപ്പായിട്ട് മാസങ്ങളോളമായി. പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡായ വടക്കനാട് - വള്ളുവാടി റോഡിൽ തകർന്ന് കിടക്കുന്ന ഈ പാലം അടിയന്തിരമായി പുതുക്കി പണിയേണ്ടതാണ്.

വെയിറ്റിംഗ് ഷെഡ്ഡുകളുടെ കാര്യത്തിൽ പഞ്ചായത്ത് വളരെ പിന്നോട്ടാണ്. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഒന്നുംതന്നെ വെയിറ്റിംഗ് ഷെഡ്ഡ് നിർമ്മിച്ചിട്ടില്ല. ബത്തേരി - കല്ലൂർ - മുത്തങ്ങ റൂട്ടിൽ വാഹന സൗകര്യം സുലഭമാണെങ്കിലും, പഞ്ചായത്തിൻെറ ഇതര ഭാഗങ്ങളിലേക്കുള്ള യാത്രാപ്രശ്നം രൂക്ഷമാണ്. വിദ്യാർത്ഥികളുടെ പഠിപ്പിനേയും, ജനങ്ങളുടെ മറ്റ് ദൈനംദിന ജീവിതത്തേയും ഇത് ബാധിക്കുന്നു.

നഞ്ചൻകോട് - വൈത്തിരി റെയിൽവേ ലൈൻ എന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്.

വയനാടിൻെറ സാമ്പത്തിക പുരോഗതിയെ നിർണാ യകമായി ബാധിക്കുന്ന ഈ ലൈനിൻെറ തുടക്കം നൂൽപ്പുഴ പഞ്ചായത്തിലാണ്. കേന്ദ്രസർക്കാരിൽ സമ്മർദ്ധം ചെലുത്തി ഈ റെയിൽവേ ലൈൻ യാഥാ ർത്ഥ്യമാക്കാനുള്ള നടപടികളും അത്യാവശ്യം കൈക്കൊള്ളേണ്ടതാണ്.

## ഊർജ്ജം

ഊർജ്ജ പ്രതിസന്ധി കാര്യമായി നേരിടുന്ന പഞ്ചാ യത്താണ് നൂൽപ്പുഴ. പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും വൈദ്യുതി എത്തിനോക്കിയിട്ടില്ല. പഞ്ചാ യത്തിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് മുഖ്യ വിഘാതമായി നിൽക്കുന്നത് ഊർജ്ജ പ്രതി സന്ധിയാണ്. വനമേഖലയായ നൂൽപ്പുഴ പഞ്ചാ യത്തിൻെറ എല്ലാ ഭാഗത്തും വൈദ്യുതി എത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കൃഷി, ജലസേചനം, വ്യവസായം, കുടിവെള്ളം, ഗാർഹിക ഉപയോഗം, തെരുവ് വിളക്കുകൾ എന്നീ രംഗങ്ങളിലെല്ലാം വൈദ്യു തിയുടെ അഭാവം മൂലം ദുസ്ഥിതിയാണ്.

പഞ്ചായത്ത് സ്ഥിതിവിവരക്കണക്ക് അനുസരിച്ച് വൈദ്യുതി ലൈനിൻെറ ആകെ നീളം 35 കി.മീറ്റർ മാത്രമാണ്. തെരുവ് വിളക്ക് ആകെ 43 എണ്ണം മാത്രമാണ്.

മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ പണമടച്ച് വൈദ്യു തിക്ക് കാത്തിരിക്കുന്ന നല്ലൊരു ശതമാനം ഗ്രാമീണർ ഈ പഞ്ചായത്തിലുണ്ട്.

ആദിവാസിക്കോളനികളുടെ സമീപത്തുകൂടി വൈദ്യു തിലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിൽ കോളനിക ളിലേക്ക് സർവ്വീസ് കണക്ഷൻ നടത്താവുന്നതാണ്.

പഞ്ചായത്തിൻെറ ഊർജ്ജ പ്രതിസന്ധി പരിഹ രിക്കാൻ സമാന്തര സംവിധാനങ്ങൾ ഉണ്ടാകേണ്ടിയി രിക്കുന്നു. 'അനെർട്ടിൻെറ' ഒരു യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിച്ചാൽ സൗരോർജ്ജം സംഭരിക്കാൻ കഴിയും. വൈദ്യുതി എത്തിയിട്ടില്ലാത്ത മുഴുവൻ പ്രദേശങ്ങളിലും സോളാർ പാനൽ എത്തിച്ച് കൊടുത്താൽ ഒരു പരിധി വരെ ഊർജ്ജപ്രശ്നം പരിഹരിക്കാം.

വനമേഖലയായ നൂൽപ്പുഴ പഞ്ചായത്തിലെ 90% ആളുകളും വിറകടുപ്പാണ് ഉപയോഗിക്കുന്നത്. ഇന്ധന ദുരുപയോഗം ഏറെയുള്ളതാണ് വിറകടുപ്പുകൾ. ഇവയ്ക്ക് പകരം ദക്ഷത കൂടിയതും, പുകയില്ലാത്ത തുമായ അടുപ്പുകൾ നിർമ്മിച്ച് കൊടുക്കേണ്ടിയിരി ക്കുന്നു. കന്നുകാലി വളർത്തുന്ന വീടുകളിൽ 'ഗോബ ർഗ്യാസ്' നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്ത് കൊടുക്കേണ്ടതാണ്. ആധുനിക സംവിധാന ങ്ങൾ ഉപയോഗിക്കാൻ ജനങ്ങളെ ബോധവൽക്കരി ക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്.

പഞ്ചായത്തിലെ മിക്കവാറും എല്ലാ വീടുകളിലും മണ്ണെണ്ണയുടെ ഉപയോഗം ഉണ്ട്. പ്രത്യേകിച്ചം ആദിവാസി കോളനികളിൽ ഊർജ്ജ പ്രതിസന്ധി പൂർണ്ണമായും പരിഹരിക്കാൻ ഗവൺമെൻറിൻേറയോ മറ്റ് ഏജൻസികളുടേയോ സാമ്പത്തീക സഹായം ആവശ്യമാണ്.

## മാർക്കറ്റ്

പഞ്ചായത്തിൻെറ അധീനതയിലുള്ള കന്നുകാലി ചന്തയാണ് ആകെയുള്ള മാർക്കറ്റ്. കർണ്ണാടക സംസ്ഥാ നത്തുനിന്നാണ് പ്രധാനമായും കന്നുകാലികളെ കൊണ്ടുവരുന്നത്. ഈ ഇനത്തിൽ പഞ്ചായത്തിൻെറ വരുമാനം 70500 രൂപയാണ്. അറവുശാലകൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ല. പച്ചക്കറി, പല വ്യഞ്ജനം എന്നിവക്കൊന്നും മാർക്കറ്റുകൾ ഇല്ല.

**നിർദ്ദേശങ്ങൾ**

1. മൂലങ്കാവിൽ ഒരു ആഴ്ചചന്ത ആരംഭിക്കണം.
2. വാർഡ് വികസനസമിതികൾ സ്വന്തം വികസന സങ്കേതങ്ങൾ കണ്ടെത്തണം.
3. വിപണന-വെയർ ഹൗസിങ്ങ് സൊസൈറ്റികൾ സ്ഥാപിക്കുക.

**ഗതാഗതം – പ്രശ്നങ്ങൾ**

1. പഞ്ചായത്തിൻെറ വരുമാനത്തിൽ 45%ത്തോളം റോഡു പണികൾക്കായി ചെലവഴിച്ചിട്ടും ആവശ്യത്തിന് റോഡുകളില്ല. ഉള്ളവ ഗതാഗതയോ ഗ്യവുമല്ല.
2. നിലവിലുള്ള റോഡുപണി ഗുണനിലവാരം ഉറപ്പു വരുത്താതെയാണ് നടത്തുന്നത്. ഉദാ : കല്ലൂർ- നമ്പിക്കൊല്ലി റോഡ്.
3. റോഡുകളിൽ ഡ്രെയിനേജും കലുങ്കും വേണ്ടി ടത്ത് അവയില്ലാതെ റോഡ് പണിയുന്നത് മൂലം റോഡ് ഗതാഗതയോഗ്യമല്ലാതാകുന്നു.
4. റോഡുകൾ ശുചിയായി സൂക്ഷിക്കപ്പെടുന്നില്ല. പരി സരവാസികൾ വെയ്സ്റ്റ് റോഡിൽ ഉപേക്ഷിക്കുകയും അവരുടെ സ്വകാര്യവസ്തുക്കൾ സൂക്ഷിക്കാൻ റോഡും അഴുക്കുചാലും ഉപയോ ഗപ്പെടുത്തുകയും ചെയ്യുന്നു.
5. മണലാടി - പള്ളി വയൽ റോഡ്, പച്ചാടി - കതുങ്ങത്ത് റോഡ് എന്നിവ സ്വകാര്യവ്യക്തികൾ കയ്യേറിയിരിക്കുന്നു.

6. പച്ചാടി - കരിപ്പൂർ റോഡിലെ താവക്കൊല്ലി പാലം ആറ് മാസമായി പൊളിഞ്ഞുകിടക്കുന്നു.

7. ചെട്ടിയാലത്തൂർ റോഡ് കുമളി റോഡ് എന്നിവ അത്യാവശ്യഘട്ടങ്ങളിൽ തുറന്ന് കിട്ടുന്നില്ല.

8. പണി കഴിഞ്ഞ റോഡുകൾ പലതും കേട് വരുന്നത് ജലനിർഗ്ഗമന ചാലുകൾ സംരക്ഷിക്കാത്തതു കൊണ്ടാണ്. മഴക്കാലത്തിന് മുമ്പ് വഴിയരികിലെ കാട് വെട്ടുകയും ഓടകൾ വൃത്തിയാക്കുകയും ചെയ്യുന്നില്ല.

9. റോഡുകളിൽ കന്നുകാലികളെ കെട്ടുന്നത് മൂലം റോഡുകൾ പെട്ടെന്ന് നശിക്കുകയും റോഡപകടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.

10. വള്ളുവാടി - കരിപ്പൂർ റോഡിലെ കുളത്തൂർ പാലത്തിൻെറ കരിങ്കൽ ഭിത്തി തകർന്നുകൊണ്ടിരിക്കുന്നു.

11. പഞ്ചായത്തിലെ റോഡുകളിൽ മെയിൻ റോഡിലൊഴിച്ച് മറ്റ് റോഡുകളിലൊന്നും ബസ് വെയിറ്റിംഗ് ഷെഡ്ഡുകളില്ല.

**ഗതാഗതം സാദ്ധ്യതകൾ**

1. വാർഡ് വികസനസമിതികൾ മുഖേന റോഡ് പണികൾ ചെയ്യിക്കാം. മെറ്റീരിയൽസും വിദഗ്ദ്ധ തൊഴിലിനുള്ള ഫണ്ടും മാത്രം അനുവദിച്ചാൽ അദ്ധ്വാനം ഗുണഭോക്താക്കൾ നല്കും. മഴക്കാലത്തിന് മുമ്പ് ഓടകൾ വൃത്തിയാക്കാത്ത റോഡുകൾക്ക് അറ്റകുറ്റപ്പണിക്ക് തുക അനുവദിക്കരുത്. ഓടകൾ വൃത്തിയാക്കുന്നതും കാടുവെട്ടുന്നതും സന്നദ്ധപ്രവർത്തനത്തിലൂടെ സാദ്ധ്യമാക്കാം.

2. മുഴുവൻ റോഡുകളും സർവ്വേ നടത്തി കയ്യേറ്റക്കാരെ ഒഴിവാക്കി വാർഡ് വികസന സമിതികളെ ഏല്പിച്ചാൽ കയ്യേറ്റം ഒഴിവാക്കാനും ചെറിയ ചെറിയ അറ്റകുറ്റപ്പണികൾ അപ്പപ്പോൾ ചെയ്യാനും കഴിയും.

3. വാർഡ് വികസനസമിതികൾ മുൻകൈയെടുത്ത് സമീപവാസികളെത്തന്നെ അവരുടെ അതിരിലും പരിധിയിലും വരുന്ന റോഡിൻെറ ഭാഗം സംരക്ഷിക്കുന്നതും വൃത്തിയായി സൂക്ഷിക്കുന്നതും ഏല്പിക്കാം. കാടും പുല്ലും വെട്ടിയെടുക്കുന്നതല്ലാതെ കന്നുകാലികളെ റോഡിൽ കെട്ടരുതെന്നും പാഴ്വസ്തുക്കൾ റോഡിലും റോഡരികിലും നിക്ഷേപിക്കരുതെന്നും നിഷ്കർഷിക്കാം.

**ഗതാഗതം - പരിഹാരങ്ങൾ**

1. റോഡുകളുടെയും പാലത്തിൻെറയും കലുങ്കുകളുടെയും പണിയുടെ മേൽനോട്ടം വാർഡ് വികസനസമിതിക്ക് നല്കണം. സമിതിയുടെ റിപ്പോർട്ടായിരിക്കണം പണം കൊടുക്കാനുള്ള മാനദണ്ഡം.

2. പദ്ധതിയുടെ മുഴുവൻ തുകയും അനുവദിക്കരുത്. മെറ്റീരിയിൽസും യന്ത്രങ്ങളുടെ കൂലിയും വിദഗ്ദ്ധതൊഴിലാളികളെ വരുത്തേണ്ട ചെലവും കഴിച്ചുള്ള അദ്ധ്വാനം വാർഡ് വികസന സമിതി ലഭ്യമാക്കണം. ഇടത്തട്ടുകാർ ഏറ്റെടുക്കുന്ന പണികളിൽ വാർഡ് വികസന സമിതിയുടെ ക്ലിയറൻസ് നിർബന്ധമാക്കണം. PWDയുടെ ക്ലിയറൻസ് ഒഴിവാക്കണം.

3. ഓടകളും കലുങ്കുകളും ഇല്ലാതെ റോഡുകൾ നിർമ്മിക്കരുത്.

4. റോഡുകൾ കൈയ്യേറുന്നവർക്കെതിരെയും വൃത്തികേടാക്കുന്നവർക്കെതിരെയും പിഴ ശിക്ഷ നല്കണം. ഇത് വാർഡ് വികസനസമിതിയുടെ ശുപാർശയിൽ പഞ്ചായത്ത് ബോർഡ് ചെയ്യണം.

5. പഞ്ചായത്തിലെ മുഴുവൻ റോഡുകളും സർവ്വേ നടത്തി കയ്യേറ്റക്കാരെ ഒഴിപ്പിക്കണം.

6. മഴക്കാലത്തിന് മുമ്പ് ഓടകൾ വൃത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

7. ചെട്ട്യാലത്തൂർ കുമളി എന്നീ റോഡിനിരുവശവും ഫെൻസിംഗ് ഏർപ്പെടുത്തി റോഡ് പഞ്ചായത്ത് ഏറ്റെടുക്കുക.

8. താഴെപ്പറയുന്ന കോൺക്രീറ്റ് നടപ്പാലങ്ങൾ നിർമ്മിക്കണം. 1. ചോയിമൂല - സെന്മേനിക്കുന്ന് 2. കണ്ണങ്കോട് 3. ചോരങ്കൊല്ലി 4. കമ്പക്കൊടി 5. ചെറുകുന്ന് ആദിവാസി കോളനി 6. പുലിതൂക്കി 7. 2-ാം വാർഡിലെ ഓടപ്പള്ളം

10. മുകളിൽ പറഞ്ഞ റോഡുകളുടെ ടാറിംഗ്, സോളിംഗ്, അറ്റകുറ്റപ്പണികൾ, നിർമ്മാണം എന്നിവയുടെ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കുക.

11. മുത്തങ്ങ, ചുളിച്ചുവട്, തകരപ്പാടി, തോട്ടാമൂല, എടത്തറ പൊൻകുഴി എന്നിവിടങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾ സ്ഥാപിക്കുക.

12. രാംപള്ളി, കുഴിമൂല, കാളങ്കണ്ടി എന്നിവിടങ്ങളിൽ സ്ഥിരം നടപ്പാലങ്ങൾ നിർമ്മിക്കുക.

13. തദ്ദേശവാസികൾക്ക് വനം വകുപ്പിൻെറ കൈവശമുള്ള റോഡുകളിലൂടെ വളം, കാർഷികോല്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ യഥേഷ്ടം കൊണ്ടു പോകുവാൻ സൗകര്യം ചെയ്തുകൊടുക്കുക.

14. തദ്ദേശവാസികൾ കാർഷികോല്പന്നങ്ങൾ കൊണ്ടു പോകുന്നതിന് സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ് സൃഷ്ടിക്കുന്ന തടസ്സങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുക.

15. ബസ്സ് പോകുന്ന റോഡുകളിൽ എല്ലാം സ്റ്റോപ്പുകൾ നിർണ്ണയിച്ച് ബഹുജനപങ്കാ

ളിത്തത്തോടെ ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ സ്ഥാപിക്കണം.

16. ഫോറസ്റ്റിലൂടെ കടന്നുപോകുന്ന വനം വകുപ്പിൻെറ കൈവശത്തിലുള്ള റോഡുകൾ പഞ്ചായത്ത് ഏറ്റെടുക്കുക.

**ഊർജ്ജം – സാധ്യതകൾ**

1 നൂല്പുഴ പഞ്ചായത്തിൽ 'അനർട്ടി'ൻെറ കേന്ദ്രം സ്ഥാപിച്ച് ഈ പഞ്ചായത്തിൻെറ ഊർജ്ജ ചുമതലകൾ മുഴുവൻ ഏല്പിച്ച് നല്കുകയും ചെയ്യാം. ഈ പഞ്ചായത്തിൻെറ ഊർജ്ജാവശ്യത്തിനുള്ള പദ്ധതി വിഹിതം ഈ കേന്ദ്രത്തിന് അനുവദിച്ചാൽ ഈ പഞ്ചായത്തിന് വേണ്ട ഉപകരണങ്ങൾ ഇവിടെത്തന്നെ നിർമ്മിക്കാം. ഒരു വാർഡിൽ രണ്ടു പേർക്ക് വീതം പരിശീലനം നല്കിയാൽ സ്ഥാപിക്കപ്പെടുന്ന യൂണിറ്റുകളുടെ അറ്റകുറ്റപ്പണികൾ വാർഡ് വികസനസമിതികൾക്ക് നടത്താം.

2. അനർട്ടിൻെറ സാങ്കേതിക സഹകരണത്തോടെ പ്രാദേശിക ആവശ്യങ്ങൾക്കുള്ള യന്ത്രങ്ങളും മറ്റ് സാമഗ്രികളും ഉണ്ടാക്കുന്ന യുണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കുക. ഇവർക്ക് പരിശീലനം അനർട്ട് നല്കുന്നതോടൊപ്പം അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കാൻ സഹായിക്കുകയും ചെയ്യണം ഇത് തൊഴിലവസരങ്ങളും ജനങ്ങളുടെ ഊർജ്ജസംരക്ഷണത്തിലെ പങ്കാളിത്തവും വർദ്ധിപ്പിക്കും.

**ഊർജ്ജം – പ്രശ്നങ്ങൾ**

1 വൈദ്യുതി പ്രതിസന്ധി

2 243 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 35 കിലോമീറ്റർ മാത്രമേ വൈദ്യുതി ലൈനുള്ളു. ബാക്കി സ്ഥലങ്ങളിലേക്കൊന്നും വൈദ്യുതി എത്തിയിട്ടില്ല.

3. ആദിവാസികോളനികൾ 99%വും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. വൈദ്യുതി ലൈൻ കടന്നുപോകുന്ന സ്ഥലത്തുപോലും ഇതാണ് സ്ഥിതി.

4. വനമേഖലയായതിനാൽ ഭൂരിഭാഗം കോളനികളിലേക്കും അധിവാസസ്ഥലങ്ങളിലേക്കും വൈദ്യുതി ലൈൻ പോകേണ്ടത് വനത്തിലൂടെയാണ്. ഇത് സാങ്കേതിക പ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

5 തെരുവ് വിളക്കുകൾക്ക് പണം പഞ്ചായത്ത് അടക്കുന്നുണ്ടെങ്കിലും വിളക്കുകൾ കത്തുന്നില്ല.

6. ഇലക്ട്രിസിറ്റി ബോർഡിൻെറ അഴിമതി-കൈക്കൂലി നല്കാതെ ഫ്യൂസ്വയൽ മാറ്റിയിടുക പോലും ചെയ്യില്ല.

7. പുകയും കരിയും കൂടുതലുള്ള വിറകടുപ്പുകൾ ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നു. കൂടാതെ വനനശീകരണം ത്വരിതപ്പെടുത്തുന്നു.

8. ഉദ്യോഗസ്ഥന്മാരുടെ നിസ്സഹകരണവും മെറ്റീരിയൽസിൻെറ ദൗർലഭ്യവും മൂലം വൈദ്യുതി പലയിടത്തും എത്തിയിട്ടില്ല.

9. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെക്കുറിച്ച് ജനങ്ങളിൽ വേണ്ടത്ര അറിവുണ്ടായിട്ടില്ല.

10. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെയും ഉപകരണങ്ങളുടെയും ലഭ്യത തൃപ്തികരമല്ല.

11. പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറും മെയ്ൻറനൻസും അറിയാവുന്നവർ പഞ്ചായത്തിലില്ല.

12 മിനിമം ഗ്യാരണ്ടി വച്ച പലർക്കും വർഷങ്ങൾ കഴിഞ്ഞിട്ടും വൈദ്യുതി ലഭിച്ചിട്ടില്ല.

**ഊർജ്ജം – പരിഹാരങ്ങൾ**

1. വനമേഖലകളിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുക

2. പണമടച്ച് കാത്തിരിക്കുന്നവർക്ക് ഉടൻ വൈദ്യുതി നല്കുകയോ അല്ലെങ്കിൽ പകരം സംവിധാനം (പാരമ്പര്യേതര ഊർജ്ജം) ബോർഡിൻെറ ചെലവിൽ ചെയ്ത് കൊടുത്ത് ബില്ല് പിരിക്കുകയോ ചെയ്യണം.

3 അഴിമതിക്കും കൈക്കൂലിക്കുമെതിരെ വാർഡ് വികകസനസമിതികൾ ശക്തമായി രംഗത്ത് വരണം.

4. പുകയില്ലാത്തതും ഇന്ധനക്ഷമതയുള്ളതുമായ അടുപ്പുകൾ സാർവ്വത്രികമാക്കണം. ഇവയുടെ നിർമ്മാണം ബഹുജനങ്ങളിൽ നിന്ന് നിശ്ചിതശതമാനം ഫണ്ട് സമാഹരിച്ച് വാർഡുകളിൽ തന്നെ നടത്തണം.

5. പാചകത്തിന് സോളാർ ഹീറ്ററുകൾ വ്യാപകമായി ഉപയോഗപ്പെടുത്തണം. ഇവയുടെ നിർമ്മാണത്തിനും വാർഡിൽ ഒരു യൂണിറ്റെങ്കിലും വേണം.

6 പച്ചാടി, പള്ളിവയൽ, കുറിച്ച്യാട്, അമ്പതേക്കർ എന്നീ സ്ഥലങ്ങൾ വൈദ്യുതീകരിക്കുക.

7. പച്ചാടി, ഒണ്ടങ്കുനി, കതുങ്ങത്ത് ചിറമൂല പണയമ്പം എന്നീ കോളനികൾ വൈദ്യുതീകരിക്കുക.

8. കൊട്ടനോട് എത്തിനില്ക്കുന്ന വൈദ്യുതി ലൈനിൽ നിന്നും ഹൗസ് കണക്ഷൻ നല്കുക.

9. നായ്ക്കട്ടി - പിലാക്കാവ് - പുത്തൂർ - മണിമുണ്ട ഭാഗത്ത് വൈദ്യുതി ലൈൻ വലിക്കാൻ വനം തടസ്സമായതിനാൽ സോളാർ യൂണിറ്റുകൾ സ്ഥാപിക്കുക.

10. മുലങ്കാവ് - കൊട്ടനോട് – കാരശ്ശേരി റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുക.

11. മുഴുവൻ ആദിവാസി കോളനികളും വൈദ്യുതീക രിക്കുക.

12. പശു വളർത്തുന്ന വീടുകളിൽ ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കുക.

13. ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമാതൃകയെന്ന നിലയിൽ നുല്ലുഴ പഞ്ചായത്തിനെ 'അനർട്ട്' ദത്തെ ടുത്ത്, പദ്ധതി വിഹിതവും, ജനകീയ സംഭാ വനകളും, പഞ്ചായത്ത് വിഹിതവും മാനവ ശേഷിയും ഉപയോഗപ്പെടുത്തി ഒമ്പതാം പദ്ധ തിക്കാലംകൊണ്ട് ഊർജ്ജ സ്വയം പര്യാപ്തത കൈവരിക്കുക.

14. കൃഷിവികസനം ലക്ഷ്യമാക്കി നമ്പിക്കൊല്ലി കല്ലൂർ പുഴയുടെ തീരങ്ങളിൽ വൈദ്യുതി ലഭ്യമാക്കണം.

15. ചെട്ടിയാലത്തൂർ, പുത്തൂർ, കുറിച്ചിയാട്, കുമളി പൊൻകുഴി തുടങ്ങി വനത്തിലെ മുഴുവൻ പോക്കറ്റു കളിലും സോളാർ പവർ ഹൗസുകൾ സ്ഥാപിക്കുക.





# പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം

നൂൽപ്പുഴ പഞ്ചായത്തിലെ വലിയൊരു വിഭാഗം ആദിവാസി വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നു. വയനാടിൻെറ സാംസ്കാരികത്തനിമ ഇന്നും നിലനിർത്തിപോരുന്ന ഈ വിഭാഗം പ്രത്യേക പരിഗണന അർഹിക്കുന്നു. 91 സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ പട്ടികജാതി ജനസംഖ്യ 929 ഉം പട്ടികവർഗ്ഗ ജനസംഖ്യ 8932 ഉം ആണ്. പണിയർ, കാട്ടുനായ്ക്കർ. ഊരാളി, കുറുമർ, തുടങ്ങിയ വിഭാഗങ്ങളിലായി 10,000 ത്തോളം വരുന്ന ഈ വിഭാഗം ഈ പഞ്ചായത്തിൻെറ വലിയൊരു മനുഷ്യ സമ്പത്താണ്.

മേൽപറഞ്ഞ വിഭാഗങ്ങളിലായി 250-ന് മേൽ കോളനികൾ പഞ്ചായത്തിലുണ്ട്. വലിയൊരു വിഭാഗത്തിന്, സ്വന്തമായി വീടുകളില്ല. കൈവശഭൂമിയുള്ള ആദിവാസികളും നാമമാത്രമാണ്.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിതാപകരമാണ്. സർക്കാർ കോടിക്കണക്കിന് രൂപ വർഷം തോറും ഈ ഇനത്തിൽ വകയിരുത്തുന്നുണ്ടെങ്കിലും കാര്യമായി ലക്ഷ്യം കണ്ടെത്താറില്ല. വീട്, കുടിവെള്ളം, വൈദ്യുതി, കക്കൂസ്, വിദ്യാഭ്യാസ സൗകര്യം തുടങ്ങി ജീവിതത്തിൻെറ നാനാതുറകളിലും, അന്യവൽക്കരണം അനുഭവിക്കുന്നവരാണ് പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗം. എല്ലാ കോളനികളിലും വൈദ്യുതീകരണം പൂർത്തിയാകേണ്ടിയിരിക്കുന്നു. കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ മിക്കകോളനികളിലും ലഭ്യമല്ല.

മെച്ചമായ സേവന വേതന വ്യവസ്ഥ നിലനിൽക്കുന്നുണ്ടെങ്കിലും, പഞ്ഞമാസങ്ങളിൽ ഈ വിഭാഗം പട്ടിണിയേയും, ദാരിദ്ര്യത്തേയും നേരിടുന്നു. വടക്കനാട് വനലക്ഷ്മി കുരുമുളക് പ്ലാൻേറഷനിൽ നൂറ് കണക്കിന് ആദിവാസികൾ തൊഴിൽ ചെയ്തിരുന്നു. എന്നാൽ കുരുമുളക് കൃഷിനാശത്തെ നേരിടുന്നു, എന്നതിനാൽ ഇവരുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു.

കല്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗിരിജൻ സഹകരണ സംഘം, ആദിവാസികളുടെ തൊഴിൽ രംഗം അൽപമെങ്കിലും പുഷ്ടിപ്പെടുത്തുന്നുണ്ട്. വന വിഭവങ്ങൾ ശേഖരിക്കുകയും, വിപണനം നടത്തുകയും ചെയ്യുന്നു. ഈ സംഘം പൂർണ്ണമായും ആദിവാസി വിഭാഗത്തിൻെറ നിയന്ത്രണത്തിലുള്ളതാണ്.

വനമേഖലയിലെ മുഴുവൻ തൊഴിലവസരങ്ങളും ഇവർക്ക് ലഭ്യമല്ല. ഒരു പ്രത്യേക സമയത്ത് മാത്രം ലഭിക്കുന്ന മുളവെട്ട്, തേക്ക് ഇടവട്ടൽ തുടങ്ങിയ തൊഴിലവസരങ്ങൾ, ഇതര തൊഴിൽ സംഘടനകളുമായുള്ള ഏറ്റുമുട്ടലിൽ ഇവർക്ക് നഷ്ടപ്പെടുന്നു. ''വയനാട് ആദിവാസി ഫോറസ്റ്റ് വർക്കേഴ്സ് യൂണിയൻ'' ഈ രംഗത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തിൻെറ മിക്കവാറും എല്ലാ ഭാഗങ്ങളിലും യൂണിയൻെറ ശാഖകൾ പ്രവർത്തിക്കുന്നു.

തൊഴിലിനു വേണ്ടി, കൂട്ടമായി, മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്നവരും ഈ വിഭാഗത്തിലുണ്ട്. അതിർത്തി സംസ്ഥാനമായ കർണാടകത്തിലെ കുടക്, ഷിമോഗ തുടങ്ങിയ സ്ഥലങ്ങളിൽ ഇഞ്ചിക്കൃഷി വ്യാപകമായതോടെ തൊഴിലാളികൾ ഈ പ്രദേശങ്ങളിൽ മാസങ്ങളോളം താമസിച്ച് ജോലി ചെയ്യുന്നു.

തൊഴിലിന് വേണ്ടി 'ആണ്ട് കെട്ടൽ' എന്ന ഒരു സമ്പ്രദായം വർഷങ്ങൾക്ക് മുൻപ് മുതൽ നിലനിൽക്കുന്നതാണ്. പൊതുവായ ബോധവൽക്കരണത്തിൻെറയും സാമൂഹ്യ വിദ്യാഭ്യാസത്തിൻെറയും വെളിച്ചത്തിൽ

ഈ പ്രവണത ഇപ്പോൾ കുറഞ്ഞ് വരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി നിരവധി പദ്ധതികൾ വരുന്നുണ്ടെങ്കിലും ഇവയൊന്നും ലക്ഷ്യം കാണാറില്ല. I.R.D.P ധനസഹായത്തിന് അർഹതയുള്ള പലർക്കും അത് ലഭിച്ചിട്ടില്ല്. ലഭിച്ചവർ തന്നെ വേണ്ടവിധത്തിൽ അത് ഉപയോഗിക്കുന്നില്ല എന്ന പരാതിയും നിലനിൽക്കുന്നുണ്ട്.

ബത്തേരി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ശ്രേയസ്സ്' എന്ന സന്നദ്ധ സംഘടന ആദിവാസിമേഖലകളിൽ പ്രവർത്തനം നടത്തുന്നുണ്ട്. ഭക്ഷണ സാധനങ്ങൾ എത്തിച്ച് കൊടുക്കുകയും, വിദ്യാഭ്യാസം കൊടുക്കുകയും ഒക്കെ ഇവരുടെ പ്രധാന പ്രവർത്തനങ്ങളാണ്. ആദിവാസി സംഗമം പോലുള്ള പരിപാടികൾ സംഘടിപ്പിച്ച് കൊണ്ട്, സാംസ്കാരികമായി ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ട് വരുന്നതിലും 'ശ്രേയസ്സ്' പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗം വളരെ പിന്നോക്കമാണ്. സ്ക്കൂളുകളിലെ കൊഴിഞ്ഞ് പോക്ക് ഇപ്പോഴും തുടരുകയാണ്. ആദിവാസി കുട്ടികളെ സ്ക്കൂളിൽ എത്തിക്കുന്നതിനും, അവർക്ക് വിദ്യാഭ്യാസം നൽകുന്നതിലും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സമ്പൂർണ്ണ സാക്ഷരതാപരിപാടിയുടെ ഭാഗമായും, ആദിവാസി തുടർ സാക്ഷരതാ പരിപാടിയുടെ ഭാഗമായും പഞ്ചായത്തിലെ 170-ൽ അധികം കോളനികൾ സന്നദ്ധ പ്രവർത്തകർ സേവനം നടത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച കാരണം, കുറേ മാസങ്ങളായി, സാക്ഷരതാ പ്രവർത്തനങ്ങൾ നടക്കുന്നില്ല. നേടിയെടുത്ത അക്ഷരജ്ഞാനം നിലനിർത്തുന്നതിന് തുടർ സാക്ഷരതാ പരിപാടികൾ തുടർന്നും നടത്തേണ്ടിയിരിക്കുന്നു. തൊഴിലുമായി ബന്ധപ്പെട്ട തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഈ വിഭാഗങ്ങൾക്ക് നൽകേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ ഒറ്റപ്പെട്ടതും, വനമേഖലയിൽ ഉള്ളതുമായ സ്ഥലങ്ങളിൽ ഏകാധ്യാപക വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കുകയാണ് ഇതിന് വേണ്ടി ചെയ്യാവുന്നത്.

സ്കൂളുകളിലെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള DPEP പരിപാടിയും പഞ്ചായത്തിൽ ഉണ്ട്. എങ്കിലും ഈ പ്രവർത്തങ്ങളും 100% വിജയത്തിൽ എത്തിയിട്ടില്ല.

കാട്ടുനായ്ക്ക വിഭാഗത്തിലെ കുട്ടികളെ കണ്ടെത്തി അവർക്ക് വിദ്യാഭ്യാസം നൽകുന്നതിനായി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 'രാജീവ് ഗാന്ധി മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂൾ' എടുത്ത് പറയത്തക്കതാണ്. സ്കൂൾ താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രധാന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

ആദിവാസി വിഭാഗത്തിലെ കുട്ടികൾക്ക് പ്രീ-പ്രൈമറി തലത്തിൽ വിദ്യാഭ്യാസം നൽകുന്നതിന് കൂടുതൽ അംഗൻവാടികൾ/ബാലവാടികൾ തുറക്കേണ്ടിയിരിക്കുന്നു.

ആരോഗ്യരംഗത്തും, കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. വേനൽക്കാലങ്ങളിൽ പല കോളനികളിലും പകർച്ചവ്യാധികൾ പിടിപെടാറുണ്ട്. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക ചികിൽസാ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. പോഷക വൈകല്യം, പട്ടിണി, ദാരിദ്ര്യം ഇവയൊക്കെ അനാരോഗ്യത്തിന് ഇടയാക്കുന്നു. കേരളത്തിൽ പട്ടിണിമരണം സംഭവിച്ച ഞണ്ടൻ കൊല്ലി കോളനി ഈ പഞ്ചായത്തിലാണ്. നല്ലൊരു ശതമാനം ആളുകൾ മദ്യം കഴിക്കുന്നവരാണ്. കാലങ്ങളായി ഇവർ അനുവർത്തുച്ച് പോരുന്ന ഈ ദുശ്ശീലം അവരുടെ സാമ്പത്തിക ഭദ്രതയെ തകിടം മറിക്കുന്നു. ചാരായ നിരോധനം നിലവിൽ വന്നെങ്കിലും വ്യാജവാറ്റും അതിർത്തി, സംസ്ഥാനങ്ങളിലെ മദ്യത്തിന്റെ ലഭ്യതയും സ്ഥിതി കൂടുതൽ വഷളാക്കിയിട്ടുണ്ട്.

ആദിവാസികളുടെ പരമ്പരാഗത തൊഴിലുകൾ പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ അഭാവവും, നിയമ തടസ്സവും ഇതിന് വിഘാതമായി നിൽക്കുന്നു. മുള ഉപയോഗിച്ച് കൊണ്ട് നിർമ്മിക്കുന്ന കൊട്ട, പനമ്പ്, മുറം, വട്ടി തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് വൻവിപണന സാധ്യതയുണ്ട്.

സംവരണ ബിൽ നിലവിൽ വന്നതോടെ ഭരണ രംഗത്തേക്ക് കൂടുതൽ കടന്ന് വരുവാനും, തങ്ങളുടെ സമുദായത്തേയും, നാടിനെ മൊത്തമായും പ്രതിനിധീകരിക്കുവാനും ഇവർക്ക് അവസരം ലഭിച്ചു. പഞ്ചായത്തിന്റെ പ്രസിഡൻറ് ഒരു പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുമുള്ള ആളാണ്. പഞ്ചായത്ത് ബോർഡിലെ 4 അംഗങ്ങൾ പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. ഇവരിൽ 2 പേർ വനിതകളാണ്. ജില്ലാ പഞ്ചായത്തംഗവും, ബ്ലോക്ക് പഞ്ചായത്തംഗവും പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്.

സർക്കാർ, സന്നദ്ധസംഘടനകൾ, തുടങ്ങിയവ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ കൊണ്ടും, സാമൂഹ്യ ഇടപെടലുകളും ഈ വിഭാഗത്തിന്റെ മുന്നേറ്റത്തിന് വഴിയൊരുക്കിയിട്ടുണ്ട്. വയനാടിന്റെ സാംസ്ക്കാരികത്തനിമ നിലനിർത്തുന്ന നിരവധി ആദിവാസി കലാരൂപങ്ങൾ നിലവിലുണ്ട്. ഇവയെ പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക ഭദ്രത ഇവയൊക്കെ ഉറപ്പ് വരുത്തിയാൽ പഞ്ചായത്തിലെ നിർണായകമായ ജനസംഖ്യയുള്ള ഈ വിഭാഗത്തിന് ഭാവിയിൽ കൂടുതൽ സംഭാവനകൾ നൽകാൻ കഴിയും.

## പട്ടികജാതി-പട്ടിവർഗ്ഗക്ഷേമം - പ്രശ്നങ്ങൾ

1. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി വാദിക്കാൻ ഇഛാശക്തിയുള്ള നേതൃത്വം ഇല്ല.
2. പച്ചാടി വനലക്ഷ്മി തോട്ടത്തിൽ പട്ടികവർഗ്ഗത്തിന് നീക്കിവച്ചിരുന്ന ജോലി ലഭിക്കുന്നില്ല.
3. ആദിവാസികൾക്ക് 75% ത്തിനും സ്വന്തമായി ഭൂമിയില്ല.
4. വിദഗ്ദ്ധതൊഴിലുകൾ പരിശീലിക്കുവാൻ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് അവസരമില്ല.
5. ആവശ്യത്തിനുള്ള ട്രൈബൽ ഹോസ്റ്റൽ സൗകര്യങ്ങളില്ലാത്തത് മൂലം കാട്ടുനായ്ക്ക, പണിയ വിഭാഗങ്ങളിലെ കൊഴിഞ്ഞുപോക്ക് കൂടുതലാണ്.
6. പോഷണക്കുറവ്.
7. ശുചിത്വമില്ലായ്മ.
8. പാർപ്പിടമില്ലായ്മ. സ്വന്തമായി ഭൂമിയും വീടുമില്ലാത്തതിനാൽ പണിയ-കാട്ടുനായ്ക്ക വിഭാഗങ്ങൾ ഒരിടത്തും സ്ഥിരമായി വസിക്കാതെ മാറിമാറിത്താമസിക്കുന്നു.
9. കോളനികളിലേക്ക് ആവശ്യത്തിന് ഗതാഗത സൗകര്യമില്ല.
10. വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി ലൈൻ അടുത്തുകൂടി കടന്നു പോകുന്ന പല കോളനികൾക്കും കണക്ഷൻ നൽകിയിട്ടില്ല.
11. നിരക്ഷരത.
12. തൊഴിലില്ലായ്മ.
13. ശുദ്ധജലം പല കോളനികളിലും ലഭ്യമല്ല.
14. ഭൂരിപക്ഷം കോളനികളിലും സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നു.
15. പട്ടിണി സ്ഥിരമായും പട്ടിണി മരണം അപൂർവ്വമായും ഉണ്ട്.
16. സബ്സിഡികളും വായ്പകളും നല്കുമ്പോൾ അവയുടെ ഉപയുക്തതയും ഉല്പാദനക്ഷമതയും ഉറപ്പുവരുത്തുന്നില്ല.
17. മദ്യപാനാസക്തി വർദ്ധിച്ചുവരുന്നു.
18. ഭവനനിർമ്മാണ പദ്ധതികളനുസരിച്ച് പണിതപൂർത്തിയാകാത്തതും ഉറപ്പില്ലാത്തതുമായ വീടുകൾ അപകടഭീഷണി സൃഷ്ടിക്കുന്നു.
19. കോളനികൾ എല്ലാം വനത്തിനുള്ളിലോ വനാതിർത്തിയിലോ ആയതിനാൽ വന്യമൃഗശല്യം രൂക്ഷമാണ്.
20. വിദ്യാർത്ഥികളുടെ വമ്പിച്ച കൊഴിഞ്ഞു പോക്ക്.
21. ആദിവാസി സംസ്കാരവും കലകളും കൈത്തൊഴിലുകളും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.
22. ഫോറസ്റ്റ് ലീസിൽ കഴിയുന്ന ആദിവാസികൾക്ക് പട്ടയം ലഭിച്ചിട്ടില്ല.
23. ഭൂരിപക്ഷം ആദിവാസികൾക്കും റേഷൻകാർഡില്ല. ഉള്ളവരുടേത് തന്നെ മറ്റുള്ളവരുടെ കൈവശമാണ്.
24. അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിച്ചു വരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം - സാദ്ധ്യതകൾ

1. ഈ വിഭാഗങ്ങൾക്ക് സബ്സിഡികളും സാമ്പത്തികാനുകൂല്യങ്ങളും നല്കുന്നതിന് പകരം കൂടുതൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുകയും ഒരു വാർഡിൽ ഒന്ന് വീതം തൊഴിൽ പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്യാം. നെയ്ത്ത്, മെടച്ചിൽ, ആശാരിപ്പണി, കല്പണി തുടങ്ങിയ തൊഴിലുകളിൽ പരിശീലനം നല്കിയാൽ തൊഴിലും വരുമാനവും വർദ്ധിക്കും.
2. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഫോറസ്റ്റ്, ബ്ലോക്ക്, പോലീസ്, സാമൂഹ്യക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ്, പഞ്ചായത്ത് സമിതി എന്നിവരുടെ പ്രതിനിധികളടങ്ങിയ ഒരു സ്ഥിരം വിജിലൻസ് സെൽ രൂപീകരിക്കാം. ആദിവാസികളുടെ ആനുകൂല്യങ്ങൾ, അവയുടെ ഉപയോഗം, അവരുടെ പ്രശ്നങ്ങൾ, ഭീക്ഷണികൾ എന്നിവ ഈ സംവിധാനം ശ്രദ്ധിക്കുകയും നടപടികൾ സ്വീകരിക്കുകയും വേണം.
3. എല്ലാ കോളനികളിലും ഏകാദ്ധ്യാപകവിദ്യാലയങ്ങൾ ആരംഭിക്കാം. അവിടെതന്നെ അദ്ധ്യാപകന് താമസവും നിർബന്ധമാക്കിയാൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയാം. സാക്ഷരതാപ്രവർത്തനം ഊർജ്ജസ്വലമാക്കാം.
4. വനത്തിൽ നിന്ന് ലഭ്യമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് ഓരോ വാർഡിലും ഓരോ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കാം. കെട്ടിട നിർമ്മാണവും ആറ് മാസത്തിലൊരിക്കൽ അറ്റകുറ്റപ്പണികളും രക്ഷിതാക്കളെക്കൊണ്ട് സന്നദ്ധസേവനമാക്കി ചെയ്യിക്കാം. ഗ്രാൻറ് വാങ്ങാൻ വരുമ്പോളായാൽ ആ ദിവസങ്ങളിലെ ഭക്ഷണം തേടേണ്ടിവരില്ല.

## പട്ടിക വർഗ്ഗ ക്ഷേമം-പരിഹാരങ്ങൾ

1. നേതൃത്വ പരിശീലന പരിപാടികൾ ഊർജ്ജിതമായി നടപ്പിലാക്കുക. പൊതു ധാരയിൽ ഇടപെടാൻ പ്രേരിപ്പിക്കുക.
2. പച്ചാടി-വനലക്ഷ്മി തോട്ടം വനവല്കരണം നടത്തി

തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

3. ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂമി നല്കുക.

4 വിദഗ്ദ്ധ തൊഴിലുകൾ പരിശീലിപ്പിക്കുവാൻ സംവിധാനമുണ്ടാക്കുക. ഒരു വാർഡിൽ ഒന്ന് വീതം പത്ത് വാർഡുകളിലായി പത്ത് പരിശീലന കേന്ദ്ര ങ്ങൾ സ്ഥാപിക്കുക.

5 എല്ലാ വാർഡുകളിലും ഓരോ ട്രൈബൽ ഹോസ്റ്റ ലുകൾ വീതം സ്ഥാപിക്കുക.

6. എല്ലാവാർഡുകളിലും ട്രൈബ്സിന് വേണ്ടി മാത്ര മുള്ള അംഗൺ വാടികളും ആരോഗ്യ കേന്ദ്രങ്ങളും സ്ഥാപിക്കുക.

7. ആരോഗ്യ പ്രവർത്തകർ നിരന്തരം കോളനികൾ സന്ദർശിച്ച് സന്നദ്ധ സംഘടനകളുടെ സഹാ യത്തോടെ ശുചിത്ത്വം പാലിക്കുവാൻ കോളനി നിവാസികളെ പഠിപ്പിക്കുക. നിരന്തരം ചെയ്യുമ്പോൾ ശുചിത്ത്വം ശീലമാകും. കുടിവെള്ളം ആവിശ്യത്തിന് ലഭ്യമാക്കണം. കോളനികളിൽ കുളിക്കാനും കഴുകാനുമുള്ള വെള്ളമെടുക്കാനും മറ്റും ഒരു പൊതു കുളം നിർമ്മിച്ച് നൽകണം.

8. മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഉറപ്പുള്ള വീടും കൃഷിഭൂമിയും ലഭ്യമാക്കണം.

9 എല്ലാ കോളനികളിലേക്കും ഗതാഗത യോഗ്യമായ റോഡുകൾ ഉണ്ടാക്കണം. വസ്തുക്കൾ നല്കി തൊഴിൽ ഗുണഭോക്താക്കളിൽ നിന്നും സ്വീകരിച്ച് ഇത് ചെയ്യാം.

10. വൈദ്യുതി നല്കാവുന്നിടത്ത് വൈദ്യുതിയും അതില്ലാത്തിടത്ത് പാരമ്പര്യേതര ഊർജ്ജവും ഉപയോഗപ്പെടുത്തി എല്ലാ കോളനികളിലും വെളിച്ചം എത്തിക്കണം.

11. എല്ലാ കോളനികളിലും ഏകാംഗ വിദ്യാലയങ്ങൾ സ്ഥാപിച്ച്, അദ്ധ്യാപകന് സാക്ഷരതാ പ്രവർത്ത നചുമതലയും നൽകണം

12. നെയ്ത്ത്, മെടച്ചിൽ, കാർഷികോപകരണ നിർമ്മാണം, ആശാരിപ്പണി, തുകൽപ്പണി, കൽപ്പണി എന്നിവയിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവ ർക്ക് പരിശീലനം നൽകണം.

13. തൊഴിൽ ഉറപ്പ് വരുത്തുകയും തൊഴിലില്ലാത്ത കാല ത്ത് സൗജന്യ റേഷൻ അനുവദിക്കുകയും ചെയ്യണം.

14. ആദിവാസി കോളനികളിലെ ക്ഷേമപ്രവർത്തനങ്ങ ളുടെ ഫലപ്രാപ്തി വിലയിരുത്താനും നടപടികളെ ടുക്കാനും പോലീസ്, ഫോറസ്റ്റ്, സാമൂഹ്യ ക്ഷേമം, പട്ടികവർഗ്ഗക്ഷേമം ആരോഗ്യം, ബ്ളോക്ക്, വിദ്യാഭ്യാസം, പഞ്ചായത്ത് സമിതി, എന്നിവരുടെ പ്രതിനിധികളടങ്ങിയ മോണിട്ടറിംഗ് സെൽ സ്ഥിരം സംവിധാനമായിത്തന്നെ പ്രവർത്തിക്കണം. പകരം ആളെത്താതെ ഇതിലൊരാളെപ്പോലും റിലീവ് ചെയ്യാൻ പാടില്ല.

15. മദ്യപാനത്തിനെതിരേ ബോധവല്കരണം ഊർജ്ജി തമാക്കണം. മദ്യവില്പനക്കെതിരേ നിയമനടപടികൾ ഊർജ്ജിതമാക്കണം.

16. ഭവന നിർമ്മാണ പദ്ധതികൾ യാഥാർത്ഥ്യ ബോധത്തിലധിഷ്ടിതമായിരിക്കുകയും നടത്തിപ്പ് കുറ്റമറ്റതാക്കുകയും വേണം.

17. വന്യജീവികളിൽ നിന്ന് സംരക്ഷണം എന്നനില യിൽ കോളനികൾക്ക് ചുറ്റും, റോഡുകൾക്കിരു വശവും ഫെൻ സിംഗ് സ്ഥാപിക്കണം.

18. എല്ലാ വാർഡുകളിലും വനത്തിൽ നിന്നും ലഭ്യമാകുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കണം. ആറുമാസത്തിലൊരിക്കൽ രക്ഷാകർത്താക്ക ളെക്കൊണ്ട് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യിക്കണം.

19. ആദിവാസി സംസ്കാരവും കലകളും കൈത്തൊ ഴിലുകളും സംരക്ഷിക്കാൻ ക്ളബുകളെയും സന്നദ്ധ സംഘടനകളെയും ചുമതലപ്പെടുത്തണം.

20. ഫോറസ്റ്റ് ലീസിൽ, കഴിയുന്ന ആദിവാസികൾക്ക് പട്ടയം. നൽകുകയോ, അവരെ മാറ്റിപാർപ്പി ക്കുകയോ ചെയ്യണം.

21 റേഷൻ കാർഡില്ലാത്തവർക്ക് എത്രയും വേഗം അത് അനുവദിക്കുകയും ദുരുപയോഗം തടയുകയും വേണം. ഇതിന് മോണിട്ടറിംഗ് ഏജൻ സിക്ക് കഴിയും.

22. അവിവാഹിതരായ അമ്മമാരെ തൊഴിൽ പരി ശീലനം നല്കി പുനരധിവസിപ്പിക്കുകയും അവരെ ലൈംഗികചൂഷണത്തിന് വിധേയരാക്കിയവർക്കെ തിരെ നിയമ നടപടികൾ സ്വീകരിക്കുകയും വേണം.

23. ആദിവാസി മേഖലയായ ഒന്നും രണ്ടും വാർഡുക ളിലെ കുട്ടികൾ പഠിക്കുന്ന വടക്കനാട് എൽ.പി. സ്കൂൾ അപ് ഗ്രേഡ് ചെയ്യുക.

24. ഫുഡ് സപ്പോർട്ട് പ്രോഗ്രാമിൽ മുഴുവൻ പട്ടിക വർഗ്ഗകുടുംബങ്ങളെയും ഉൾപ്പെടുത്തുക.



# വനിതാക്ഷേമം

1991-ലെ സെൻസസ് പ്രകാരം നൂൽപ്പുഴ പഞ്ചായത്തിലെ മൊത്തം സ്ത്രീകളുടെ എണ്ണം 11345 ആണ്. അതിൽ സാക്ഷരരായ സ്ത്രീകൾ 6453 മാത്രമാണ്. ഗ്രാമവികസനവകുപ്പ് വനിതകൾക്ക് മാത്രമായി DWCRA പദ്ധതി നടപ്പാക്കിവരുന്നുണ്ട്. 18 അംഗൻവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീപുരുഷാനുപാതം. 1000 പുരുഷൻമാർക്ക് 960 സ്ത്രീകൾ എന്നതാണ്. സാക്ഷരത 50%ത്തിൽ കൂടുതൽ ഉണ്ടെങ്കിലും ഉന്നത വാദ്യാഭ്യാസം ലഭിച്ചവർ വളരെ കുറവാണ്. അതിൻെറ പ്രധാനകാരണം ആദിവാസി വിഭാഗത്തിൽ വരുന്ന വനിതകൾ വിദ്യാഭ്യാസകാര്യത്തിൽ പിന്നോക്കം നിൽകുന്നതാണ്. ഇതിൽ ബഹുഭൂരിപക്ഷവും കർഷകതൊഴിലാളികളാണ് ബാക്കി വരുന്നവർ വനവിഭവങ്ങൾ ശേഖരിച്ച് കഴിഞ്ഞകൂടുന്നു. നെൽകൃഷി ലാഭകരമല്ലാതായതോടുകൂടി സംഭവിച്ച വിളക്രമത്തിലുണ്ടായമാറ്റം സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകളെ സാരമായി ബാധിച്ചിട്ടുണ്ട്. നെൽകൃഷിക്ക് പകരം നിലവിൽ വന്ന തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ കൃഷികളിലൊന്നും സ്ത്രീകളുടെ നേരിട്ടുള്ള പങ്കാളിത്തം അനിവാര്യഘടകമല്ല. നൂൽപ്പുഴ പഞ്ചായത്തിലെ കുടുംബ വരുമാനത്തിൽ സ്ത്രീകളുടെ പങ്ക് വളരെ വിലപ്പെട്ടതാണ്. ഏതാണ്ട് മുഴുവൻ പേരും വീട്ടുപണിച്ചെയ്യുന്നതോടൊപ്പം കൃഷിപ്പണികളിലും കറവമാടുകളെ പരിപാലിക്കുന്നതിലും തീറ്റസമ്പാദിക്കുന്നതിലും നിർണ്ണായക പങ്ക് വഹിക്കുന്നു സ്ത്രീയുടെ ജോലിഭാരം ശരാശരി ദിവസം 14 മണിക്കൂർ ആണെന്ന് കണക്കാക്കുന്നു. പശുവളർത്തലല്ലാതെ ധനാഗമമാർഗ്ഗമെന്ननിലയിൽമറ്റുഅനുബന്ധ തൊഴിലുകളൊന്നും നിലവിലില്ല എല്ലാവീടുകളിലും കോഴികളെ വളർത്തുന്നുണ്ടെങ്കിലും അതൊരു പ്രധാന ധനാഗമമാർഗ്ഗമെന്ന രീതിയിൽ ആരും ഗൗരവമായി എടുത്തിട്ടുള്ളതായി കാണുന്നില്ല. നിർമ്മാണത്തൊഴിലുകളിലും കാർഷീകവൃത്തികളിലും പുരുഷൻമാർക്കൊപ്പം സ്ത്രീകളും ജോലിചെയ്യുന്നുണ്ടെങ്കിലും തുല്യജോലിക്ക് തുല്യവേതനം നല്കപ്പെടുന്നില്ല. എന്നാൽ സ്ത്രീയെന്ന പരിഗണന വച്ച് പ്രത്യേകഇളവുകളൊന്നും അനുവദിക്കപ്പെടുന്നുമില്ല. വരുമാനമാർഗ്ഗങ്ങളായ തൊഴിലുകളിൽ സജീവസാന്നിദ്ധ്യമുണ്ടെങ്കിലും സാമ്പത്തീക സ്വാതന്ത്ര്യം തുലോം കുറവാണ്. കൈത്തൊഴിലെടുക്കുന്ന സ്ത്രീകൾ തീരെയില്ല. ആദിവാസി മേഖലയിൽ നിലനിന്നിരുന്ന കൈത്തൊഴിലുകളായ കുട്ട, പായ, പനമ്പ് തുടങ്ങിയവയുടെ നെയ്ത്ത് മാറിവന്ന ഉപഭോഗ സംസ്കാരത്തിലും വന വിഭവങ്ങളുടെ ദൗർലഭ്യതയിലും പെട്ട് നാമാവശേഷമായി. സ്ത്രീകൾക്ക് ചെയ്യാവുന്ന കൈത്തൊഴിലുകളിൽ പരിശീലനം നല്കുന്ന സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ ഒന്ന് പോലുമല്ല. DWCRA പദ്ധതിപ്രകാരവും കറവമാട് വളർത്തൽ തന്നെയാണ് തിരഞ്ഞെടുക്കുന്നത്. 15 വിധവകൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

പഞ്ചായത്തിൽ ആകെ പ്രവർത്തിക്കുന്ന 71 മഹിളാ സമാജങ്ങൾ, ഒന്നും രണ്ടും മൂന്നും വാർഡുകളിലായി പ്രവർത്തിക്കുന്നു. ഒന്നാം വാർഡിൽ രണ്ട് മഹിളാ സമാജങ്ങളാണുള്ളത്. രണ്ടാം വാർഡിൽ പൊതുവായി രണ്ടും പട്ടികജാതി വനിതകൾക്കായി രണ്ടും വനിതാ സമാജങ്ങൾ പ്രവർത്തിക്കുന്നു. മൂന്നാം വാർഡിൽ ഒരു മഹിളാ സമാജമാണ് പ്രവർത്തിക്കുന്നത്. ഈ മഹിളാ സമാജങ്ങളും സ്ത്രീക്ഷേമത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഒരു സജീവസാന്നിദ്ധ്യമോ ശക്തിയോ ആയി വർത്തിക്കുവാൻ മാത്രം വിഭവ സമൃദ്ധമല്ല. മനുഷ്യവിഭവവും സാമ്പത്തിക വിഭവവും ലഭ്യമല്ലെന്നത് തന്നെ കാരണം.

കടലാസിൽ മദ്യനിരോധനം സമ്പൂർണ്ണമെങ്കിലും ഫലത്തിൽ നിയമവിരുദ്ധ വില്പനയും വ്യാജമദ്യനിർമ്മാണവും വ്യാപകമായതിനാൽ, സ്ത്രീപീഢനം നിത്യജീവിതത്തിൻെറ അഭിശപ്തമായ ഭാഗമായി തുടരുന്നു.

സ്ത്രീധന സമ്പ്രദായം വിവിധ ഓമനപ്പേരുകളിലായി എല്ലാ ജാതിമത വിഭാഗങ്ങളിലും തുടരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ നിരക്ഷരരാണ്. ഈക്കാര്യത്തിൽ കുറേക്കൂടി മാന്യതയും സംസ്കാരവും കാണിക്കുന്നത്. അവർക്കിടയിൽ വീതം, ആഭരണം, പോക്കറ്റ് മണി, സമ്മാനം, ജോലി ലഭിക്കാൻ കൊടുക്കേണ്ട തുക തുടങ്ങി ഓമനപ്പേരുകളിട്ട് വിലപേശൽ സർവ്വസാധാരണമല്ല. പെൺകുട്ടികളോടുള്ള വിവേചനം അഭ്യസ്തവിദ്യരിലടക്കം ഇന്നും തുടരുന്നു. എന്നാൽ, അഭിരുചിയും താല്പര്യവും പ്രകടിപ്പിക്കുന്ന പെൺകുട്ടികളെ സാമ്പത്തികകാരണങ്ങൾ കൊണ്ടല്ലാതെ വിദ്യാഭ്യാസത്തിനയക്കാതിരിക്കുന്ന പതിവില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിനികളുടെ കാര്യത്തിൽ ആൺപെൺ ഭേദചിന്ത കൊണ്ടല്ലെങ്കിലും കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്. വിദ്യാഭ്യാസം ലഭിക്കുന്ന സ്ത്രീകൾ ആദ്ധ്യാപകമേഖലയിലേക്കാണ് കൂടുതലായി തിരിയുന്നത്.

സ്ത്രീകളുടെ പൊതുപ്രവർത്തനം രാഷ്ട്രീയ പ്രവർത്തനം 'ശ്രേയസ്സ്' എന്ന സാമൂഹ്യ സംഘടനയുടേയും പ്രവർത്തനം എന്നിവയിൽ ഒതുങ്ങി നിൽക്കുന്നു. ഈ പഞ്ചായത്തിൽ നാല് സീറ്റുകളാണ് വനിതകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. രണ്ടും ഏട്ടും വാർഡുകൾ പൊതുസീറ്റായും മൂന്നും അഞ്ചും വാർഡുകൾ പട്ടികവർഗ്ഗ വനിതകൾക്കായും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഈ വാർഡുകളിലല്ലാതെ മറ്റുവാർഡുകളിലൊന്നും വനിതാസ്ഥാനാർത്ഥികൾ രംഗത്ത് വരികയുണ്ടായില്ല. ഇതിന് മുമ്പുണ്ടായിരുന്ന പഞ്ചായത്ത് ഭരണസമിതിയുടെ പ്രസിഡണ്ടായി ഒരു വനിത സേവനമനുഷ്ടിച്ചിരുന്നു. നൂല്പുഴ പഞ്ചായത്ത് അടങ്ങുന്ന ബ്ലോക്ക് ഡിവിഷൻ പട്ടികവർഗ്ഗ വനിതയ്ക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഈ വാർഡുകളിൽ മത്സരിച്ച പട്ടികവർഗ്ഗ സ്ഥാനാർത്ഥികളെല്ലാം ഒരു സമുദായത്തിൽ നിന്നുള്ളവരായിരുന്നു എന്നത് ഇപ്പോഴും മുഖ്യധാരയിലേക്കെത്താത്ത പണിയ, കാട്ടുനായ്ക്ക, ഊരാളി വിഭാഗങ്ങളിലെ വനിതകൾ അർഹിക്കുന്ന സവിശേഷ ശ്രദ്ധയിലേക്ക് വിരൽ ചൂണ്ടുന്നു. ഈ സ്ഥാനാർത്ഥികളല്ലാതെ, രാഷ്ടീയ പാർട്ടികളുടെ പ്രാദേശിക നേതൃത്വത്തിലോ, സർവ്വീസ് സംഘടനകളുടെ നേതൃത്വത്തിലോ വനിതകൾ ആരും തന്നെയില്ല എന്നതും പരിഗണനയർഹിക്കുന്നു.

സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളിൽ ഏറ്റവും രൂക്ഷമായി കണ്ടുവരുന്നത് പോഷകാഹാരക്കുറവും കൂടിയ അദ്ധ്വാനഭാരവും പുകമൂലമുണ്ടാകുന്ന പ്രശ്നങ്ങളുമാണ്. അംഗൺ വാടികൾ മുലയൂട്ടുന്ന അമ്മമാരെയും ഗർഭിണികളെയും പോഷകാഹാര കാര്യത്തിൽ സഹായിക്കുന്നുണ്ട്. ഇലക്കറികളും പച്ചക്കറികളും ആഹാരക്രമത്തിൽ പെടുത്തേണ്ടതിന്റെയും അവ സ്വന്തം വീട്ടുവളപ്പിൽ നട്ടുവളർത്തേണ്ടതിന്റെ ആവശ്യരതയേയും കുറിച്ച് വേണ്ടത്ര ബോധം സ്ത്രീജനങ്ങൾക്കിടയിൽ കണ്ടുവരുന്നില്ല. അദ്ധ്വാന ഭാരം ലഘൂകരിക്കുന്നതിന് പുതിയൊരു കുടുംബസംവിധാനം തന്നെ അനിവാര്യമാണ്. ന്യൂക്ലിയസ്സ് കുടുംബങ്ങളുടെ ആവിർഭാവത്തോടുകൂടി കുട്ടികളെ വീട്ടുജോലികൾ ചെയ്യാൻ അനുവദിക്കാതെ മാത്സര്യബുദ്ധിയോടെ പഠിക്കാൻ പ്രേരിപ്പിക്കുന്ന പ്രവണതയാണിന്നുള്ളത്. കുടുംബനാഥനും കുട്ടുകളും വീട്ടുജോലിയിൽ സഹകരിക്കുന്ന ഒരു കുടുംബ സംവിധാനം ഉണ്ടായെങ്കിലേ സ്ത്രീയുടെ അദ്ധ്യാനഭാരം കുറയൂ. ഇത്തരം കുടുംബങ്ങൾ ഉത്തരവാദിത്ത ബോധമുള്ള കർമ്മകുശലരായ, സമഭാവനപുലർത്തുന്ന പുതുതലമുറയെ വർത്തെടുക്കുന്ന കളരികളായിരിക്കും.

ഒട്ടനവധി പ്രശനങ്ങൾ സാദ്ധ്യതകളും പരിഹാരങ്ങളും ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അവയെ താഴെപ്പറയുംവിധം സമാഹരിക്കാം.

**സ്ത്രീക്ഷേമം– പ്രശ്നങ്ങൾ**

1 സ്ത്രീക്ക് സമൂഹത്തിൽ തുല്യമായ സ്ഥാനം ലഭിക്കുന്നില്ല. പ്രധാന വരുമായ മാർഗ്ഗങ്ങളായ കാർഷീകവൃത്തിയിലും കറവമാട് വളർത്തലിലും കൂടുതൽ അദ്ധ്വാനിക്കുന്നത് സ്ത്രീകളാണെങ്കിലും സാമ്പത്തിക സ്വാതന്ത്ര്യം ഇല്ല. ഭർത്താവിൻേറയോ പിതാവിൻേറയോ താല്പര്യങ്ങൾക്കനുസരിച്ചുള്ള പൊതുപ്രവർത്തനത്തില്ലാതെ, സ്വന്തം ആശയാഭിലാഷങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇല്ല.

2 സമൂഹ നേതൃത്വത്തിലേക്ക് ഉയർന്നു വരാൻ സ്ത്രീകളെ സമൂഹം സഹായിക്കുന്നില്ലെന്ന് മാത്രമല്ല, നിരുൽസാഹപ്പെടുത്തുക കൂടി ചെയ്യുന്നു.

3 ഒന്നും രണ്ടും മൂന്നും വാർഡുകളിൽ മാത്രമേ മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുള്ളു. മറ്റു വാർഡുകളിൽ മഹിളാ സമാജങ്ങൾ പ്രവർത്തിക്കാത്തതുമൂലം സ്ത്രീകൾക്ക് ഒത്തു ചേരാനോ പ്രശ്നങ്ങൾ ചർച്ചചെയ്യാനോ വനിതാക്ഷേമത്തേക്കുറിച്ച് ഗൗരവമായി ചിന്തിക്കാനോ കഴിയുന്നില്ല.

4. അടുക്കളയിലെ അനാരോഗ്യകരമായ അന്തരീക്ഷം സ്ത്രീകളുടെ ആരോഗ്യത്തിന് വലിയ ഭീഷണിയാണ്. ഭൂരിപക്ഷം വീടുകളിലും പുക സുരക്ഷിതമായി പുറത്ത് വിടാനുള്ള സൗകര്യങ്ങളില്ല.

5. പോഷകാഹാരക്കുറവ് സ്ത്രീകളുടെ ആരോഗ്യത്തെ വല്ലാതെ ബാധിക്കുന്നു. പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും വിലക്കയറ്റം പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു.

6. സ്ത്രീ പീഠനം സർവ്വസാധാരണമായി തുടരുന്നു. സ്ത്രീധനവും മദ്യപാനവുമാണ് പ്രധാനകാരണങ്ങൾ

7. ഗാർഹിക ജോലിയിൽ സ്ത്രീകൾക്ക് ജോലിഭാരം വളരെക്കൂടുതലാണ്.

8. ഒന്നാം വാർഡിൽ പച്ചാടിയിൽ സ്ഥിതിചെയ്യുന്ന കള്ളുഷാപ്പും അതോടനുബന്ധിച്ചുള്ള ചീട്ടുകളിയും സ്വൈരമായ കുടുംബജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്നു.

9. വിധവാ പെൻഷന് അർഹതയുള്ള മുഴുവൻ പേർക്കും അത് ലഭിക്കുന്നില്ല.

10. സ്ത്രീകൾ ഏറ്റെടുത്ത് നടത്തിയ അപൂർവ്വം ചില വ്യവസായങ്ങൾ പ്രതിസന്ധിയിലാണ്.

11. കുടിൽ വ്യവസായങ്ങളിൽ ഏർപ്പെടുന്നതിന് വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങളും പ്രചോദനവും ലഭിക്കുന്നില്ല.

12. മഹിളാസമാജങ്ങൾക്ക് ഗ്രാന്റോ സാമ്പത്തിക സഹായങ്ങളോ ലഭിക്കുന്നില്ല.

13. സ്ത്രീകൾക്കിടയിലെ നിരക്ഷരത വളരെ കൂടുതലാണ്.

14. അംഗൺ വാടികൾ വനിതാ ക്ഷേമത്തിന് സഹായകരമായ രീതിയിൽ പ്രവർത്തിക്കുന്നില്ല.

15. സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പ് വരുത്തക്കവിധത്തിൽ സ്വതന്ത്രമായി ചെയ്യാവുന്ന തൊഴിൽ മേഖലകൾ സ്ത്രീകൾക്ക് ലഭ്യമല്ല.

16. നിർധരായ പെൺകുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുവാനുള്ള സൗകര്യങ്ങൾ നിലവില്ല.

17. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം ധാരാളമായുണ്ട്.

18. ഹെൽത്ത് സെൻററുകളിൽ അത്യാവശ്യമരുന്നുകളില്ലാത്തത് സ്ത്രീകളെയാണ് കൂടുതലായി ബാധിക്കുന്നത്.

19. ചെറിയ കുട്ടികളുള്ള അമ്മമാരുടെ പ്രവർത്തന സ്വാതന്ത്ര്യം വർദ്ധിപ്പിക്കുവാൻ ക്രഷെകൾ അനിവാര്യമാണ്. നൂൽപ്പുഴ പഞ്ചായത്തിൽ ഒരു ക്രഷെ പോലും നിലവിലില്ല.

20. ഒരു വാർഡിൽ പോലും ശരിയായ അർത്ഥത്തിൽ നഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ല.

21. ഈ പഞ്ചായത്തിൽ സ്ത്രീകൾക്കായി പൊതുകക്കൂസോ മൂത്രപ്പുരയോ ഒന്നുപോലുമില്ല.

22. സ്ത്രീകൾക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

23. വീടുകളിൽ ജലമെത്തിക്കാനുള്ള ചുമതല സ്ത്രീകളിൽ നിക്ഷിപ്തമായിരിക്കയാൽ ശുദ്ധജലക്ഷാമം വനിതകളുടെ പ്രശ്നം ആണ്.

24. വിധവാ പെൻഷനുകളും വാർദ്ധക്യകാല പെൻഷനുകളും വർദ്ധിച്ചുവരുന്ന വിലനിലവാരത്തിന്റെ വെളിച്ചത്തിൽ അപര്യാപ്തമാണ്.

25. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ സ്വഭാവശുദ്ധിയോ വരുമാനമോ ഇല്ലാത്ത പുരുഷന്മാരെ സ്വീകരിക്കുവാൻ നിർബന്ധിതരാകുന്നു.

26. കുറഞ്ഞ തോതിലാണെങ്കിലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ വിവാഹം നടക്കുന്നുണ്ട്.

**വനിതാക്ഷേമം-സാദ്ധ്യതകൾ**

1. അംഗൺവാടികളും മഹിളാ സമാജങ്ങളും കേന്ദ്രമാക്കി വനിതാക്ഷേമ സമിതികൾ രൂപീകരിച്ചാൽ വനിതകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും വനിതകളുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാനും സാധിക്കും.

2. കൈത്തൊഴിൽ രംഗത്ത് അനന്തമായ സാദ്ധ്യതകളാണുള്ളത്. കുടുംബത്തെ മുഴുവൻ ഭാഗഭാക്കാക്കികൊണ്ടുള്ള കൈത്തൊഴിലുകൾക്ക് വളരെയേറെ സാദ്ധ്യതകളുണ്ട്. പഞ്ചായത്തിൽ എല്ലാ കാർഷിക കുടുംബങ്ങളിലും എല്ലാവിളവെടുപ്പ് കാലങ്ങളിലും കുട്ട, വട്ടി, പനമ്പ് എന്നിവ ആവശ്യമാണ്. ഇവയുടെ അസംസ്കൃത വസ്തുവായ 'മുള' വനത്തിൽ നിന്ന് തന്നെ വെട്ടണമെന്ന ദുർവ്വാശി ഉപേക്ഷിച്ചാൽ, ഓരോ വീട്ടുവളപ്പിലും ഓരോ മുട് വലിയ ഇനം 'ഈറ്റ' അലങ്കാരച്ചെടികളോടൊപ്പമോ വേലിയായോ നടാവുന്നതാണ്. ഇങ്ങനെ കൈത്തൊഴിൽകാർക്ക് അസംസ്കൃത വസ്തുവിന്റെ ലഭ്യതയും അല്ലാത്തവർക്ക് ഒരു വരുമാനവും ഉറപ്പ് വരുത്താവുന്നതാണ്.

3. പഞ്ചായത്തിലുടനീളം ധാരാളമായി കൃഷിചെയ്യുന്ന വാഴയുടെ നാര് ഉപയോഗപ്പെടുത്താതെ നശിപ്പിച്ച് കളയുകയാണിപ്പോൾ ചെയ്യുന്നത്. വളരെ ലഘുവായ പ്രക്രിയയിലൂടെ വാഴനാര് നിറം കയറ്റിയെടുത്ത് ബാഗുകളും കൗതുകവസ്തുക്കളും മറ്റും നിർമ്മിക്കാം. മറ്റ് മുതൽ മുടക്കുകളില്ലാതെ വീട്ടുകാർക്ക് മുഴുവൻ പേർക്കും ചെയ്യാവുന്ന ഈ മേഖല പരിപോഷിപ്പിക്കാം.

4. വനിതകളെ പച്ചക്കറി കൃഷിയിലേക്കാകർഷിച്ച് പഞ്ചായത്തിന് വേണ്ട പച്ചക്കറികൾ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയും. വീടുകളിൽ ഉപയോഗിച്ച് മലിനമാക്കപ്പെടുന്ന ജലം പാരിസ്ഥിതിക-ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാതിരിക്കാനും ഇത് സഹായകരമാകും.

5. കൈത്തൊഴിലുകൾ നിലവിലില്ല എന്നതുകൊണ്ട് തന്നെ പത്ത് വാർഡുകളിലായി പത്ത് തരം

കൈത്തൊഴിലുകൾക്ക് പരിശീലനം നല്കുന്ന കേന്ദ്രങ്ങൾ വാർഡ് വികസനസമിതികളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കാം. പരിശീലനം ലഭിക്കുന്നവർക്ക് സംരഭങ്ങൾ തുടങ്ങുവാൻ വാർഡ് വികസന സമിതികൾ ജനകീയ ഷെയറുകൾ സമാഹരിച്ച് സൗകര്യം ചെയ്ത് കൊടുക്കണം. ഒരു വർഷത്തിന് ശേഷം കേന്ദ്രീകൃത പരിശീലന പരിപാടിനിർത്തലാക്കുകയും, സംരഭങ്ങളിൽ വച്ച് തന്നെ പ്രാദേശിക പരിശീലനം ഏർപ്പെടുത്തുകയും വേണം. ജനകീയ ഉടമസ്ഥതയിൽ ജനകീയ മേൽനേട്ടത്തിൽ നിർമ്മിക്കപ്പെടുന്ന വസ്തുക്കളുടെ വിപണനം തുലോം എളുപ്പമായിരിക്കും.

6 ഒന്നാം വാർഡിലെ ഉദയാ. മഹിളാസമാജം തൊണ്ണൂറ് കുടുംബങ്ങളുടെ സജീവപ്രവർത്തനം ഉറപ്പുവരിത്തുന്നുണ്ട്. എന്നാൽ അവയുടെ പ്രവർത്തനത്തിൻെറ കേന്ദ്രീകൃത സ്വഭാവം മൂലവും ജനകീയ താല്പര്യത്തിൻെറ അഭാവം മൂലവും നൂതനാശയങ്ങളോ പദ്ധതികളോ പ്രാവർത്തികമാക്കാൻ കഴിയുന്നില്ല. പ്രവർത്തനങ്ങളെ ജനകീയവല്ക്കരിച്ച് വാർഡ് വികസന സമിതികളുടെ മേൽ നോട്ടത്തിൽ ഒട്ടേറെ പ്രവർത്തനത്തിന് ഈ മേഖലയിൽ സാദ്ധ്യതകളുണ്ട്.

7. കോഴിവളർത്തലും ആട്വളർത്തലും വനിതകൾക്ക് തങ്ങളുടെ വരുമാനവും പ്രവർത്തന മേഖലയും വർദ്ധിപ്പിക്കുവാൻ സാദ്ധ്യതയുള്ള മേഖലകളാണ്.

8 ഭൂരിഭാഗം അടുക്കളയിലും പുകയില്ലാത്ത അടുപ്പുകൾ ഇല്ലാത്തതിനാൽ അനർട്ട് വിതരണം നടത്തുന്ന രീതി ഉപേക്ഷിച്ച്, നിർമ്മാണ പരിശീലനം നല്കിയാൽ, ഈ രംഗത്ത് ധാരാളം തൊഴിൽ സാധ്യതകൾ ഉണ്ട്. ഒരു വാർഡിൽ രണ്ട് വനിതകൾക്ക് പരിശീലനവും സാങ്കേതിക സഹായവും നൽകിയാൽ ഒമ്പതാം പദ്ധതിക്കാലത്ത് തൊഴിൽ സാധ്യത വർദ്ധിക്കും

**വനിതാക്ഷേമം-പരിഹാരങ്ങൾ**

1 സാമ്പത്തിക സ്വതന്ത്ര്യം ഉറപ്പ് വരുത്താൻ സ്വന്തമായി തൊഴിൽവേണം. വനിതകൾക്ക് തൊഴിൽ നൽകുന്ന പദ്ധതികൾക്ക് ഒമ്പതാം പദ്ധതിയിൽ മുൻതൂക്കം നൽകണം. സാമ്പത്തീകസ്വാതന്ത്രത്തോടൊപ്പം, സാമൂഹ്യ സുരക്ഷിതത്വവും കൂടിയാകുമ്പോൾ സമൂഹത്തിലെ വനിതകളുടെ സ്ഥാനം ഉയരും. തുടർന്ന് ആശയപരവും പ്രവർത്തനോന്മുഖവുമായ സ്വാതന്ത്ര്യം സ്ത്രീകൾക്ക് ലഭിക്കും

2. സ്ത്രീകൾക്ക് പൊതുപ്രവർത്തനരഗത്ത് ഉയർന്നുവരാനുള്ള സാഹചര്യം ഉറപ്പ് വരുത്താൻ പ്രാദേശികാസൂത്രണ നടത്തിപ്പുകളിലും വിലയിരുത്തലിലും 50% പങ്കാളിത്തം സ്ത്രീകൾക്ക് നൽകണം. വികസനരംഗത്ത് പ്രവർത്തനങ്ങളെയും പ്രശ്നങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് 'വാർഡ്' തലത്തിൽ വനിതകൾക്കായി ശില്പശാലകളും സിംബോസിയങ്ങളും തുടർച്ചയായി സംഘടിപ്പിക്കണം. വിവിധ വാർഡുകളിലെ പ്രവർത്തനങ്ങൾ മറ്റു വാർഡുകളിലെ പ്രവർത്തകരുമായി ചർച്ചചെയ്യാനും ആശയങ്ങൾ പങ്കുവയ്ക്കാനും തുടർച്ചയായ അവസരങ്ങൾ ഉണ്ടാക്കണം.

3. എല്ലാ വനിതാക്ഷേമ പ്രവർത്തനങ്ങളുടെയും സിരാകേന്ദ്രമോ അനൗദ്യോഗിക ഓഫീസോ ആയി പ്രവർത്തിക്കുവാൻ എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളും അംഗൺവാടികളും ആരംഭിക്കണം. പഞ്ചായത്ത് ലൈബ്രറികൾക്ക് സഹായം നൽകുന്നതുപോലെ പത്രങ്ങളും പ്രസിദ്ധീകരണ ങ്ങളും മഹിളാസമാജങ്ങൾക്കു നൽകണം. ഈ മഹിളാസമാജങ്ങളെ പ്രാദേശിക സംസ്ക്കാരികകേന്ദ്രങ്ങളായി വളർത്തണം.. പ്രധാനപ്പെട്ട പ്രവർത്തകർ പെട്ടന്ന് പ്രവർനരംഗത്ത് നിന്ന് വിരമിക്കുമ്പോൾ സമാജത്തിൻെറ പ്രവർത്തനം പെട്ടന്ന് നിന്നുപോകുന്ന പ്രവണത തടയണം. ജനകീയവും വികേന്ദ്രീകൃതവുമായി ഒന്നിലധികം പേരടങ്ങുന്ന ഗ്രൂപ്പുകൾ വിവിധപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന രീതിയുണ്ടായാൽ ഇത് തടയാം.

4. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുകയും ലഭ്യത ഉറപ്പുവരുത്തുകയും വേണം.

5. ആട്, കോഴിവളർത്തലും പച്ചക്കറികൃഷിയും ജീവിതത്തിൻെറ ഭാഗമാക്കാൻ വേണ്ടത് ഈ പദ്ധതിക്കാലത്ത് ചെയ്യണം.. സ്ത്രീകളുടെ പോഷകാഹാരക്കുറവിന് ശാശ്വതമായ പരിഹാരം ഇത് മാത്രമാണ്. പോഷണത്തെക്കുറിച്ച് വനിതകളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക പരിഗണന നല്കണം.

6. സ്ത്രീ പീഢനം തടയാൻ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം. ഇതിന് വേണ്ട നിയമനടപടികളും ബോധവല്ക്കരണവും നിരന്തരമുണ്ടാകണം. മദ്യപാനം നിലനിൽക്കുന്ന കാലത്തോളം സ്ത്രീകൾക്ക് ലഭിക്കുന്ന ഏതാനുകൂല്യവും പുരുഷൻെറ മദ്യപാനത്തിന് വേണ്ടി പാഴായിപ്പോവുകയേയുള്ളു. സ്ത്രീധനം സമൂഹത്തിലെ സ്ത്രീകളുടെ അപകർഷാവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇതിനെതിരെ സദാ ജാഗ്രത പുലർത്തുന്ന ജനകീയ ഇച്ഛാശക്തി വളർത്തിയെടുക്കണം. നിയമനടപടികൾ ശക്തമാക്കണം. ഈ രണ്ട് പ്രശ്നങ്ങളുടെ പരിഹാരത്തിന് നിരന്തരമായ ബോധവല്ക്കരണവും ഇവയ്ക്കെതിരെയുള്ള ജനകീയവും നിയമപരവുമായ ജാഗ്രതയും ഉറപ്പുവരുത്തുകയായിരിക്കണ്

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

7. സ്ത്രീയുടെ ജോലി ഭാരം കുറക്കത്തക്കവവിധത്തിൽ ഗൃഹഭരണത്തിലും വീട്ടുജോലികളിലും മുഴുവൻ കുടുംബാഗങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കാനുള്ള ശ്രമം വ്യാപകമായുണ്ടാകണം. ജോലിയുടെ മഹത്വവും ഏത് ജോലിയും ആർക്കും ചെയ്യാമെന്നുള്ള സന്ദേശവും പ്രൈമറി ക്ലാസ്സ് മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

8. പച്ചാടിയിലെ കള്ളുഷാപ്പിനും അതിനോടനുബന്ധിച്ച് നടത്തപ്പെടുന്ന ചീട്ടുകളിക്കിമെതിരേ അധികൃത ശ്രദ്ധ തിരിയണം. കള്ള്, ഏതർത്ഥത്തിൽ ന്യായീകരിക്കപ്പെട്ടാലും അത് കുടുംബ സമാധാനത്തിനും സ്വൈരജീവിതത്തിനും ഭീഷണി തന്നെയാണ്.

9. അർഹതയുള്ള മുഴുവൻ വിധവകൾക്കും വൃദ്ധജനങ്ങൾക്കും പെൻഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ഈ പദ്ധതിക്കാലത്ത് കഴിയണം. വർദ്ധിക്കുന്ന വിലനിലവാരത്തിനനുസരിച്ച് പെൻഷൻതുക വർദ്ധിപ്പിക്കണം.

10. സ്ത്രീകൾ ഏറ്റെടുത്ത് നടത്തി പ്രതിസന്ധിയിലായ വ്യവസായങ്ങൾ, ജനകീയ സഹായത്തോടെ ജനകീയ മേൽനോട്ടത്തിൽ പുനപുരുജ്ജീവിപ്പിക്കുന്നതിന് മുൻഗണന നല്കണം.

11. അനുയോജ്യമായ കുടിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് വേണ്ട സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം. ഉല്പന്നങ്ങളുടെ വിപണനത്തിന് വീട് തോറും നടന്ന് വില്ക്കാനുള്ള സെയിൽസ് ഫോഴ്സ് പ്രാദേശികാടിസ്ഥാനത്തിൽ രൂപീകരിച്ച് പരിശീലനം നല്കണം.

12. മഹിളാസമാജങ്ങളെ പഞ്ചായത്തിൻെറ ഭാഗം തന്നെയായ വാർഡ് വികസന സമിതിയുടെ വനിതാവിഭാഗം അനൗദ്യോഗിക ആഫീസായി വളർത്തിയെടുക്കണം. അതിന്, വലിയ പഞ്ചായത്തും വലിയ വാർഡുകളുമായതിനാൽ കുറഞ്ഞത് നാല് പ്രാദേശിക കേന്ദ്രങ്ങളെങ്കിലും വേണം. അംഗൺവാടികളെയും ഇത്തരത്തിൽ ഉപയോഗപ്പെടുത്താം.

13. സ്ത്രീകൾക്കിടയിലെ നിരക്ഷരതാ നിർമ്മാർജ്ജനം ഈ പദ്ധതിയിലെ ഒരു പ്രധാന പരിപാടിയായിരിക്കണം. സ്ത്രീയുടെ സാക്ഷരത സ്വാഭാവികമായും കുടുംബത്തിൻെറ സാക്ഷരതയായി മാറും. തുടർ സാക്ഷരതാ പദ്ധതികളിലൂടെ പഞ്ചായത്തിൻെറ സമ്പൂർണ്ണ സാക്ഷരത ഉറപ്പുവരുത്തണം.

14. അംഗൺ വാടികളെ ജനകീയ വനിതാക്ഷേമ, വികസന, ആരോഗ്യ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളാക്കി മാറ്റണം.

15. സ്ത്രീകൾക്ക് ചെയ്യാൻ കഴിയുന്ന നെയ്ത്, തയ്യൽ, കൗതുകവസ്തുനിർമ്മാണം, മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, സോപ്പ്-അലക്കുപൊടി നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം ലഭിക്കുവാനുള്ള അവസരം ഉറപ്പുവരുത്തണം.

16. നിർദ്ധനരായ പെൺകുട്ടികൾക്ക് താമസിച്ച് സ്ക്കൂൾ വിദ്യാഭ്യാസവും അതോടൊപ്പം താല്പര്യമുള്ള ഒരു കൈത്തൊഴിലും അഭ്യസിക്കുവാൻ പഞ്ചായത്തിൽ ഒരു കേന്ദ്രം ആരംഭിക്കണം. അതിൻെറ മേൽനോട്ടം ജനകീയകമ്മിറ്റികൾക്കാകണം.

17. അവിവാഹിതരായ അമ്മമാർക്ക് തൊഴിലവസരം നല്കി, പുനരധിവസിപ്പിക്കണം. അതോടൊപ്പം അവരെ ചൂഷണം ചെയ്തവരെ നിയമനടപടികൾക്ക് വിധേയരാക്കണം

18. ആരോഗ്യകാര്യത്തിൽ സ്ത്രീകൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഹെൽത്ത് സെൻററുകളിൽ ആവശ്യമായ മരുന്നുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും പ്രവർത്തനങ്ങളെ ജനകീയപങ്കാളിത്തമുള്ളതാക്കുകയും വേണം.

19. എല്ലാ വാർഡുകളിലും കുറഞ്ഞത് ഒന്ന് വീതമെങ്കിലും ക്രഷെകൾ അംഗനവാടിയുടെയോ മഹിളാസമാജങ്ങളുടെയോ അനുബന്ധമായി തുടങ്ങണം. ആയമാർക്ക് ആവശ്യത്തിനുള്ള പരിശീലനം നൽകണം. ഇവരുടെ ശമ്പളം ജനങ്ങൾ നൽകണം.

20. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നഴ്സറി സ്കൂളുകൾ കുട്ടികളുടെ മാനസികസന്തോഷ് ഉറപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. നഴ്സറികളിൽ കുട്ടികളെ അക്ഷരമോ കണക്കോ പഠിപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. ഇതിന് രക്ഷിതാക്കളെ ബോധവൽക്കരിക്കണം.

21. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് പൊതുകക്കൂസും മൂത്രപ്പുരയും നിർമ്മിക്കണം. നിർമ്മിക്കുന്നവയെ ശുചിയായി സൂക്ഷിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണം.

22. തൊഴിൽ നൽകാനുതകുന്ന സംരംഭങ്ങളിൽ സാമ്പത്തിക സഹായം നല്കാനും സാങ്കേതിക - വിപണന സൗകര്യങ്ങൾ ലഭ്യമാക്കാനും സ്ത്രീകളുടേതായ ഒരു സഹകരണസംഘം വീതം എല്ലാ വാർഡുകളിലും ഉണ്ടാകണം. ഇവയുടെ പ്രവർത്തനങ്ങൾക്ക് ഒരു ഏകോപന സംവിധാനം ഉണ്ടായിരിക്കണം.

23. ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ സത്വരനടപടികൾ എടുക്കണം.

24. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് തൊഴിലവസരം ഉണ്ടാക്കിക്കൊടുത്ത് അനുയോജ്യമല്ലാത്ത വിവാഹബന്ധത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ പ്രാപ്തരാക്കുക.

25. ബാല്യവിവാഹത്തിനെതിരെ ശക്തമായ ബോധവല്ക്കരണവും കർശനമായ നടപടികളും ഉറപ്പുവരുത്തണം.

26. എല്ലാ വാർഡുകളിലും ബാലവാടികൾ വേണം.





# സംസ്കാരം

നൂല്പുഴ പഞ്ചായത്തിൽ ഹൈന്ദവ, ക്രൈസ്തവ, ഇസ്ലാം മത വിഭാഗത്തിൽപ്പെട്ടവർ സൗഹാർദ്ദത്തിൽ കഴിയുന്നു. നാല്പതു ശതമാനത്തോളം വരുന്ന പട്ടികവർഗ്ഗവിഭാഗങ്ങളും ഇന്ന് ഹൈന്ദവ സംസ്കാരത്തിന്റെ പ്രണേതാക്കളാണ്. ഇന്നത്തെ നൂല്പുഴയുടെ സംസ്കാരം സമന്വയത്തിന്റെയും വിനിമയത്തിന്റെയും സംസ്കാരമാണ്. ഹൈന്ദവ കലയായും തിരുവാതിര പള്ളിയങ്കണത്തിലെ വേദികളിൽ അന്യമതസ്ഥർ അവതരിപ്പിക്കാറുണ്ട്. ഒപ്പനക്കും മാർഗ്ഗംകളിക്കും വേദികളിൽ വിവേചനമില്ല. ഈ സംസ്കാരം കുടിയേറ്റം മുതലുള്ളതാണ്. അതിന് മുമ്പും നൂല്പുഴയ്ക്ക് തനിമയാർന്ന സംസ്കാരം ഉണ്ടായിരുന്നു. ഗോത്രവർഗ്ഗസംസ്കാരം.

ഗോത്രവർഗ്ഗങ്ങളിൽ കുറുമർക്കും പണിയർക്കും കാട്ടുനായ്ക്കന്മാർക്കും പതിയന്മാർക്കും കളനാടികൾക്കും എല്ലാം അവരുടേതായ സാംസ്കാരിക പൈതൃകങ്ങളുണ്ട്. ഇന്നും അവർ അത് നിലനിർത്തുന്നുമുണ്ട്.

മുള്ളുവക്കുറുമർ വേടരാജാവിന്റെ പടയാളികളായിരുന്നു. കൃഷിപ്പണിയും കന്നുകാലി വളർത്തലും കൃഷിയും നായാട്ടും തൊഴിലാക്കിയ ഇവർക്ക് ഇതിനനുസരണമായ ആചാരങ്ങളും അനുഷ്ടാനങ്ങളുമാണുള്ളത്. ഇവരുടെ ഭാഷ മലയാളംതന്നെയാണ്. ആൺകുട്ടികളും കാത് കുത്തിയിരുന്നു. ഇന്ന് ആ ശീലം മാറിയിരിക്കുന്നു. മനോഹരമായി കളിമണ്ണ് കൊണ്ട് മെഴുകി വൃത്തിയാക്കിയ വീടുകളാണ് ഇവർക്കുള്ളത്. കോളനികളായി താമസിക്കുന്നു. കോളനിക്കുള്ളിൽ തന്നെ ദൈവപ്പുരയുണ്ട്. ആത്മീയ കാര്യങ്ങൾ അവിടെ വെച്ച് തീരുമാനിക്കുന്നു. കാതിയ കുലം, വില്ലപ്പകുലം, വടക്കകുലം, വെങ്കടകുലം എന്നിങ്ങനെ നാല് കുലങ്ങളിൽ പെട്ടവരാണിവർ. ഒരു കോളനിയിൽ തന്നെ ഒന്നിലധികം കുലങ്ങളിൽ പെട്ടവരുണ്ടാകും. കാരണം ഒരു കോളനിക്കുള്ളിൽ തന്നെയോ ഒരേ കുലത്തിൽ നിന്ന് തന്നെയോ ഉള്ള വിവാഹബന്ധം നിഷിദ്ധമാണ്. നാല് തലമുറക്കിപ്പുറം രക്തബന്ധമുള്ളവരിൽ നിന്നും വിവാഹബന്ധം നിഷിദ്ധമാണ്. ഈ മുൻകരുതലുകൾ മൂലം ജനിതകരോഗങ്ങൾ ' ഇവർക്കിടയിൽ പ്രായേണ കുറവാണ്.

വേടപാരമ്പര്യം കുറുമരുടെ ജീവിതരീതിയിലും പ്രകടമാണ്. കുടികൾ എന്നറിയപ്പെടുന്ന കോളനികൾക്ക് നേതാവ് ഏറ്റവും പ്രായം ചെന്നയാളായിരുന്നു. അയാളുടെ കാലശേഷം പ്രായം കൂടുതലുള്ള ആൾ മൂപ്പനാകും. മുമ്പ് 'കുന്നിൽക്കാരണവർ' എന്ന പേരിൽ ഒരു പ്രാദേശിക മൂപ്പനുണ്ടായിരുന്നു. ഇന്ന് ആസ്ഥാനം പലയിടങ്ങളിലും ഇല്ല. അന്ന്, കുറ്റ കൃത്യങ്ങളും പ്രശ്നങ്ങളുമെല്ലാം കുന്നിൽക്കാരണവരുടെ മുമ്പിൽ വിചാരണ ചെയ്ത് തീർപ്പ് കല്പിച്ചിരുന്നു. വിവാഹങ്ങൾ തീരുമാനിച്ചിരുന്നതും ഇവിടെവെച്ചാണ്. വിവാഹാലോചനക്ക് പോകുമ്പോൾ കൈയിൽ ചൂരൽവടി ഉണ്ടായിരിക്കണം. കാട്ടുമൃഗങ്ങൾ സുലഭമായിരുന്ന കാലത്ത് കൃഷി സംരക്ഷിച്ചിരുന്നത് കുറുമരാണ്. തെളിനായാട്ട് എന്നറിയപ്പെടുന്ന വേട്ടാസന്നാഹം ഇന്നില്ല. അമ്പും വില്ലും നായാട്ടുകുന്തവും ധരിച്ച കുറുമരും നായ്ക്കളും കൂടി കാടിളക്കി മൃഗങ്ങളെ കൊല്ലുന്നു. മൃഗങ്ങളെ ഇങ്ങനെ വധിച്ചു കഴിഞ്ഞാൽ ദൈവപ്പുരയിൽ വെച്ച് പിതൃക്കൾക്ക് ബലി നല്കണം. ഇതിൽ കവിഞ്ഞൊരു ദൈവസങ്കല്പം കുറുമർക്ക് സാധാരണഗതിയിൽ ഇല്ലായിരുന്നു. നരികുത്ത് കുറുമരുടെ ഇഷ്ടവിനോദമായിരുന്നു. അപൂർവ്വാവസരങ്ങളിൽ പളനിമലക്ക് തീർത്ഥയാത്ര നടത്തിയിരുന്നു. വളർത്തുമൃഗങ്ങളെ കാട്ടിൽകൊണ്ടുപോകുമ്പോൾ, സുരക്ഷിതമായി തിരിച്ചെത്തിയാൽ ചില പ്രത്യേക മരത്തിന് കീഴിൽ വടികൾ ചാരിക്കൊടുക്കുന്ന നേർച്ച അടുത്ത കാലംവരെ ഉണ്ടായിരുന്നു.

കോൽക്കളി, വട്ടക്കളി, പന്നി എയ്ത്ത്, ചെല്ല പിടുത്തം തുടങ്ങിയവയാണ് കുറുമരുടെ കലാരൂപങ്ങൾ.

വിവാഹം, തുലാപ്പത്ത് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ ദൈവപ്പുരയ്ക്ക് മുമ്പിൽ വട്ടത്തിൽ ചുവടുവെച്ചാണ് കളിക്കുന്നത്. വേട്ടയെക്കുറിച്ചും കൃഷിയെക്കുറിച്ചും കുറുമരുടെ ആദിമചരിത്രത്തെക്കുറിച്ചുമുള്ള പാട്ടുകൾ പാടിയാണ് കളിക്കുക. പുത്തരി, ഉച്ചാല് തുടങ്ങിയവയാണ് പ്രധാന ഉത്സവങ്ങൾ.

മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്ന കുറുമർ, മൃതദേഹത്തോടൊപ്പം മുറുക്കാനും അവരുപയോഗിച്ചിരുന്ന ആയുധങ്ങളും അടക്കം ചെയ്യുന്ന കുഴിയെടുത്ത ശേഷം അരികിലേക്ക് മണ്ണ് തുരന്ന് സ്ഥലമുണ്ടാക്കിയാണ് ശവം നിക്ഷേപിക്കുന്നത്. എല്ലാ കോളനികൾക്കും സ്വന്തമായി പൊതു ശ്മശാനമുണ്ട്. ഏറ്റവും കുടുതൽ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വന്നിട്ടുള്ളവരും ഇവരാണ്.

പണിയരുടെ ജീവിതരീതിയും സംസ്കാരവും എല്ലാ അർത്ഥത്തിലും അടിമത്തത്തിന്റെ ആലസ്യം പേറുന്നു. 'വല്ലികെട്ടികുടി' അടിമത്തം വരിക്കുന്ന പണിയർ രോഗം വന്നാൽ മരുന്നിന് പകരം 'ദൈവത്തെ കാണുക' എന്ന ചടങ്ങ് നടത്തും. കോളനിയുടെ അധിപനായ് 'മുതലി'യാണ് ഇവരുടെ ആത്മീയനേതാവ്. വല്ലികൊണ്ട് വയറ് നിറയാത്തപ്പോൾ മുളങ്കൂമ്പും കാട്ടുതാളും കാട്ടുകിഴങ്ങും ഭക്ഷിക്കും. വെറ്റിലമുറുക്കും മദ്യപാനവുമാണ് ഭക്ഷണത്തേക്കാൾ അഭികാമ്യം. കുളികൻ, കുട്ടിച്ചാത്തൻ, തമ്പുരാട്ടി എന്നീ മലദൈവങ്ങളാണ് ആരാധനാമൂർത്തികൾ. മരിച്ചുപോയവരുടെ ആത്മാക്കളിൽ നിന്നും ഉപദ്രവമുണ്ടാകാതിരിക്കാൻ 'കാക്കപ്പുല' എന്ന ചടങ്ങ് നടത്തുന്നു. ബാധകൾ ഒഴിവാക്കുവാൻ കൊടിവെക്കുക· 'കോമരം പായുക' തുടങ്ങിയ ചടങ്ങുകൾ നടത്തുന്നു. വിവാഹത്തിന് പെൺപണം പതിവുണ്ട്. രാത്രിയിൽ ഘോഷയാത്രയായിച്ചെന്നാണ് പെണ്ണിനെ കൊണ്ടുവരിക. മരം തുരന്നുണ്ടാക്കിയ ചീനിക്കുഴൽ വിളിച്ച് കുരങ്ങിന്റെ തോൽ കൊണ്ടുണ്ടാക്കിയ തുടിമുട്ടിവരിവരിയായ നീങ്ങുന്ന ഘോഷയാത്ര ഒരു കാഴ്ചയായിരുന്നു. ഇപ്പോൾ, ഇഷ്ടമുള്ളവർ ഇഷ്ടമുള്ളവരുടെ കൂടെ കഴിയുക എന്നതായിട്ടുണ്ട് ചടങ്ങ്. വടക്കൻ വയനാട്ടിലേതുപോലെ വള്ളിയൂർക്കാവുമായി നൂല്പുഴ പഞ്ചായത്തിലെ പണിയർക്ക് വലിയ ബന്ധമില്ല. വിവാഹവേളകളിലും മറ്റ് വിശേഷങ്ങളിലും പണിയ സ്ത്രീകൾ പുരുഷന്മാർ വിളിക്കുന്ന ചീനിക്കുഴലിന്റേയും മുട്ടുന്ന തുടിയുടെയും താളത്തിൽ വട്ടത്തിൽ നിന്ന് കാർഷിക വൃത്തികളെ ഓർമ്മിപ്പിക്കുന്ന അംഗചലനങ്ങളോടെ നൃത്തം ചെയ്യും. ഇതിന് 'പണിച്ചിക്കളി' 'പണിയനാടകം' (കൊറത്തി നാടകം) 'പൊറാട്ടുകളി' എന്നെല്ലാം പറയാറുണ്ട്. മൂപ്പന്മാർ തെരഞ്ഞെടുക്കപ്പെടുന്നത് മരുമക്കത്തായ ക്രമത്തിലാണ്.

വേടവംശത്തിന്റെ പതനത്തോടെ കാട്കയറിപ്പോയവരെന്ന് വിശ്വസിക്കുന്ന കാട്ടുനായ്ക്കർ ജീവിതരീതിയിലും സംസ്കാരത്തിലും ഭാഷയിലും നരവംശശാസ്ത്രപരമായും കുറുമരിൽനിന്ന് വ്യത്യസ്തരാണ്. പെറുക്കിത്തിന്ന് നടക്കുന്ന ഇവർ ഒരിടത്തും സ്ഥിരമായി താമസിക്കില്ല. വൃത്തി തീരെയില്ല. കുടിലുകളുടെ കാര്യത്തിൽ ശ്രദ്ധയില്ല. ഭാഷ പ്രാകൃത കന്നട തന്നെയാണ്. നരവംശശാസ്ത്രപരമായും കർണ്ണാടകയിലെ ആദിവാസി വിഭാഗങ്ങളോടാണ് ഇവർക്ക് സാമ്യം. മൊട്ടമ്പും വില്ലും വെട്ടുകത്തിയുമാണ് ഇവരുടെ ആയുധം. വനവിഭവങ്ങൾ ശേഖരിച്ച് അഷ്ടികഴിച്ചിരുന്നു. ഇന്ന് കൃഷിപ്പണികൾക്ക് പോകുകയും വനവിഭവങ്ങൾ ശേഖരിച്ച് വില്ക്കുകയും ചെയ്യുന്നുണ്ട്. അസുഖം വന്നാൽ കാട്ടുമരുന്നുകൾ നല്കും. ഭേദമായില്ലെങ്കിൽ ദൈവത്തെ വിളിച്ചാടും. ക്ഷേത്രങ്ങളും ദൈവവിഗ്രഹങ്ങളുമില്ലാത്ത നായ്ക്കൻ ഉണങ്ങിയ 'ചുരങ്ങ' ആട്ടിക്കൊണ്ട് രോഗം മാറുന്നത് വരെയോ രോഗി മരിക്കുന്നത് വരെയോ ദൈവത്തോട് ആവലാതി പറയും. രോഗി മരിച്ചാൽ കൈകൊണ്ട് എല്ലാവരുംകൂടി മണ്ണ് മാന്തിയാണ് മുമ്പൊക്കെ കുഴിച്ചിട്ടിരുന്നത്. ഒരാൾ മരിച്ചാൽ ആ കുടിൽ ഉപേക്ഷിച്ചുപോകുന്ന ശീലവും ഉണ്ടായിരുന്നു. ഋതുമതികളാകുന്ന പെൺകുട്ടികളെ പ്രത്യേക കുടിലുകളിലേക്ക് മാറ്റിപ്പാർപ്പിക്കും. ചില ചടങ്ങുകൾക്ക് ശേഷമേ വീട്ടിൽ കയറ്റുകയുള്ളൂ. വിവാഹത്തിനു പണിയരുടെ ചടങ്ങുകളോട് സാമ്യമുണ്ട്. പെൺപണവും 'വധുവിന്റെ അമ്മയ്ക്ക് ചേലയും കൊടുക്കണം. വിവാഹ വേളയിൽ വധൂവരന്മാർ പരസ്പരം ഉരുളച്ചോർ നല്കിയശേഷം ഒരു പാത്രത്തിൽ നിന്നും ഉണ്ണണം. ആട്ടും പാട്ടും സദ്യയും ഒഴിച്ചുകൂടാനാവാത്തതാണ്. നായ്ക്കരുടെ പാട്ടുകൾ സംഭാഷണരീതിയിലാണ്. ഒരാളുടെ ചോദ്യത്തിന് മറ്റൊരാൾ മറുപടി പറയുന്ന രീതിയിൽ പാട്ടും ആട്ടവും നീണ്ടുപോകും. കൊഴലും മരവുമാണ് (ചീനിയും തപ്പും) പ്രധാന വാദ്യോപകരണം കോൽക്കളി, റാഗിയാട്ട പരുന എന്നിവ പ്രധാന കലകളാണ്. വിവാഹാലോചന നിരസിക്കപ്പെട്ടാൽ പെണ്ണിനെ കട്ടുകൊണ്ടുപോകുന്ന പതിവും ഉണ്ടായിരുന്നു. ഇന്ന് ചടങ്ങുകൾ വിസ്മരിക്കപ്പെടുകയും വിവാഹവും ലൈംഗികജീവിതവും തികഞ്ഞ അരാജകത്വത്തിലേക്ക് നീങ്ങുകയും ചെയ്തിരിക്കുന്നു. മാരി, മസ്തി, ഹെത്തപ്പൻ എന്നീ ദൈവങ്ങളെക്കാൾ നായ്ക്കന്മാർ, സ്ത്രീ പുരുഷഭേദമന്യേ ചാരായ സേവയാണിന്ന് നടത്തുന്നത്. പരമ്പരാഗത കൈത്തൊഴിൽ വൈദഗ്ദ്ധ്യത്തിന്റെ ജീവനുള്ള രൂപങ്ങളാണ് ഊരാളിക്കുറുമർ. അവരുണ്ടാക്കുന്ന കലങ്ങൾ ഈടിനും ഉറപ്പിനും പേരുകേട്ടവയാണ്. കൊട്ടകളും മുറവും കാർഷികോപകരണങ്ങളും എല്ലാം നിർമ്മിക്കുന്ന

ഊരാളിക്കുറുമർ ഒരേ സമയം കുശവനും നെയ്ത്തുകാരും. ആശാരിമാരും കൊല്ലപ്പണിക്കാരും എല്ലാമാണ്. 'വാച്ചി' എന്ന ആയുധമുപയോഗിച്ച് മരത്തിൽ എന്ത്പണിയും വൃത്തിയായി ചെയ്യാനറിയാം. വനത്തിനുള്ളിൽ കഴിയുന്ന ഇവരുടെ നാടോടിസ്വഭാവം മൂലം അമൂല്യമായ ഈ വൈദഗ്ദ്ധ്യം കാലഹരണപ്പെടുന്നതിനു ഭയപ്പെടേണ്ടിയിരിക്കുന്നു.

ജില്ലയിൽ തന്നെ ഈ പഞ്ചായത്തിലെ തേലമ്പറ്റയിൽ മാത്രം കണ്ടുവരുന്ന കളനാടികൾ കൃഷിയും കച്ചവടവും ചെയ്തു ജീവിക്കുന്നു. മറ്റു സമുദായങ്ങളുമായി ഇവർക്ക് വിവാഹബന്ധമുണ്ട്. മകരം 30ന് തേലമ്പറ്റ അറയ്ക്കൽ ഭഗവതി ക്ഷേത്രത്തിൽ നടക്കുന്ന 'ഉച്ചാല' തിറയാണ് പ്രധാന സാംസ്കാരിക പ്രകടനം

പതിയർ സ്വന്തം ഭൂമിയിൽ കൃഷിചെയ്ത് ജീവിക്കുന്നു. കാര്യസ്ഥത മുഖമുദ്രയായ ഒരു സംസ്കാരമാണ് അവരുടേത്. മാച്ചമ്പള്ളി ക്ഷേത്രത്തിന്റെ കാര്യമ്മ അവർക്കാണ്. വിവാഹത്തിന് രാജകീയമായ ചടങ്ങുകളാണുണ്ടായിരുന്നത്. വാളേന്തി ഓലക്കുട ചൂടിയാണ് വരൻ പന്തലിലെത്തേണ്ടിയിരുന്നത്. ഇന്ന് ഇത്തരം ചടങ്ങുകളൊന്നും നിലവിലില്ല. നരിക്കുത്ത്, കോൽക്കളി, വട്ടക്കളി തുടങ്ങിയവയാണ് പതിയരുടെ കലാരൂപങ്ങൾ. കുടിയേറ്റക്കാരിൽ ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ എന്നിവരാണുള്ളത്. നമ്പൂതിരി, നായർ, ഈഴവ വിഭാഗത്തിലാണ് ഹിന്ദുക്കൾ കൂടുതലും. കാത്തോലിക്ക, ഓർത്തഡോക്സ്, പെന്തക്കോസ്റ്റ്, ദൈവസഭ വിഭാഗങ്ങളിൽ പെട്ട ക്രൈസ്തവരും ഉണ്ട്. മുസ്ലിംങ്ങളിൽ സുന്നി, മുജാഹിദ് വിഭാഗങ്ങളാണുള്ളത്.

ഹൈന്ദവക്ഷേത്രങ്ങളോടനുബന്ധിച്ച് ഒട്ടനവധി ഉത്സവങ്ങൾ നടത്തപ്പെടുന്നുണ്ട്. മൂലങ്കാവ് ശിവക്ഷേത്രം, വള്ളുവാടി ശിവക്ഷേത്രം, തേലമ്പറ്റ, പൊൻകുഴി, ആലുംകുളം, മാതമംഗലം കഴമ്പുകുന്ന്, തിണ്ണൂർ, ചിറ്റൂർ, മൊകയിൽ, ചെട്ട്യാലത്തൂർ, പിലിച്ചിക്കാവ്, ഈച്ചക്കുന്ന്, തിരുവണ്ണൂർ തുടങ്ങിയ ക്ഷേത്രങ്ങളിലെല്ലാം തിറ, ശിവരാത്രി, നവരാത്രി എന്നിങ്ങനെ വിവിധ അവസരങ്ങളിലായി ആരാധനാ അനുഷ്ഠാനങ്ങളും കലാപരിപാടികളും അടങ്ങുന്ന ഉത്സവങ്ങൾ നടക്കാറുണ്ട്. തേലമ്പറ്റ ഉച്ചാല് തിറയും ഈച്ചക്കുന്ന് തിറയും മൂലങ്കാവ് ശിവരാത്രിയും മാച്ചമ്പള്ളിയിൽ നിന്ന് പൊൻകുഴിയിലേക്കുള്ള എഴുന്നള്ളത്തും പൊൻകുഴി ഉത്സവവും ധാരാളം ആളുകളെ ആകർഷിക്കാറുണ്ട്. ഈച്ചക്കുന്ന്, മൂലങ്കാവ്, വടക്കനാട്, കല്ലുമുക്ക്, തോട്ടാമൂല എന്നിവിടങ്ങളിലെ ക്രൈസ്തവ ദേവാലയങ്ങളുടെ കാവൽ പുണ്യവാളന്മാരുടെ ഓർപ്പെരുന്നാളുകളും ഗംഭീരമായി ആഘോഷിക്കപ്പെടാറുണ്ട്. ഇവയിലെല്ലാംതന്നെ എല്ലാ മതസ്ഥരുടെയും സഹകരണം ഉണ്ടാകാണ്ട്. ഓണം, വിഷു എന്നിവ നല്ല രീതിയിൽ ആഘോഷിക്കപ്പെടുന്നു. ദീപാവലി കാര്യമായി ആഘോഷിക്കപ്പെടാറില്ല. റമസാനും ബലിപെരുന്നാളും ആഘോഷിക്കപ്പെടുന്നു. വിവിധ ക്ലബ്ബുകൾ ഓണാഘോഷപരിപാടികൾ കലാകായിക മത്സരങ്ങളും മറ്റ് സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ച് നടത്താറുണ്ട്. ഇവയിലെല്ലാം വ്യാപകമായ പങ്കാളിത്തമാണുണ്ടാകാറ്. സ്കൂൾ തലത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കപ്പെടാറുണ്ടെങ്കിലും ബഹുജനപങ്കാളിത്തത്തോടെ യുവജനോത്സവം പല സ്കൂളുകളിലും നടക്കാറില്ല. സ്വാതന്ത്ര്യദിവും ഓണാഘോഷം പോലെ വിപുലമായി ആഘോഷിക്കപ്പെടാറുണ്ട്. സർക്കാർ, നയമനുസരിച്ചുള്ള പഞ്ചായത്ത് തല യുവജനോത്സവം അടുത്ത വർഷങ്ങളിലൊന്നും ഈ പഞ്ചായത്തിൽ നടന്നിട്ടില്ല.

നൂല്പുഴ പഞ്ചായത്തിൽ ആറ് പൊതു ലൈബ്രറികളും രണ്ട് സ്കൂൾ ലൈബ്രറികളുമുണ്ട്. ഒന്നാം വാർഡിലെ നവരംഗ് ജനവിദ്യാകേന്ദ്രം ഒരു ലൈബ്രറി നടത്തുന്നുണ്ട്. രണ്ടാം വാർഡിലെ 'വിനോദ് ലൈബ്രറി' 2300 ഓളം പുസ്തകങ്ങളുള്ള നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. പഞ്ചായത്തിൽ നിന്ന് നല്കിയ റേഡിയോയും ടി.വി. സെറ്റും ഉണ്ട്. സ്വന്തമായി കെട്ടിടമില്ല. കലാകായികമത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്.

മൂലങ്കാവിൽ പ്രവർത്തിക്കുന്ന 'നാഷണൽ ലൈബ്രറി' പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള ലൈബ്രറിയാണ്. ലോക ക്ലാസിക്കുകളുടെ ഒരു ശേഖരം തന്നെയുണ്ട്. ഇതോടൊന്നിച്ച് മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി ഒരു സ്കൂൾ നടത്തുന്നുണ്ട്. കല്ലൂരിലെ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാല കൂടുതൽ വികസനം അർഹിക്കുന്ന ഒന്നാണ്. റീഡിംഗ് റും ഒരുപാട് പേർക്ക് പ്രയോജനം ചെയ്യുന്നുണ്ട്.

ഏഴാം വാർഡിൽ കണ്ണങ്കോട് നവോദയ ഗ്രന്ഥശാല പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമില്ല.

നായ്ക്കട്ടിയിലെ എപ്പിക് ലൈബ്രറി ഒട്ടധികം നല്ല പുസ്തകങ്ങളുടെ ഒരു കലവറയാണ്. സ്വന്തം സ്ഥലവും കെട്ടിടവുമില്ല. മേൽപറഞ്ഞവയെല്ലാം ഗ്രന്ഥശാല എന്ന പേരിലാണുള്ളതെങ്കിലും ഫലത്തിൽ റീഡിംഗ് റൂമുകളായും കലാസാംസ്കാരിക കേന്ദ്രങ്ങളായും പ്രവർത്തിച്ചുവരുന്നു. സ്കൂൾ ലൈബ്രറികളുള്ള രണ്ട് ഹൈസ്കൂളുകളിലും പുസ്തകവിതരണം പലപ്പോഴും നടക്കാറില്ല.

കലാകായിക രംഗത്തെ വികസനം ലക്ഷ്യമാക്കി ആരംഭിച്ച പതിനാലോളം ക്ലബ്ബുകൾ ഈ പഞ്ചായത്തി

ലുണ്ട്. ഒന്നാം വാർഡിൽ വടക്കനാട് കേന്ദ്രമാക്കി അതിന് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബും പണയമ്പം കേന്ദ്രമാക്കി സൂര്യ ആർട്സും പ്രവർത്തിക്കുന്നു. ഇവ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം മദ്യം മയക്കുമരുന്ന് എന്നിവക്കെതിരായ പ്രവർത്തന ങ്ങൾക്കും നേതൃത്വം നല്കുന്നു.

രണ്ടാം വാർഡിൽ രണ്ട് ക്ലബ്ബുകളാണുള്ളത്. കരിപ്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഫിനിക്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബും കല്ലൂർകുന്നിലെ യുവകൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബും. ഫിനിക്സ് ക്ലബ്ബിന് സ്വന്തമായി രണ്ടുസെൻറ് സ്ഥലം ഉണ്ട്. കെട്ടിടം ഇല്ല. പ്രവർത്തനം മന്ദഗതിയിലാണ്. 'യുവകൈരളി' നിർജ്ജീവമാണ്.

മൂന്നാം വാർഡിൽ ഗതകാലനേട്ടങ്ങൾ ഓർമ്മയിൽ മാത്രമാകുന്നു. കലാകായിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച യുവതാര ആർട്സ് & സ്പോർട്സ് ക്ലബ് ഇന്ന് പ്രവർത്തിക്കുന്നില്ല. കേരളത്തിലെ സ്റ്റേജുകളിൽ നിറഞ്ഞുനിന്നിരുന്ന വയനാട് കലാഭവനും ഇന്നില്ല: പകരം മറ്റൊന്നും രംഗത്ത് വന്നതുമില്ല.

കലാസാംസ്കാരികരംഗത്ത് വയനാട്ടിലാകെ നിറഞ്ഞുനിന്ന രംഗം കല്ലൂർ,ഇന്ന് ഒരു അഖില മലബാർ നാടകമത്സരത്തിൽ ഒതുങ്ങിനില്ക്കുകയാണ്.

അഞ്ചാം വാർഡിൽ ഒരു ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ട് - 'നോവ' ആർട്സ് - കലാകായിക മത്സരങ്ങളോടൊപ്പം സ്ഥിരമായി വീഡിയോ പ്രദർശനവും നടത്തി വരുന്നു. നിലവാരമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഈ ക്ലബ്ബിൻെറ പ്രത്യേകതയാണ്. 200 നല്ല പുസ്തകങ്ങൾ അടങ്ങിയ ഒരു ലൈബ്രറിയുമുണ്ട്.

ആറാം വാർഡിൽ ഒരു ട്രൈബൽ ക്ലബ് മാത്രമാണ് പ്രവർത്തിക്കുന്നത്. 'പുത്തരി ക്ലബ്ബ്' സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. സ്ഥിരമായി 'ഉച്ചാൽ ട്രോഫി' ഫുട്ബോൾ നടത്തുന്നു.

ഏഴാം വാർഡിൽ നെന്മേനിക്കുന്ന് അനശ്വര ക്ലബ്ബ്, കാക്കമല പുലരി ക്ലബ്ബ്, തെക്കുംപറ്റ തൂലിക ക്ലബ് തോട്ടാമൂല യുവരശ്മി ക്ലബ്ബ് എന്നിവ പ്രവർത്തിക്കുന്നു.

എട്ടാം വാർഡിൽ ഇത്തരം സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല. എങ്കിലും ഓണാഘോഷപരിപാടികൾ വിപുലമായി നടത്താറുണ്ട്.

ഒമ്പതാം വാർഡിലാണ് വളരെ പ്രസിദ്ധവും പ്രവർത്തനവുമായ നവ്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മാതമംഗലം സ്ഥിതിചെയ്യുന്നത്. 'നവ്യ'യുടെ വോളിബോൾ ടീം വളരെ പ്രസിദ്ധമായിരുന്നു. സ്ഥലവും കെട്ടിടവും ആദിവാസി ഭൂമി പ്രശ്നത്തിലാണ്. ഇടക്കാലം കൊണ്ട് മന്ദീഭവിച്ച് പോയെങ്കിലും ഏറെക്കാലം മൂലങ്കാവിനെ നൂല്പുഴ പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്രമാക്കി നിലനിർത്തിയ 'വസന്ത' ആർട്സ് & സ്പോർട്സ് ക്ലബ്ബ് പത്താം വാർഡിലാണ്. സ്വന്തമായി കെട്ടിടമുണ്ട്. തേലമ്പറ്റയിൽ അക്ഷര ആർട്സ് & സ്പോർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്നു.

പിന്നിട്ട ആറേഴ് വർഷങ്ങളിൽ എല്ലാ സാംസ്കാരിക കലാ-കായിക പ്രവർത്തനങ്ങൾക്കും മന്ദതയാണ് കാണുന്നത്. പുതിയ തലമുറ ഇൻസ്റ്റൻറായി ടി.വി. യിൽ ലഭിക്കുന്ന സ്പോർട്സും സീരിയലുകളും ആസ്വദിക്കാനാണിഷ്ടപ്പെടുന്നത്. ന്യൂക്ലിയസ്സ് ഫാമിലികളിലെ കുട്ടികൾക്ക് വേണ്ടിവരുന്ന മത്സരാധിഷ്ഠിത ശിക്ഷണവും കൂടിയാകുമ്പോൾ കലാ-കായിക രംഗത്ത് ''വ്യയം'' ചെയ്യാൻ അവർക്ക് സമയമില്ലാതാകുന്നു. മനുഷ്യനെ യന്ത്രങ്ങളിൽ നിന്ന് വേർതിരിക്കുന്നത് വിനോദത്തിനും വിശ്രമത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണെന്ന സത്യം വിസ്മരിക്കപ്പെട്ടുപോകുന്നു.

കോൽക്കളിയും പരിചമുട്ടുകളിയും മാർഗ്ഗംകളിയും ഒപ്പനയും സ്കൂൾ വേദികളിലും ക്ലബ്ബുകളുടെ വേദികളിലുമായി നിലനിന്നുപോരുന്നുണ്ട്. എന്നാൽ വട്ടക്കളി, പൊറാട്ട്, നായ്ക്കന്മാരുടെ ആട്ടം, പന്നി എയ്ത്ത്, ചെല്ല പിടുത്തം, പണിയരുടെ കൊരത്തി നാടകം എന്നിവ കാലഹരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവയുടെ സംരക്ഷണം നൂല്പുഴ പഞ്ചായത്തിൻെറ സാംസ്കാരിക പൈതൃകത്തിൻെറ സംരക്ഷണം തന്നെയാണ്. കായികരംഗത്ത് നൂല്പുഴ പഞ്ചായത്ത് പിന്നോട്ടടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു കാലത്ത് വയനാട്ടിലെ വോളിബോൾ പ്രേമികളുടെ ഹരമായിരുന്നു കല്ലുമുക്ക്, മൂലങ്കാവ്, യുവതാര, നവ്യ ടീമുകൾ. ഇന്ന് പഴയ തലമുറ രംഗമൊഴിഞ്ഞു. പുതിയ തലമുറയ്ക്ക് ക്രിക്കറ്റല്ലാതെ മറ്റ് സ്പോർട്സുകളെക്കുറിച്ചറിയില്ല.

**സംസ്കാരം - പ്രശ്നങ്ങൾ**

1. ക്ലബ്ബുകൾക്ക് കെട്ടിടം, സ്പോർട്സ് ഉപകരണങ്ങൾ ഗ്രൗണ്ട് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.
2. ഒമ്പതാം വാർഡിൽ ഒഴികെ ഒരു വാർഡിലും പൊതു കളിസ്ഥലം ഇല്ല.
3. പുതിയ തലമുറക്ക് കലാകായിക രംഗങ്ങളിൽ താല്പര്യം കുറഞ്ഞുവരുന്നു.
4. നാടൻ കലാരൂപങ്ങളും ആദിവാസികളുടെ തനത് കലാരൂപങ്ങളും അപ്രത്യക്ഷമായിരിക്കൊണ്ടിരിക്കുന്നു.
5. ക്ലബ്ബുകളും വായനശാലകളും സാമ്പത്തീക പരാധീനതയിലാണ്. അതുകൊണ്ട് വേണ്ട വിധത്തിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല.
6. ലൈബ്രറികൾക്ക് പുതിയ പുസ്തകങ്ങൾ സ്ഥിരമായി വാങ്ങാൻ കഴിയാത്തത് വായനക്കാരെ നിരാശരാക്കുന്നു.

7. മദ്യപാനം, മയക്കുമരുന്ന് എന്നിവ സമൂഹത്തിൽ സാംസ്കാരിക ജീർണ്ണത സൃഷ്ടിക്കുന്നു.
8. സ്ത്രീകളുടെ വായനാശീലവും കലാ-കായിക രംഗത്തെ പ്രവർത്തനങ്ങളും കുറഞ്ഞുവരുന്നു.
9. നിലവിലുള്ള ജനശിക്ഷണനിലയങ്ങളും ജന വിദ്യാകേന്ദ്രങ്ങളും വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല.
10. സാംസ്കാരിക ജീർണ്ണതയ്ക്കെതിരെ സെമിനാറുകൾ പ്രചരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിൽ ക്ലബ്ബുകൾ ശ്രദ്ധിക്കുന്നില്ല.
11. കലാ-സാംസ്കാരിക-കായിക സഹകരണത്തിനും സംഘം ചേരലിലും ആവശ്യമായ വേദികൾ ലഭിക്കുന്നില്ല.
12. കലാകാരന്മാരെയും കായികപ്രതിഭകളെയും പ്രാദേശികതലത്തിൽ പ്രോത്സാഹിപ്പിക്കുന്നില്ല.
13. കലാകായികരംഗത്ത് വിദഗ്ദ്ധപരിശീലനം സിദ്ധിച്ച ശിക്ഷകരുടെ അഭാവം.
14. ഒറ്റ വാർഡിൽപോലും പൊതു ശ്മശാനം ഇല്ല
15. ആറും എട്ടും വാർഡുകളിൽ ലൈബ്രറിയോ പൊതു ക്ലബ്ബുകളോ ഇല്ല.

### സംസ്കാരം – സാദ്ധ്യതകൾ

1. സ്കൂളുകളും ക്ലബ്ബുകളും കേന്ദ്രമാക്കി കലാ കായിക വികസനം ലക്ഷ്യമാക്കി പദ്ധതികൾ നടപ്പിലാക്കാം. സ്കൂൾ തലത്തിലും ക്ലബ്ബ് തലത്തിലും കഴിവ് തെളിയിക്കുന്ന പ്രതിഭകളെ, അവർ നിർധനരാണെങ്കിൽ, ക്ലബ്ബുകൾ ദത്തെടുക്കുകയും അവരുടെ പരിശീലനത്തിന് ജനകീയസഹായം സ്വരൂപിച്ച് നല്കുകയും വേണം. ഇവരുടെ പരിശീലനവും പ്രകടനവും ധാരാളം പേരെ ഈ രംഗത്തേക്ക് ആകർഷിക്കും.
2. ലൈബ്രറികളും ക്ലബ്ബുകളും സാമ്പത്തിക ബാദ്ധ്യ തവരുത്താത്ത തരത്തിൽ ചെലവു കുറഞ്ഞ രീതിയിൽ - സ്റ്റേജും സൗകര്യങ്ങളും മേക്കപ്പും കൂടാതെ തന്നെ - പ്രാദേശിക മത്സരങ്ങൾ കൂടെക്കൂടെ സംഘടിപ്പിക്കുകയാണെങ്കിൽ ബഹുജനങ്ങൾക്ക് താല്പര്യമുണ്ടാകുകയും വിപുലമായ രീതിയിൽ മത്സരങ്ങൾ നടത്തുന്നതിന് അവരുടെ സഹകരണം ഉണ്ടാകുകയും ചെയ്യും.
3. കലാകായികമത്സരങ്ങളും ഈ രംഗത്തെ പഠനക്യാമ്പുകളും വികേന്ദ്രീകരിച്ച് നടത്താവുന്നതാണ്. ചില ഇനങ്ങൾ ഒരു വാർഡ് ആതിഥേയത്വം വഹിച്ച് നടത്തുക. മറ്റ് ചില ഇനങ്ങൾ മറ്റു വാർഡുകളും. ഇത് മുഴുവൻ വാർജിലെ ജനങ്ങൾക്കുര് പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കും. കൂടാതെ ഒരു ദിവസത്തെ - കഴിയുമെങ്കിൽ - ഒഴിവ് ദിവസത്തെ പരിപാടിയായി നടത്തി ചെലവ് ചുരുക്കാം; കൂടുതൽ പേരുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യാം.
4. പഞ്ചായത്ത് തലത്തിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചാൽ വിവിധ കലാരൂപങ്ങളുടെ പരിശീലനത്തിന് ഓരോ ക്ലബ്ബുകളുടെ ചുമതലപ്പെടുത്താം. ആ ക്ലബ്ബ് മറ്റ് ക്ലബ്ബുകളിൽ നിന്നും വാർഡുകളിൽ നിന്നും ആയിനത്തിൽ പഠിക്കാനെത്തുന്നവർക്ക് പരിശീലനം നല്കണം. കാലഹരണപ്പെടുന്ന സാംസ്കാരിക സംഭാവനകളെക്കുറിച്ചുള്ള ഗവേഷണത്തിനും ഇങ്ങനെ സ്ഥാപനങ്ങളെ ചുമതലപ്പെടുത്താം.
5. എല്ലാ ക്ലബ്ബുകളുടെയും സാംസ്കാരിക സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെയും കൂട്ടുത്തരവാദിത്തത്തിലും ഒരു സാംസ്കാരിക ത്രൈമാസികം പ്രസിദ്ധീകരിക്കാം. പഞ്ചായത്തിനകത്തും പുറത്തും നിന്ന് വരിക്കാരെ കണ്ടെത്തുക ഇത്രയും ക്ലബ്ബുകൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും - സ്കൂളുകൾ അടക്കം - കൂടി ബുദ്ധിമുട്ടുള്ള കാര്യമല്ല. ഈ ത്രൈമാസികത്തെ അധികരിച്ച് വർഷത്തിൽ രണ്ടു പ്രാവശ്യം പഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് - ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിക്കാം. നൂല്പുഴ സാംസ്കാരികത്തനിമയും പശ്ചാത്തലവും സംഭാവനയും വരുംതലമുറക്ക് പരിചിതമാകും.
6. ക്ലബ്ബുകളുടെ വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന കലാകായിക മത്സരങ്ങളും കലാപരിപാടികളും അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊടുത്താൽ സഹകരണത്തിൻെറ പുതിയൊരു വാതായനം തുറക്കാം. ഉദാഹരണത്തിന് ഗ്രൗണ്ടില്ലാത്ത ഒരു ക്ലബ്ബിൻെറ കായിക മത്സരം സമീപത്ത് ഗ്രൗണ്ടുള്ള ക്ലബ്ബ് നടത്തിക്കൊടുക്കുകയും പകരം ആ ക്ലബ്ബിൻെറ ഏതെങ്കിലും പ്രവർത്തനം ഏറ്റെടുത്ത് നടത്തിക്കൊടുക്കാം. ഇത് ക്ലബ്ബുകളുടെ പ്രവർത്തനത്തിന് ഒരു അഖില പഞ്ചായത്ത് സ്വഭാവം നല്കുകയും സംഘാടനം എളുപ്പമാക്കുകയും ചെയ്യും.
7. പഞ്ചായത്ത് തല ഉത്സവങ്ങളുടെ മാതൃകയിൽ വാർഡ് തല ഉത്സവങ്ങൾ സംഘടിപ്പിച്ച് അവയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരെ പഞ്ചായത്ത് തലത്തിൽ പങ്കെടുപ്പിച്ചുകൊണ്ട് ഉത്സവങ്ങളും സാംസ്കാരിക വിനിമയ പരിപാടികളും നടത്താം. മറ്റു പഞ്ചായത്തുകളിലെ ക്ലബ്ബുകളെ അതിഥികളായി ക്ഷണിച്ച് കലാപരിപാടികൾ അവതരിപ്പിക്കാം. തിരിച്ച് ഈ പഞ്ചായത്തിൽ നിന്ന് തിരഞ്ഞെടുത്ത കലാരൂപങ്ങൾ ആ പഞ്ചായത്തിൽ പോയി അവതരിപ്പിക്കാം.

## സംസ്കാരം പരിഹാരങ്ങൾ

1. സ്വന്തമായി കെട്ടിടവും അടിസ്ഥാനസൗകര്യവുമില്ലാത്ത ക്ലബ്ബുകൾക്കും ലൈബ്രറികൾക്കും അവർക്കുവേണ്ടതിന്റെ 50% തുക പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്ന് നല്കണം. 50% ജനകീയമായി ശേഖരിച്ച് പ്രവർത്തനം പൂർത്തിയാക്കണം.
2. സ്കൂളുകളോടനുബന്ധിച്ച് പൊതു കളിസ്ഥലം ഉണ്ടാക്കാൻ നടപടിയുണ്ടാകണം. ഡിപ്പാർട്ടുമെന്റ് ഫണ്ടുകളും ജനകീയ സംഭാവനയും സന്നദ്ധ സേവനവും ഉപയോഗപ്പെടുത്തണം.
3. പുതിയ തലമുറയിൽ താല്പര്യമുണർത്താൻ രക്ഷിതാക്കളെ ബോധവല്ക്കരിക്കുകയും വെറ്ററൻഡ് മേളകൾ നിരന്തരം പ്രാദേശികമായി സംഘടിപ്പിക്കുകയും വേണം.
4. ക്ലബ്ബുകൾക്കും ലൈബ്രറികൾക്കും ഗ്രാന്റുകൾ അനുവദിക്കണം.
5. നാടൻ കലാരൂപങ്ങളും ആദിവാസി കലാരൂപങ്ങളും സംരക്ഷിക്കാൻ അക്കാഡമികൾ രൂപീകരിക്കണം.
6. പുതിയ പുസ്തകങ്ങൾ പഞ്ചായത്ത് ഓർഡർ ചെയ്ത് ലൈബ്രറികൾക്ക് എത്തിച്ചുകൊടുക്കാൻ കഴിയുന്ന വിധത്തിൽ ഗ്രാന്റ് പഞ്ചായത്ത് വഴിവിതരണം ചെയ്യുകയും ലൈബ്രറികൾക്കായി പഞ്ചായത്തിൽ ഒരു സഞ്ചിതനിധി രൂപീകരിക്കുകയും വേണം.
7. മദ്യപാനത്തിനും മയക്കുമരുന്നിനുമെതിരെ കർശനമായ നിയമനടപടികളോടൊപ്പം പഞ്ചായത്ത് തല ആനുകുല്യങ്ങൾക്ക് മദ്യപനല്ലെന്ന പ്രാദേശിക സാംസ്കാരിക സംഘടനയുടെ സർട്ടിഫിക്കറ്റ് നിർബ്ബന്ധിതമാക്കണം. മദ്യപാനം കുറ്റകരമായി പ്രഖ്യാപിക്കുന്നതിന് സമ്പൂർണ്ണ മദ്യനിരോധനത്തിനായി പ്രവർത്തിക്കണം.
8. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ വായനശാലകൾ ഡോർഡലിവറിക്കായി സന്നദ്ധസംഘം രൂപികരിക്കണം. സ്കൂൾ വിദ്യാർത്ഥികളുടെ കൊച്ചു കൊച്ചു ഗ്രൂപ്പുകളെ ഇതിനായി ഉപയോഗപ്പെടുത്താം.
9. ജനശിക്ഷണനിലയങ്ങളെ സാംസ്കാരിക നിലയങ്ങളാക്കി ഉയർത്തണം.
10. എല്ലാ വാർഡുകളിലും ഓരോ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം.
11. ക്ലബ്ബുകളും ഗ്രന്ഥശാലകളും സാംസ്കാരിക ജീർണ്ണതകൾക്കെതിരെ സദാ ജാഗരുകഗരാണെന്ന് ഉറപ്പുവരുത്തണം. അതാത് പ്രദേശങ്ങളിലെ സാമൂഹിക-സാംസ്കാരിക കാര്യങ്ങളിൽ സജീവമായി ഇടപെടുകയും ബോധവല്കരണം നടത്തുകയും വേണം.
12. പഞ്ചായത്ത് തലത്തിൽ കലാകായിക മത്സരങ്ങളും ഉത്സവങ്ങളും സംഘടിപ്പിക്കണം. തേലമ്പറ്റ 'ഉച്ചാല് തിറ' യോടനുബന്ധിച്ച് ആദിവാസി. കലാരൂപങ്ങളുടെ മത്സരം സംഘടിപ്പിക്കണം.
13. കലാ-സാംസ്കാരിക-കായിക രംഗത്ത് പഞ്ചായത്തിന്റെ പ്രശസ്തി ഉയർത്തുന്ന തരത്തിൽ സമ്മാനങ്ങൾ നേടുന്ന വ്യക്തികൾക്കും ക്ലബ്ബുകൾക്കും അടിസ്ഥാനസൗകര്യങ്ങളുടേയും ആനുകൂല്യങ്ങളുടേയും കാര്യത്തിൽ 'മുൻഗണനയും മറ്റ് ഇളവുകളും അനുവദിക്കണം.
14. പത്രപാരായണം നിത്യജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ വിദ്യാർത്ഥികളെ ബോധവല്ക്കരിക്കണം. ഇതിന് പഞ്ചായത്തും ക്ലബ്ബുകളും മറ്റ് സാംസ്കാരിക സംഘടനകളും മുന്നിട്ട് ഇറങ്ങണം.
15. പഞ്ചായത്തിലും സമീപപഞ്ചായത്തിലും ലഭ്യമായ വിദഗ്ദ്ധരെ സന്നദ്ധനോപനമെന്ന നിലയിലോ ക്ലബ്ബുകളുമായുള്ള കരാടിസ്ഥാനത്തിലോ ഉപയോഗപ്പെടുത്തണം. പഞ്ചായത്ത് മുൻകൈയെടുത്ത് നിലവിലുള്ള വിദഗ്ദ്ധരുടെ സേവനം വിവിധ സ്ഥാപനങ്ങൾക്ക് വീതിച്ചു നല്കണം.
16. പഞ്ചായത്തിൽ ഒരു ഇലക്ട്രിക് ക്രിമറ്റോറിയം സ്ഥാപിക്കണം.
17. ചെറിയ തുകയുടെ ടിക്കറ്റ് വെച്ച് വീഡിയോ - സിനിമാ പ്രദർശനങ്ങൾ നടത്തി ഫണ്ട് രൂപീകരിക്കണം.
18. പഞ്ചായത്തിന്റെ സാംസ്കാരികനയം പ്രഖ്യാപിക്കണം.
19. ഗ്രാമീണ കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 'ഗ്രാമോത്സവങ്ങൾ' സംഘടിപ്പിക്കണം
20. ജില്ലയിലെ പഞ്ചായത്തുകൾ തമ്മിലും പഞ്ചായത്തിലെ വാർഡുകൾ തമ്മിലും ക്ലബ്ബുകൾ തമ്മിലും എല്ലാം വിനിമയവും ബന്ധവും ഉണ്ടാക്കാൻ ''സാംസ്കാരിക വിനിമയപരിപാടി' 'കൾ ആവിഷ്ക്കരിക്കണം.
21. 'ഗ്രാമീണടൂറിസം' വികസിപ്പിക്കുവാൻ പഞ്ചായത്ത് എല്ലാ വാർഡുകളിലേയും സാംസ്കാരിക-ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെയും സ്ഥാപനങ്ങളുടേയും ഉത്സവങ്ങളുടേയും വിശേഷങ്ങളുടെയും വിവരം പഞ്ചായത്തിലും സമീപപഞ്ചായത്തുകളിലും പ്രചരിപ്പിക്കണം.
22. സ്ഥലനാമ പുരാണങ്ങളും പഞ്ചായത്തിന്റെ ചരിത്രവും കൂടുതൽ ഗവേഷണ പഠനത്തിന് വിധേയമാക്കണം.
23. ലൈബ്രറികളും ക്ലബ്ബുകളും എല്ലാ വാർഡിലും

കുറഞ്ഞത് ഒന്ന് വീതമെങ്കിലും ഉണ്ടെന്നും അവ വേണ്ടവിധം പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തണം.

24. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹന ആനുകൂല്യങ്ങൾ നല്കുകയും പ്രവർത്തനം മോശമായാൽ അത് പിൻവലിക്കുകയും വേണം.

25. സാംസ്കാരിക പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ക്ലബ്ബുകളുടെയും മറ്റ് സാംസ്കാരികസ്ഥാപനങ്ങളുടെയും കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.

26. സ്കൂളുകൾക്കും ക്ലബ്ബുകൾക്കും പകുതി വിലക്ക് സ്പോർട്സ് കിറ്റുകൾ നല്കണം.

27. മുത്തങ്ങ, പൊൻകുഴി, തകരപ്പാടി, ആനക്യാമ്പ്, കുമുഴി, കാളങ്കണ്ടി, മന്മഥൻമൂല, ആലത്തൂർ, തോട്ടാമൂല എന്നിവിടങ്ങളിൽ റീഡിംഗ് റൂം സ്ഥാപിക്കണം.





# സഹകരണം

1952-ൽ സുൽത്താൻ ബത്തേരി ആസ്ഥാനമാക്കി സുൽത്താൻ ബത്തേരി, നെന്മേനി, നൂല്പുഴ പഞ്ചായത്തുകൾക്ക് (അന്ന് വിഭജിക്കപ്പെട്ടിട്ടില്ല) വേണ്ടി സുൽത്താൻ ബത്തേരി താലൂക്ക് സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിക്കപ്പെട്ടതോടെ നൂല്പുഴ പഞ്ചായത്ത് നിവാസികളുടെ സഹകരണചരിത്രം ആരംഭിക്കുന്നു. പഞ്ചായത്ത് വിഭജിക്കപ്പെട്ടെങ്കിലും കർഷകർ തങ്ങളുടെ ഓഹരിയുള്ള ബാങ്കുമായുള്ള ബന്ധം നിർബാധം തുടർന്നു. അതുകൊണ്ട് ബാങ്ക് സംസ്ഥാനത്തെ ഏറ്റവും മികച്ച ബാങ്കുകളിലൊന്നായി വളർന്നു. നൂല്പുഴ പഞ്ചായത്തിൽ ബാങ്കിന് രണ്ട് ശാഖകളാണുള്ളത്. ഒന്ന് കല്ലൂരിലും മറ്റൊന്ന് മൂലങ്കാവിലും. മറ്റുള്ള ബാങ്കുകളെ അപേക്ഷിച്ച് സഹകരണബാങ്ക് തങ്ങളുടെ സ്ഥാപനമാണെന്ന ബോധം കർഷകരിൽ എന്നും നിലനില്ക്കുന്നു. ഇന്നീ സ്ഥാപനത്തിന് 34,329 അംഗങ്ങളും 33,51,795 രൂപയുടെ അടച്ചുതീർത്ത ഓഹരി മൂലധനവുമുണ്ട്. 1996 ജൂൺ 30 വരെ ബാങ്ക് 11,87,04,776 രൂപയുടെ നിക്ഷേപം സമാഹരിക്കുകയും 17,26,90,096 രൂപയുടെ വായ്പ വിതരണം ചെയ്യുകയുമുണ്ടായി. ഇത് ഈ മേഖലയിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന്റെ സൂചനയാണ്.

പിന്നീടുള്ള ചരിത്രം അത്രതന്നെ ആശാവഹമല്ല. 1982-ൽ ജില്ലാ സഹകരണബാങ്ക് നിലവിൽ വന്നശേഷം വയനാട്ടിലെങ്ങും കൂണുകൾ പോലെ മുളച്ചുവന്ന കടലാസ് സൊസൈറ്റികളുടെ കടന്നാക്രമണത്തിൽ നിന്ന് ഈ പഞ്ചായത്തും രക്ഷപ്പെടുകയുണ്ടായില്ല. എന്നാൽ സ്ഥാപനത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതിൽ നൂറുശതമാനവും ബദ്ധശ്രദ്ധമായി പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്ത് കേന്ദ്രമായി പ്രവർത്തിക്കുന്ന അഞ്ച് കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളാണുള്ളത്. ഇവയെക്കൂടാതെ പത്ത് വാർഡുകളിലും സുൽത്താൻ ബത്തേരി പാൽ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

നൂല്പുഴ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സുൽത്താൻ ബത്തേരി ഷെഡ്യൂൾഡ് ട്രൈബ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അതിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ വിജയിച്ച ഒന്നാണ്. വനവിഭവങ്ങളായ തേൻ, നെല്ലിക്ക, ഔഷധസസ്യങ്ങൾ, വേരുകൾ എന്നിവ ആദിവാസികളിൽ നിന്നും ശേഖരിച്ച് 'ഔഷധി' പോലുള്ള ആയുർവ്വേദ മരുന്നു കമ്പനികൾക്ക് വില്ക്കുകയാണ് പ്രധാന പ്രവർത്തനം. ഈ പ്രവർത്തനത്തിന് വനവിഭവങ്ങൾക്ക് വിപണിയുണ്ടാക്കുക എന്നതിലുപരി മഹത്തരമായൊരു സാമൂഹ്യലക്ഷ്യം കൂടിയുണ്ട്. പഞ്ഞമാസങ്ങളിൽ പട്ടികവർഗ്ഗത്തിൽ തന്നെ അവികസിതരായ കാട്ടുനായ്ക്കർ, പണിയർ എന്നിവർക്ക് ജോലി ലഭിക്കുന്നതുമൂലം പട്ടിണി കിടക്കേണ്ടിവരുന്നില്ല. ഈ ജോലികളിൽ കൂടുതലും വ്യാപൃതരാകുന്നത് ഈ വിഭാഗക്കാരാണ്. ഇടതടവില്ലാതെ മഴപെയ്യുന്ന, മറ്റൊരിടത്തും തൊഴിൽ ലഭിക്കാത്ത കാലങ്ങളിലാണ് ഇവയുടെ ശേഖരണം നടക്കുന്നത്. നൂല്പുഴ പഞ്ചാത്തിൽ ഈ സംഘം വളരെ വിജയകരമായാണ് ഈ ദൗത്യം നടപ്പിലാക്കുന്നത്.

നായ്ക്കട്ടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോർ ഒരു മാതൃകയായി പ്രവർത്തിക്കുന്നില്ലെങ്കിലും നിലവിലുണ്ട്.

നൂല്പുഴ ആദിവാസി ലേബർ കോൺട്രാക്ട് സൊസൈറ്റി, ഒരേയൊരു ജോലിയേ ഏറ്റെടുത്തുള്ളു. നൂല്പുഴ മൃഗാശുപത്രി - അത് സബ് കോൺട്രാക്ട് കൊടുത്തു. തീരേണ്ട സമയം കഴിഞ്ഞിട്ടും പണി ഇഴഞ്ഞു നീങ്ങുന്നു.

നായ്ക്കട്ടി ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത കോഴിസംഘവും മൂലങ്കാവ് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത തേനീച്ച വളർത്തൽ സംഘവും ഇപ്പോൾ കടലാസിൽപോലും ഇല്ലാത്ത സ്ഥിതിയാണ്.

## സഹകരണ മേഖല - പ്രശ്നങ്ങൾ

1. രാഷ്ട്രീയ അതിപ്രസരം : പല സംഘങ്ങളും രജിസ്റ്റർ ചെയ്യുന്നത് ജില്ലാ ബാങ്കിലേക്ക് വോട്ട് നേടാനാണ്. ഈ പോക്കറ്റ് സംഘങ്ങളും കടലാസ് സംഘങ്ങളും സഹകരണമേഖലയിൽ ജനങ്ങൾക്കുള്ള പ്രതീക്ഷയും വിശ്വാസവും നശിപ്പിക്കുന്നു. താല്പര്യമുള്ളവർ അവഗണിക്കപ്പെടുന്നു.
2. സഹകാരികളുടെ പുതിയ തലമുറ വളർന്നുവരുന്നില്ല. വികസനത്തിന് സഹകരണ മേഖലയുടെ പ്രാധാന്യം മനസ്സിലാക്കി, മേഖലയിലൂടെ വികസനം സാക്ഷാത്കരിച്ച പഴയ തലമുറയിൽ നിന്നും സഹകരണത്തിൻെറ സ്പിരിറ്റ് പുതിയ തലമുറ ഉൾക്കൊണ്ടിട്ടില്ല.
3. സഹകരണസംഘങ്ങളുടെ സാദ്ധ്യതകൾ സാമാന്യജനത്തിന് ഇന്നും ബോധ്യമായിട്ടില്ല. ഈ പഞ്ചായത്തിലെ മുഴുവൻ കർഷകരും സഹകരണസംഘത്തിൽ അംഗങ്ങളാണ്. കോ-ഓപ്പറേറ്റീവ് ബാങ്കുമായോ പാൽ സൊസൈറ്റിയുമായോ ബന്ധമുള്ള അവർക്ക് സഹകരണ മേഖലയെക്കുറിച്ചുള്ള അറിവും അവിടെ അവസാനിക്കുന്നു. ഈ പ്രസ്ഥാനത്തെക്കുറിച്ചോ തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ ഈ മേഖലക്ക് വഹിക്കാൻ കഴിയുന്ന പങ്കിനെക്കുറിച്ചോ അവർക്കറിയില്ല. അറിയാവുന്നവർ സ്ഥാപിത താല്പര്യങ്ങൾക്ക് വേണ്ടി കടലാസ് സംഘങ്ങളുണ്ടാക്കി തങ്ങളുടെ പോക്കറ്റിലൊതുക്കുന്നു.
4. രാഷ്ട്രീയ മാറ്റങ്ങളും സഹകരണ വകുപ്പുദ്യോഗസ്ഥരുടെ നിലപാടും ഈ മേഖലയിൽ താല്പര്യമുള്ളവർക്ക് സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സമാകുന്നു.
5. പാൽ നല്കുന്നതിന് കിലോമീറ്ററുകളോള നടന്ന് പുലർച്ചെ നാല് മണിക്ക് മുമ്പ് കളക്ഷൻ പോയിൻറുകളിൽ എത്തേണ്ടിവരുന്നു.
6. കൺസ്യൂമർ സ്റ്റോറുകൾ ആവശ്യത്തിനില്ല.

## സഹകരണമേഖല - സാദ്ധ്യതകൾ

പ്രാദേശിക വികസനവും വിഭവസമാഹരണവും, ജനകീയമാകുന്നതോടെ ഓരോ വാർഡിൻെറയും കാർഷിക വ്യാവസായിക, ഊർജ്ജ, ഗതാഗത മേഖലകളിലെല്ലാം നിർണ്ണായക ഘടകങ്ങളാകാൻ സഹകരണ സംഘങ്ങൾക്ക് കഴിയും. മുഴുവൻ ജനങ്ങളേയും ഓഹരിയുടമകളാക്കി, നബാർഡിൻെറ ലോണുകൾ ലഭ്യമാക്കി, ഉല്പാദനക്ഷമമായ പദ്ധതികൾ വാർഡിൽ നടപ്പാക്കുന്നതിന് വേണ്ടി ഒരു വാർഡിൽതന്നെ ഒന്നിലധികം സംഘങ്ങൾക്ക് പ്രവർത്തിക്കാവുന്നതാണ്. വികസന പ്രവർത്തനങ്ങൾ ഓഫീസുകളിൽ നിന്നും റോഡിൽ നിന്നും വീട്ടുവളപ്പിലേക്കിറങ്ങിവരുമ്പോൾ ആവശ്യമായി വരുന്ന ധനസഹായം ലഭ്യമാക്കാനും വികസനം വരുമാനത്തിൽ പ്രതിഫലിക്കുമ്പോൾ സമ്പാദ്യങ്ങൾ നിക്ഷേപങ്ങളായി സ്വീകരിക്കുവാനും സഹകരണസംഘങ്ങൾക്ക് കഴിയും.

എല്ലാ വാർഡുകളിൽ നിന്നും കർഷക-വ്യവസായിക-വിപണന സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സന്നദ്ധതയും ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്.

വനിതാസഹകരണസംഘങ്ങൾക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ നടത്താം. കാർഷിക സംഘങ്ങൾക്ക് വികേന്ദ്രീകൃത ഫാമുകൾ നടത്താം. ഉല്പന്നങ്ങളുടെ വിപണനത്തിന് സംഘം രൂപീകരിക്കാം. ഇവക്കെല്ലാം സഹായം നല്കാൻ ഒരു ക്രെഡിറ്റ് സൊസൈറ്റി സ്ഥാപിക്കാം.

## സഹകരണമേഖല - പരിഹാരങ്ങൾ

1. പ്രവർത്തിക്കാത്ത സംഘങ്ങളുടെ രജിസ്ട്രേഷൻ കാൻസൽ ചെയ്യുവാനും ലളിതമായി സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുവാനും നിയമനിർമ്മാണം നടത്തണം.
2. സഹകരണ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്ത് ഈ മേഖലയിലെ സാദ്ധ്യതകളെക്കുറിച്ച് ബോധവല്ക്കരണം നടത്തണം.
3. പ്രാദേശിക സംഘങ്ങൾ ധാരാളമായുണ്ടാകണം.
4. സഹകരണ വകുപ്പിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം.
5. എല്ലാ വാർഡിലും ഒരു ക്രെഡിറ്റ് സൊസൈറ്റിയെങ്കിലും നിർബന്ധമായുണ്ടാക്കുകയും ആ വാർഡിൻെറ ധനകാര്യാവശ്യങ്ങൾ കഴിയുന്നത്ര അതിലൂടെ നിർവ്വഹിക്കപ്പെടുകയും വേണം.
6. സൊസൈറ്റികൾ വാർഡ് വികസന സമിതിയുടെ ഭാഗമായിത്തന്നെ പ്രവർത്തിക്കുന്നതായാൽ വിഭവസമാഹരണവും വ്യാപാരവും എളുപ്പമായിരിക്കും.
7. കുടിൽ വ്യവസായ സംരംഭകരുടെ സഹകരണ സംഘങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ഉണ്ടാകണം.
8. നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന, കൺസ്ട്രക്ഷൻ മരാമത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന, സൊസൈറ്റികൾക്ക് വികസനപ്രവർത്തനങ്ങളിലെ ഇടനിലക്കാരെ ഒഴിവാക്കുവാൻ സാധിക്കും. ഓരോ വാർഡ് വികസന സമിതിയോടനുബന്ധിച്ചും ഓരോ സൊസൈറ്റി വീതം പ്രവർത്തിക്കാം.
9. കാർഷിക വിളകളുടെ സംസ്കരണത്തിനും വിപണനത്തിനുമായി എല്ലാ വാർഡുകളിലും സഹകരണ സംഘങ്ങൾ രൂപികരിക്കണം.



# വിഭവസമാഹരണം

പ്രതിശീർവരുമാനം 95 രൂപ മാത്രമുള്ള നൂല്പുഴ പഞ്ചായത്തിന്, വിഭവസമാഹരണം ഒരു യഥാർത്ഥ വികസനപ്രശ്നം തന്നെയാണ്. ആളോഹരി വരുമാനം വർദ്ധിപ്പിക്കാതെ വിഭവസമാഹരണം അസാദ്ധ്യമാണ്. അവികസിത പഞ്ചായത്തെന്ന് അംഗീകരിക്കപ്പെടുകയും ജനസംഖ്യയുടെ നാല്പതുശതമാനം പട്ടികവർഗ്ഗവിഭാഗമായിരിക്കുകയും ചെയ്യുന്ന നൂല്പുഴ പഞ്ചായത്തിനാണ് ഏറ്റവും കൂടുതൽ വികസനം ആവശ്യമുള്ളത്. ഇതിന്നാവശ്യമായ വിഭവങ്ങൾ സമാഹരിക്കുകയെന്നത് ചെറിയ കാര്യമല്ല. ഒരു തിയേറ്റർ പോലുമില്ലാത്ത, ഒരു വ്യവസായ ശാലപോലും പ്രവർത്തിക്കാത്ത പഞ്ചായത്തിൻെറ വരുമാനം കെട്ടിട നികുതിയും ഗ്രാൻറും മാത്രമാകുന്നു. ഭരണച്ചിലവ് കഴിയുമ്പോൾ കാര്യമായൊന്നും വികസനാവശ്യത്തിന് നീക്കിവെക്കാനുണ്ടാവില്ല. ഇത്തരുണത്തിൽ പഞ്ചായത്തിൻെറ വരവുകളെയും ചിലവുകളെയും വിശകലനം ചെയ്തുകൊണ്ട് തുടങ്ങുന്നത് നന്നായിരിക്കും.

1990-91-ൽ നൂല്പുഴ പഞ്ചായത്തിൻെറ വരുമാനം 13,15,866 രൂപയായിരുന്നു. ചിലവ് 10,37,973 രൂപയും. 92-93-ൽ വരവ് 19,30,997 രൂപയും ചിലവ് 16,39,650 രൂപയുമായി. 1993-94ൽ വരവിൽ ഗണ്യമായ കുറവുണ്ടാകുകയും ചെലവിൽ വൻ വർദ്ധനയുണ്ടാകുകയും ചെയ്തു വരവ് 17,09,541 രൂപയായി കുറഞ്ഞപ്പോൾ (11% ശതമാനം കുറഞ്ഞു) എന്നാൽ ചെലവ് 16,39,650 രൂപയിൽ നിന്നും 21,10,225 രൂപയായി (ഇരുപത്തിരണ്ട് ശതമാനം വർദ്ധിച്ചു) തൊട്ടടുത്ത വർഷം വരുമാനം ഗണ്യമായി വർദ്ധിച്ചപ്പോൾ ചെലവ് വലിയ വ്യതിയാനം കൂടാതെ നിന്നു. 1994-95ൽ വരവ് 24,58,765 രൂപയായപ്പോൾ 32% വർദ്ധനവാണ് ഉണ്ടായത്. ചെലവ് 21,02,432 രൂപയായിരുന്നു. പ്രതീക്ഷിച്ചപ്പോൾ 1995-96 ൽ വരവ് 34,95,500 രൂപ ലഭിച്ചത് 22,84,730 രൂപയാണ്. ചെലവ് 12,89,900 വകയിരുത്തിയത് യഥാർത്ഥത്തിൽ 18,59,730 ആയി. നിരന്തരമായ വ്യതിചലനങ്ങൾ പഞ്ചായത്തിൻെറ വികസനത്തിലെ അസന്തുലിതാവസ്ഥയെയും ആവശ്യകതയേയും സൂചിപ്പിക്കുന്നു. 96-97 ലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിലും ഈ പ്രവണത കാണാം. 42,26,000 രൂപ വരവ് പ്രതീക്ഷിക്കുമ്പോൾ 53,50,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വരവിൽ 46% വർദ്ധനവ് പ്രതീക്ഷിക്കുമ്പോൾ ചെലവിൽ 55% വർദ്ധനവ് പ്രതീക്ഷിക്കുന്നു.

പ്രധാനപ്പെട്ട വരവിനങ്ങൾ പ്രാരംഭബാക്കി, പഞ്ചായത്ത് നികുതികൾ, ചില പ്രത്യേക ആക്ടുകൾ പ്രകാരം ലഭിക്കുന്ന തുക, പഞ്ചായത്ത് വസ്തുക്കളിൽ നിന്നും ലഭിക്കുന്ന വരുമാനം, പഞ്ചായത്ത് ഫീസ്, ഗവൺമെൻറ് ഗ്രാൻറും അംശാദായവും, പല വകവരുമാനം എന്നിവയാണ്. ചെലവുകൾ നടത്തിപ്പിനും പിരിവിനും വേണ്ടി വരുന്ന ഭരണച്ചിലവുകൾ, വിവിധ വകുപ്പുകളിലുള്ള വികസനപ്രവർത്തനങ്ങൾക്കുള്ള തുക, പഞ്ചായത്ത് വക വസ്തുക്കൾക്ക് വേണ്ട തുക, അസാധാരണ ചെലവ് എന്നിവയാണ്. ഇവയെ ഇനം തിരിച്ച് പരിശോധിക്കുമ്പോൾ ഇവയ്ക്ക് കൂടുതൽ വകഭേദങ്ങൾ ഉള്ളതായി കാണാം.

പ്രാരംഭ ബാക്കി മുൻ വർഷത്തെ അവസാന ബാക്കിയാണ്. 1992-93ൽ പ്രാരംഭബാക്കി 7,59,973 രൂപയായിരുന്നു. 1993-94ൽ ഇത് 10,51,300 ഉം 1994-95ൽ 6,50,615 ഉം 1995-96ൽ 10,06,947 രൂപയുമായിരുന്നു. 1996-97ൽ പ്രതീക്ഷിക്കുന്നത് 2,07,500 രൂപയാണ്. ഇടവിട്ട വർഷങ്ങളിൽ പ്രാരംഭബാക്കിയിൽ സാരമായ വ്യതിയാനങ്ങൾ പ്രകടമാണ്.

പഞ്ചായത്ത് നികുതിയിനത്തിൽ കെട്ടിട നികുതി, തൊഴിൽ നികുതി, വസ്തുകൈമാറ്റ നികുതി എന്നീ മൂന്നിനങ്ങൾ മാത്രമാണ് നൂല്പുഴ പഞ്ചായത്തിൻെറ വരവിനങ്ങൾ. 1994-95ൽ 3,81,525 രൂപയാണ് ഈയിനത്തിൽ

ലഭിച്ചത്. ഇതിൽ കെട്ടിടനികുതി 1,49,764 രൂപയും, തൊഴിൽ നികുതി 96,970 രൂപയും, വസ്തു കൈമാറ്റ നികുതി 1,30,320 രൂപയുമായിരുന്നു. ലൈബ്രറി സെസ്സ് ആയി 4471 രൂപ പിരിഞ്ഞുകിട്ടി. 9 സ്കൂളുകളും 3 ആശുപത്രികളും അടക്കം കേവലം 26 സ്ഥാപനങ്ങളും 327 ജീവനക്കാരുമാണ് ഈ പഞ്ചായത്തിലുള്ളത്. അതുകൊണ്ട് തൊഴിൽ നികുതിയിൽ സാരമായ വർദ്ധനവ് പ്രതീക്ഷിക്കാനില്ല. 1995-96ൽ 1,00,000 രൂപ തൊഴിൽ നികുതിയായി പ്രതീക്ഷിച്ചതിൽ നിന്നും 10% വർദ്ധനവ് മാത്രമേ 96-97 വർഷത്തിലേക്ക് പ്രതീക്ഷിക്കുന്നുള്ളു. ലൈബ്രറി സെസ്സ് ആയി 95-96 10000 രൂപ പ്രതീക്ഷിച്ചപ്പോൾ 7,500 രൂപയാണ് 96-97 ൽ പ്രതീക്ഷിക്കുന്നത്. കെട്ടിടനികുതിയായി 1995-96ൽ 2,00,000 രൂപ പ്രതീക്ഷിച്ചപ്പോൾ 96-97ൽ 2,50,000 രൂപ പ്രതീക്ഷിക്കുന്നു. 25% വർദ്ധനവ്. വസ്തുകൈമാറ്റ നികുതി 1995-96ൽ 4,00,000 രൂപ പ്രതീക്ഷിച്ചത് 96-97ലെ ബജറ്റിൽ അതേപടി നിലനിർത്തിയിരിക്കയാണ്.

പ്രത്യേക ആക്ട് പ്രകാരമുള്ള വരവിൽ വളരെ തുച്ഛമായ വരവേ ഈ പഞ്ചായത്തിനുള്ളു. കന്നുകാലി പൗണ്ടോ വിനോദനികുതി ലഭിക്കുന്ന സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. പി.എഫ്.എ. ആക്ട്പ്രകാരമുള്ളതും ജനനമരണ രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ളതുമായ തുച്ഛമായ വരവേയുള്ളു. 1994-95ൽ പി.എഫ്.എ. ആക്ടുപ്രകാരം 1319 രൂപ ലഭിച്ചു. 1995-96ൽ 2500 രൂപ വകയിരുത്തി. 1996-97 ലേക്ക് 3000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ജനനമരണ രജിസ്ട്രേഷൻ ആക്ട് പ്രകാരം 73 രൂപ 1994-95 ൽ ലഭിച്ചു. 1995-96 ലും 96-97ലും 1500 രൂപയാണ് വകയിരുത്തിയത്.

പഞ്ചായത്ത് വക വസ്തുക്കളിൽ നിന്നുള്ള വരുമാനത്തിൽ ഭൂമിയുടെ പാട്ടം കെട്ടിടങ്ങളുടെ വാടക, മാർക്കറ്റ് വക വരവ്, ബസ്സ്റ്റാൻഡും മറ്റ് വാഹനസ്റ്റാൻഡുകളിൽ നിന്നുള്ള വരവ് വണ്ടിപ്പേട്ട വകവരവ് കശാപ്പുശാലകളിൽ നിന്നുള്ള വരവ്, കടത്തുവകയും അല്ലാത്തതുമായ കുത്തകപ്പാട്ടവരുമാനം മറ്റിനങ്ങൾ എന്നിവയാണ്. ഇവയിൽ നുല്ലുഴ പഞ്ചായത്തിന് ഒരു കാലിചന്ത ലേലം ചെയ്യുന്ന വകയിലും തോടുകളിലെ മണൽ വാരുന്നതിനുള്ള അവകാശം ലേലം ചെയ്യുന്ന വകയിലും മാത്രമേ വരുമാനമുള്ളു. 1994-95 ൽ കാലിചന്ത ലേലം ചെയ്ത വകയിൽ 1,29,000 സാംസ്കാരിക നിലയം വാടകക്ക് കൊടുത്ത വകയിൽ 260 രൂപയും മണൽ ലേലത്തിൽ നിന്നും ലഭിച്ച 28,400 രൂപയുമായിരുന്നു ഈ ഇനത്തിൽ വരുമാനം. 1995-96 കാലിചന്ത ലേലത്തിൽ വരുമാനം 92,000 രൂപയാണ് ലഭിച്ചത്. 29% കുറവ്. മണൽ ലേലത്തിൽ നിന്ന് 129% വരുമാന വർദ്ധനവുണ്ടായി. 65,000 രൂപ ലഭിച്ചു. ആകെ വരുമാനം 1994-95 ലെ 1,57,660 ൽ നിന്നും 1,57,000 രൂപയായി കുറഞ്ഞു. 96-97 ലെ ബഡ്ജറ്റിൽ 21% വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. കാലിചന്തലേലത്തിൽ 70,500 രൂപയും മണൽ ലേലത്തിൽ 1,20,000 രൂപയുമാണ് പ്രതീക്ഷിക്കുന്നത്. 33,500 രൂപയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

പഞ്ചായത്ത് ഫീസിനത്തിൽ കെട്ടിടനിർമ്മാണത്തിനും കച്ചവടത്തിനും ഫാക്ടറി നിർമ്മാണത്തിനും യന്ത്രസാമഗ്രികൾക്കും സ്വകാര്യമാർക്കറ്റുകൾക്കും, സ്വകാര്യകശാപ്പുശാലകൾക്കും സ്വകാര്യ വണ്ടിപ്പേട്ടകൾക്കും ആവശ്യമായ ലൈസൻസ് ഫീസും മറ്റു പലവക ഫീസുകളുമാണ് വരിക. നുല്ലുഴ പഞ്ചായത്തിൻെറ കാര്യത്തിൽ 230 കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസും യന്ത്രസാമഗ്രികൾക്കുള്ള നാമമാത്രമായ ഫീസും ഡിമാൻഡ് നോട്ടീസ് വാറണ്ട്, ജപ്തി എന്നീ വകയിലുള്ള ഫീസും മാത്രമേയുള്ളു. ഇവയെല്ലാം കൂടി 1994-95ൽ 19798 രൂപയും 95-96ൽ 18,800 രൂപയും ആയിരുന്നു. 96-97-ൽ 28,000 രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇവയിൽ കച്ചവടത്തിനുള്ള ലൈസൻസ് ഫീസാണ് പ്രധാന ഇനം. 1994-95ൽ 16,901 രൂപയും 1995-96ൽ 15,847 രൂപയുമാണ് ലഭിച്ചത്. 96-97ൽ 20,000 രൂപ പ്രതീക്ഷിക്കുന്നു. യന്ത്രസാമഗ്രികൾക്കുള്ള ഫീസായി 1994-95ൽ 35 രൂപയും 1995-96ൽ 200 രൂപയും ലഭിച്ചു. 1996-97ൽ പ്രതീക്ഷിക്കുന്ന വരവ് 500 രൂപയാണ്. ടെൻഡർ ഫോമുകളും മറ്റ് അപേക്ഷാഫോമുകളും വിറ്റ വകയിൽ 1994-95ൽ 1412 രൂപയും 95-96ൽ 600 രൂപയും കിട്ടി. 1996-97ൽ 1500 രൂപ ലഭിക്കുമെന്ന് കരുതുന്നു. ഡിമാൻഡ് നോട്ടീസ്, വാറണ്ട്, ജപ്തി എന്നീ വകയിലുള്ള ഫീസിനത്തിൽ 1450 രൂപ 1994-95 ലും 2000 രൂപ 1995-96ൽ ലഭിച്ചപ്പോൾ 1996-97 ലേക്കുള്ള എസ്റ്റിമേറ്റ് 5000 രൂപയാണ്.

ഗവൺമെൻറ് ഗ്രാൻറും അംശാദായവുമാണ് പഞ്ചായത്തിൻെറ പ്രധാനപ്പെട്ട വരവ് ഈയിനത്തിൽ അടിസ്ഥാന നികുതിയുടെ വിഹിതം സ്കൂൾ മെയിൻറനൻസ് ഗ്രാൻറ് അൺടൈഡ് ഫണ്ട് എം.ഐ.ഗ്രാൻറ്, വി.ആർ.എം., എസ്.ആർ.വി. V.T.C. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്, ബോർവെൽ ഗ്രാൻറ് എന്നിവയുൾപ്പെടുന്നു. ഇവ കൂടാതെ JRY ഫണ്ട് മൃഗസംരക്ഷണം, ആരോഗ്യം കൃഷി PWD ഹരിജനക്ഷേമം എന്നീ വകുപ്പുകളിൽ നിന്നും പഞ്ചായത്തീരാജ് നിയമപ്രകാരമുള്ള ഗ്രാൻറുകളും പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. ഈ തുകകൾ പഞ്ചായത്തിൻെറ ബഡ്ജറ്റിലെ വരവ് ഇനത്തിൽ കാണിക്കുന്നില്ല. അടിസ്ഥാനനികുതിയിനത്തിൽ 1994-95ൽ 2,90,669 രൂപ ലഭിച്ചപ്പോൾ 95-96ൽ 3,01,166 രൂപയാണ് ലഭിച്ചത്. ഇത് എസ്റ്റിമേറ്റിൻെറ 30% കുറവാണ്. 1995-96ൽ ആറ് ലക്ഷം രൂപയാണ്

ഈയിനത്തിൽ വരവ് പ്രതീക്ഷിക്കുന്നത്. സ്കൂൾ മെയിൻറനൻസ് ഇനത്തിൽ തുച്ഛമായ തുകയേ ലഭിക്കുന്നുള്ളു. 94-95ൽ 663 രൂപയും 95-96ൽ 700 രൂപയും 96-97ൽ 1000 രൂപയുമാണ് ലഭിച്ചത്. അൺടൈഡ് ഫണ്ട് 94-95ൽ 3,72,833 രൂപയും 95-96ൽ 3,82,900 രൂപയും ലഭിച്ചു. 96-97ൽ ഏഴ് ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. M.I. ഗ്രാൻറ് 6498 രൂപയാണ് 94-95ലും 95-96ലും ലഭിച്ചത്. 96-97ൽ 7,000 രൂപ പ്രതീക്ഷിക്കുന്നു. V.R.M. ഗ്രാൻറായി 56,618 രൂപ 1994-95ലും 57,569 രൂപ 95-96ലും ലഭിച്ച പഞ്ചായത്ത് 96-97ൽ 60,000 രൂപ പ്രതീക്ഷിക്കുന്നു. SRV ഗ്രാൻറായി 1994-95ൽ പഞ്ചായത്തിന് 2,65,000 രൂപയും 95-96ൽ 4,00,000 രൂപയും ലഭിച്ചു. 96-97ൽ 7,00,000 രൂപ പ്രതീക്ഷിക്കുന്നു. V.T.C ഗ്രാൻറായി 94-95ൽ 23,000 രൂപയും 95-96ൽ 5,79,002 രൂപയുമാണ് പഞ്ചായത്തിന് ലഭിച്ചത്. 96-97ൽ 9,00,000 രൂപ പ്രതീക്ഷിക്കുന്നു. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറായി 1994-95ൽ 74,183 രൂപ ലഭിച്ചെങ്കിലും 95-96ൽ എന്തെങ്കിലും ലഭിക്കുകയോ 96-97 വർഷ വർഷത്തേക്ക് എന്തെങ്കിലും വകയിരുത്തുകയോ ചെയ്തിട്ടില്ല. ബോർവെൽ ഗ്രാൻറായി 36,500 രൂപ 94-95ൽ ലഭിച്ചു. പിന്നീട് ലഭിച്ചിട്ടില്ല 96-97 വർഷത്തിൽ ഈ ഇനം വരവ് പ്രതീക്ഷിക്കുന്നില്ല. ഗ്രാൻറും അംശാദായവും എന്ന ഇനത്തിൽ 1994-95ൽ 11,25,884 രൂപയും 95-96 ൽ 13,27,135 രൂപയും ലഭിച്ചപ്പോൾ 96-97ലെ പ്രതീക്ഷ 30,00,000 രൂപയാണ്.

മേൽ പറഞ്ഞവ കൂടാതെ JRY ഫണ്ടും വിവിധ വകുപ്പുകളിൽ നിന്നു ലഭിച്ചതുമായി 16,89,254 രൂപ 95-96ൽ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. മൃഗസംരക്ഷണവകുപ്പിൽ നിന്ന് 4855 രൂപയും ആരോഗ്യ വകുപ്പിൽ നിന്നും 70,619 രൂപയും കൃഷിവകുപ്പിൽ നിന്നും 34,500 രൂപയും PWDയിൽ 43,000 രൂപയും ഹരിജനക്ഷേമവകുപ്പിൽ നിന്ന് 25,200 രൂപയും ആണ്, 95-96ൽ പഞ്ചായത്തിന് ലഭിച്ചത്. JRY ഫണ്ടായി 15,11,080 രൂപയാണ് ലഭിച്ചത്. ഈയിനത്തിലുള്ള വരവുകൾ 96-97ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കാലഹരണപ്പെട്ട ഡിപ്പോസിറ്റുകളായും നിക്ഷേപങ്ങളിൽ പലിശയും ലൈബ്രറിവക വരവും എല്ലാമായി മറ്റിനങ്ങളിൽ 94-95ൽ 38,770 രൂപയും 95-96ൽ 22,500 രുപയും ലഭിച്ചപ്പോൾ 96-97ൽ 28,000 രൂപ പ്രതീക്ഷിക്കുന്നു.

1990-91ൽ 10,37,973 രൂപയായിരുന്നു നൂല്പുഴ പഞ്ചായത്തിൻെറ വാർഷിക ചെലവ്. 92-93ൽ 16,39,650 രൂപ ചെലവ് വന്നപ്പോൾ 93-94ൽ 21,10,225 രൂപയും 1994-95ൽ 21,02,432 രൂപയും 95-96ൽ 18,59,730 രൂപയും ചെലവ് ചെയ്തു. നടത്തിപ്പും പിരിവും പൊതുമരാമത്ത്, വിദ്യാഭ്യാസം, പൊതുജനാരോഗ്യം വിളക്കുവെക്കൽ, കൃഷി, മൃഗപരിപാലനം, സാമൂഹ്യക്ഷേമം, മത്സ്യബന്ധനം, സാമൂഹ്യവനവല്കരണം, ചെറുകിട വ്യവസായങ്ങൾ, ഭവനനിർമ്മാണം, വൈദ്യുതിയും പാരമ്പര്യേതര ഊർജ്ജവും ദാരിദ്ര്യനിർമ്മാർജ്ജനവും ഗ്രാമീണ വികസനവും, സാംസ്കാരിക കാര്യങ്ങളും പൈതൃകവും പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം മാർക്കറ്റും കശാപ്പുശാലയും വെയിറ്റിംഗ്ഷെഡ്ഡ് എന്നിവയാണ് പ്രധാനപ്പെട്ട ചെലവിനങ്ങൾ. ഇവയിൽ ഒട്ടുവളരെ ഇനങ്ങളിൽ പഞ്ചായത്ത് ആദ്യമായാണ് 96-97 മുതൽ ചെലവ് ചെയ്യാൻ ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ഇവയെ ഇനം തിരിച്ച് പരിശോധിക്കുന്നത് നന്നായിരിക്കും.

നടത്തിപ്പും പിരിവും എന്ന ഇനത്തിൽ പഞ്ചായത്തിൻെറ മൊത്തം ഭരണച്ചിലവുകളാണ് വരുന്നത്. ഇതിൽ ഭരണസമിതിയുടെ ശമ്പളം അലവൻസ് യാത്രാബത്ത ട്രെയിനിംഗ് കോഴ്സ് ഫീ എന്നിവയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അലവൻസ് യാത്രപ്പടി, ട്രെയിനിംഗ് കോഴ്സ് ഫീസ് എന്നിവയും ഓഫീസിൻെറ പ്രവർത്തനച്ചിലവുകളുമാണ് വരുന്നത്. ഈയിനത്തിൽ 94-95ൽ 1,82,438 രൂപയും 95-96ൽ 4,14,009 രൂപയുമാണ് പഞ്ചായത്തിന് ചെലവ് വന്നത്. ഇവ യഥാക്രമം വരുമാനത്തിൻെറ 7% വും 18% വും ആണ്. 96-97ൽ 10,50,000 രൂപ വകയിരുത്തിയപ്പോൾ മുൻ വർഷത്തെ എസ്റ്റിമേറ്റിൽ നിന്നും 80% വർധനവാണ് ഉണ്ടായിരിക്കുന്നത്. 13 ജീവനക്കാരും 10 മെമ്പർമാരുമാണുള്ളത്.

പൊതുമരാമത്തു ചെലവുകളിൽ റോഡ് സംരക്ഷണം; കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, പാലം, കലുങ്ക്, നടവരമ്പ്, ചെറുകിട ജലസേചനസൗകര്യങ്ങൾ എന്നിവയുടെ സംരക്ഷണം, മറ്റ് സംരക്ഷണ നടപടികൾ: SRY ഷോപ്പിങ്ങ് കോംപ്ലക്സ് വെയിറ്റിംഗ് ഷെഡ് എന്നിവയാണ് ഈയിനത്തിലെ ചെലവുകൾ. ഈ പഞ്ചായത്തിൽ എഞ്ചിനീയറിംഗ് തസ്തികകളില്ല. ഈയിനത്തിൽ ഏറ്റവും കൂടുതൽ തുക ചിലവഴിക്കുന്നത് റോഡുകൾക്കുവേണ്ടിയാണ്. 95-96ൽ പൊതുമരാമത്തിന് ചെലവഴിച്ച 11,46,453 രൂപയിൽ 10,19,453 രൂപയും റോഡുകൾക്കു വേണ്ടിയാണ് ചെലവഴിച്ചത്. രണ്ടാമത് വരുന്നത് കെട്ടിടം പണിയും അറ്റകുറ്റപ്പണികളുമാണ്. ഈയിനത്തിൽ 94-95ൽ 1,35,504 രൂപയും 95-96ൽ 40,000 രൂപയുമാണ്. 96-97ലേക്ക് ഒന്നും വകയിരുത്തിയിട്ടില്ല. പാലം കലുങ്ക്, നടവരമ്പ് എന്നിവയയ്ക്കെല്ലാം കൂടി 1994-95ൽ 36,764 രൂപയും 95-96ൽ 87,000 രൂപയും ചെലവാക്കി. അതായത് 95-96ലെ പൊതുമരാമത്ത് ചിലവുകളിൽ 97% വും ഗതാഗതത്തിന് വേണ്ടിയായിരുന്നു. 96-97 ബഡ്ജറ്റിലും സ്ഥിതി വ്യത്യസ്തമല്ല. പതിനഞ്ച് ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നതിൽ 12,00,000 രൂപയും ഗതാഗതത്തിന് തന്നെ. ബാക്കി ഇരുപത് ശതമാനം ഷോപ്പിംഗ് കോംപ്ലക്സിനും ചെറുകിട ജലസേചനപദ്ധതികൾക്കുമായി

നീക്കിവെച്ചിരിക്കുന്നു. പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഈ രണ്ടു പദ്ധതികൾ പ്രയോജനപ്പെടും.

വിദ്യാഭ്യാസത്തിൽ കണ്ടിൻജൻസി ചെലവുകൾ, ഗ്രന്ഥശാലകൾക്കും സ്കൂളുകൾക്കും അംശാദായം, ക്ലബ്ബുകൾക്ക് റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ എന്നിവ നല്കുന്നതിനും, പഞ്ചായത്ത് ലൈബ്രറിക്ക് ഫർണിച്ചർ, പുസ്തകങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും പഞ്ചായത്ത് ലൈബ്രേറിയന് വേതനം നല്കുന്നതിനുമാണ് ചെലവ് വരുന്നത്. 94-95ൽ 33,892 രൂപയായിരുന്നു ഈയിനത്തിൽ ചെലവ്. ബഡ്ജറ്റിൽ 1995-96ൽ ഈയിനത്തിനായി 2,25,000 രൂപയും 96-97ൽ 5,00,000 രൂപയും വകയിരുത്തുകയുണ്ടായി. ഈയിനത്തിൽ ഏറ്റവും കൂടുതൽ ചെലവ് വരുന്നത് സ്കൂളുകൾക്ക് ഗ്രാൻറ് നല്കാനാണ്. 1994-95ൽ ഇത് 22,162 രൂപയും 95-96ൽ 15,181 രൂപയുമായിരുന്നു 95-96ൽ വകയിരുത്തിയതിൻെറ 6% മാത്രമാണ് ചെലവ് ചെയ്തത്. ഗ്രന്ഥശാലകൾക്കുള്ള ഗ്രാൻറിനത്തിൽ വമ്പിച്ച വർദ്ധനവാണ് 96-97ലെ ബജറ്റിൽ ഉണ്ടായിട്ടുള്ളത്. 1995-96 ലെ 20,000 രൂപ 90,000 രൂപയായി ഉയർന്നു.

ജലവിതരണം ഡ്രെയിനേജ് പൊതുജനാരോഗ്യം എന്നീ ഇനങ്ങളിലെല്ലാം കണ്ടിൻജൻസി ചെലവുകൾ എന്ന നിലയിൽ കുറെ പണം വകയിരുത്തുകയല്ലാതെ അവയുടെ വിനിയോഗം സംബന്ധിച്ച് വ്യക്തമായ ലക്ഷ്യമോ പദ്ധതികളോ പഞ്ചായത്തിനില്ല. 94-95ൽ ജലവിതരണത്തിനും ഡ്രെയിനേജിനും പൊതുജനാരോഗ്യത്തിനുംകൂടി 1,39,287 രൂപ ചെലവിട്ടു. ഇതിൽ 1,06,092 രൂപയും കണ്ടിൻജൻസി ചെലവുകളായിരുന്നു. 570 രൂപ രോഗികൾക്കുള്ള ആഹാരത്തിനായി ചെലവിട്ടപ്പോൾ 12,246 രൂപ യാത്രപ്പടിക്ക് ചെലവിട്ടു. പട്ടി, എലി തുടങ്ങിയവയെ നശിപ്പിക്കാൻ 3199 രൂപയാണ് ചെലവിട്ടത്. 95-96ൽ ഈയിനത്തിൽ വരവ് വച്ചത് 29,900 രൂപയായിരുന്നു. യഥാർത്ഥത്തിൽ ചെലവിട്ടത് 98,626 രൂപയും. 96-97ൽ നാല് ലക്ഷം രൂപയാണ് ഈയിനത്തിൽ വകയിരുത്തിയിട്ടുള്ളത്. വ്യക്തമായ ലക്ഷ്യമോ പദ്ധതികളോ ഇല്ലാത്തത് കൊണ്ടാകാം 42,000 രൂപ കണ്ടിൻജൻസി ചെലവുകൾക്കും 25,000 രൂപ യാത്രപ്പടിക്കും 2,05,000 രൂപ മറ്റു ചിലവുകൾ എന്ന ഇനത്തിലും വകയിരുത്തിയത്.

തെരുവിൽ വിളക്കുവെക്കുന്നതിന് വിദ്യുച്ഛക്തി ചെലവായി 9,720 രൂപയാണ് 1994-95ൽ ചെലവാക്കിയത്. 1995-96ൽ 20,000 രൂപ വകയിരുത്തിയെതിൽ 17,120 രൂപയാണ് ചെലവായത്. 96-97ലേക്ക് 50,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൃഷി മൃഗപരിപാലനം തുടങ്ങിയവക്ക് ആദ്യമായി തുക വകയിരുത്തുന്നത് 96-97 ബഡ്ജറ്റിലാണ്. 1,50,000 രൂപ കണ്ടിൻജൻസി ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്നു. മൃഗപരിപാലനത്തിന് കണ്ടിൻജൻസി ചെലവുകൾക്കായി ഒരു ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സാമൂഹ്യക്ഷേമത്തിൽ നീക്കിവെച്ചിട്ടുള്ള 3 ലക്ഷം രൂപയിൽ സിംഹഭാഗവും കണ്ടിൻജൻസി ചെലവുകൾക്കും അംഗൺവാടികൾക്കും ആണ്. ഇത് യഥാക്രമം 1,00,000 രൂപയും 1,78,000 രൂപയുമാണ്. സാമൂഹ്യ വനവല്ക്കരണത്തിന് 50,000 രൂപയും ഭവനനിർമ്മാണത്തിന് അഞ്ചു ലക്ഷം രൂപയും വകയിരുത്തിയപ്പോഴും ജനങ്ങൾക്കും പഞ്ചായത്തിനും കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന മത്സ്യകൃഷിക്കും ചെറുകിട വ്യവസായങ്ങൾക്കും വേണ്ടി ഒന്നും വകയിരുത്തിയിട്ടില്ല. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് 75,000 രൂപയും പട്ടികജാതി / പട്ടികവർഗ്ഗക്ഷേമത്തിനായി 4,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. ഊർജ്ജത്തിന് 50,000 രൂപയും സാംസ്കാരിക പൈതൃകവിഷയങ്ങൾക്കായി 25,000 രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. മാർക്കറ്റ്, കശാപ്പുശാല, വെയിറ്റിംഗ് ഷെഡ് എന്നിവക്കായി ഒരു ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുണ്ട്.

ഈ അവലോകനത്തിൽ നിന്നും ചില സൂചനകൾ ലഭിക്കുന്നുണ്ട്. ജനങ്ങൾക്കും പഞ്ചായത്തിനും വരുമാനമുണ്ടാക്കാനുള്ള ശ്രമം നടക്കുന്നില്ല. വരവിൻെറ സിംഹഭാഗവും ഭരണച്ചിലവുകൾക്കും പൊതുമരാമത്തിനും - പ്രത്യേകിച്ചും ഗതാഗതം - ചെലവഴിക്കുകയാണ്. ഇതിന് ആരോഗ്യപരമായൊരു മാറ്റം അനിവാര്യമാണ്. ചെറുകിട വ്യവസായ കാർഷിക-മൃഗപരിപാലനമേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഇവയെ തൊഴിലായി അംഗീകരിച്ച് ജനങ്ങളുടെയും പഞ്ചായത്തിൻെറയും വരുമാനം വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം. ജനങ്ങളെ സന്നദ്ധസേവനത്തിൽ നിന്ന് പഞ്ചായത്ത് പിൻതിരിപ്പിക്കുന്ന രീതിയിലാണ് മരാമത്ത് പണികൾ കരാർ കൊടുക്കുന്നത്. 1992-93 വരെ ജനങ്ങൾ തന്നെ മണ്ണിട്ട്, ഡ്രെയിനേജ് പണികൾ നടത്തിക്കൊണ്ടിരുന്ന പല റോഡുകളും സ്വാശ്രയ പഞ്ചായത്ത് പദ്ധതിപ്രകാരം കരാർ കൊടുത്ത് ഈ പണികൾ ചെയ്യിച്ചു. തുടർന്ന് ജനങ്ങൾ ഈ റോഡിൻെറ അറ്റകുറ്റപ്പണികൾ പഞ്ചായത്ത് ചെയ്യുന്നത് കാത്തുനില്ക്കുന്നതല്ലാതെ നേരിട്ട് ചെയ്യുന്നില്ല. ആ പ്രത്യേക പദ്ധതിയുടെ കാര്യം ജനങ്ങൾ അറിയാതെ പോയതാണ് പ്രശ്നം. ആശയവിനിമയത്തിൻെറ കുറവും അതാര്യതയും.

ജനങ്ങൾക്ക് കൂടുതൽ വരുമാനമുണ്ടാക്കുന്നതും അതിൻെറ വിഹിതം പഞ്ചായത്തിന് ലഭിക്കുന്നതുമായ പദ്ധതികൾ ആവിഷ്ക്കരിച്ചുനടപ്പാക്കുന്ന ഒരു വികസന

സംസ്കാരം പഞ്ചായത്ത് നാളിതുവരെ അനുവർത്തിച്ചുപോന്നിട്ടില്ല. റോഡുകൾക്ക് ഒരു നിശ്ചിത സംഖ്യ വകയിരുത്തുമ്പോൾ അത് ആവശ്യം വേണ്ട തുകയേക്കാൽ കുറവായിരിക്കുവാൻ ശ്രദ്ധിക്കുകയും ബാക്കി വേണ്ടിവരുന്ന തുക ശ്രമദാനത്തിലൂടെയോ വിഭവസമാഹരണത്തിലൂടെയോ സ്വരൂപിക്കുന്ന രീതി പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. കുടിയെറ്റ മേഖലയിലെ റോഡുകൾ മുഴുവൻ തന്നെ മുൻ തലമുറകൾ ശ്രമദാനത്തിലൂടെ നിർമ്മിച്ചതാണെന്നും ഗുണഭോക്താക്കൾക്ക് വികസനപ്രവർത്തനങ്ങളിൽ പങ്കാളിത്തം നല്കിയാൽ അവരത് ഉത്തരവാദിത്തോടെ നിറവേറ്റുമെന്ന കാര്യവും അധികൃതർ സൗകര്യപൂർവ്വം മറന്നു. ഒമ്പതാം പദ്ധതിയിൽ ഇതിനൊരു മാറ്റം അനിവാര്യമാണ്.

റോഡുകളുടെയും മറ്റ് മരാമത്ത് പണികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ ഗുണഭോക്താക്കളുടെ വിഹിതം നിശ്ചയിക്കണം. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് തങ്ങളുടെ വിഹിതം അദ്ധ്വാനമായോ കാർഷിക വിഭവങ്ങളായോ സംഭാവന ചെയ്യാൻ സാഹചര്യമുണ്ടാകണം അതിന് ഇടത്തട്ടുകാരെ ഒഴിവാക്കേണ്ടിവരും എന്നല്ല അവർ ഒഴിവാക്കുക തന്നെ ചെയ്യും. ഗുണഭോക്താക്കൾ തന്നെ പണികൾ ഏറ്റെടുത്ത് നടത്തും. നോമിനി ഏർപ്പാട് നിലനിന്നാൽ ജനകീയാസൂത്രണം കൊണ്ടുദ്ദേശിക്കുന്ന സദ്ഫലങ്ങളെല്ലാം തകിടം മറിയും. പണികൾ വിലയിരുത്തി സർട്ടിഫിക്കറ്റ് നല്കാനുള്ള അധികാരം, PWD യിൽ നിന്നും മാറ്റി, വാർഡ് മെമ്പറും പഞ്ചായത്ത് പ്രസിഡണ്ടും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമടങ്ങുന്ന കമ്മിറ്റിക്ക് നല്കണം. വാർഡ് വികസനകമ്മിറ്റികൾക്ക് വാർഡിലെ വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി, ഒരു വ്യക്തിയെ ശമ്പള വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. ഈ വ്യക്തി സാങ്കേതിക വൈദഗ്ധ്യം ഉള്ളയാളായാൽ വളരെ നന്ന്. പക്ഷേ പ്രവർത്തനങ്ങളുടെ മേൽനോട്ടം പൂർണ്ണമായും കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കണം. രജിസ്റ്റർ ചെയ്ത കമ്മിറ്റിക്ക് സ്വന്തം ഫണ്ട് സൂക്ഷിക്കുവാനും അത്യാവശ്യ ഘട്ടങ്ങളിൽ പെട്ടെന്ന് പ്രവർത്തിക്കുവാനും കഴിയണം. ഫലത്തിൽ, വാർഡ് തലത്തിൽ ഒരു പ്രാദേശിക വികസന ഏജൻസിയായി പ്രവർത്തിക്കാൻ കമ്മറ്റിക്ക് കഴിയണം.

വിഭവസമാഹരണം ജനങ്ങളിൽ നിന്നാകണമെങ്കിൽ വികസനപദ്ധതികൾ ജനങ്ങളുടെ പ്രത്യക്ഷ വരുമാനം വർദ്ധിപ്പിക്കുന്നവയാകണം. സബ്സിഡികൾ നല്കുന്നതിന് വേണ്ടി മാത്രമുള്ള സ്ക്രീമുകൾക്ക് പകരം കൂടുതൽ വരുമാനം ഉറപ്പുവരുത്തുന്ന പദ്ധതികളാണാവശ്യം. ജനങ്ങളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വായ്പകൾ ന്യായവും യുക്തവുമായ പദ്ധതികൾക്ക് ലഭ്യമാക്കാനും ധനകാര്യസ്ഥാപനങ്ങൾക്ക് കഴിയണം. ഈ പഞ്ചായത്തിൽ നാല് ധനകാര്യസ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖ മുലങ്കാവിൽ പ്രവർത്തിക്കുന്നു. സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻെറ ഒരു ശാഖ കല്ലൂരിൽ പ്രവർത്തിക്കുന്നുണ്ട്. സുൽത്താൻ ബത്തേരി താലൂക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ ഒരു ശാഖ മുലങ്കാവിലും ഒരു ശാഖ കല്ലൂരിലും പ്രവർത്തിക്കുന്നു. എന്നാൽ, വാർഡിൻെറ സാമ്പത്തിക ആവശ്യങ്ങൾ കൂടുതലായും നിറവേറപ്പെടുന്നത് സുൽത്താൻ ബത്തേരി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ബാങ്കുകളാണ്. ഏറ്റവും കൂടുതൽ കർഷകർ ആശ്രയിക്കുന്നത് സുൽത്താൻ ബത്തേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിനെത്തന്നെയാണ്. കാരണം, കർഷകർ ഈ ബാങ്കിൻെറ ഓഹരിയുടമകളാണെന്നതും അവരുടെ ബാങ്കുമായുള്ള ബന്ധം വളരെ പഴക്കമുള്ളതുമാണ് എന്നതുതന്നെ ഏരിയ ക്രെഡിറ്റ് പ്ലാൻ അനുസരിച്ച് 1, 5, 6, 7, 8 എന്നീ വാർഡുകൾ സൗത്ത് മലബാർ ഗ്രാമീണ ബാങ്കിനും രണ്ട്, മൂന്ന്, ഒമ്പത് വാർഡുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനും 10-ാം വാർഡ് സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യക്കുമാണ് നീക്കിവെച്ചിരിക്കുന്നത്. ഇവരിലാർക്കും തങ്ങളുടെ സാന്നിദ്ധ്യം ബ്രാഞ്ചുകൾ പ്രവർത്തിക്കുന്ന അർദ്ധനാഗരിക മേഖലകളിലല്ലാതെ ഗ്രാമങ്ങളിൽ അറിയിക്കുനവാൻ ഇതുവരയെഉം കഴിഞ്ഞിട്ടില്ല. 1994-95ൽ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയുടെ മുലങ്കാവ് ശാഖ 55,27,000 രുപ നിക്ഷേപം സ്വീകരിക്കുകയും 56,61,000 രൂപ വായ്പ നല്കുകയും ചെയ്തു. സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിൻെറ കല്ലൂർ ശാഖ 57,80,000 രൂപയുടെ നിക്ഷേപം സ്വീകരിക്കുകയും 1,32,10,000 രൂപ വായ്പ വിതരണം ചെയ്യുകയും ചെയ്തു. ബത്തേരി കോ-ഓപ്പറേറ്റീവ് ബാങ്ക് 30-6-96 വരെ, 11,87,04,776 രൂപ നിക്ഷേപം ശേഖരിക്കുകയും 17,26,90,096 രൂപ വായ്പയായി വിതരണം ചെയ്യുകയുമുണ്ടായി. സെൻട്രൽ ബാങ്കിൻെറ വായ്പാനിക്ഷേപ അനുപാതം 102 ആയിരുന്നു; സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻേറത് 229 ഉം. ജില്ലയുടെ റേഷ്യോ 169 ആയിരുന്നു. കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ റേഷ്യോ 146 ആണ്. ജില്ലാ ബാങ്കിൽ നിന്നും ലോണായി ലഭിച്ച 2,63,44,401 രുപയും കൂടി പരിഗണിക്കുമ്പോൾ ഈ അനുപാതം തികച്ചും അപര്യാപ്തമാണ്.

### വിഭവസമാഹരണം പ്രശ്നങ്ങൾ

1. വികസനപ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കിനെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല.
2. വരുമാനം കൃഷിയിൽ നിന്ന് മാത്രമായത് കൊണ്ട് പ്രതികൂല കാലാവസ്ഥയും നല്ലയിനം വിത്തുകൾ

ലഭിക്കാത്തതും കാലഹരണപ്പെട്ട കൃഷിരീതികളും എല്ലാം ഉല്പാദനം കുറയ്ക്കുന്നു. തന്മൂലം വരുമാനം കുറയുന്നു.

3. ധനകാര്യസ്ഥാപനങ്ങൾ ഗ്രാമങ്ങളിലേക്ക് സേവനം ലഭ്യമാക്കുന്നില്ല.

4. വികസനഫണ്ടിൻെറ ഭൂരിഭാഗവും ഗതാഗതത്തിനായി ചെലവഴിച്ചുകൊണ്ട് യഥാർത്ഥ വികസന മേഖലകൾ അവഗണിക്കപ്പെടുന്നു.

5. വന്യമൃഗശല്യം മൂലം ഹ്രസ്വകാല ഇടവിളകളായ കിഴങ്ങുവർഗ്ഗങ്ങളും ദീർഘകാല ഇടവിളകളായ എണ്ണക്കുരുക്കളും കൃഷിചെയ്ത് വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുന്നില്ല.

6. കാർഷികവും അതോടനുബന്ധിച്ചുള്ള മേഖലകളിലും ജോലി ചെയ്യാൻ താല്പര്യമുള്ളവർക്ക് പ്രവർത്തനമൂലധനം ലഭിക്കാൻ വഴിയില്ല.

7. മനുഷ്യാദ്ധ്വാനത്തെ ഒരു വിഭവമായി കാണുന്നില്ല.

8. കാർഷികോല്പന്നങ്ങളുടെ വില ഉല്പാദകൻ നിർണ്ണയിക്കാതെ കച്ചവടക്കാരൻ നിർണ്ണയിക്കുന്നതുമൂലം, ഉല്പാദകന് ലഭിക്കേണ്ട വരുമാനം ഇടത്തട്ടുകാരന് ലഭിക്കുന്നു.

9. പഞ്ചായത്ത് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ ചെലവഴിക്കുന്ന ഓരോ രൂപയുടേയും ഉല്പാദനക്ഷമത ഉറപ്പുവരുത്തുന്ന മോണിട്ടറിംഗ് നടത്തുന്നില്ല.

10. പഞ്ചായത്തിൻെറ മരാമത്ത് പണികളിൽ ഇടത്തട്ടുകാരൻെറ ലാഭം കഴിച്ച് ചെറിയൊരു തുക മാത്രമേ യഥാർത്ഥത്തിൽ പദ്ധതിക്കായി ചെലവഴിക്കപ്പെടുന്നുള്ളൂ.

11. സ്ത്രീകൾ വീട്ട്പരിസരങ്ങളിൽ സ്വന്തമായി ചെയ്യാൻ കഴിയുന്ന കൃഷികളും കുടിൽ വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

12. സന്നദ്ധ സേവനത്തിൻേറതായ ഒരു സംസ്കാരം കുടിയേറ്റ മേഖലകളുടെ മുഖമുദ്രയായിരുന്നു. ഇന്നത് കുറഞ്ഞുവരുന്നു.

13. വികസനപ്രവർത്തനങ്ങൾ നടപ്പാക്കിക്കഴിഞ്ഞ് ഗുണഭോക്താക്കളിൽ നിന്ന് പ്രതിഫലം ശേഖരിക്കുന്ന രീതി നിലവിലില്ല. അതുകൊണ്ട് തന്നെ ജനപങ്കാളിത്തം കുറയുന്നു.

14. വ്യവസായമില്ലാത്ത പഞ്ചായത്താണിത്. അതുകൊണ്ടുതന്നെ തൊഴിൽ നികുതി വളരെ കുറയുന്നു.

15. വികസന പ്രശ്നങ്ങളിൽ ലഭ്യമായിട്ടുള്ള പ്രാദേശിക വിദഗ്ദ്ധരെ ഉപയോഗപ്പെടുത്തുന്ന രീതി നിലവിലില്ല.

16. സന്നദ്ധ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിൽ വിവിധ വകുപ്പുകൾ വിമുഖത കാട്ടുന്നു.

17. വനമേഖലകളിലേക്ക് പോകുന്ന റോഡുകളുടെ പണിക്കും അറ്റകുറ്റപ്പണികൾക്കും ധാരാളം പണം ചെലവഴിക്കുമ്പോൾ വനത്തിൽ നിന്നുമുള്ള വരുമാനത്തിൻെറ വിഹിതം പഞ്ചായത്തിന് ലഭിക്കുന്നില്ല.

18. ബജറ്റ് തയ്യാറാക്കുന്നത് ആവശ്യാധിഷ്ടിമായിട്ടല്ല. അതുകൊണ്ട് തന്നെ ജനകീയാവശ്യങ്ങൾ അംഗീകരിക്ക പ്പെടുന്നില്ല.

19. ഈ പഞ്ചായത്തിൻെറ 40% വരുന്ന വനത്തിൽ നിന്നും പഞ്ചായത്തിൻെറ വികസനത്തിന് ഉപയോഗപ്പെടുത്താവുന്ന മണൽ, പാറ, മുള തുടങ്ങിയവ ലഭ്യമാക്കാൻ സാങ്കേതിക തടസ്സങ്ങളുണ്ട്.

### വിഭവസമാഹരണം – സാദ്ധ്യതകൾ

1. വന്യമൃഗശല്യം ഒഴിവാക്കിയാൽ കിഴങ്ങുവർഗ്ഗങ്ങളും തെങ്ങും കവുങ്ങും ഇടവിളയായി ചെയ്യാനുള്ള സൗകര്യം പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തുമുണ്ട്.

2. കാർഷിക വിഭവങ്ങൾ സംസ്കരിക്കുന്ന യൂണിററുകളും പപ്പായ, ചെറി, പച്ചക്കറി എന്നിവയുടെ കൃഷിയും വ്യാപിപ്പിച്ചാൽ വീട്ടമ്മമാരുടെ വരുമാനം വർദ്ധിപ്പിക്കാം. ഇതിന് വേണ്ട സഹായങ്ങൾ ചെയ്തുകൊണ്ട് തൊഴിൽ നികുതി പിരിക്കാം.

3. വാർഡ് വികസന സമിതി രജിസ്റ്റർ ചെയ്ത് ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികളുടെ നടത്തിപ്പിനും മരാമത്ത് പണികൾക്ക് മേൽനോട്ടം വഹിക്കാം. അപ്പോൾ ചെലവഴിക്കപ്പെടുന്ന പണത്തിൻെറ ഉല്പാദനക്ഷമതയും ഉപയുക്തതയും ഉറപ്പുവരുത്താം. തികയാതെ വരുന്ന ഫണ്ട് സ്വരൂപിക്കാനും കഴിയും.

4. എല്ലാ പദ്ധതികളുടെയും നിശ്ചിത വിഹിതം ഗുണഭോക്താക്കൾ വഹിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും അത് ഗുണഭോക്താക്കൾക്കിടയിൽ വ്യാപകമായി പ്രചരിപ്പിക്കുകയും വേണം. ഗുണഭോക്താക്കളുടെ കമ്മിറ്റി ഗുണഭോക്താക്കളുടെ വിഹിതം നിർണ്ണയിച്ച് പണമായോ അദ്ധ്വാനമായോ കാർഷികവിഭവങ്ങളായോ സമാഹരിച്ച് പദ്ധതി പൂർത്തിയാക്കിക്കൊള്ളും.

5. എല്ലാ വാർഡുകളിലും ഏതെങ്കിലും ബാങ്കിൻെറ ഒരു കളക്ഷൻ സെൻറർ തുടങ്ങി ഗ്രാമാന്തരങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുകയും വികസനപ്രവർത്തനങ്ങൾക്ക് ധനസഹായം ചെയ്യുകയും ചെയ്യുകയാണെങ്കിൽ ബാങ്കിനും ജനങ്ങൾക്കും ഒരേപോലെ ഗുണംചെയ്യും.

6. വാർഡ് വികസനസമിതികൾ ഓരോ സഹകരണസംഘങ്ങൾ കൂടി രജിസ്റ്റർ ചെയ്താൽ വാർ

ഡിൻെറ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ കണക്ഷൻ നിരക്കിൽ ലോൺ ലഭ്യമാക്കാൻ കഴിയും. മുഴുവൻ ജനങ്ങളുടെ ഓഹരി ഉറപ്പാക്കിയാൽ പ്രവർത്തനങ്ങളിലെ ജനകീയ പങ്കാളിത്തത്തോടൊപ്പം ഉല്പന്നങ്ങളുടെ വിപണനവും ഉറപ്പാക്കാം.

7. ദേശീയ സമ്പാദ്യ പദ്ധതിയുടെ മാതൃകയിൽ പഞ്ചായത്തുകൾക്ക് സമ്പാദ്യ പദ്ധതികൾ സർക്കാർ തലത്തിൽ ആവിഷ്ക്കരിച്ച് നല്കുകയോ ദേശീയ സമ്പാദ്യപദ്ധതിയിൽ പഞ്ചായത്തുകൾ സമാഹരിക്കുന്ന തുകയുടെ ഒരു നിശ്ചിത വിഹിതം പഞ്ചായത്തുകളുടെ വികസനത്തിന് നല്കുകയോ ചെയ്താൽ വിഭവസമാഹരണം വളരെ എളുപ്പമാകും.

8. വാർഡ് വികസനസമിതികൾക്ക് ലോട്ടറികളും ചിട്ടികളും നടത്താൻ അനുവാദം നൽകിയിൽ, വാർഡ് വികസനത്തിന് ഫണ്ട് എളുപ്പത്തിൽ ശേഖരിക്കുവാൻ കഴിയും.

9. വിവിധ രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനങ്ങളും സാമൂഹ്യ-സാമുദായിക പ്രസ്ഥാനങ്ങളും ഒരു വാർഡിൽ വർഷത്തിൽ ഒരു വികസനപ്രവർത്തനമെങ്കിലും സന്നദ്ധ സേവനത്തിലൂടെ പൂർത്തിയാക്കുന്ന ഒരു സ്വഭാവം സൃഷ്ടിച്ചാൽ, പൊതുമരാമത്തിനും അറ്റകുറ്റ പണികൾക്കും ചെലവഴിക്കുന്നതിൽ വലിയൊരു ഭാഗം ശരിയായ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ കഴിയും. ഉദാഹരണത്തിന് ഒന്നാം വാർഡിലെ ജനങ്ങൾ ഇങ്ങനെ വീതിച്ചു നല്കാൻ മൂന്ന് തരം പദ്ധതികൾ മുന്നോട്ടുവെച്ചിട്ടുണ്ട്. 1. വടക്കനാട് സ്കൂളിന് കെട്ടിടം നിർമ്മിക്കുക 2. ചെക്ക് ഡാമുകൾ, റോഡുകൾ, കുളം എന്നിവ നന്നാക്കുകയും നിർമ്മിക്കുകയും 3. നിർദ്ധനരായ കുടുംബങ്ങൾക്ക് പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് വീടുണ്ടാക്കി നല്കുക. ഇവയുടെ അദ്ധ്വാനം മാത്രം സന്നദ്ധസേവനത്തിലൂടെ ലഭിച്ചാൽ പോലും ധാരാളം പണം ലാഭിക്കുവാൻ കഴിയും.

10. കല്ലൂരിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സും ആഴ്ച ചന്തയും തുടങ്ങുന്നത് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കും.

## വിഭവസമാഹരണം – പരിഹാരങ്ങൾ

1. വികസനം ജനങ്ങളുടെ ആവശ്യമാണ്, പഞ്ചായത്ത് നടപ്പിലാക്കുന്നു എന്നേയുള്ളു എന്ന ബോധം ജനങ്ങളിലുണ്ടാക്കണം.

2. കാർഷികവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ ജലസേചനസൗകര്യങ്ങൾ ജനകീയ പങ്കാളിത്തത്തോടെ വിപുലമാക്കി, ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കണം. നല്ലയിനം വിത്തുകൾ യഥാസമയം ലഭ്യമാക്കണം. ആധുനിക കൃഷിയുപകരണങ്ങൾ പരിചയപ്പെടുത്തുകയും ലഭ്യമാക്കുകയും വേണം.

3. ഒരു വാർഡിന് ഒരു ബ്രാഞ്ച് എന്ന കണക്കിന് ധനകാര്യസ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കണം. സഹകരണസ്ഥാപനങ്ങളായിരിക്കും ഉചിതം.

4. ഗതാഗതസൗകര്യങ്ങൾ കുറഞ്ഞ പൊതുഫണ്ടും കൂടുതൽ ബഹുജനപങ്കാളിത്തവും ഉപയോഗപ്പെടുത്തി നടപ്പിലാക്കണം. കുടുതൽ ഫണ്ട് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനുള്ള പ്രവർത്തനങ്ങൾക്കായി ചെലവഴിക്കണം.

5. വന്യമൃഗശല്യത്തിന് പരിഹാരമുണ്ടാക്കി ഇടവിളകൾ കൃഷിചെയ്യാൻ സൗകര്യമുണ്ടാക്കണം.

6. ധനകാര്യസ്ഥാപനങ്ങൾ പശു, ആട്, പന്നി, മുയൽ, കോഴി, മത്സ്യം, പച്ചക്കറി എന്നിവയ്ക്ക് ആവശ്യമായ ലോൺ അനുവദിക്കുകയും കൃഷിഭവൻ മുഖേനയോ, വാർഡ് വികസനസിതി മുഖേനയോ നേരിട്ടോ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക.

7. മനുഷ്യാദ്ധ്വാനത്തെ വിഭവമായി കണക്കാക്കി പദ്ധതി അടങ്കലിൻെറ നിശ്ചിത വിഹിതം ഗുണഭോക്താക്കൾ അദ്ധ്വാനമായി നല്കണമെന്ന് നിഷ്കർഷിക്കുക.

8. എല്ലാ പദ്ധതികളുടെയും നടത്തിപ്പ് നിരന്തരം അവലോകനം ചെയ്യാൻ വിദഗ്ദ്ധരടങ്ങിയ പ്രാദേശിക സമിതികളെ ചുമതലപ്പെടുത്തുകയും ഈ കമ്മറ്റികളുടെ പ്രവർത്തനങ്ങളെ വിലയിരുത്താനുള്ള സംവിധാനം പഞ്ചായത്ത് തലത്തിലുമുണ്ടാകണം.

10. പഞ്ചായത്തിൻെറ മരാമത്ത് പണികൾ യഥാർത്ഥ ഗുണഭോക്തക്കളെ ഏല്പിച്ച്, പ്രാദേശിക വിദഗ്ദ്ധ സമിതിയുടെ മേൽനോട്ടത്തിൽ പ്രവർത്തികൾ നടത്തുക.

11. വീടിന് ചുറ്റും നട്ട് വരുമാനമുണ്ടാക്കാവുന്ന പപ്പായയുടെ കറയെടുക്കൽ, ചെറിയുടെ പ്രോസസ്സിംഗ് തുടങ്ങിയവയും വീട്ടിലിരുന്നുകൊണ്ട് ചെയ്യാവുന്നതുകൾ ചെരുപ്പ്, ബാഗുകൾ, കുടകൾ തുടങ്ങിയവയുടെ നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുകയും സഹായമെത്തിച്ചുകൊടുക്കുകയും ചെയ്തുകൊണ്ട് തൊഴിൽ നികുതി പിരിക്കുക.

12. പ്രാദേശിക ഗ്രൂപ്പുകൾ സന്നദ്ധ പ്രവർത്തനത്തിനുള്ള മേഖലകൾ വീതിച്ചുനല്കി അവരെ വികസനത്തിൽ നിരന്തരം പങ്കാളികളാക്കുക.

13. ജലസേചന സൗകര്യങ്ങൾ, പാലം തുടങ്ങിയവ

നിർമ്മിച്ചതിന് ശേഷം ഗുണഭോക്താക്കളിൽ നിന്നും ഉപയോഗത്തിന് ഫീസ് ഈടാക്കാവുന്നതാണ്.

14. കുടുതൽ ചെറുകിട വ്യവസായങ്ങൾ സ്ഥാപിച്ച്, പഞ്ചായത്തിൻേറയും ജനങ്ങളുടെയും വരുമാനം വർദ്ധിപ്പിക്കുക.

15. പ്രാദേശിക വിദഗ്ദ്ധരെ അതാത് രംഗത്തെ പ്രശ്നങ്ങൾ വിലയിരുത്തുന്നതിൽ മുതൽ പരിഹാരം നടപ്പാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങളിൽ സജീവമായി ഭാഗഭാക്കുകളാക്കുക.

16. വനമേഖലയിൽ നിന്നുള്ള വരുമാനത്തിൻെറ നിശ്ചിത ശതമാനം പഞ്ചായത്തിന് ലഭിക്കണം.

17. വനമേഖലയിൽ നിന്ന് വികസനാവശ്യങ്ങൾക്ക് വേണ്ട പാറ; മണൽ മുതലായവ ശേഖരിക്കാൻ പഞ്ചായത്തിന് അനുവാദം ലഭിക്കണം.



"സ്വന്തം ശ്രമം കൊണ്ട്
തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന്
എപ്പോൾ ജനസാമാന്യത്തിന്
തോന്നുന്നുവോ അപ്പോൾ
മാത്രമാണ് ഭാരതം
പൂർണ്ണ സ്വാതന്ത്ര്യം നേടുക"

-ഗാന്ധിജി

# 9-ാം പദ്ധതി

# ജനകീയ പദ്ധതി

# അധികാരം ജനങ്ങളിലേക്ക്

★ വികസന പ്രവർത്തനങ്ങൾ താഴെ തട്ടിൽ നിന്നും ആരംഭിക്കണം

★ബഹുജനപങ്കാളിത്തമില്ലാത്ത വികസന പ്രവർത്തനങ്ങൾ പൂർണ്ണലക്ഷ്യം കാണില്ല

★ജനകീയ ഓഡിറ്റിങ്ങും സുതാര്യതയും വികസന പ്രവർത്തനങ്ങളിലെ അഴിമിതി അവസാനിപ്പിക്കും

★വിവിധ വകുപ്പുകളെ സമന്വയിപ്പിച്ച് വികസനപ്രവർത്തനങ്ങൾ വേണ്ടിടത്ത് അറിഞ്ഞ് ചെയ്യുക

★അനാവശ്യ ചെലവുകൾ ഇല്ലാതാക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച്വികസന പ്രവർത്തനങ്ങൾ നടത്തുക.

★ഗ്രാമങ്ങളുടെ പുരോഗതിയാണ് രാജ്യത്തിൻെറ പുരോഗതി

★രാജ്യത്തിൻെറ പുരോഗതിക്ക് മറ്റുള്ളവർ എന്ത് ചെയ്യുന്നു എന്ന് നോക്കാതെ നമുക്കെന്ത് ചെയ്യാൻ കഴിയും എന്ന് ചിന്തിക്കുക. വ്യക്തിയുടെ വികസനം നാടിൻെറ വികസനം

അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്